വാർഷിക റിപ്പോർട്ട്

2018-19

'Towards a safer state'

സുരക്ഷായനം

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
(കെ.എസ്.ഡി.എം.എ)
Kerala State Disaster Management Authority (KSDMA)
ഒബ്സർവേറ്ററി കുന്ന്, വികാസ് ഭവൻ തപാൽ ഓഫീസ്
Observatory Hills, Vikas Bhavan P.O
തിരുവനന്തപുരം, കേരളം - 695033
Thiruvananthapuram, Kerala - 695033
പകൽ സമയ ടെലിഫോൺ | Day time phone - 0471 2331345, 0471-2331645
ടോൾ ഫ്രീ ടെലിഫോൺ | Toll Free 1079
രാത്രി സമയ ടെലിഫോൺ | Night time phone - 0471 2364424
ഫാക്സ് | Fax - 0471 2364424
www.sdma.kerala.gov.in


TALUK WISE MULTI HAZARD POPULATION VULNERABILITY MAP
KERALA STATE
KASARGOD
KANNUR
WAYANAD
KOZHIKODE
MALAPPURAM
PALAKKAD
THRISSUR
ERNAKULAM
IDUKKI
KOTTAYAM
ALAPPUZHA
PATHANAMTHITTA
KOLLAM
THIRUVANANTHAPURAM
Legend
District Boundary
Taluk Boundary
Least Vulnerable
Moderately Vulnerable
Highly Vulnerable
Sl.No | Vulnerability Class | No of Taluks
1 | Least | 19
2 | Moderate | 35
3 | High | 21
External Boundaries of Taluk & District is not verified
For Reference and Planning Purpose
STATE EMERGENCY OPERATIONS CENTRE (SEOC)
DEPARTMENT OF DISASTER MANAGEMENT, GOVT. OF KERALA
Email: seoc.gok@gmail.com
Tele/Fax: 0471-2364424
Courtesy: NCESS & SEOC

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2018-19 വർഷത്തെ വാർഷിക റിപ്പോർട്ട് അംഗീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ(എ) വകുപ്പ്

സ.ഉ.(സാധാ) നം.443/2022/DMD തീയതി,തിരുവനന്തപുരം, 17-05-2022

പരാമർശം:- കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 30/03/2022 ലെ ഡിഎം/644/2019/എസ്ഡിഎംഎ നമ്പർ കത്ത്

ഉത്തരവ്

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് മെമ്പർ സെക്രട്ടറി,സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി സമർപ്പിക്കുകയും ആയത് അംഗീകരിക്കണമെന്ന് സൂചന പ്രകാരം മെമ്പർ സെക്രട്ടറി,സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആവശ്യപ്പെടുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2018-2019 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANURADHA K C
ജോയിന്റ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)(എ & ഇ), കേരള, തിരുവനന്തപുരം
സെക്രട്ടറി,നിയമസഭ(ആമുഖ കത്ത് സഹിതം)
കമ്മീഷണർ,ദുരന്ത നിവാരണം
മെമ്പർ സെക്രട്ടറി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഒബർവേറ്ററി ഹിൽസ്, വികാസ്ഭവൻ തിരുവനന്തപുരം-33
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പകർപ്പ് :-
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂവും,ദുരന്ത നിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഉത്തരവിൻ പ്രകാരം
Signed by Bijumon K K
Date: 19-05-2022 10:45:43
സെക്ഷൻ ഓഫീസർ

ആമുഖം

കേന്ദ്ര ദുരന്ത നിവാരണ നിയമം 2005 ന് അനുസൃതമായി സംസ്ഥാന സർക്കാർ കേരള സംസ്ഥാന ദുരന്ത നിവാരണ ചട്ടം 2007 ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട് (*Kerala Extraordinary Gazette S.R.O No. 201/2007 dated 1st March 2007 (amendments vide S.R.O No. 583/2013 dated 17th July 2013 and S.R.O. No. 263/2016 dated 2nd March, 2016)*. കേന്ദ്ര ദുരന്ത നിവാരണ നിയമം 2005ന്റെ പതിനാലാം വകുപ്പ് അനുസരിച്ച് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2007ൽ രൂപീകൃതമായി.

കേരളം ബഹുവിധ ദുരന്ത സാധ്യതാ പ്രദേശമാണ്. ദുരന്ത സാഹചര്യം ഉളവാക്കാവുന്ന 17 തരം പ്രകൃതി പ്രതിഭാസങ്ങളും 22 തരം മനുഷ്യജന്യ പ്രതിഭാസങ്ങളും കേരളത്തിൽ ഉണ്ടെന്നു കണക്കാക്കുന്നു.

ദുരന്ത സാധ്യത അപഗ്രഥനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 21 താലൂക്കുകൾ ബഹുവിധ ദുരന്ത സാദ്ധ്യതകളാൽ അതീവ ദോഷപൂർണ്ണത (Vulnerability) ഉള്ളവയാണ്.

ദുരന്ത സാദ്ധ്യതകൾ ഉൾക്കൊണ്ട് ആവശ്യമായ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ചുമതല ദുരന്തനിവാരണ അതോറിറ്റിയിൽ നിക്ഷിപ്തമാണ്.

കേന്ദ്ര ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 70 (2) പ്രകാരം ദുരന്ത നിവാരണ അതോറിറ്റി ബഹു. സംസ്ഥാന നിയമസഭയുടെ മുന്നിൽ സമർപ്പിക്കുന്നതിനായി വാർഷിക റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

2018 കേരളത്തിലെ ദുരന്തങ്ങളുടെ ചരിത്രത്തിൽ തന്നെ പ്രത്യേക സ്ഥാനം നേടി. 1924ലെ മഹാപ്രളയത്തിന് സമാനമായി കേരളം 100 വർഷത്തിൽ അധികം അവർത്തന സാധ്യതയുള്ള മഹാ പ്രളയം അനുഭവിച്ച വർഷമാണ് 2018; ദുരന്ത നിവാരണ മേഖലയിൽ പ്രവർത്തിക്കുന്നവർ കാലങ്ങളായി ചൂണ്ടിക്കാണിച്ച നയപരമായ മാറ്റങ്ങളുടെ ആവശ്യകത പൊതു സമൂഹത്തിന് അനുഭവത്തിലൂടെ ബോദ്ധ്യമായ വർഷം. 2018 മെയ് മാസം മുതൽ ദുരന്ത നിവാരണ അതോറിറ്റി പൂർണ്ണമായും അടിയന്തിര ഘട്ട പ്രവർത്തനങ്ങളിൽ വ്യാപൃതമായി. പരിശീലനങ്ങളും, മോക്ക് ഡ്രില്ലും, ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കലും പോലുള്ള പ്രവർത്തനങ്ങൾ എല്ലാം മാറ്റി വച്ച്

ദുരന്ത പ്രതികരണം, പുനർനിർമ്മാണം എന്നിവയിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾ ആണ് 2018-19ൽ പ്രധാനമായും നടത്തിയത്. വിശദമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന (government controlled), സ്വയം-ഭരണാധികാരമില്ലാത്ത (non-autonomous), കേന്ദ്ര നിയമപ്രകാരമുള്ള (statutory) അതോറിറ്റിയാണ് കേരളത്തിലെ ദുരന്ത നിവാരണ അതോറിറ്റി.

സംസ്ഥാനത്ത് ദുരന്ത നിവാരണ നിയമത്തിന്റെ നിർവ്വഹണ നയവും, ചട്ടങ്ങളും, പദ്ധതികളും അംഗീകരിക്കുന്നത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയാണ്. ഈ നിയമത്തിന്റെ നടത്തിപ്പിനായി ആവശ്യമായ തുക വകയിരുത്തുവാൻ സർക്കാരിന് ഉപദേശം നൽകുക, വിവിധ ദുരന്തങ്ങൾ പ്രതിരോധിക്കുവാനും, നേരിടുവാനും ആവശ്യമായ മാർഗ്ഗനിർദ്ദേശക രേഖകൾ പുറപ്പെടുവിക്കുക എന്നീ കർത്തവ്യങ്ങൾ ദുരന്ത നിവാരണ അതോറിറ്റിയിൽ നിക്ഷിപ്തമാണ്. നിയമം അനുശാസിക്കുന്ന വിധം മേൽ സൂചിപ്പിച്ച എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി അംഗീകരിച്ച്, വിവിധ വകുപ്പുകളുടെ ചുമതലകൾ നിഷ്കർഷിച്ച് ദുരന്ത ലഘൂകരണം വകുപ്പുകളുടെ സ്ഥിര വികസന പ്രവർത്തികളിൽ നിരന്തരവല്ക്കരിക്കാനുള്ള അധികാരം അതോറിറ്റിയിൽ നിക്ഷിപ്തമാണ്. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

മുഖ്യമന്ത്രി	അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman)
റവന്യൂ വകുപ്പ് മന്ത്രി	സഹ-അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Vice Chairman)
ആഭ്യന്തര വകുപ്പ് മന്ത്രി	അംഗം (എക്സ്-ഒഫിഷ്യോ) (Member)
കൃഷി വകുപ്പ് മന്ത്രി	അംഗം (എക്സ്-ഒഫിഷ്യോ) (Member)
ചീഫ് സെക്രട്ടറി	മുഖ്യ ഭരണ നിർവ്വാഹകൻ (എക്സ്-ഒഫിഷ്യോ) (Chief Executive Officer)
ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി	അംഗം (എക്സ്-ഒഫിഷ്യോ) (Member)
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി	അംഗവും കൺവീനറും (എക്സ്-ഒഫിഷ്യോ) (Member Convenor)
മുഖ്യ ശാസ്ത്രജ്ഞൻ, സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രം	അംഗവും കാര്യക്കാരനും (എക്സ്-ഒഫിഷ്യോ) (Member Secretary)

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (State Executive Committee of KSDMA)

ദുരന്ത നിവാരണ നിയമത്തിന്റെ ഇരുപതാം വകുപ്പനുസരിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, 4 മുതിർന്ന സെക്രട്ടറിമാർ അംഗങ്ങളുമായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (State Executive Committee of KSDMA) പ്രവർത്തിച്ച് വരുന്നു. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുക, ദേശീയ, സംസ്ഥാന അതോറിറ്റികളുടെ പദ്ധതികൾ നടപ്പാക്കുക, ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ ഏകോപനം ഉറപ്പ് വരുത്തുക, പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുക, അടിയന്തര ഘട്ടത്തിൽ ദുരന്ത പ്രതികരണം ഉറപ്പുവരുത്തുവാൻ ആവശ്യമായ ഉത്തരവുകളും, നിർദ്ദേശങ്ങളും വിവിധ വകുപ്പുകൾക്ക് ബാധകമായ രീതിയിൽ പുറപ്പെടുവിക്കുക, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ പ്രവർത്തന നിയന്ത്രണം, ദുരന്ത നിവാരണത്തിനായുള്ള സങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണിയുടെ പ്രവർത്തന നിയന്ത്രണം, സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടേയും (State Disaster Mitigation Fund), സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെയും (State Disaster Response Fund) വിനിയോഗ നിയന്ത്രണം എന്നിവ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതിയിൽ നിക്ഷിപ്തമാണ്. സംസ്ഥാന കാര്യനിർവ്വഹണ സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.

ചീഫ് സെക്രട്ടറി	അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman)
ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി	അംഗം (എക്സ്-ഒഫിഷ്യോ) (Member)
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി	അംഗവും കൺവീനറും (എക്സ്-ഒഫിഷ്യോ) (Member Convenor)
ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി	അംഗം (എക്സ്-ഒഫിഷ്യോ) (Member)
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി	അംഗം (എക്സ്-ഒഫിഷ്യോ) (Member)

സംസ്ഥാന കാര്യനിർവ്വഹണ സമിതിയുടെ ഉപസമിതികൾ

- മുല്ലപ്പെരിയാർ ദുരന്ത ലഘൂകരണം – GO (Rt)No. 475/2018/DMD dated 04-09-2018

അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതികൾ

സംസ്ഥാനതലത്തിൽ മൂന്ന് അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

- പ്രകൃതി ദുരന്തങ്ങളുടെ അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതി: ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറുമായ സമിതി GO (Ms) No. 68/2011/DMD dated 8-2-2011 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.
- മനുഷ്യ നിർമ്മിത ദുരന്തങ്ങളുടെ അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതി: ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, സംസ്ഥാന പോലീസ് മേധാവി കൺവീനറുമായ സമിതി GO (Rt) No. 6410/2013/DMD dated 29-11-2013 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.
- ഖനന മേഖലയിലെ അപകടങ്ങൾ: വ്യവസായ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായും, ജിയോളജി വകുപ്പ് ഡയറക്ടർ കൺവീനറുമായ സമിതി GO (Rt) No. 542/14/ID dated 26-05-2014 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

ഉപദേശക സമിതികൾ

- മണ്ണിടിച്ചിൽ/ഉരുപൊട്ടൽ മേഖലയിലെ ഗൃഹ നിർമ്മാണം – GO (Rt) No. 644/2018/DMD dated 30-11-2018
- മിനിമം റിലീഫ് കോഡ് – GO (Ms) No. 7/2018/DMD dated 21-6-2018
- സ്കൂൾ സുരക്ഷ – GO (Rt) No. 271/2018/DMD dated 11-05-2018
- ദുരന്ത പ്രതികരണ കാര്യക്ഷമത വർദ്ധിപ്പിക്കൽ – GO (Rt) No. 86/2017/DMD dated 12-12-2017
- ഭൂമി കുലുക്ക പ്രതിരോധ നിർമ്മാണം – GO (Rt) No. 1299/2015/DMD dated 12-03-2015
- മുല്ലപ്പെരിയാർ ദുരന്ത ലഘൂകരണം – GO (Rt) No. 6084/2011/DMD dated 17-12-2011

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യാലയം

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും സംസ്ഥാന കാര്യനിർവ്വഹണ സമിതിയുടെയും തീരുമാനങ്ങൾ ക്രോഡീകരിക്കുക, ജില്ല ദുരന്ത നിവാരണ അതോറിറ്റികൾക്ക് ആവശ്യമായ നിർദേശങ്ങൾ മേൽ തീരുമാനങ്ങളുടെ വെളിച്ചത്തിൽ അറിയിക്കുക, സംസ്ഥാന അതോറിറ്റിയുടെ സാമ്പത്തിക വിനിയോഗം നിയന്ത്രിക്കുക, ജില്ലാ അതോറിറ്റികൾക്ക് പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് സംസ്ഥാന കാര്യനിർവഹണ

സമിതിയുടെ തീരുമാനമനുസരിച്ച് ലഭ്യമാക്കുക, സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടെ വിനിയോഗം മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച്, സംസ്ഥാന കാര്യനിർവ്വഹണ സമിതിയുടെയും തീരുമാനത്തിന് അനുസരിച്ച് ജില്ല അതോറിറ്റികൾക്ക് ലഭ്യമാക്കുക, ദുരന്ത അവബോധ പ്രവർത്തനങ്ങൾ നടത്തുക എന്നീ ദൈനംദിന പ്രവർത്തനങ്ങൾ ഈ കാര്യാലയം നടത്തുന്നു.

ക്രമ നം	തസ്തിക	പേര്	കാലയളവ്
1	മുഖ്യ ഭരണനിർവ്വാഹകൻ (ചീഫ് സെക്രട്ടറി) (എക്സ്-ഒഫിഷ്യോ)	ശ്രീ. ടോം ജോസ്	28-3-2018 – തുടരുന്നു
2	അഡീഷണൽ ചീഫ് സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പ് - കൺവീനർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി & സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ (ദുരന്ത നിവാരണ അതോറിറ്റിയുടെ ഭരണ-സാമ്പത്തിക അധികാരമുള്ള വകുപ്പ് മേധാവി) (എക്സ്-ഒഫിഷ്യോ)	ശ്രീ. പി.എച്ച് കുര്യൻ	1-4-2018 – 31-1-2019
		ഡോ. വി. വേണു	1-2-2019 – തുടരുന്നു
3	മെമ്പർ സെക്രട്ടറി (എക്സ്-ഒഫിഷ്യോ)	ഡോ. ശേഖർ എൽ. കുര്യാക്കോസ്	1-4-2018 – തുടരുന്നു
4	സീനിയർ ഫിനാൻസ് ഓഫീസർ	ലാൻഡ് റവന്യൂ കമ്മിഷണർ ഓഫീസിലെ സീനിയർ ഫിനാൻസ് ഓഫീസർ	അധിക ചുമതല
5	സെക്ഷൻ ഓഫീസർ (ഡെപ്യൂട്ടേഷൻ)	ശ്രീ. സിജി എം. തങ്കച്ചൻ	1-4-2018 - തുടരുന്നു
6	സീനിയർ ക്ലാർക്ക് (ഡെപ്യൂട്ടേഷൻ)	ശ്രീമതി. ഇന്ദു എം.എസ്	1-4-2018 – 31-3-2019
7	കണക്കുപരിശോധക (കരാർ)	ശ്രീമതി. ഉനൈസ്സ എ	1-4-2018 – തുടരുന്നു
8	ഓഫീസ് സഹായി (കരാർ)	ശ്രീ. ശ്രീനിവാസൻ ടി	1-4-2018 – തുടരുന്നു

കേരള സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം

സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ ആയ അഡീഷണൽ ചീഫ് സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം സംസ്ഥാന തലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവര ശേഖരണം, സാധ്യമായ ദുരന്തങ്ങളുടെ മുന്നറിവ് ചട്ടപ്പടി (Standard Operating Procedure പ്രകാരം) നൽകൽ, കേന്ദ്ര-സംസ്ഥാന പ്രതികരണ സേനകളുടെ ഏകോപനം, സംസ്ഥാന തലത്തിൽ അവബോധ പ്രവർത്തനങ്ങൾ എന്നിവ നിർവ്വഹിച്ചു വരുന്നു. സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, സംസ്ഥാന-ജില്ലാ ദുരന്ത ലഘൂകരണ (State and District Disaster Management Plans) പദ്ധതികൾ തയ്യാറാക്കുക എന്ന ചുമതലയും ഈ കാര്യാലയത്തിൽ നിക്ഷിപ്തമാണ്.

സംസ്ഥാന അതോറിറ്റിക്കായി ശാസ്ത്രീയമായ പ്രതിരോധ, പ്രതികരണ പ്രവർത്തന വിശകലന സംവിധാനങ്ങൾ ഈ കാര്യാലയത്തിലാണ് പ്രവർത്തിക്കുന്നത്. വിവിധ മേഖലകളിൽ ദുരന്ത പ്രതിരോധ ശേഷി വർദ്ധനവിനായി ഈ കാര്യാലയം സ്വദേശ-വിദേശ സർവകലാശാലകളുമായി ഗവേഷണ പ്രവർത്തനങ്ങളും, ദുരന്ത പ്രതികരണ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന അവബോധ പ്രവർത്തനങ്ങളും നടത്തി വരുന്നു. ഈ കാര്യാലയത്തിൽ 2017-18ൽ ലഭ്യമായിരുന്ന മാനവശേഷി ചുവടെ പ്രതിപാദിക്കുന്നു.

ക്രമ നം.	തസ്തിക	പേര്	കാലയളവ്
1	അഡീഷണൽ ചീഫ് സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പ് - കൺവീനർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി & സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ (ദുരന്ത നിവാരണ അതോറിറ്റിയുടെ ഭരണ-സാമ്പത്തിക അധികാരമുള്ള വകുപ്പ് മേധാവി) (എക്സ്-ഒഫിഷ്യോ)	ശ്രീ. പി.എച്ച് കുര്യൻ	1-4-2018 – 31-1-2019
		ഡോ. വി. വേണു	1-2-2019 – തുടരുന്നു
2	മുഖ്യ ശാസ്ത്രജ്ഞൻ, സംസ്ഥാന	ഡോ. ശേഖർ എൽ. കുര്യാക്കോസ്	2-4-2011 – തുടരുന്നു

	അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രം (സ്ഥിരം നിയമനം)			
3	സീനിയർ ഫിനാൻസ് ഓഫീസർ (അധിക ചുമതല)	ലാൻഡ് റവന്യു കമ്മിഷണർ ഓഫീസിലെ സീനിയർ ഫിനാൻസ് ഓഫീസർ		
4	ദുരന്ത ആഘാത സാധ്യതാ അവലോകന വിദഗ്ദ്ധ (Hazard and Risk Analyst) (കരാർ നിയമനം)	ശ്രീമതി. പാർവതി എസ്		2-3-2012 – തുടരുന്നു
5	സംസ്ഥാന പ്രോജക്റ്റ് ഓഫീസർ (കരാർ നിയമനം)	ശ്രീ. ജോ ജോൺ ജോർജ്		1-11-2014 – തുടരുന്നു
5	ദുരന്ത ആഘാത സാധ്യതാ അവലോകന വിദഗ്ദ്ധർ (Hazard Analysts) (കരാർ നിയമനം)	സംസ്ഥാന അടിയന്തിര ഘട്ട കാര്യനിർവ ഹണ കേന്ദ്രം	ശ്രീ. പ്രദീപ് ജി.എസ്	13-7-2012 – തുടരുന്നു
			ശ്രീ. രാജീവ് ടി.ആർ	6-3-2012 – തുടരുന്നു
			കുമാരി അനുപമ എൻ	16-6-2014 – തുടരുന്നു
			ഡോ. ആശ റോസ്	20-12-2017 – 20-12-2018
			ശ്രീമതി രാജലക്ഷ്മി രാധാകൃഷ്ണൻ	20-12-2017 - തുടരുന്നു
			ശ്രീ. അജിൻ ആർ.എസ്	20-12-2017 – 29-5-2018
			കുമാരി അതുല്യ തോമസ്	20-12-2017 – 29-5-2018
			കുമാരി നീതു വി. തോമസ്	20-12-2017 – 29-5-2018
			കുമാരി അഞ്ജലി എസ്. രവി	20-12-2017 – 31-12-2019
			ശ്രീ. നിധിൻ ഡേവിസ്	8-1-2018 - തുടരുന്നു
			ഡോ. ശ്രീജ എം.യു	22-1-2018 – 29-5-2018
			ശ്രീ. സത്യകുമാ	26-12-2017 – തുടരുന്നു

			ർ സി.ജെ	
			ശ്രീ. റോണു മാത്യു	9-2-2018 – തുടരുന്നു
			ശ്രീമതി ഗോപിക ജി.എൽ	2-7-2018 – തുടരുന്നു
			ശ്രീമതി അമൃത കെ	2-7-2018 – തുടരുന്നു
			ശ്രീ. ഫഹദ് മർസൂക്ക്	27-6-2018 – തുടരുന്നു
			ശ്രീ. അരുൺ പീറ്റർ	27-6-2018 – തുടരുന്നു
		ജില്ലാ അടിയന്തര ഘട്ട കാര്യനിർവ ഹണ കേന്ദ്രം	ഡോ. ആൻഡ്രൂ സ്പെൻസർ (കോട്ടയം)	1-11-2016 – തുടരുന്നു
			ശ്രീമതി അഞ്ജലി പി (എറണാകു ളം)	6-3-2012 – തുടരുന്നു
			ശ്രീമതി അശ്വതി പി (കോഴി ക്കോട്)	16-6-2014 – തുടരുന്നു
			കുമാരി ആശ കിരൺ (വയനാട്)	1-11-2016 – 4-1-2020
			ശ്രീമതി ചിന്തുമോൾ സി (ആലപ്പുഴ)	6-8-2018 – തുടരുന്നു
			ഡോ. ശ്രീജ എം.യു (കാസർകോ ഡ്)	30-5-2018 – തുടരുന്നു
			കുമാരി നീതു വി. തോമസ് (കൊല്ലം)	30-5-2018 – തുടരുന്നു
			കുമാരി അതുല്യ തോമസ് (തൃശ്ശൂർ)	30-5-2018 – തുടരുന്നു
			ശ്രീ. അജിൻ ആർ.എസ്	30-5-2018 – തുടരുന്നു

		(ഇടുക്കി)	
6	ഓഫീസ് മാനേജർ, സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം (ലാൻഡ് റവന്യു വകുപ്പിൽ നിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ ക്ലാർക്ക്)	ശ്രീ. സിജി എം. തങ്കച്ചൻ (അധിക ചുമതല)	4-7-2017 – 27-5-2018
		ശ്രീ. രാജകുമാരൻ തമ്പി	28-5-2018 – തുടരുന്നു
7	ഓഫീസ് അസിസ്റ്റന്റെ (കരാർ തസ്തിക, കരാർ നിയമനം)	കുമാരി ബിജി എസ്	14-03-2012 – തുടരുന്നു
8	കമ്പ്യൂട്ടർ ഓപ്പറേറ്ററും, ഓഫീസ് അസിസ്റ്റന്റെ (കരാർ തസ്തിക, കരാർ നിയമനം)	കുമാരി നിഷ എം.ആർ	15-02-2016 – തുടരുന്നു
9	ഫീൽഡ് അസിസ്റ്റന്റെ (കരാർ തസ്തിക, കരാർ നിയമനം)	ശ്രീ. ബിനോയ് പി. ജോണി	6-3-2012 – 17-10-2018
10	ഓഫീസ് സഹായി (കരാർ തസ്തിക, കരാർ നിയമനം)	ശ്രീ. ബലറാം	18-1-2012 – തുടരുന്നു
11	ഡ്രൈവർമാർ (3)	ദിവസ വേതനം	

ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ

ദുരന്ത നിവാരണ നിയമം 2005ൽ നിഷ്കർഷിക്കുന്നത് പ്രകാരം സംസ്ഥാന സർക്കാർ വിജ്ഞാപനത്തിലൂടെ 14 ജില്ലകളിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ സ്ഥാപിച്ചിട്ടുണ്ട്. ദേശീയ-സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതികളും, മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് അതാത് ജില്ലകളിൽ ദുരന്ത നിവാരണ ആസൂത്രണം, ജില്ലാ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കൽ, അടിയന്തിരഘട്ട പ്രവർത്തന ഏകോപനം, ദുരന്ത പ്രതികരണ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന അവബോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, ദുരന്ത മുന്നറിയിപ്പ് സംവിധാനം സ്ഥാപിച്ച് പരിപാലിക്കൽ, പൊതുജനങ്ങൾക്ക് ദുരന്ത മുന്നറിയിപ്പ് എത്തിക്കുക, തദ്ദേശ സ്ഥാപനങ്ങൾക്കും, വിവിധ വകുപ്പുകൾക്കും ദുരന്ത ലഘൂകരണത്തിന്

ആവശ്യമായ നിർദ്ദേശം നൽകൽ എന്നിവ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളിൽ നിക്ഷിപ്തമായ കർത്തവ്യമാണ്. ജില്ലാ തലത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ, പോലീസ്, റവന്യൂ, അഗ്നി സുരക്ഷ എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം 24 മണിക്കൂറും പ്രവർത്തിക്കുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

ജില്ലാ കളക്ടർ	അധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman)
ഡെപ്യൂട്ടി കളക്ടർ, ദുരന്ത നിവാരണം (തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ)/ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് (കൊല്ലം, കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ്)	മുഖ്യ ഭരണനിർവ്വാഹകൻ (എക്സ്-ഒഫിഷ്യോ) (Chief Executive Officer)
ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷൻ	സഹ-അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Co-Chairman)
ജില്ലാ പോലീസ് മേധാവി	അംഗം (എക്സ്-ഒഫിഷ്യോ) (Member)
ജില്ലാ മെഡിക്കൽ ഓഫീസർ	അംഗം (എക്സ്-ഒഫിഷ്യോ) (Member)
ജില്ലാ അഗ്നി സുരക്ഷാ ഓഫീസർ	അംഗം (എക്സ്-ഒഫിഷ്യോ) (Member)
ഒരു ജില്ലാ തല ഉദ്യോഗസ്ഥൻ അംഗം [(എക്സ്-ഒഫിഷ്യോ) (Member)]	തിരുവനന്തപുരം - എക്സിക്യൂട്ടീവ് എഞ്ചിനീയർ, മേജർ ജലസേചനം
	പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ - പ്രിൻസിപ്പൽ കൃഷി ഓഫീസർ
	കൊല്ലം, ആലപ്പുഴ, കാസർഗോഡ് - ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ്
	കോട്ടയം - ജില്ലാ സപ്ലൈ ഓഫീസർ
	ഇടുക്കി, തൃശൂർ - എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതു മരാമത്ത്
	പാലക്കാട് - എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലമ്പുഴ
	എറണാകുളം – റവന്യൂ ഡിവിഷണൽ ഓഫീസർ, ഫോർട്ട് കൊച്ചി

ഉള്ളടക്കം

1. പ്രവർത്തനങ്ങൾ 17

1.1 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം 17

1.2 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി യോഗം 17

1.3 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിര ഉത്ഘാടനം 17

1.4 മിത്ര - പാർശ്വവൽക്കരിക്കപ്പെട്ടവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ദുരന്ത ലഘൂകരണ പരിപാടി - ആലോചന യോഗം 20

1.5 എൻ എസ് എസ് വോളന്റീയർമ്മാർക്കുള്ള പരിശീലനം 21

1.6 ദുരന്ത നിവാരണ വകുപ്പ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം 21

1.7 ചക്രവാത് - ജോയിന്റ് ഹ്യൂമാനിറ്റേറിയൻ അസ്സിസ്റ്റൻസ് ആന്റ് ഡിസാസ്റ്റർ റിലീഫ് എക്സർസൈസ് (എച്ച്.എ.ഡി.ആർ) 21

1.8 സ്റ്റുഡന്റ് പോലീസ് കേഡറ്റ് അവധിക്കാല പരിശീലനം 22

1.9 ആപ്ദാ മിത്ര പരിശീലന കൈപ്പുസ്തകവും പരിശീനവും 22

1.10 ആപ്ദാ മിത്ര വോളന്റീയർമ്മാർ നടത്തിയ പ്രവർത്തനങ്ങൾ 23

1.11 കമ്മ്യൂണിറ്റി റേഡിയോയും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും ... 25

1.12 കേരളത്തിലെ ഉരുൾപ്പൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ മേഖലയിലെ കെട്ടിട നിർമ്മാണ സുരക്ഷ സംബന്ധിച്ച ശുപാർശ 26

1.13 സുരക്ഷിത ഭവന നിർമ്മാണം - കൈപ്പുസ്തകം 26

1.14 സുരക്ഷിത ഭവന നിർമ്മാണം - ലഘുലേഖകൾ 27

1.15 സുരക്ഷിത ഭവന നിർമ്മാണം - പ്രദർശനവും, റോഡ് ഷോയും 28

1.16 സുരക്ഷിത ഭവന നിർമ്മാണം - കുടുംബശ്രീ വനിതാ മേസ്ത്രിരിമാർക്കുള്ള പരിശീലനം 29

1.17 സുരക്ഷിത ഭവന നിർമ്മാണം - വട്ടമേശ സമ്മേളനങ്ങൾ 30

1.18 നവകേരളം - ദുരന്ത ലഘൂകരണ ദ്വിദിന സെമിനാറും പ്രദർശനവും 32

1.19 ഭിന്നശേഷിക്കാർക്കായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പരിശീലനം 32

1.20 പ്രത്യുത്ഥാനം പദ്ധതി: പ്രളയം ബാധിച്ച, സമൂഹത്തിൽ അവശത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് അധിക ധനസഹായ പദ്ധതി 34

1.21 ദുരന്ത നിവാരണ സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണി 35

1.22 കാലാവസ്ഥാ വ്യതിയാന ഗവേഷണം സഹായം 36

1.23 ഉരുൾപൊട്ടൽ ഗവേഷണ സഹായം 36

1.24 കോടതി കേസുകൾ 36

1.25 നീലക്കുറിഞ്ഞി പൂക്കാലം 2018 - ദുരന്ത ലഘൂകരണ മാർഗ്ഗങ്ങൾ..... 37

1.26 കലണ്ടർ..... 38

1.27 മലപ്പുറം കോട്ടയ്ക്കൽ പെരുമ്മണക്കാരി പഞ്ചത്തിലെ കുഴലീകൃത മണ്ണൊലിപ്പ്..... 39

1.28 ഫയലുകൾ, നിയമസഭ, പാർലമെന്റ് നടപടികൾക്കുള്ള വിവരം ലഭ്യമാക്കൽ..... 39

1.29 ശബരിമല മഹോൽസവം - ഇ.ഓ.സികളുടെ പ്രവർത്തനങ്ങൾ..... 39

1.30 പ്രളയം 2018 41

1.30.1 2018ലെ കാലവർഷ മുന്നൊരുക്കം..... 41

1.30.2 2018ലെ കാലവർഷ അവലോകനം 42

1.30.3 2018ലെ പ്രളയ ദുരന്തം..... 50

1.30.4 2018 മെയ് 16 മുതൽ സെപ്റ്റംബർ 13 വരെ ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് നടത്തിയ പ്രതിദിന പ്രവർത്തനങ്ങൾ..... 59

1.30.5 സ്പെഷ്യൽ കോർഡിനേഷൻ സെൽ 82

1.30.6 മൽസ്യത്തൊഴിലാളികൾ - കേരളത്തിൻറെ സൈന്യം 84

1.30.7 ദുരിതാശ്വാസ സഹായ പദ്ധതികൾ സംബന്ധിച്ച വിവരണം..... 85

1.30.8 കേന്ദ്ര ആഭ്യന്തര സഹമന്ത്രിയുടെ സന്ദർശനം - 21-7-2018 94

1.30.9 കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ സന്ദർശനം - 12-8-2018..... 94

1.30.10 പ്രധാന മന്ത്രിയുടെ സന്ദർശനം - 18-8-2018..... 95

1.30.11 പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസ്സെസ്മെന്റ് (പ്രളയാനാന്തര പുനർനിർമ്മാണ അവശ്യകതാ വിലയിരുത്തൽ) 95

1.30.12 ധനകാര്യ പാർലമെന്ററി സ്റ്റാഡിങ് കമ്മിറ്റിയുടെ സന്ദർശനം - 6-12-2018 98

1.30.13 പ്രളയാനന്തര പ്രവർത്തനങ്ങൾ 98

1.31 കുടിവെള്ള ക്ഷാമവും വരൾച്ചയും നേരിടാൻ മുൻകരുതൽ സംബന്ധിച്ച യോഗം - 5-3-2019 103

1.32 നയപരമായ ഇടപെടലുകൾ 104

1.33 ഓഖി ചുഴലിക്കാറ്റു ദുരന്തവുമായി ബന്ധപ്പെട്ട് ആഭ്യന്ത്രകാര്യ പാർലിമെന്ററി സ്റ്റാഡിങ് കമ്മിറ്റിയുടെ 211ആമത് റിപ്പോർട്ടിലെ കണ്ടെത്തലുകൾ - 4-4-2018ന് ലോക് സഭയിൽ സമർപ്പിച്ചത് 106

1.34 പ്രചാരണ പരിപാടികൾ 114

1.35 അതോറിറ്റിയിലെ ഉദ്യോഗസ്ഥർ പങ്കെടുത്ത യോഗങ്ങൾ/നടത്തിയ പരിശീലന/അവബോധ പരിപാടികൾ 115

1.36 മോക്ക് ഡ്രില്ലുകൾ 138

1.37 വി.എസ്.എസ്.സി യിൽ മോക്ക് ഡ്രിൽ..... 138

1.38 സാമൂഹിക അവബോധ ക്ലാസ്സുകൾ - ദേശീയ ദുരന്ത പ്രതികരണ സേനയുമായി ചേർന്ന് നടത്തിയവ 139

1.39 പഠന അവസരങ്ങൾ 140

2. സാമ്പത്തിക വിനിയോഗം 2018-19 144

3. ഉപസംഹാരം 147

4. അനുബന്ധം 148

4.1 അനുബന്ധം 1: ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെയും, സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിന്റെയും വെളിച്ചത്തിൽ ഏതു തരം സ്ഥലങ്ങളിൽ വീട് വയ്ക്കാം എന്നത് സംബന്ധിച്ച ശാസ്ത്രീയ ഉപദേശം നൽകുവാൻ GO (Rt) No. 664/2018/DMD dated 30-11-2018 പ്രകാരം നിയോഗിച്ച സമിതിയുടെ ശുപാർശ 148

4.2 അനുബന്ധം 2: കാലാവസ്ഥ വകുപ്പിൻറെ ദിവസേനയുള്ള കാലാവസ്ഥ മുന്നറിയിപ്പും ലഭിച്ച യഥാർത്ഥ മഴയുടെ അളവും 156

4.3 അനുബന്ധം 3: 2018ലെ പ്രളയ സാഹചര്യം അതിജീവിക്കുന്നതിനും, പൊതു സമൂഹത്തിന്റെ ആത്മവിശ്വാസം വളർത്തുന്നതിനും ബഹു. മുഖ്യമന്ത്രി പുറപ്പെടുവിച്ച പത്ര കുറിപ്പുകൾ 158

4.4 അനുബന്ധം 4: സർക്കാർ 2018ലെ പ്രളയത്തിൽ നല്കിയ ദുരിതാശ്വാസ സഹായം – ബഹു. ഹൈക്കോടതി അംഗീകരിച്ച പരസ്യം 214

1. പ്രവർത്തനങ്ങൾ

1.1 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 11-6-2018, 15-6-2018, 3-10-2018 എന്നീ തീയതികളിൽ യോഗം ചേർന്ന് ദുരന്ത ലഘൂകരണത്തിനായി വിവിധ തിരുമാനങ്ങൾ കൈക്കൊണ്ടു.

1.2 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി യോഗം

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (State Executive Committee) 14-6-2018, 25-7-2018, 8-8-2018, 10-8-2018, 13-8-2018, 14-8-2018, 1-10-2018, 4-10-2018, 22-10-2018, 15-11-2018, 21-11-2018, 28-2-2019, 6-3-2019 എന്നീ ദിവസങ്ങളിൽ യോഗം ചേർന്ന് ദുരന്ത ലഘൂകരണത്തിനായി വിവിധ തിരുമാനങ്ങൾ കൈക്കൊണ്ടു.

1.3 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിര ഉത്ഘാടനം

സംസ്ഥാനത്തെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് സ്വന്തമായ മേൽവിലാസം ഉണ്ടായ സാമ്പത്തിക വർഷം ആണ് 2018-19. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പുതിയ ആസ്ഥാന മന്ദിരം 2019 ജനുവരി 29നു ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ റവന്യൂ മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ, കൃഷി മന്ത്രി ശ്രീ. വി. എസ് സുനിൽ കുമാർ, തിരുവനന്തപുരം മേയർ ശ്രീ. വി.കെ പ്രശാന്ത്, ചീഫ് സെക്രട്ടറി ശ്രീ. ടോം ജോസ്, എയർ മാർഷൽ ബി. സുരേഷ്, അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. പി.എച്ച് കുര്യൻ, എൻ.ഡി.എം.എ മെമ്പർ ശ്രീ. കമൽ കിഷോർ, ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് എന്നിവരുടെ സാന്നിധ്യത്തിൽ ഉത്ഘാടനം ചെയ്തു.

പരിമിതമായ സാഹചര്യങ്ങളിൽ പ്രവർത്തിച്ച് വന്ന ദുരന്ത നിവാരണ അതോറിറ്റി ദിനം പ്രതി നൂതന സംവിധാനങ്ങളുമായി പ്രവർത്തിക്കണം എന്ന സാഹചര്യം വന്നപ്പോൾ സ്വന്തമായി ഒരാസ്ഥാനം എന്നത് അനിവാര്യമായി.

നിരവധി പ്രത്യേകതകളുള്ളതാണ് ഈ ആസ്ഥാന മന്ദിരം. ആധുനിക വിവര സംവേദന സംവിധാനങ്ങളോട് കൂടിയതുമായ സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ പ്രവർത്തനവും ഈ ആസ്ഥാന മന്ദിരത്തിന്റെ ഭാഗമായി പണികഴിപ്പിച്ചിട്ടുണ്ട്. അതി വിപുലമായ ദുരന്ത നിരീക്ഷണ-പ്രവചന-വിശകലന-വിദൂരസംവേദന സാങ്കേതിക വിദ്യകൾ ഉൾപ്പെടെയാണ് ഈ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം പ്രവർത്തിക്കുന്നത്. ദുരന്ത നിവാരണ നിയമപ്രകാരം ഒരുക്കിയ വാർത്ത വിനിമയ സംവിധാനങ്ങളും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്; ഉപഗ്രഹ ഫോൺ, വി-സാറ്റ് മുതലായവ ഇതിന്റെ ഭാഗമാണ്.

വിശാലമായ വാഹന പാർക്കിങ് സൌകര്യം ഉൾപ്പടെ നാല് നിലകളിലായി പണി കഴിപ്പിച്ചിട്ടുള്ള കെട്ടിടം സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഓഫീസ്, പഠന പ്രവർത്തനങ്ങൾക്കായി ക്ലാസ്സ് മുറികൾ, കമമ്യൂണിക്കേഷൻ ടെർമിനൽ, മുന്നൂറിൽപ്പരം ആളുകളെ ഉൾകൊള്ളുവാൻ ശേഷിയുള്ള ഓഡിറ്റോറിയം എന്നിവയെല്ലാം സജ്ജീകരിച്ചിരിക്കുന്നു.

31,000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണി, മുഴുവൻ സമയവും കർമ്മ നിരതരാവാൻ മൂന്ന് തരത്തിൽ വൈദ്യുത–ജല ശൃംഖലകൾ, ദുരന്ത വിശകലന വിദഗ്ദ്ധർക്കും കാൾ സെന്റർ ഓപ്പറേറ്റർമ്മാർക്കുമുള്ള താമസ സൗകര്യം, അടിയന്തിരഘട്ട കാര്യ നിർവ്വഹണത്തിനും ഓഫീസ് പ്രവർത്തനങ്ങൾക്കുമുള്ള പ്രത്യേക സൗകര്യങ്ങൾ, മിന്നലിൽ നിന്ന് രക്ഷ നേടാൻ ഫാരഡേസ് കേജ് രൂപാകൃതി, ഒരു ലക്ഷം ലിറ്റർ ശേഷിയുള്ള ജല സംഭരണി എന്നിവയെല്ലാം ഈ കെട്ടിടത്തിന്റെ പ്രത്യേകതകളാണ്.

ആർക്കിടെക്ട് ജി. ശങ്കർ ആണ് കെട്ടിടം രൂപകൽപ്പ ചെയ്തത്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസിനായിരുന്നു മേൽനോട്ട ചുമതല. 5-5-2015ന് ആണ് കെട്ടിട നിർമ്മാണം ആരംഭിച്ചത്. നിർമ്മാണം നിർവഹിച്ചത് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ് ആണ്. വിവര സാങ്കേതിക സൗകര്യം ഒരുക്കിയത് കെൽട്രോണിന്റെ നേതൃത്വത്തിലാണ്.

ഉത്ഘാടന സമ്മേളനത്തിൽ 2018ലെ പ്രളയ ദുരന്തത്തെ നേരിടുന്നതിൽ ബഹു. പി.എച്ച് കുര്യൻ ഐ.എ.എസ് നടത്തിയ ഇടപെടലുകളെ ബഹു. മുഖ്യമന്ത്രി പ്രത്യേകം പരാമർശിക്കുകയും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് നല്കിയ നേതൃത്വം പരിഗണിച്ച് ആദരിക്കുകയും ചെയ്തു.

1.4 മിത്ര - പാർശ്വവൽക്കരിക്കപ്പെട്ടവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ദുരന്ത ലഘൂകരണ പരിപാടി - ആലോചന യോഗം

കുട്ടികൾ, വയോധികർ, സ്ത്രീകൾ, ഭിന്നശേഷിക്കാർ എന്നീ വിഭാഗത്തിലുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ദുരന്ത ലഘൂകരണത്തെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി സംസ്ഥാന ദുരന്ത

നിവാരണ അതോറിറ്റി ഒരു ദിവസത്തെ ആലോചന യോഗം 2019 മാർച്ച് 19 ന് തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചു. കെയർ ഇന്ത്യ എന്ന സന്നദ്ധ സംഘടനയുമായി ചേർന്നാണ് ഈ പരിപാടി സംഘടിപ്പിച്ചത്. സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ ശ്രീമതി. ഷീബ ജോർജ് IAS ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് അദ്ധ്യക്ഷത വഹിച്ചു. പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിൽ പെടുന്നവരെ ദുരന്ത സമയങ്ങളിൽ പരിചരിക്കുന്നതും, ദുരന്ത പൂർവ്വ ഘട്ടത്തിൽ അവർക്ക് ആവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതും, അവരെ ശാക്തീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങളും യോഗത്തിൽ ചർച്ച ചെയ്തു. വിവിധ ഗ്രൂപ്പുകളിലായി ചർച്ചകൾ നടന്നു, അതിൽ നിന്ന് ഈ വിഭാഗത്തിൽ ഉള്ളവർ അനുഭവിക്കുന്ന പ്രത്യേകമായ ബുദ്ധിമുട്ടുകളും, അത് നേരിടാൻ സർക്കാർ തലത്തിലും, സന്നദ്ധ സംഘടന തലത്തിലും, വ്യക്തിഗത തലത്തിലും സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും തീരുമാനങ്ങൾ എടുത്തു. ഈ മേഖലയിലെ

പ്രമുഖർ ചർച്ചക്ക് നേതൃത്വം കൊടുത്തു. 68 പേർ ഈ യോഗത്തിൽ പങ്കെടുത്തു.

1.5 എൻ എസ് എസ് വോളന്റീയർമ്മാർക്കുള്ള പരിശീലനം

നാഷണൽ സർവീസ് സ്കീമും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും സംയുക്തമായി 2018 ജൂൺ 21, 22 തിയതികളിൽ ദുരന്ത നിവാരണത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. കേരള സർവ്വകലാശാല സെനറ്റ് ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ 164 എൻ.എസ്.എസ് യൂണിറ്റുകൾ പങ്കെടുത്തു. കേരള സർവ്വകലാശാല രജിസ്ട്രാർ, ഡോ. ആർ ജയചന്ദ്രൻ പരിശീലന പരിപാടി ഉത്ഘാടനം ചെയ്തു. ദുരന്ത നിവാരണം, അടിസ്ഥാന ജീവൻ രക്ഷാ പ്രവർത്തനം, പ്രഥമ ശുശ്രൂഷ എന്നിവയിൽ അടിസ്ഥാന അവബോധം ഉണ്ടാക്കിയെടുക്കുക എന്നുള്ളതാണ് ഈ പരിശീലനം കൊണ്ട് ലക്ഷ്യം വച്ചത്. പരിപാടിയുടെ ഭാഗമായി ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി, ഡോ. ശേഖർ എൽ. കുര്യാക്കോസ് മുഖ്യ പ്രഭാഷണം നടത്തി. പരിപാടിയുടെ സമാപന സമ്മേളനനത്തിൽ ബഹു. ഹൗസിംഗ്, റവന്യൂ, ദുരന്ത നിവാരണ വകുപ്പ് മന്ത്രി ശ്രീ. ഇ ചന്ദ്രശേഖരൻ മുഖ്യ അഥിതി ആയിരുന്നു.

1.6 ദുരന്ത നിവാരണ വകുപ്പ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം

27-ജൂൺ-2018ന് സെക്രട്ടേറിയേറ്റിലെ ദുരന്ത നിവാരണ വകുപ്പ് ജീവനക്കാർക്ക് ദുരന്ത നിവാരണത്തെ ആസ്പദമാക്കിയുള്ള പരിശീലനം നൽകുകയുണ്ടായി. ഡോ. ശേഖർ എൽ. കുര്യാക്കോസ് ക്ലാസ് നയിച്ചു. 20 ജീവനക്കാർ പ്രസ്തുത പരിശീലനത്തിൽ പങ്കെടുത്തു.

1.7 ചക്രവാത് - ജോയിന്റ് ഹ്യുമാനിറ്റേറിയൻ അസ്സിസ്റ്റൻസ് ആന്റ് ഡിസാസ്റ്റർ റിലീഫ് എക്സർസൈസ് (എച്ച്.എ.ഡി.ആർ)

2018 ഏപ്രിൽ 5 മുതൽ 8 വരെ കൊച്ചിയിലെ തെക്കൻ നേവൽകമാൻഡ് ആസ്ഥാനത്ത് വെച്ച് സംസ്ഥാന സർക്കാരും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും മറ്റ് സംഘടനകളുടെയും പങ്കാളിത്തത്തോടെ ചക്രവാത് എന്ന പേരിൽ ജോയിന്റ് ഹ്യുമാനിറ്റേറിയൻ അസ്സിസ്റ്റൻസ് ആന്റ് ഡിസാസ്റ്റർ റിലീഫ് എക്സർസൈസ് നടത്തുകയുണ്ടായി. സെമിനാറുകൾ, നൈപുണ്യ

പ്രദർശനം, ദുരിതാശ്വാസ ക്യാമ്പുകളുടേയും ഫീൽഡ് ആശുപത്രികളുടേയും പ്രവർത്തനങ്ങൾ, സ്കൂൾ വിദ്യാർഥികൾക്കായുള്ള പരിശീലനം എന്നിവയാണ് പ്രസ്തുത പരിപാടിയുടെ ഭാഗമായി നടത്തപ്പെട്ടത്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രദർശന സ്റ്റാളും ഈ പരിപാടിയിൽ ഒരുക്കുകയുണ്ടായി. സ്കൂൾ വിദ്യാർത്ഥികൾക്കടക്കം ഈ പരിപാടിയുടെ ഭാഗമായി പരിശീലനം നൽകുകയുണ്ടായി. സംസ്ഥാ ദുരന്ത നിവാരണ അതോറിറ്റിയിലെ ദുരന്ത വിശകലന വിദഗ്ദ്ധരായ ശ്രീ. റോണു മാത്യു, ശ്രീമതി. അഞ്ജലി പരമേശ്വരൻ, ശ്രീ. ആൻഡ്രൂ സ്പെൻസർ, ഡോ. ശ്രീജ എം.യു, ശ്രീമതി. അതുല്യ തോമസ്, ഡോ. ആശ റോസ്സ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. വിശദമായ റിപോർട്ട് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/hadr/

1.8 സ്റ്റുഡന്റ് പോലീസ് കേഡറ്റ് അവധിക്കാല പരിശീലനം

29 മെയ് 2018 ൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്കായി ദുരന്ത നിവരണത്തില് ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു.

1.9 ആപ്ദാ മിത്ര പരിശീലന കൈപ്പുസ്തകവും പരിശീനവും

ആപ്ദ മിത്ര വാളന്റ്റീയർമ്മാർക്കുള്ള പരിശീലന കൈപ്പുസ്തകം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മലയാളത്തിൽ തയ്യാറാക്കി. 22-10-2018 ൽ ഈ കൈപ്പുസ്തകം ബഹു. ദുരന്ത നിവാരണ വകുപ്പ് മന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ പ്രകാശനം ചെയ്തു.

ആപ്ദ മിത്ര വാളന്റ്റീയർമ്മാർക്കുള്ള പരിശീലന പരിപാടി 22-10-2018ന് തൃശ്ശൂർ ജില്ലയിലെ വിയ്യൂർ കേരള അഗ്നിശമന സേന പരിശീലന കേന്ദ്രത്തിൽ ബഹു. തൃശ്ശൂർ കോർപ്പറേഷൻ മേയർ ശ്രീമതി അജിത ജയരാജൻ ഉത്ഘാടനം നിർവ്വഹിച്ചു.

8 ബാച്ചുകളിലായി 200 വാളന്റ്റീയർമ്മാർക്കുള്ള പരിശീലനം 2019 മാർച്ച് 23ആം തിയതി പൂർത്തിയായി. ഏറ്റവും മികച്ച രീതിയിൽ പദ്ധതി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം എന്ന് ദേശീയ ദുരന്ത നിവാരണ അതോറിറ്റി അഭിപ്രായപ്പെട്ടു. മേൽ അഭിപ്രായം പരിഗണിച്ച് ബഹുമുഖ ദുരന്ത സാധ്യതയുള്ള മറ്റ് 10 ജില്ലകളിൽ കൂടി ഈ പദ്ധതി പ്രകാരം കൂടുതൽ വോളന്റ്റീയർമ്മാർക്ക് പരിശീലനം നൽകുന്നതിനുള്ള തീരുമാനം ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ പരിഗണനയിലുണ്ട്.

1.10 ആപ്ദാ മിത്ര വോളന്റ്റീയർമ്മാർ നടത്തിയ പ്രവർത്തനങ്ങൾ

ലഭ്യമായ കണക്കുകൾ അനുസരിച്ച് 16-11-2018ന് ആലപ്പുഴ ജില്ലയിൽ ഒൻപത് വില്ലേജുകളിൽ ഗജ ചുഴലിക്കാറ്റിന്റെ ആഘാതം ഉണ്ടായിട്ടുണ്ട്. 11

വീടുകൾ പൂർണമായും, 369 വീടുകൾ ഭാഗീകമായും തകർന്നിട്ടുണ്ട്. തൈക്കാട്ടുശേരി പഞ്ചായത്തിൽ ആണ് ഏറ്റവും അധികം നഷ്ടം ഉണ്ടായിട്ടുള്ളത്. ദുരന്തത്തെകുറിച്ച് അറിയിപ്പ് കിട്ടിയ അന്ന് പുലർച്ചെ തന്നെ ഏറ്റവും അടുത്തുള്ള ടീം അംഗങ്ങളെ ബന്ധപെട്ടു, കിട്ടാവുന്ന രക്ഷഉപകരണങ്ങൾ സംഘടിപിച്ച് യാത്ര തിരിച്ചു. കൃത്യം 8.30ന് ദുരന്തസ്ഥലത്ത് എത്തിയപ്പോൾ മനസ്സിൽ ഉണ്ടായിരുന്നതിനെക്കാൾ ഭീഭത്സമായ കാഴ്ചകൾ ആണ് വോളന്റീയർമ്മാരെ വരവേറ്റത്. കടപുഴകിക്കിടക്കുന്ന വൻമരങ്ങൾ, തകർന്നു വീണ വീടുകൾ, സഞ്ചാരയോഗ്യമല്ലാത്ത വീഥികൾ, ഒടിഞ്ഞ് തൂങ്ങി മാറാല കണക്കെ അങ്ങിങ്ങായി തൂങ്ങിക്കിടക്കുന്ന ഇലക്ട്രിക് ലൈനുകൾ.

ഒരു രക്ഷപ്രവർത്തകനു ആദ്യം വേണ്ടത് മനശക്തിയാണെന്ന ഉറച്ച അദ്ധ്യാപനം കേട്ട 13 ദിവസത്തെ ക്ലാസിന്റെ പ്രചോദനം ഉൾക്കൊണ്ടു വോളന്റീയർമ്മാർ മൂന്നു ടീം ആയി തിരിഞ്ഞ് ദുരന്തമേഖലയിലേക്ക് ഇറങ്ങി. കഴിഞ്ഞ ദിവസം വരെ മഞ്ഞിൽനിന്നും മഴയിൽ നിന്നും തന്നെ സംരക്ഷിച്ചു നിർത്തിയ വീടിന്റെ ഇന്നത്തെ അവസ്ഥ കണ്ട് പരിഭവിച്ചും പരിതപിച്ചും നിൽക്കുന്ന നാട്ടുകാരെ ചേർത്തുപിടിച്ച് ആത്മവിശ്വാസം നൽകി വോളന്റീയർമ്മാരെ കൂടെ ചേർത്ത് വർക്ക് തുടങ്ങി.

ഉൾപ്രദേശങ്ങളിലേക്ക് കടന്നുചെല്ലാൻ റോഡുകൾ സഞ്ചാരയോഗ്യമാക്കുകയാണ് ആദ്യം ചെയ്തത്. അതിനായി റോഡിൽ തകർന്നും ഒടിഞ്ഞും കിടന്ന ഇലക്ട്രിക് പോസ്റ്റുകളും മരങ്ങളും മറ്റും മാറ്റുന്ന ശ്രമകരമായ ജോലിയായിരുന്നു ചെയ്തത്. സഞ്ചാരയോഗ്യമായ റോഡിലൂടെ കടന്നുചെന്ന് കണ്ട കാഴ്ച്ചകൾ നിറകണ്ണുകളോടെയല്ലാതെ കാണാൻ സാധിക്കില്ലായിരുന്നു.

ഉച്ച ഭക്ഷണത്തിനു ശേഷം ടീം ക്യാപ്റ്റൻന്റെ നിർദേശ പ്രകാരം വീണ്ടും ഒരുമിച്ചു കൂടുകയും തീർത്ത വർക്കുകകളെ കുറിച്ച് അവലോകനം നടത്തുകയും ഓരോ ടീമിനും ചെയ്യാനുള്ള ജോലി കൃത്യമായി നിർണയിച്ചു നൽകുകയും അതിനുഅവശ്യമായ സാധനസാമഗ്രികൾ സമീപപ്രദേശങ്ങളിൽ നിന്ന് കണ്ടെത്തി നൽകുകയും ചെയ്തു. ഒരു ദുരന്തപ്രദേശത്ത് ഈ അർത്ഥത്തിലുള്ള പ്രവർത്തനങ്ങളിലൂടെ മാത്രമേ സുഗമമായി തങ്ങളുടെ ടാർഗറ്റ് പൂർത്തികരിക്കാൻ സാധിക്കൂ എന്നുള്ള ട്രെയിനിങ് ക്യാമ്പിലെ ക്ളാസ്സുകളിൽ നിന്നും ലഭിച്ച അറിവുകൾ, നിസ്സാരസമയം കൊണ്ട് പ്രദേശവാസികളേയും ഉൾപ്പെടുത്തി വോളന്റീയർമ്മാർക്ക് വർക്ക് പൂർത്തികരിക്കാൻ സഹായകമായി. ടാർഗറ്റ് വർക്ക്കൾക്കപ്പുറം KSEB ടീമിനെയും ആപദാ മിത്ര ടീമിന് സഹായിക്കാൻ സാധിച്ചു എന്നത് സന്തോഷം നൽകുന്ന വസ്തുതയാണ്.

ദുരന്തമേഖലയിൽ വളരെ സിസ്റ്റമാറ്റിക്ക് ആയി പ്രവർത്തിക്കുന്ന ചെറുസംഘം ആ പ്രദേശത്തുകാർക്ക് പുതുമയായി മാറി. ചെയർ നോട്ടും, ടിംബർനോട്ടും ബോ ലൈനും ടാക്കിളിങ് സിസ്റ്റവും ഉൾപ്പെടെയുള്ള വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രവർത്തനം വളരെ കൗതുകത്തോടെയാണ് പൊതുസമൂഹം നോക്കി നിന്നത്. ക്യാമ്പിൽ നിന്ന് നിരന്തരമായ പ്രാക്ടീസിലൂടെ ലഭിച്ച അറിവുകൾ പ്രായോഗിക തലത്തിൽ എത്തിക്കാൻ സാധിച്ചതിൽ ടീം അംഗങ്ങൾക്കും സന്തോഷം ഉണ്ടായിരുന്നു.

എടുത്തുപറയേണ്ട കാര്യം ക്ലാസ്സിൽ വോളന്റീയർമാരോടൊപ്പം എങ്ങനെയാണോ ഇൻസ്ട്രക്ടർമാർ നിന്നത് അതേ താൽപ്പര്യത്തോടെ ആണ് ദുരന്തഭൂമിയിൽ ആണന്നു അറിഞ്ഞപ്പോൾതൊട്ട് വോളന്റീയർമാർക്ക് ഫോണിലൂടെ നിരന്തരമായി നിർദ്ദേശം നൽകിക്കൊണ്ട് ഇൻസ്ട്രക്ടർമാർ പിന്തുണ നൽകിയത്.

ദുരന്തമേഖലയിൽ ആദ്യമായി"ആപ്ത മിത്ര വോളണ്ടിയർ" എന്ന ലേബലോടു കൂടിയ യൂണിഫോം ഇട്ട യുവത്വത്തിന്റെ ആർജവം കണ്ടിട്ടാവാം KSEBഉൾപ്പെടെ നാട്ടുകാർ വളരെ കൗതുകത്തോടെ ആണ് വോളന്റീയർമ്മാരുടെ പ്രവർത്തനങ്ങളെ നോക്കിക്കണ്ടതും അവരോട് സഹകരിച്ചതും.

https://www.facebook.com/KeralaStateDisasterManagementAuthorityksdma/posts/1937871612973543

- ആപ്ത മിത്ര വോളന്റീയർ ശ്രീ. അമൽ സാബു അദേഹത്തിന്റെ അയല്പക്കത്തെ വീട്ടിൽ മുലപ്പാൽ കൂടിച്ചുകൊണ്ടിരുന്ന ഒരു പിഞ്ചു കുഞ്ഞിന് ചോക്കിങ് ഉണ്ടായസാഹചര്യത്തിൽ ആപ്ത മിത്ര പരിശീലനത്തിൽ പഠിച്ച New Born CPR നൽകുകയും കുഞ്ഞു നോർമൽ ആകുകയും ചെയ്തു. സെപ്റ്റംബർ 2018ന് ആണ് ഈ സംഭവം ഉണ്ടായത്. https://www.facebook.com/KeralaStateDisasterManagementAuthorityksdma/posts/2387800657980634

1.11 കമ്മ്യൂണിറ്റി റേഡിയോയും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളും

അടിയന്തിര സാഹചര്യങ്ങളിലും ദുരന്താനന്തരം സമൂഹത്തിനെ പൂർവ്വ സ്ഥിതിയിലേക്ക് സാമൂഹികവും മാനസികവുമായ സ്വാധീനം ചെലുത്തുവാൻ കമ്യൂണിറ്റി റേഡിയോ സംരംഭങ്ങൾക്ക് സാധിയ്ക്കും എന്ന തിരിച്ചറിവ് കണക്കിലെടുത്ത് കേരളത്തിലെ മുഴുവൻ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനുകളെയും

ഉൾപ്പെടുത്തികൊണ്ട് 2018 നവംബർ 02, 03 തിയതികളിൽ ആയി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ റേഡിയോ സേവിങ് ലൈവ്സ് എന്ന ശിൽപ്പശാല സംഘടിപ്പിച്ചു.

1.12 കേരളത്തിലെ ഉരുൾപ്പൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ മേഖലയിലെ കെട്ടിട നിർമ്മാണ സുരക്ഷ സംബന്ധിച്ച ശുപാർശ

ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെയും, സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിന്റെയും വെളിച്ചത്തിൽ ഏതു തരം സ്ഥലങ്ങളിൽ വീട് വയ്ക്കാം എന്നത് സംബന്ധിച്ച ശാസ്ത്രീയ ഉപദേശം നൽകുവാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ Deputy Director General, പരിസ്ഥിതി അവലോകന വിധക്ത സമിതി അംഗം ശ്രീ. ജി. ശങ്കർ, ഐ.ആർ.റ്റി.സി ഡയറക്ടർ ഡോ. ശ്രീകുമാർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് എന്നിവരുടെ വിധക്ത സമിതിയെ GO (Rt) No. 664/2018/DMD dated 30-11-2018പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ ആദ്യ ശിപാർശ 11-12-2018ന് സർക്കാരിന് ലഭ്യമാക്കി. ഈ ശിപാർശ അനുബന്ധം 1 ആയി ചേർക്കുന്നു.

1.13 സുരക്ഷിത ഭവന നിർമ്മാണം - കൈപ്പുസ്തകം

2018-ലെ പ്രളയത്തിലും ഉരുൾപൊട്ടലിലും പാർപ്പിടങ്ങൾ പൂർണ്ണമായോ ഭാഗികമായോ തകർന്ന വീട്ടുടമസ്ഥർക്ക് പ്രളയത്തെയും ഉരുൾപൊട്ടലിനെയും അതിജീവിക്കുന്ന തരത്തിലുള്ള കെട്ടിട നിർമ്മാണ രീതികളെ കുറിച്ച് അറിവ് പകരുക എന്നതിനോടൊപ്പം കേരളത്തിലെ ജനങ്ങൾക്ക് സുരക്ഷിതമായ ഭവന നിർമ്മാണ രീതികൾ പരിചയപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി യു.എൻ.ഡി.പി-യോട് ചേർന്ന് റീബിൽഡ് കേരള ഇനീഷ്യേറ്റീവിനു വേണ്ടി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി "സുരക്ഷിത ഭവന നിർമ്മാണം: പ്രളയവും ഉരുൾപൊട്ടലും (വാല്യം 2)" എന്ന കൈപ്പുസ്തകം പ്രസിദ്ധീകരിച്ചു. ബഹു. റവന്യൂ- ദുരന്ത നിവാരണ വകുപ്പ് മന്ത്രി ശ്രീ ഇ. ചന്ദ്രശേഖരൻ, ചീഫ് സെക്രട്ടറി ശ്രീ ടോം ജോസ് ഐ.എ.എസ്, അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ വിശ്വാസ് മെഹ്ത ഐ.എ.എസ്

എന്നിവരുടെ സാന്നിധ്യത്തിൽ 03 ഡിസംബർ 2018-നു ബഹു. മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ പുസ്തകം പ്രകാശനം ചെയ്തു. സുരക്ഷിത ഭവന നിർമ്മാണം എന്ന വിഷയത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി വരുന്ന പുസ്തക പരമ്പരയിലെ രണ്ടാമത്തെ പുസ്തകമാണ് ഇത്. പുസ്തകം ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2019/06/Hand-book-JAN-2019.pdf

1.14 സുരക്ഷിത ഭവന നിർമ്മാണം - ലഘുലേഖകൾ

സുരക്ഷിത നിർമ്മാണ വിദ്യകളും ഭിന്നശേഷി സൗഹൃദ ഭവന നിർമ്മാണവും പരിചയപ്പെടുത്തുന്നതിനായി 4 ലഘുലേഖകളും 03 ഡിസംബർ 2018-ൽ പ്രസിദ്ധീകരിച്ചു.

- ദുരന്തത്തെ അതിജീവിക്കുന്ന നിർമ്മാണരീതികൾ - https://sdma.kerala.gov.in/wp-content/uploads/2020/11/Hazard-Resilient-Construction.pdf
- കേരളത്തിലെ ഉരുൾപൊട്ടലുകൾ - https://sdma.kerala.gov.in/wp-content/uploads/2020/11/Landslides.pdf
- പ്രളയസാധ്യതയുള്ള പ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നതിനു മുൻപ് വീട്ടുടമകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ - https://sdma.kerala.gov.in/wp-content/uploads/2020/11/Flood-Resilient-House.pdf
- ഭിന്നശേഷി സൗഹൃദ ഭവന നിർമ്മാണം - https://sdma.kerala.gov.in/wp-content/uploads/2020/11/Disability-Inclusive-House-Construction.pdf





1.15 സുരക്ഷിത ഭവന നിർമ്മാണം - പ്രദർശനവും, റോഡ് ഷോയും

സുരക്ഷിത ഭവന നിർമ്മാണ രീതികളെ കുറിച്ചുള്ള അറിവ് കേരളത്തിലെ പരമാവധി ജനങ്ങളിലേക്ക് എത്തിക്കുന്നതിനായും 2018-ലെ തീവ്ര പ്രളയ ബാധിത പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങളിൽ ദുരന്ത ലഘൂകരണത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടി പ്രദർശനവും റോഡ് ഷോയും ഉൾപ്പെടുന്ന "സുരക്ഷിത കേരളം" ക്യാമ്പയിൻ സംഘടിപ്പിച്ചു. 07 ജനുവരി 2019-ൽ ആലപ്പുഴയിൽ ആരംഭിച്ച ക്യാമ്പയിൻ തൃശൂർ, ഇടുക്കി, എറണാകുളം, കോട്ടയം, വയനാട്, പത്തനംത്തിട്ട എന്നീ ജില്ലകൾ സഞ്ചരിച്ച് 08 ഫെബ്രുവരി 2019-നു തിരുവനന്തപുരത്തു സമാപിച്ചു.

യു.എൻ.ഡി.പി-യോട് ചേർന്ന് റീബിൽഡ് കേരള ഇനീഷ്യേറ്റീവിനു വേണ്ടി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സംഘടിപ്പിച്ച ഈ പ്രദർശനങ്ങൾ ഫയർ ആൻഡ് റെസ്ക്യൂ സെർവിസ്സ് ഡിപ്പാർട്മെന്റ്, കുടുംബശ്രീ, ശുചിത്വ മിഷൻ, വയനാട് നഗരാസൂത്രണ വകുപ്പ്, എഫ്.ആർ.ബി.എൽ, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, ആപ്ദ മിത്ര, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്ട്സ് (ട്രിവാൻഡ്രം ചാപ്റ്റർ), ഉറവ്, തണൽ, ഗ്രാമാലയ, ATREE, ഫൗൻഡേഷൻ ഫോർ ഡെവലപ്മെന്റ് ആക്ഷൻ എന്നീ സ്ഥാപനങ്ങളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. ദുരന്തങ്ങളെ ചെറുക്കുന്ന നിർമ്മാണ രീതികൾ വിശദീകരിക്കുന്ന പോസ്റ്ററുകൾ, മാതൃകകൾ എന്നിവക്ക് പുറമെ മേസ്ത്രിരിമാർക്കുള്ള പരിശീലനവും ക്യാമ്പയിനിൽ ഉൾപ്പെടുത്തിയിരുന്നു. ഓരോ ജില്ലയിലും 3 ദിവസത്തെ റോഡ് ഷോയും 2 ദിവസത്തെ പ്രദർശനവുമായി ക്രമീകരിച്ച 40 ദിന

ക്യാമ്പയിനിൽ റോഡ് ഷോയിലൂടെ 7304 പേരിലേക്കും പ്രദർശനങ്ങളിലൂടെ വിദ്യാർത്ഥികളുൾപ്പെടെ 1664 പേരിലേക്കും എത്തിച്ചേരാൻ സാധിച്ചു. കുടുംബശ്രീ വനിത മേസ്ത്രിരിമാരുൾപ്പെടെ 322 പേർക്ക് ദുരന്തങ്ങളെ അതിജീവിക്കുന്ന കെട്ടിട നിർമ്മാണത്തെ കുറിച്ചുള്ള ക്ലാസ് സംഘടിപ്പിച്ചു. കൈപ്പുസ്തകം, ലഘുലേഖകൾ എന്നിവയുടെ വിതരണവും പ്രദർശനത്തിന്റെ ഭാഗമായി നടത്തി.

1.16 സുരക്ഷിത ഭവന നിർമ്മാണം - കുടുംബശ്രീ വനിതാ മേസ്ത്രിരിമാർക്കുള്ള പരിശീലനം

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, റീബിൽഡ് കേരള, യുണൈറ്റഡ് നേഷൻസ് ഡവലപ്മെന്റ് പ്രോഗ്രാം എന്നിവർ സംയുക്തമായി 8-2-2019ന് നടത്തിയ മേസ്ത്രിരി മാർക്കുള്ള പരിശീലനം ഏറെ പ്രയോജനപ്പെട്ടു എന്ന് കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പിലെ വനിതാ മേസ്ത്രിരിമാർ അഭിപ്രായപ്പെട്ടു.

ഈ പരിശീലനത്തിൽ നിന്നും ലഭിച്ചിട്ടുള്ള അറിവുകൾ പുതുമയുള്ളതും ഇതുവരെ ലഭിച്ച പരിശീലനങ്ങളിൽ ലഭിച്ചിട്ടില്ലാത്ത അറിവുകളാണ് ഇവിടെ ലഭിച്ചതെന്നും അവർ അഭിപ്രായപ്പെട്ടു.

മഞ്ഞില കുടുംബശ്രീ യൂണിറ്റിൽ നിന്നും പരിശീലനത്തിനായി എത്തിയ അനിതകുമാരി എസ്സ് പറയുന്നതിങ്ങനെ. "കെട്ടിടത്തിന്റെ സൺ ഷെയ്ഡ് വാർക്കുമ്പോൾ ചിരട്ടയും മുളയും കൂടി ഉപയോഗിച്ച് നിർമ്മാണ ചെലവ് കുറയ്ക്കാൻ സാധിക്കും എന്നറിയുന്നത് ഇപ്പോഴാണ്".

"മണ്ണിന്റെ സ്വാഭാവത്തിനും ഘടനയ്ക്കും അനുസരിച്ച് കെട്ടിട നിർമ്മാണ രീതിയിൽ വരുത്തേണ്ട മാറ്റങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു" എന്ന് ശ്രീമുരുകാ കുടുംബശ്രീയിലെ ബിന്ദു എസ്സ് പറഞ്ഞു.

പ്രളയ സാദ്ധ്യത ഉള്ളിടത്ത് മേൽക്കൂര പണിയേണ്ടത് എങ്ങനെ, പ്രളയ ജലം വാർന്ന് പോകേണ്ടതിന് ചുറ്റുമതിൽ എങ്ങനെ രൂപകല്പന ചെയ്യാം, ബൽറ്റ് കോൺക്രീറ്റിന്റെ പ്രാധാന്യം എന്തൊക്കെയാണ് തുടങ്ങി ഒരുപാട് നല്ല അറിവുകൾ ഇവിടെ നിന്നും ലഭിച്ചു എന്ന് അവർ പറഞ്ഞു.

ഈ പരിശീലനം ഇവിടെ അവസാനിപ്പിക്കരുത് എന്നും ഇതിനോടനുബന്ധിച്ച് തുടർ പരിശീലനങ്ങൾ സംഘടിപ്പിച്ചാൽ അതിൽ പങ്കെടുക്കാൻ തങ്ങൾ തയ്യാറാണെന്നും പരിശീലനാർത്ഥികൾ പറഞ്ഞു.

പരിശീലനത്തോടനുബന്ധിച്ച് നടത്തിയ 'സുരക്ഷിത കേരളം' പ്രദർശനം മികച്ചതായിരുന്നു എന്ന് പരിശീലനാർത്ഥികൾ അഭിപ്രായപ്പെട്ടു. ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയുന്ന മികച്ച കെട്ടിട നിർമ്മാണ മാതൃകകൾ നേരിൽ കണ്ട് മനസ്സിലാക്കുന്നതിന് ഈ പ്രദർശനം സഹായിച്ചു എന്ന് അവർ പറഞ്ഞു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിരത്തിൽ ആണ് പ്രദർശനം നടക്കുന്നത്. വിവിധ ദുരന്ത സാഹചര്യത്തിലുള്ള കെട്ടിടനിർമാണ രീതികളെ കുറിച്ചുള്ള വിവിധ മാതൃകകൾ പ്രദർശനത്തിൽ ഉണ്ടായിരുന്നു.

1.17 സുരക്ഷിത ഭവന നിർമ്മാണം - വട്ടമേശ സമ്മേളനങ്ങൾ

പരിസ്ഥിതിലോലവും ദുരന്താഭിമുഖ്യവുമുള്ള മേഖലകൾക്കനുയോജ്യമായ കെട്ടിട നിർമ്മാണ രൂപകൽപന, സാങ്കേതിക വിദ്യകൾ, നിർമ്മാണ വസ്തുക്കൾ എന്നിവ ചർച്ച ചെയ്യുന്നതിന് വേണ്ടി ഇന്ത്യയിലെ സമാനമായ മറ്റു പ്രദേശങ്ങളിൽ പ്രവർത്തിച്ചു പരിജ്ഞാനമുള്ള വിദഗ്ദ്ധരെയും, സർക്കാർ എൻജിനീയർമാരെയും, നയതന്ത്രജ്ഞരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള 2 വട്ടമേശ സമ്മേളനങ്ങൾ യു.എൻ.ഡി.പി-യോട് ചേർന്ന് റീബിൽഡ് കേരള ഇനിഷ്യേറ്റീവിനു വേണ്ടി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സംഘടിപ്പിച്ചു.

- "ഇടുക്കി, വയനാട് പോലുള്ള മലമ്പ്രദേശങ്ങൾക്കനുയോജ്യമായ പാർപ്പിട നിർമ്മാണ വിദ്യകളും തന്ത്രങ്ങളും/ രീതികളും" (Developing appropriate technologies and strategies for housing in hilly terrains- Idukki and Wayanad) എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ചർച്ച 15 ഡിസംബർ 2018-ന് കോഴിക്കോട് വച്ച് സംഘടിപ്പിക്കുകയും പ്രസ്തുത സമ്മേളനം ബഹു. റവന്യൂ- ദുരന്ത നിവാരണ വകുപ്പ് മന്ത്രി ശ്രീ ഇ. ചന്ദ്രശേഖരൻ ഉത്ഘാടനം ചെയ്തു സംസാരിക്കുകയും ചെയ്തു.

- "ജലത്തോടൊപ്പം ജീവിക്കൽ: കുട്ടനാടിനനുയോജ്യമായ പാർപ്പിട നിർമ്മാണ തന്ത്രങ്ങൾ/രീതികൾ" (Living with Water: Developing Appropriate strategies for housing in Kuttanadu) എന്ന വിഷയം 17 ഡിസംബർ 2018-നു തിരുവനന്തപുരത്തു നടത്തിയ സമ്മേളനത്തിൽ ചർച്ച ചെയ്തു. അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ- ദുരന്ത നിവാരണ വകുപ്പ്) ശ്രീ പി.എച്. കുര്യൻ ഐ.എ.എസ്., റീബിൾഡ് കേരള ഇനിഷ്യേറ്റീവ് സി.ഇ.ഓ. ശ്രീ വേണു വി. ഐ.എ.എസ്. എന്നിവരുടെ സാന്നിധ്യത്തിൽ ബഹു. ധനകാര്യമന്ത്രി ശ്രീ ടി. എം. തോമസ് ഐസക് സമ്മേളനം ഉത്ഘാടനം ചെയ്തു.

- ചർച്ചകളിലൂടെയും ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളും നിർദ്ദേശങ്ങളും റീബിൾഡ് കേരള ഇനിഷ്യേറ്റീവിലേക്കു സമർപ്പിച്ചു.
- വിശദമായ വിവരങ്ങൾ ഇവിടെ https://sdma.kerala.gov.in/wp-content/uploads/2020/11/RoundTableUNDP2019.pdf ലഭ്യമാണ്.

1.18 നവകേരളം - ദുരന്ത ലഘൂകരണ ദ്വിദിന സെമിനാറും പ്രദർശനവും

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, സ്പിയർ ഇന്ത്യ, യു.എൻ.ഡി.പി എന്നിവർ സംയുക്തമായി ഡിസംബർ 3-4 തീയതികളിൽ നവകേരള നിർമ്മിതിയെ ഉദ്ദേശിച്ച് ദുരന്ത ലഘൂകരണം എന്ന വിഷയത്തിൽ ദ്വിദിന സെമിനാറും പ്രദർശനവും നടത്തി. പ്രദർശനം ബഹു. മുഖ്യമന്ത്രി ഉത്ഘാടനം ചെയ്തു. ബഹു. റവന്യൂ വകുപ്പ് മന്ത്രി അദ്ധ്യക്ഷൻ ആയിരുന്നു. സെമിനാറിൽ 1) സന്നദ്ധ പ്രവർത്തനം, 2) ആരോഗ്യം, 3) ഉപജീവനം, 4) ഉൾപ്പെടുത്തൽ എന്നിവ 4 സെഷനുകളിലായി ചർച്ചയ്ക്ക് വിധേയമായി. ശുപാർശകൾ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു. പ്രദർശനത്തിൽ 18 സ്റ്റാളുകൾ ഉണ്ടായിരുന്നു. വിശദമായ റിപ്പോർട്ട് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2020/08/SphereSDMAExhibitionReport2018.pdf

1.19 ഭിന്നശേഷിക്കാർക്കായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പരിശീലനം

2016ൽ പാർലമെൻറ്റ് പാസാക്കിയ ഭിന്നശേഷിക്കാരുടെ അവകാശ നിയമത്തിൽ ദുരന്ത നിവാരണത്തിൽ ഭിന്നശേഷിക്കാരുടെ പങ്ക് വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിൽ 7,93,937 ഭിന്നശേഷിക്കാർ ഉണ്ടെന്നാണ് സാമൂഹ്യ നീതി വകുപ്പ് 2015ൽ പുറത്തിറക്കിയ സെൻസസ് ചൂണ്ടിക്കാണിക്കുന്നത്. 2016 ൽ തുടങ്ങിയ പദ്ധതിയുടെ കീഴിൽ എല്ലാ ജില്ലകളിലും ഉള്ള ഭിന്നശേഷിക്കാർക്കായി വിദഗ്ദ്ധ പരിശീലനം നൽകിക്കൊണ്ടിരിക്കുന്നു.

പരിശീലനത്തിനായി ബ്രയിൽ ലിപിയിലുള്ള കൈപ്പുസ്തകം, ആംഗ്യഭാഷയിലുള്ള വീഡിയോകൾ, ലഘുലേഖകൾ, ഡയ്സി ശബ്ദ രേഖ

എന്നിവ നിർമ്മിച്ചു കഴിഞ്ഞു. പരിശീലകർക്കായുള്ള കൈപുസ്തകവും പ്രസിദ്ധീകരിച്ചു. മൂന്ന് പരിശീലനങ്ങൾ പരിശീലകർക്കായി നടത്തി

കഴിഞ്ഞു. ഏകദേശം 3000 പേരെ ആദ്യഘട്ടത്തിൽ പരിശീലിപ്പിക്കാനാണ് അതോറിറ്റി ഈ പദ്ധതിയിലൂടെ ശ്രമിക്കുന്നത്. പരിശീലന പരിപാടിയിൽ വാർത്താവിനിമയ സംവിധാനത്തിന് പ്രാമുഖ്യം നൽകിക്കൊണ്ട് ഭിന്നശേഷിക്കാരെ നാലായി തിരിച്ചിട്ടുണ്ട്. കാഴ്ച വെല്ലുവിളികൾ നേരിടുന്നവർ, ശ്രവണ – സംസാര വെല്ലുവിളികൾ നേരിടുന്നവർ, ചലനശേഷി വെല്ലുവിളികൾ നേരിടുന്നവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിങ്ങനെ. ഇതിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ കെയർ ഗിവേഴ്സ്നാണ് പരിശീലനം നൽകുന്നത്. മറ്റു വിഭാഗങ്ങളിൽ ഭിന്നശേഷിക്കാർക്ക് തന്നെ പരിശീലനം നല്കി.

ഓരോ ജില്ലകളിലും നടത്തുന്ന പരിശീലനത്തിന് അതാതു ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും സാമൂഹ്യ നീതി വകുപ്പും നേതൃത്വം

നല്കി. പ്രസ്തുത ജില്ലകളുടെ ദുരന്ത സാധ്യത കണക്കിലെടുത്തുകൊണ്ടാണ് പരിശീലനം ക്രമീകരിച്ചത്. പരിശീലനം നല്കിയത് എം.ജി യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇൻറ്റർ യൂണിവേഴ്സിറ്റി സെൻറ്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ് (IUCDS) ആണ്. വിവിധ ദുരന്തങ്ങളിൽ എങ്ങനെ തയ്യാറെടുക്കാം എന്ന് തുടങ്ങി സി.പി.ആർ അടക്കമുള്ള പ്രഥമ ശ്രുശൂഷ പ്രക്രിയകളും പരിശീലനത്തിന്റെ ഭാഗമാക്കി.

കാഴ്ച വെല്ലുവിളികൾ നേരിടുന്നവർ, ശ്രവണ – സംസാര വെല്ലുവിളികൾ നേരിടുന്നവർ, ചലനശേഷി വെല്ലുവിളികൾ നേരിടുന്നവർ, – മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിങ്ങനെ

ആണ് യഥാക്രമം അതാതു ദിവസങ്ങളിൽ പരിശീലന ക്രമീകരിച്ചത്. ഇതിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സഹായികൾക്കാണ് പരിശീലനം നല്കിയത്. മറ്റു വിഭാഗങ്ങളിൽ

ഭിന്നശേഷിക്കാർക്ക് തന്നെ പരിശീലനം നല്കി. മുഴുവൻ സമയവും പങ്കെടുക്കുന്നവർക്ക് സെർട്ടിഫിക്കറ്റും നല്കി. ആദ്യ പരിശീലനം കോട്ടയം ജില്ലയിൽ 2018 മാർച്ച് മാസം 19ന് ജില്ലാ കളക്ടർ ഉദ്ഘാടനം നിർവ്വഹിച്ചു. പദ്ധതിയുടെ വിശദമായ റിപോർട്ട് ഇവിടെ https://sdma.kerala.gov.in/wp-content/uploads/2020/12/KSDMA-REPORT-Final-with-Cover-November-2020-1.pdf ലഭ്യമാണ്. പ്രസ്തുത പരിശീലന പരിപാടിയെ ഐക്യരാഷ്ട്ര സഭാ സംഘടനകൾ നടത്തിയ Post Disaster Need Assessment - Floods and Landslides - August 2018ൽ അഭിനന്ദിച്ചിട്ടുണ്ട്.

1.20 പ്രത്യുത്ഥാനം പദ്ധതി: പ്രളയം ബാധിച്ച, സമൂഹത്തിൽ അവശത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് അധിക ധനസഹായ പദ്ധതി

പ്രളയം ബാധിച്ച, സമൂഹത്തിൽ അവശത അനുഭവിക്കുന്നവർക്ക്, പ്രത്യേക പരിഗണന നൽകണമെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ 2018-ലെ പ്രളയത്തിൽ പൂർണ്ണമായോ ഭാഗികമായോ വീട് തകർന്നവരിൽ ഉൾപ്പെട്ട കിടപ്പുരോഗികൾക്കും ഭിന്നശേഷിക്കാർക്കും അധിക ധനസഹായം നൽകുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ പ്രത്യുത്ഥാനം എന്ന പദ്ധതി നടപ്പാക്കാൻ GO (Rt) No. 662/2018/DMD dated 4-12-2018 സർക്കാർ തീരുമാനിച്ചു. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾ ദുരന്ത ശേഷം നേരിടുന്ന പൊതു പ്രശ്നങ്ങൾ പലപ്പോഴും ദുരന്തത്തിന് മുൻപ് ഉള്ളതിലും കൂടുതൽ തീവ്രമാകുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. അതിനാൽ തന്നെ സമൂഹത്തെ ഭിന്നിപ്പിക്കുവാൻ ശ്രമിക്കുന്ന ശക്തികൾക്ക് ഇവരുടെ അവസ്ഥ മുതലെടുക്കുവാൻ പെട്ടെന്ന് സാധിക്കും. ഇവരിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ഭിന്നശേഷിക്കാർ, കിടപ്പ് രോഗികൾ എന്നിവരുടെ വാക്കുകൾക്കാണ്. ഇവരെ പ്രത്യേകം പരിഗണിക്കുന്നത് സാമൂഹിക ഐക്യം പുനർനിർമ്മാണവേളയിൽ ഊട്ടി ഉറപ്പാക്കുവാൻ സഹായകമാകും. 2018ലെ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലെ വെള്ളപൊക്കത്തിലോ, ഉരുൾപൊട്ടലിലോ 15%ൽ കൂടുതൽ നാശനഷ്ടം, വസിക്കുന്ന വീടുകൾക്ക് വന്നിട്ടുള്ള, ചുവടെ ചേർക്കുന്ന സാഹചര്യം നേരിടുന്ന കുടുംബങ്ങളാണ് ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ (Criteria for Selection). മുൻഗണനാ ക്രമം അനുസരിച്ച്:

1. കാൻസർ രോഗികൾ ഉള്ള പ്രളയ ബാധിത കുടുംബങ്ങൾ
2. ഡയാലിസിസ് രോഗികൾ ഉള്ള പ്രളയ ബാധിത കുടുംബങ്ങൾ

3. മാനസികശേഷി പരിമിതരായ, കിടപ്പ് രോഗികളായ ഭിന്നശേഷിക്കാർ ഉള്ള പ്രളയ ബാധിത കുടുംബങ്ങൾ
4. മൈനർ കുട്ടികൾ ഉള്ള വിധവകൾ കുടുംബനാഥകൾ ആയിട്ടുള്ള കുടുംബങ്ങൾ

എന്നിങ്ങനെ മുൻഗണനാ പട്ടിക തയ്യാറാക്കി, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച് ലഭ്യമാക്കുന്ന പട്ടിക പ്രകാരം, സംസ്ഥാന അതോറിറ്റി നേരിട്ട് ഡി.ബി.റ്റി വഴി തുക കുടുംബങ്ങൾക്ക് നൽകുവാനാണ് തീരുമാനം.

ഈ പദ്ധതിക്കായി 8.25 കോടി രൂപ UNDPയിൽ നിന്നും, 10 കോടി രൂപ CMDRFൽ നിന്നും ചേർത്ത്, 18.25കോടി രൂപയാണ് ലഭ്യമായത്. ഈ തുക ഉപയോഗിച്ച് മേൽ പട്ടികയിൽ ഉൾപ്പെടുന്ന 7300 ഗുണഭോക്താക്കൾക്ക് 25,000/- വീതം രൂപ അധിക ധന സഹായം വീടിന്റെ പുനർനിർമ്മാണത്തിനോ, അറ്റകുറ്റപണികൾക്കോ ആയി ലഭ്യമാക്കുവാൻ ആണ് സാധിക്കുന്നത്.

പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, വയനാട് എന്നീ പൂർണ്ണമായും പ്രളയ ബാധിത ജില്ലകളിലും, ദുരന്ത ബാധിതരായ പട്ടിക വർഗ്ഗക്കാർ അധികമായി വസിക്കുന്ന പാലക്കാട് ജില്ലയിലുമാണ് 'പ്രത്യുത്ഥാനം' എന്ന ഈ പദ്ധതി നടപ്പാക്കുവാൻ സർക്കാർ തീരുമാനിച്ചത്.

ഓരോ കുടുംബത്തിനും 25,000 രൂപയാണ് (ഒറ്റത്തവണ) അധിക സഹായമായി ലഭിക്കുക. മൊത്തം 7,300 കുടുംബങ്ങൾക്ക് ഇത്തരത്തിൽ സഹായം നല്കുവാൻ അനുമതി നല്കി.

1.21 ദുരന്ത നിവാരണ സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണി

കേരളത്തിലെ ദുരന്ത ലഘൂകരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർവീസിലെ സാങ്കല്പിക ഉദ്യോഗസ്ഥ ശ്രേണിയിൽ (Virtual Cadre) നിന്ന് ഓരോ ജില്ലയിലെയും തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള പരിശീലനം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യാലയത്തിൽ 14-12-2020ന് സംഘടിപ്പിച്ചു. ഇന്ത്യയിലെ ദുരന്ത വിവര ശേഖരണ ശൃംഖലകളായ India Disaster Resource Network (IDRN), National Database on Emergency Resources

എന്നിവയിലുള്ള പരിശീലനമാണ് ആദ്യഘട്ടത്തിൽ നൽകിയത്. ജില്ലാ തലത്തിൽ കൂടുതൽ പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകാൻ കൂടി പരിശീലനാർത്ഥികളെ പര്യാപ്തമാക്കുന്ന തരത്തിലായിരുന്നു സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചത്. ലാൻഡ് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്കായുള്ള പരിശീലനമാണ് 14-12-2020ന് നടന്നത്. പരിശീലന പരിപാടിയിൽ സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ കൂടിയായ ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ പി.എച്ച് കുര്യൻ ഐ.എ.എസ് പരിശീലനാർത്ഥികളുമായി സംവദിച്ചു.

1.22 കാലാവസ്ഥാ വ്യതിയാന ഗവേഷണം സഹായം

അമൃത സർവ്വകലാശാലയിലെ Amrita Centre for Wireless Networks and Applicationsസിന് കേരളത്തിലെ കാലാവസ്ഥാ വ്യതിയാന പ്രവചനത്തിലുള്ള അപര്യാപ്തത കണ്ടുകൊണ്ട് കേരളത്തിലെ കാലാവസ്ഥാ വ്യതിയാന സ്ഥിതി മനസിലാക്കുന്നതിനും, ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുമായി ഒരു ഗവേഷണ സഹായം നല്കി. പദ്ധതിയുടെ ആദ്യഭാഗം പൂർത്തീകരിച്ച് സർവകലാശാല റിപ്പോർട്ട് സമർപ്പിച്ചു. തുടർ ഗവേഷണം നടത്തുവാൻ സാങ്കേതിക വൈദഗ്ധ്യം ലഭ്യമല്ല എന്ന് സർവകലാശാല അറിയിച്ചു. റിപ്പോർട്ട് ഇവിടെ https://sdma.kerala.gov.in/wp-content/uploads/2019/08/KSDMA_Project_report_2017-2018.pdf ലഭ്യമാണ്.

1.23 ഉരുൾപൊട്ടൽ ഗവേഷണ സഹായം

തൃശൂർ, ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിലെ ജിയോളജി വിഭാഗവുമായി ചേർന്ന് കോഴിക്കോട് തിരുവമ്പാടി ഗ്രാമ പഞ്ചായത്തിൽ ഉരുൾപൊട്ടൽ സംബന്ധിച്ച ഒരു സാമൂഹിക ഗവേഷണ പദ്ധതിക്ക് 2016-17ൽ അനുമതി നൽകി. പദ്ധതി പൂർത്തീകരിച്ച് ക്രൈസ്റ്റ് കോളേജ് ജിയോളജി വിഭാഗം റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2020/11/KSDMA-REPORT.pdf.

1.24 കോടതി കേസുകൾ

1. WP (C) No. 4022/2017 dated 16-11-2018: സംസ്ഥാന, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ തയ്യാറാക്കിയ ദുരന്ത ലഘൂകരണ പദ്ധതികളും, പ്രസിദ്ധീകരിച്ച ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ ഭൂപടങ്ങളും അനുസരിച്ച് High

Hazard Zoneകളിൽ ക്വാറികളിൽ വെടിമരുന്ന് ഉപയോഗിച്ച് പാറ പൊട്ടിക്കരുത് എന്ന നിബന്ധന ഉൾപ്പെടുത്തിയത് ചോദ്യം ചെയ്ത് ചില ക്വാറി ഉടമകൾ നല്കിയ ഈ കേസിൽ വളരെ നിർണ്ണയകമായ 90 പേജ് വിധി ആണ് ഹൈകോടതി പുറപ്പെടുവിച്ചത്. Additional Advocate General ശ്രീ. രഞ്ജിത്ത് തമ്പാൻ നേരിട്ട് ദുരന്ത നിവാരണ അതോറിറ്റിക്കായി വാദിച്ച കേസിൽ സംസ്ഥാന, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ തയ്യാറാക്കിയ ദുരന്ത ലഘൂകരണ പദ്ധതികളും, പ്രസിദ്ധീകരിച്ച ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ ഭൂപടങ്ങളും അനുസരിച്ച് High Hazard Zoneകളിൽ ക്വാറികളിൽ വെടിമരുന്ന് ഉപയോഗിച്ച് പാറ പൊട്ടിക്കരുത് എന്ന നിബന്ധന കോടതി ഉയർത്തി പിടിച്ചു.

2. WP(C) No. 36879 of 2019: ബഹുമാനപ്പെട്ട ഹൈക്കോടതി 2017ൽ WP(C) 36879/2016 - TN Makkar കേസിൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ജലബഹിർഗമന പാതകൾ തടയുന്നില്ല എന്ന് ഉറപ്പ് വരുത്തണം എന്ന നിർദേശം കെട്ടിട നിർമ്മാണ ചട്ടത്തിൽ ഉൾക്കൊള്ളിക്കണം എന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തദ്ദേശ വകുപ്പിന് നിർദേശം നല്കി. "No construction shall be made to obstruct the natural drains and streams in a plot. Failure to comply with this instruction will invite penalization under Section 51 of the Disaster Management Act, 2005 (Central Act, 53 of 2005)" എന്ന നിർദേശം ഉൾക്കൊള്ളിക്കണം എന്നാണ് നിർദ്ദേശിച്ചത്.
3. WP (C) No. 24261/2018 dated 18-9-2018: കണ്ണൂർ ജില്ലയിൽ, തളിപ്പറമ്പ് താലൂക്കിൽ ഉദയഗിരി വില്ലേജിലെ ഉരുൾപൊട്ടൽ സാധ്യതകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ഹൈക്കോടതിയിൽ സമർപ്പിച്ചു. റിപോർട്ട് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2019/08/A-Brief-Report-on-the-Site-Inspection-at-Thaliparamba-Taluk-Kannur-District-Kerala.pdf.

1.25 നീലക്കുറിഞ്ഞി പൂക്കാലം 2018 - ദുരന്ത ലഘൂകരണ മാർഗ്ഗങ്ങൾ

ഇടുക്കി ജില്ലയിലെ മൂന്നാർ കണ്ണൻ ദേവൻ മലനിരകളിൽ 12 വർഷത്തിലെ ഇടവേളകളിൽ വളരെ വ്യാപകമായി പുഷ്പിക്കുന്ന സസ്യമാണ് നീലകുറിഞ്ഞി. അന്താരാഷ്ട്ര വിനോദ സഞ്ചാരികൾ ഉൾപ്പടെയുള്ളവരുടെ ഒരു പ്രധാന ആകർഷണമാണിത്. ലക്ഷകണക്കിന് സഞ്ചാരികളാണ് ഈ പ്രതിഭാസം കാണാൻ എത്തുന്നത്.

ജൂലൈ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ ആണ് 2018 നീലകുറിഞ്ഞി സീസൺ പ്രതീക്ഷിച്ചിരുന്നത്. ഏകദേശം 8 ലക്ഷം സഞ്ചാരികളെ ആണ് ഈ സീസണിൽ പ്രതീക്ഷിക്കുന്നത്. ജൂലൈ മുതൽ ഒക്ടോബർ വരെ ഉള്ള മാസങ്ങളിൽ കേരളത്തിൽ കാലവർഷം ശക്തി പ്രാപിക്കുന്നതിനാൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഇടുക്കി ജില്ല ദുരന്ത നിവാരണ അതോറിറ്റിയും സംയുകതമായി ഒരു ദുരന്ത സാധ്യത വിശകലനം നടത്തുവാൻ നിശ്ചയിച്ചു. ആയതിന്റെ വെളിച്ചത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ രണ്ടു ദുരന്ത വിശകലന വിദഗ്ദരെ പ്രസ്തുത പഠനം നടത്തുവാൻ ചുമതലപ്പെടുത്തി.



മൂന്നാർ പോലുള്ള പരിസ്ഥിതി ദുർബ്ബല പ്രദേശത്ത്, പ്രത്യേകിച്ചും കാലവർഷം ശക്തമായ സമയത്ത് ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതി ദുരന്ത സാധ്യതകൾ നില നിൽക്കുന്നുണ്ടെന്നും, പരിമിതമായ ഗതാഗത സൗകര്യവും മറ്റ് അടിസ്ഥാന സൗകര്യവും ഉള്ള ഈ പ്രദേശത്ത് ഇത്രയധികം സഞ്ചാരികളുൾടെ ഒഴുക്ക് ദുരന്ത തീവ്രത വർദ്ധിപ്പിക്കുമെന്നും അതുപോലെ മുൻ സംഭവങ്ങളുടെ വിവരങ്ങൾ ഉൾക്കോള്ളിച്ചുകൊണ്ട് റോഡപകട സാധ്യത പ്രദേശങ്ങളും വന്യ മൃഗങ്ങളുടെ ആക്രമണ സാധ്യത പ്രദേശങ്ങളും കണ്ടെത്തുകയുണ്ടായി. വളരെ ഗൗരവതരമായ ദുരന്ത പ്രതികരണ തയ്യാറെടുപ്പുകൾ ഈ നീലകുറിഞ്ഞി പൂക്കാലവുമായി ബന്ധപ്പെട്ട് ചെയ്യണമെന്ന് ഈ റിപ്പോർട്ടിൽ പറയുന്നു. വിശദമായ റിപോർട്ട് ഇവിടെ https://sdma.kerala.gov.in/wp-content/uploads/2020/10/Neelakurinji_Final_-Report.pdf ലഭ്യമാണ്

1.26 കലണ്ടർ

കേരളത്തിലെ പ്രധാന ദുരന്തങ്ങളും, ദുരന്ത പ്രതികരണ, പ്രതിരോധ പ്രവർത്തനങ്ങളും, അത്യാവശ്യ സമയങ്ങളിൽ ഓരോ തലത്തിലും ബന്ധപ്പെടേണ്ടുന്ന ഉദ്യോഗസ്ഥരുടെ വിവരവും അടങ്ങുന്ന പ്രത്യേക കലണ്ടർ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. മൊത്തം 3000 കോപ്പി തയ്യാറാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ ഉൾപ്പടെ ദുരന്ത നിവാരണം കൈകാര്യം ചെയ്യുന്ന 59 കാര്യാലയങ്ങൾക്ക് വിതരണം ചെയ്തു.

1.27 മലപ്പുറം കോട്ടയ്ക്കൽ പെരുമ്മണക്കാരി പഞ്ചത്തിലെ കുഴലീകൃത മണ്ണൊലിപ്പ്

മലപ്പുറം കോട്ടയ്ക്കൽ പെരുമ്മണക്കാരി പഞ്ചായത്തിലെ കുഴലീകൃത മണ്ണൊലിപ്പ് 2018 മെയ് 16, 17 തീയതികളിൽ പരിശോധിച്ചു. ശ്രീ. ജി. ശങ്കർ, സീനിയർ കൺസൽട്ടൻറ്, എൻ.സി.ഇ.എസ്.എസ്, ഡോ. മായങ്ക ജോഷി, എൻ.സി.ഇ.എസ്.എസ്, ശ്രീ. പ്രശോബ് രാജൻ, എൻ.സി.ഇ.എസ്.എസ്, ശ്രീ. മീദുൻ ടി. എം, എൻ.സി.ഇ.എസ്.എസ്, ശ്രീ. ഷെയിക്ക് കരീമുള്ള, എൻ.സി.ഇ.എസ്.എസ്, ശ്രീ. എൽദോസ് കെ. എൻ.സി.ഇ.എസ്.എസ്, എന്നിവരാണ് ദുരന്ത നിവാരണ അതോറിറ്റിക്കായി പരിശോധന നടത്തിയത്. പരിശോധനാ റിപോർട്ട് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2019/08/Investigation-of-soil-piping-incident-at-Kottaykkal.pdf. പരിശോധനാ റിപോർട്ട് സർക്കാരിനു നല്കുകയും ദുരന്ത ബാധിതർക്ക് സഹായം നല്കണം എന്ന് ശുപാർശ ചെയ്യുകയും ചെയ്തു.

1.28 ഫയലുകൾ, നിയമസഭ, പാർലമെന്റ് നടപടികൾക്കുള്ള വിവരം ലഭ്യമാക്കൽ

ദുരന്ത നിവാരണ അതോറിറ്റിയുടെ പൊതു ജീവനക്കാരുടെ എണ്ണം 2018-19 കാലഘട്ടത്തിലും വർധിച്ചില്ല. ആകെ 4 പൊതുജീവനക്കാർ മാത്രമാണ് അതോറിറ്റിയുടെ പ്രവർത്തനത്തിനായി ഉള്ളത്. 2018-19 കാലഘട്ടത്തിൽ 272 പുതിയ ഫയലുകൾ കൈകാര്യം ചെയ്തു; 1890 പഴയ ഫയലുകളും ഈ കാലയളവിൽ അതോറിറ്റി കൈകാര്യം ചെയ്തു.

2016-17 കാലഘട്ടം മുതൽ അതോറിറ്റിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെട്ടതിനാൽ നിയമസഭ, പാർലമെന്റ് എന്നിവിടങ്ങളിൽ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച ചോദ്യങ്ങൾ കൂടുതലായി വരുവാൻ ആരംഭിച്ചു. ഒരു ചോദ്യം പോലും ബാക്കിവയ്ക്കാതെ കൃത്യമായ മറുപടികൾ നിയമസഭ, പാർലമെന്റ് എന്നിവിടങ്ങളിലെ ബഹുമാന്യരായ ജനപ്രതിനിധികൾക്ക് നല്കുവാൻ സാധിച്ചു. മൊത്തം 186 ചോദ്യങ്ങൾക്ക് മറുപടി ഈ റിപ്പോർട്ടിന്റെ കാലയളവിൽ നല്കി. ഇവ കൂടാതെ വിഷയ നിർണ്ണയ സമിതി, പരിസ്ഥിതി സമിതി, ഉറപ്പുകൾ സംബന്ധിച്ച സമിതി എന്നിവ സംബന്ധിച്ച് 6 റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിച്ചു.

1.29 ശബരിമല മഹോൽസവം - ഇ.ഓ.സികളുടെ പ്രവർത്തനങ്ങൾ

ശബരിമല മണ്ഡലകാല മകരവിളക്കിനോടനുബന്ധിച്ച് സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ പത്തനംത്തിട്ട ജില്ല ദുരന്ത നിവാരണ അതോറിറ്റി മൂന്നിടങ്ങളിലായി എമെർജെൻസി ഓപ്പറേഷൻ കേന്ദ്രങ്ങൾ പ്രവർത്തിപ്പിച്ചു. നിലക്കൽ പാർക്കിങ്, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ ആവശ്യമായ സാങ്കേതിക

സംവിധാനങ്ങൾ ഉൾപ്പെടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രങ്ങൾ ആണിവ. ഇടതടവില്ലാത്ത ടെലിഫോൺ, ഇന്റർനെറ്റ് സൗകര്യം, ആവശ്യമായ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, വൈദ്യുത വിതരണ സംവിധാനം, അടിയന്തിര സാഹചര്യത്തിൽ വാർത്ത വിനിമയം നടത്തുവാൻ വിഎച്ച്എഫ് ഹാം റേഡിയോ സംവിധാനങ്ങൾ എല്ലാം ഉൾപ്പെടുന്നതാണീ പ്രവർത്തന കേന്ദ്രം.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ ദുരന്ത വിശകലന വിദഗ്ദർ ആയിരുന്നു പ്രസ്തുത കേന്ദ്രത്തിന്റെ നോഡൽ ഓഫീസർമാർ. ഇവരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുതല ഉദ്യോഗസ്ഥർക്കും സേന വിഭാഗങ്ങൾക്കും പരിശീലന പരിപാടികളും അടിയന്തിര ഘട്ട പ്രവർത്തനവുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങളും നല്കുന്നു.

മൂന്നു കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്ന കേന്ദ്രങ്ങൾ സംസ്ഥാന – ജില്ല അടിയന്തിര ഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളുമായി നിരന്തരം വിവര കൈമാറ്റം നടത്തി. ഏതെങ്കിലും അടിയന്തിര സാഹചര്യം ശ്രദ്ധയിൽപ്പെട്ട തുടർ നടപടികൾ വേഗത്തിൽ കൈകൊള്ളുവാൻ ഇതുമൂലം സാധിച്ചു.

2018-19 കാലയളവിൽ മണ്ഡലകാല – മകരവിളക്കിനോടനുബന്ധിച്ച് സന്നിധാനം ഇഓസി യുടെ ആഭിമുഖ്യത്തിൽ തിക്കും-തിരക്കും മൂലമുള്ള അപകട സാഹചര്യങ്ങളുടെ മോക്ക് ഡ്രിൽ സംഘടിപ്പിക്കുകയുണ്ടായി. ജില്ല ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ പ്രസ്തുത പരിപാടിയിൽ പങ്കുകൊണ്ടു. എൻഡിആർഎഫ്, പോലീസ്, ഫയർ ഫോഴ്സ്, ആർമി, റാപിഡ് റെസ്പോൺസ് ടീം എന്നീ സേന വിഭാഗങ്ങളും, ദേവസ്വം ബോർഡ് അംഗങ്ങൾ, ജില്ല മെഡിക്കൽ ഓഫീസർ, ഇഓസി നോഡൽ ഓഫീസർ, ബന്ധപ്പെട്ട തഹസിൽദാർമ്മാർ, വില്ലേജ് ഓഫീസർമ്മാർ എന്നിവർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. മോക്ക് ഡ്രില്ലുമായി ബന്ധപ്പെട്ട് ടേബിൾ ടോപ് പരിശീലനം സംഘടിപ്പിച്ചിരുന്നു.

ആൾക്കൂട്ട നിയന്ത്രണ മാർഗ്ഗ രേഖയെ ആസ്പദമാക്കി പരിശീലന പരിപാടി സംഘടിപ്പിച്ചു. ഓരോ നോഡൽ ഓഫീസർമ്മാരുടെയും നേതൃത്വത്തിൽ വിവിധ ദുരന്തങ്ങളെയും പ്രതിരോധ നിവാരണ പ്രവർത്തനങ്ങളെയും ആസ്പദമാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കിയിട്ടുണ്ട്.

ശബരിമല എ.ഡി.എംന്റെ നേതൃത്വത്തിൽ പ്രസ്തുത പ്രദേശങ്ങളിലെ ദുരന്ത സാധ്യതകളെ കുറിച്ച് ചർച്ച ചെയ്യുകയും പ്രദേശത്തെ ആധാരമാക്കിയുള്ള എമർജൻസി റെസ്പോൺസ് പ്ലാനുകളും തയ്യാറാക്കി.

ഭക്തരുടെ തിരക്കും മറ്റ് സാഹചര്യങ്ങളും കണക്കാക്കി ഉപയോഗപ്പെടുത്തുവാൻ ഈ പ്ലാനുകൾ ഉപകരിക്കും. സാഹചര്യങ്ങളും ചുറ്റുപാടും മാറുന്നതനുസരിച്ച് ഇത്തരം പ്ലാനുകൾ പുതുക്കേണ്ടതുണ്ട്. തീ പിടുത്ത സാധ്യത കണക്കിലെടുത്തു നിലക്കൽ പാർകിങ്ൽ ഫയർ ഫോഴ്സ്, പോലീസ് എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി എ.ഡി.എം്റ്റെയും ഡ്യൂട്ടി മജിസ്ട്രേറ്റിന്റെയും സാന്നിധ്യത്തിൽ പ്രത്യേക യോഗം കൂടി സാഹചര്യങ്ങൾ വിലയിരുത്തി. ശബരിമല സീസണോടനുബന്ധിച്ച് പ്രത്യേകം ദുരന്ത സാധ്യതാ മാപ്പുകൾ തയ്യാറാക്കി എല്ലാ ഇ.ഒ.സികളിലും പ്രദർശിപ്പിച്ചിരുന്നു.

ഭക്തരുടെ വരവ്, പോക്ക്, ഓരോ മണിക്കൂറിലും സന്നിധാനം, പമ്പ, നിലക്കൽ എന്നിവിടങ്ങളിൽ താമസിക്കുന്നവരുടെ എണ്ണം എന്നിവ കൃത്യമായി ഇഓസികൾ ശേഖരിച്ച് വട്സ്ആപ് ഗ്രൂപ്പ് വഴിയും ഇമെയിൽ വഴിയും ഫോൺ മുഖാന്തിരവും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും ജില്ല കളക്ടർക്കും സംസ്ഥാന അടിയന്തിരഘട്ട കേന്ദ്രത്തിലും പ്രത്യേക ഇടവേളകളിൽ അറിയിച്ചുകൊണ്ടിരുന്നു.

സുരക്ഷിതമായ ശബരിമല തീർഥാടനം സാധ്യമാക്കുവാൻ ദുരന്ത നിവാരണ അതോറിറ്റിയുടെ ഈ പ്രവർത്തനവും സഹായകരമായി.

1.30 പ്രളയം 2018

1.30.1 2018ലെ കാലവർഷ മുന്നൊരുക്കം

കേരളത്തിൽ കാലവർഷ മുന്നൊരുക്കം ആരംഭിക്കുന്നത് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ വാർഷിക, ആദ്യഘട്ട ദീർഘകാല മഴ പ്രവചനത്തോടെയാണ് (Long Range Forecast).

2018 ഏപ്രിൽ 16ന് പുറത്തിറക്കിയ കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ ആദ്യഘട്ട ദീർഘകാല പ്രവചനത്തിൽ 2018 മൺസൂൺ സീസണിൽ ±5% മോഡൽ പിഴവിനുള്ള സാധ്യതയോട് കൂടി ദീർഘകാല ശരാശരിയുടെ 97% മഴ ലഭിക്കാനുള്ള സാധ്യത പ്രവചിച്ചു. പ്രസ്തുത പ്രവചനത്തിൽ സാധാരണ മൺസൂൺ മഴക്കാലത്തിന് (ദീർഘകാല ശരാശരിയുടെ 96-104% മഴ ലഭിക്കുന്ന സാഹചര്യം) ഏറ്റവും കൂടുതൽ സാധ്യതയും മഴക്കുറവിന് (deficient rainfall) കുറഞ്ഞ സാധ്യതയുമാണ് കണക്കാക്കിയിരുന്നത്. കാലവർഷം എന്ന് ആരംഭിക്കും എന്നത് സംബന്ധിച്ച സൂചന ആദ്യഘട്ട ദീർഘകാല മഴ പ്രവചനത്തിൽ ലഭ്യമായിരുന്നില്ല.

ടി പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരിതാശ്വാസ കമ്മീഷ്ണർ 2018 മെയ് 16ന് അവലോകന യോഗം വിളിച്ചു ചേർത്തു. മുഴുവൻ വകുപ്പ് തലവന്മാർ, ജില്ലാ കളക്ടർമാർ, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, കേന്ദ്ര കാലാവസ്ഥ വകുപ്പ്, ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (NCESS), പ്രതിരോധ സേന വിഭാഗങ്ങളുടെ പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. മൺസൂൺ

സീസണിനായുള്ള തയ്യാറെടുപ്പിനായി ബന്ധപ്പെട്ട വകുപ്പുകൾ നിർവ്വഹിക്കേണ്ട ചുമതലകൾ യോഗത്തിൽ നിശ്ചയിച്ചു നൽകി. (യോഗവിവരണം, സർക്കുലർ എന്നിവ സർക്കാർ കത്ത് DM1/217/2018/DMD; തീയതി 28 May 2018ൽ പുറത്തിറക്കി https://sdma.kerala.gov.in/wp-content/uploads/2018/12/Monsoon-Circular-2018.pdf).

ദുരന്ത നിവാരണ നിയമത്തിൻറെ വകുപ്പ് 44 പ്രകാരം രൂപീകരിക്കപ്പെട്ട ദേശീയ ദുരന്ത നിവാരണ സേന, ഇതിന് പുറമെ കരസേന, വ്യോമസേന, നാവിക സേന, തീരസംരക്ഷണ സേന തുടങ്ങിയ കേന്ദ്ര സേനകളുടെ സേവനം ലഭ്യമാക്കുന്നതിനുള്ള പ്രോട്ടോകോളുകൾ ഉൾപ്പെടെ സർക്കുലറിൽ വ്യക്തമാക്കി.

കേന്ദ്ര കാലാവസ്ഥ വകുപ്പ് 2018 മെയ് 30ന് പുറത്തിറക്കിയ രണ്ടാംഘട്ട ദീർഘകാല പ്രവചനത്തിൽ ദക്ഷിണേന്ത്യയിൽ ±8% മോഡൽ പിഴവിനുള്ള സാധ്യതയോട് കൂടി ദീർഘകാല ശരാശരിയുടെ 95% മഴ ലഭിക്കാനുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരുന്നത്. പ്രസ്തുത ദീർഘകാല പ്രവചനത്തിൽ രാജ്യത്ത് ഓഗസ്റ്റ് മാസത്തിലെ മഴ ദീർഘകാല ശരാശരിയുടെ 94%ആയിരിക്കുമെന്നാണ് (±9% മോഡൽ പിഴവിനുള്ള സാധ്യത). ടി പ്രവചനത്തിൽ സാധാരണയിൽ കവിഞ്ഞുള്ള മഴ ലഭിക്കാനുള്ള സാധ്യത 13%വും അതിവർഷത്തിനുള്ള സാധ്യത 3%വും മാത്രമാണ് കണക്കാക്കിയിരുന്നത്.

രണ്ടാംഘട്ട ദീർഘകാല പ്രവചനം പ്രസിദ്ധീകരിക്കുന്നതിന് ഒരു ദിവസം മുന്നേ, 2018 മെയ് 29ന് തന്നെ കേരളത്തിൽ കാലവർഷം ആരംഭിച്ചു.

കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ ആദ്യഘട്ട ദീർഘകാല പ്രവചനത്തിൽ തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ ആകെ പ്രതീക്ഷിക്കുന്ന മഴ ദീർഘകാല ശരാശരിയുടെ 97% ആയിരുന്നെങ്കിൽ രണ്ടാംഘട്ട ദീർഘകാല പ്രവചനത്തിൽ അത് 95% ആയിരുന്നു എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം തന്നെ പ്രവചനത്തിലെ അനിശ്ചിതത്വത്തിന്റെ തോത് (മോഡൽ പിഴവ്) ഒന്നാം ഘട്ടത്തിൽ 5% ആയിരുന്നതിൽ നിന്ന് രണ്ടാം ഘട്ടത്തിൽ 8% ആയി ഉയരുകയും ചെയ്തു. അതിവർഷത്തിനും സാധാരണയിൽ കവിഞ്ഞ മഴക്കുമുള്ള സാദ്ധ്യതകൾ പ്രവചിക്കപ്പെട്ടതാകട്ടെ യഥാക്രമം 3%, 13% എന്നിങ്ങനെ വളരെ നേരിയ തോതിൽ മാത്രമായിരുന്നു.

1.30.2 2018ലെ കാലവർഷ അവലോകനം

ഇന്ത്യയിൽ ഏറ്റവുമധികം മഴ ലഭിക്കുന്ന പ്രദേശങ്ങളിലൊന്നാണ് കേരളം. തെക്ക് പടിഞ്ഞാറൻ കാലവർഷം ആദ്യമെത്തുന്ന സംസ്ഥാനവും കേരളം തന്നെ. ഇടവപ്പാതി (തെക്ക് പടിഞ്ഞാറൻ മൺസൂൺ) തുലാവർഷം (വടക്ക് കിഴക്കൻ മൺസൂൺ) എന്നിങ്ങനെ രണ്ട് മഴ സീസണുകളാണ് കേരളത്തിനുള്ളത്. ഇതിൽ ജൂൺ മുതൽ സെപ്റ്റംബർ വരെ തുടരുന്ന

ഇടവപ്പാതിയാണ് സംസ്ഥാനത്ത് ലഭിക്കുന്ന മഴയുടെ ഏറിയ പങ്കും നൽകുന്നത്.



2018ലെ ഇടവപ്പാതിയിൽ വന്ന അപ്രതീക്ഷിത വ്യതിയാനങ്ങളാണ് കേരളത്തെ മഹാപ്രളയത്തിലേക്ക് നയിച്ചത്. സീസണിൽ കേരളത്തിൽ ആകെ ലഭിച്ച മഴ 2516.1 മില്ലി മീറ്ററാണ്. കേരളത്തിൽ പ്രതീക്ഷിക്കാവുന്ന സാധാരണ മഴ (Normal - Long Period Average) 2039.6 മില്ലി മീറ്ററാണ്. 2018ലെ തെക്ക് പടിഞ്ഞാറൻ മൺസൂണിൽ (2018 ജൂൺ മുതൽ സെപ്റ്റംബർ) ആകെ 23% വർധനവാണ് ഉണ്ടായത്. ചുവടെ ചേർക്കുന്ന ചിത്രത്തിൽ നിന്നും അതാത് കാലത്ത് കേന്ദ്ര കാലാവസ്ഥാ വകുപ്പ് നടത്തിയ പ്രവചനങ്ങളും, ലഭിച്ച മഴയും തമ്മിൽ ഉള്ള അന്തരം വ്യക്തമാണ്.

2018ലെ കാലവർഷത്തെ നാല് ഘട്ടങ്ങളായി തിരിക്കാം. മെയ് 29ന് തുടങ്ങിയ കാലവർഷം ജൂൺ ആദ്യം തന്നെ ശക്തി പ്രാപിക്കുകയും മിക്ക ജില്ലകളിലും സാധാരണ മഴയേക്കാൾ (Normal rainfall - Long Period Average) അധിക മഴ ലഭിക്കുകയും ചെയ്തു. ജൂൺ 14ന് കോഴിക്കോട് വയനാട് മേഖലയിൽ ആണ് ശക്തമായ മഴ ഉണ്ടായത്. ജൂലൈ 7 മുതൽ രണ്ടാം ഘട്ടം ആരംഭിച്ചു. മഴ കോട്ടയം, ആലപ്പുഴ, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ആണ് ശക്തമായത്. ജൂലൈ അവസാനത്തോടെ മഴക്ക് ശമനം വന്നു. മൂന്നാം ഘട്ടമായി ഓഗസ്റ്റ് 8നും 17നും ഇടയിൽ എല്ലാ പ്രവചനങ്ങളേയും കാറ്റിൽ പറത്തി ഒട്ടുമിക്ക ജില്ലകളിലും അതിതീവ്ര (extremely heavy) മഴ പെയ്തു. ഓഗസ്റ്റ് 17ന് ശേഷമുള്ള നാലാം ഘട്ടത്തിൽ മഴ കുറയുകയും വരൾച്ചയുടെ രീതി പ്രകടമാകുകയും ചെയ്തു.


RAINFALL DEPARTURE MAP FOR THE MONTH OF JUNE 2018
KERALA
INDIA
TAMIL NADU
ARABIAN SEA
Legend
Rain Gauge
Departure (%)
Excess Rainfall : 50
High Departure: -50
Source: IMD
External boundaries of district are not verified. For reference and planning purpose.
Kerala State Disaster Management Authority
Kerala State Emergency Operations Centre (SEOC)
Observatory Hills, Vikas Bhavan P O, Thiruvananthapuram - 695033
Email:seoc.gok@gmail.com, Tele/Fax:0471-2364424
KM
0 25 50 100
75°0'0"E
75°50'0"E
76°40'0"E
77°30'0"E
12°40'30"N
11°45'0"N
10°49'30"N
9°54'0"N
8°58'30"N


RAINFALL DEPARTURE MAP FOR THE MONTH OF JULY 2018
KERALA
INDIA
Kasargod
Kannur
Wayanad
Kozhikode
Malappuram
Palakkad
Thrissur
Ernakulam
Idukki
Kottayam
Alappuzha
Pathanamthita
Kollam
Thiruvananthapuram
TAMIL NADU
ARABIAN SEA
Legend
Rain Gauge
Departure (%)
Excess Rainfall : 50
High Departure : -50
Source: IMD
External boundaries of district are not verified. For reference and planning purpose.
Kerala State Disaster Management Authority
Kerala State Emergency Operations Centre (SEOC)
Observatory Hills, Vikas Bhavan P O, Thiruvananthapuram - 695033
Email:seoc.gok@gmail.com, Tele/Fax:0471-2364424
KM
0 25 50 100
75°0'0"E
75°50'0"E
76°40'0"E
77°30'0"E
12°40'30"N
11°45'0"N
10°49'30"N
9°54'0"N
8°58'30"N


RAINFALL DEPARTURE MAP FOR THE MONTH OF AUGUST 2018
KERALA
INDIA
Kasargod
Kannur
Wayanad
Kozhikode
Malappuram
Palakkad
Thrissur
Ernakulam
Idukki
Kottayam
Alappuzha
Pathanamthita
Kollam
Thiruvananthapuram
TAMIL NADU
ARABIAN SEA
Legend
Rain Gauge
Departure (%)
Excess Rainfall: 50
High Departure: -50
Source: IMD
External boundaries of district are not verified. For reference and planning purpose.
Kerala State Disaster Management Authority
Kerala State Emergency Operations Centre (SEOC)
Observatory Hills, Vikas Bhavan P O, Thiruvananthapuram - 695033
Email:seoc.gok@gmail.com, Tele/Fax:0471-2364424
KM
0 25 50 100
75°0'0"E
75°50'0"E
76°40'0"E
77°30'0"E
12°40'30"N
11°45'0"N
10°49'30"N
9°54'0"N
8°58'30"N



ബംഗാൾ ഉൾക്കടലിൽ രൂപം കൊള്ളുന്ന ന്യൂനമർദങ്ങൾ സാധാരണ ഗതിയിൽ തന്നെ മൺസൂൺ മഴയെ ശക്തിപ്പെടുത്താറുണ്ട്. ജൂണിലും, ജൂലൈയിലും, ഓഗസ്റ്റിലുമായി കേരളത്തിൽ അധിക മഴ പെയ്തപ്പോഴെല്ലാം ബംഗാൾ ഉൾക്കടലിൽ ന്യൂനമർദങ്ങൾ ഉണ്ടായിരുന്നു. ജൂൺ 10ന് രൂപം കൊണ്ട ന്യൂനമർദമാണ് (depression) ആദ്യത്തെ തീവ്ര മഴയിലേക്ക് നയിച്ചതെങ്കിൽ ജൂലൈ 21ന് രൂപം കൊണ്ട ന്യൂനമർദം ജൂലൈയിലെ വെള്ളപ്പൊക്കത്തിന് കാരണമായി. ഓഗസ്റ്റ് മാസത്തിൽ രണ്ട് ന്യൂനമർദങ്ങളാണ് ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ടത്. കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ കണക്ക് അനുസരിച്ച് 2018 ലെ തെക്ക് പടിഞ്ഞാറൻ മൺസൂൺ സീസണിൽ ജൂൺ മാസത്തിൽ 15% അധിക മഴയും ജൂലൈ മാസത്തിൽ 18% അധിക മഴയും ഓഗസ്റ്റ് മാസത്തിൽ 96% അധിക മഴയുമാണ് കേരളത്തിൽ പെയ്തത്. സെപ്റ്റംബറിലാകട്ടെ സാധാരണ മഴയിൽ നിന്ന് 64% കുറവുണ്ടാവുകയും ചെയ്തു.

കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ (IMD) 143 വർഷത്തെ മഴ വിവരങ്ങളുടെ ചരിത്രത്തിൽ പല റെക്കോർഡുകളും തിരുത്തിക്കുറിച്ചാണ് 2018 ലെ ഇടവപ്പാതി കടന്നു പോയത്. പലയിടത്തും ഒരു മാസത്തിൽ തന്നെ അതിതീവ്ര മഴ പെയ്ത ദിവസങ്ങളുടെ എണ്ണത്തിലെ റെക്കോർഡ് ഭേദിക്കപ്പെട്ടു. മൂന്നാറിലും (3) ഇടുക്കിയിലും (2) പീരുമേടും (3) പഴയ ചരിത്രം വഴി മാറി. ഇടുക്കി ജില്ലയിലെ പീരുമേട് സ്റ്റേഷനിൽ ഓഗസ്റ്റ് 16 ന് രേഖപ്പെടുത്തപ്പെട്ട ഒരു ദിവത്തെ മഴ 349 mm ആയപ്പോൾ പഴങ്കഥയായത് 1924 ജൂലായ് 15 ലെ 313.7 mm എന്ന റെക്കോർഡായിരുന്നു. ഇനി 48 മണിക്കൂറിലെ കാര്യമെടുത്താലും ഇവിടെ റെക്കോർഡ് ഭേദിക്കപ്പെട്ടു. 2018 ഓഗസ്റ്റ് 15-16

തീയതികളിലായി കിട്ടിയ 643 mm മഴ 2007 June 22-23ലെ 590.0mm എന്ന റെക്കോർഡിനെയാണ് മറികടന്നത്.



(a) Mean mass curve (black line) of daily rainfall for May 1 to 30 April for 1901-2017 period. The shaded area shows variability estimated using one standard deviation. Red, blue, and green lines show extreme rainfall during 2018, 1961, and 1924, respectively. (b) Depth-duration-frequency curves for extreme rainfall in Kerala for 20-500 year return period estimated using Generalized Extreme Value (GEV) Distribution fitted for the 1901-2017 period. Red circles show extreme rainfall for 1-15 days during August 2018 (c) Cumulative rainfall in Kerala during 8-17 August 2018, and (d) rainfall anomaly (standard deviation) for 8-17 August estimated against cumulative rainfall for the same period during 1901-2017.

Mishra et al., 2018

മേൽ ചിത്രത്തിൽ നിന്നും വ്യക്തമാകുന്നത്, 2018 ഓഗസ്റ്റ് മാസത്തിൽ ഒരു ദിവസത്തിലും, രണ്ട് ദിവസത്തിലും മൊത്തമായി പെയ്ത മഴ 200 വർഷത്തിൽ ഒരിക്കൽ ഉണ്ടാകാവുന്ന മഴയാണ്. മൂന്ന് ദിവസവും, നാല് ദിവസവും മൊത്തമായി പെയ്ത മഴ 100 വർഷത്തിൽ ഒരിക്കൽ ഉണ്ടാകാവുന്ന മഴയാണ്.

ഓഗസ്റ്റ് 8ന് സാധാരണ പെയ്യാറുള്ള മഴയേക്കാൾ 316% അധിക മഴ (60 mm) ഓഗസ്റ്റ് 9ന് 377% (66 mm) അധിക മഴയുമാണ് പെയ്തത്. ഇതിൻറെ പ്രാദേശിക വിതരണ സ്വഭാവം കൂടി പരിഗണിക്കേണ്ടതുണ്ട്. മലപ്പുറം ജില്ലയിലെ നിലമ്പൂരിലെ IMDയുടെ മഴ മാപിനിയിൽ ഓഗസ്റ്റ് 9ന് രേഖപ്പെടുത്തപ്പെട്ട ഒരു ദിവസത്തെ മഴയെന്നത് 398 mm. ഓഗസ്റ്റ് 10 മുതൽ കുറഞ്ഞു തുടങ്ങിയ മഴ ഓഗസ്റ്റ് 13നോട് കൂടി വീണ്ടും ശക്തിപ്പെട്ടു. ഓഗസ്റ്റ് 13ന് സാധാരണ പെയ്യുന്ന മഴയേക്കാൾ (ആ ദിവസത്തെ ദീർഘകാല ശരാശരി മഴ) 154% അധിക മഴയായിരുന്നെങ്കിൽ പേമാരിയുടെ

ഉച്ചസ്ഥായിയിലെത്തിയ അടുത്ത ദിവസങ്ങളിൽ അതിതീവ്ര മഴയായിരുന്നു കേരളം കണ്ടത്.



ഓഗസ്റ്റ് 16ന് സാധാരണ മഴയുടെ 915% അധിക മഴയാണ് കേരളത്തിലെത്തിയത്. തുടർച്ചയായി രണ്ട് ദിവസം സംസ്ഥാനത്ത് 120 മില്ലിമീറ്ററിൽ അധികം ദിവസ മഴ രേഖപ്പെടുത്തപ്പെടുന്ന അവസ്ഥയുണ്ടായി. ഇതിൽ തന്നെ പ്രാദേശികമായ വിതരണവും മഴയുടെ തീക്ഷ്ണതയും പ്രത്യേകമായി പരിഗണിക്കേണ്ടതുണ്ട്. ഓഗസ്റ്റ് 16 ന് മഴയളവ് ലഭ്യമായ 66 സ്റ്റേഷനുകളിൽ 15 സ്റ്റേഷനുകളിൽ അതിതീവ്ര മഴ (Extremely heavy) അഥവാ 200 mm അധികം മഴ ലഭിക്കുന്ന അവസ്ഥയുണ്ടായി. ഈ 15ൽ 5 സ്റ്റേഷനുകൾ (വടക്കാഞ്ചേരി, കുന്നംകുളം, ചാലക്കുടി, എനമക്കൽ, വെള്ളാനിക്കര) തൃശൂർ ജില്ലയിലും (ജില്ലയിലെ ആകെ വിവരങ്ങൾ ലഭ്യമായ 7 മഴമാപിനികളിൽ ശേഷിക്കുന്ന രണ്ടെണ്ണത്തിലും 180 mm കൂടുതൽ മഴയാണ് രേഖപ്പെടുത്തിയത്) 4 എണ്ണം (മണ്ണാർക്കാട്, ഒറ്റപ്പാലം, ആലത്തൂർ, തൃത്താല) പാലക്കാട് ജില്ലയിലും (ജില്ലയിലെ ആകെ വിവരങ്ങൾ ലഭ്യമായ മഴമാപിനികളുടെ എണ്ണം 9) മൂന്നെണ്ണം (പീരുമേട് 349 mm, മൂന്നാർ 291.8 mm ഇടുക്കി 295 mm) ഇടുക്കി ജില്ലയിലും ശേഷിക്കുന്നവ വടകര 259.2 mm, പൊന്നാനി 272.4 mm പെരുമ്പാവൂർ 230 mm എന്നിവയുമായിരുന്നു. ആകെ 66ൽ 52 മഴമാപിനികളിലും ഓഗസ്റ്റ് 16ന് അതിശക്തമായ മഴ (Very heavy to Extremely Heavy) അഥവാ 115 mm മുതൽ 204.4 mm വരെയുള്ള അളവിലുള്ള മഴയാണ് പെയ്തത്. തൊട്ട് മുന്നേയുള്ള ദിവസമായ ഓഗസ്റ്റ് 15ന്, 66ൽ 55

സ്റ്റേഷനുകളിലും (81% മഴമാപിനികൾ) അതിശക്തമായതോ അതിതീവ്രമായതോ ആയ മഴ രേഖപ്പെടുത്തിയിട്ടുണ്ട്.

2018 ഓഗസ്റ്റ് 1 മുതൽ 30 വരെയുള്ള ദിവസങ്ങളിൽ സംസ്ഥാനത്ത് 96% അധിക മഴ ലഭിച്ചു. സീസണിലാകെ ഓഗസ്റ്റ് അവസാനം വരെയുള്ള മഴയുടെ കണക്ക് പരിശോധിച്ചാൽ സംസ്ഥാനത്ത് 33% അധിക മഴയാണ് ലഭിച്ചത്. 2018 മെയ് 30ന് കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ രണ്ടാം ഘട്ട ദീർഘകാല പ്രവചനത്തിൽ ഓഗസ്റ്റ് മാസത്തിൽ ദീർഘകാല ശരാശരിയുടെ 94% മഴ (സാധാരണ മഴയെക്കാൾ 6% കുറവ്) പ്രവചിക്കപ്പെട്ടിടത്ത് സംസ്ഥാനത്ത് 96% അധിക മഴ ലഭിച്ചു. ഇങ്ങനെ പ്രവചനാതീതമായി പെയ്ത അതിതീവ്ര മഴ ജീവനും സ്വത്തിനും കാര്യമായ നഷ്ടങ്ങൾ സൃഷ്ടിച്ചു. അനുബന്ധം 2ൽ നല്കിയിട്ടുള്ള കാലാവസ്ഥ വകുപ്പിൻറെ ദിവസേനയുള്ള കാലാവസ്ഥ മുന്നറിയിപ്പും ലഭിച്ച യഥാർത്ഥ മഴയുടെ അളവും പരിശോധിക്കുമ്പോൾ പ്രവചനവും യാഥാർഥ്യവും തമ്മിലുള്ള വ്യത്യാസം വ്യക്തമാകും.

1.30.3 2018ലെ പ്രളയ ദുരന്തം

നാഷണൽ റിമോട്ട് സെൻസിങ് സെൻറർ ലഭ്യമാക്കിയ ഉപഗ്രഹാധിഷ്ഠിതമായ ഭൂപടം പ്രകാരം കേരളത്തിലെ 687 ചതുരശ്ര കിലോമീറ്റർ പ്രദേശം പ്രളയജലത്തിൽ മുങ്ങി. 14 ജില്ലകളിലും പ്രളയമോ, ഉരുൾപൊട്ടലോ ഉണ്ടായി. 1260 വില്ലേജുകൾ GO (P) No. 6/2018/DMD dated 3-10-2018 (https://sdma.kerala.gov.in/wp-content/uploads/2020/09/GO-Flood-Notification-2018-3102018_1-additional-VIllage-1.pdf) പ്രകാരം പ്രളയബാധിതമായി പ്രഖ്യാപിച്ചു.

2018ലെ കാലവർഷത്തെ നാല് ഘട്ടങ്ങളായി തിരിക്കാം.

- ഒന്നാം ഘട്ടം - മെയ് 29 മുതൽ ജൂലൈ 8 വരെ: വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവ ബാധിച്ച ജില്ലകൾ - തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, വയനാട്
- രണ്ടാം ഘട്ടം - ജൂലൈ 9 മുതൽ ഓഗസ്റ്റ് 7 വരെ: വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ ബാധിച്ച ജില്ലകൾ - പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, വയനാട്
- മൂന്നാം ഘട്ടം - ഓഗസ്റ്റ് 8 മുതൽ 31 വരെ: വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ ബാധിച്ച ജില്ലകൾ - പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, ഇടുക്കി
- നാലാം ഘട്ടം - സെപ്റ്റംബർ മാസം: ഈ കാലഘട്ടത്തിൽ കേരളത്തിൽ പൊതുവിൽ വരണ്ട കാലാവസ്ഥ അനുഭവപ്പെട്ടു. പല പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമവും ഉണ്ടായി

ഒന്നാം ഘട്ടം - മെയ് 29 മുതൽ ജൂലൈ 8 വരെ

ദുരിതാശ്വാസ ക്യാമ്പുകൾ ജൂൺ 10ന് ആരംഭിച്ചു. 167 ക്യാമ്പുകളിൽ ആയി 6212 കുടുംബങ്ങളിൽ ഉൾപ്പെടുന്ന 25,682 വ്യക്തികളെ താമസിപ്പിച്ചു.

ജില്ലാ തലത്തിൽ പ്രവർത്തിച്ച ക്യാമ്പുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമം	ജില്ല	ക്യാമ്പുകളുടെ എണ്ണം	കുടുംബങ്ങളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1	തിരുവനന്തപുരം	0	0	0
2	കൊല്ലം	2	2	10
3	പത്തനംതിട്ട	9	236	961
4	ആലപ്പുഴ	67	4694	19730
5	കോട്ടയം	25	277	1061
6	ഇടുക്കി	2	2	13
7	എറണാകുളം	0	0	0
8	തൃശ്ശൂർ	0	0	0
9	പാലക്കാട്	0	0	0
10	മലപ്പുറം	0	0	0
11	കോഴിക്കോട്	52	796	3047
12	വയനാട്	9	187	787
13	കണ്ണൂർ	1	18	73
14	കാസർകോഡ്	0	0	0
ആകെ		167	6212	25682

ജൂൺ 14ന് കോഴിക്കോട് ജില്ലയിൽ, താമരശേരി താലൂക്കിൽ, കട്ടിപ്പാറ വില്ലേജിൽ ഉണ്ടായ ഉരുൾപൊട്ടലിൽ 14 പേർ മരണപ്പെട്ടു. ഈ ഘട്ടത്തിൽ ഉണ്ടായ ജീവഹാനിയും, നാശനഷ്ടവും ചുവടെ ചേർക്കുന്നു.

ക്രമം	ജില്ല	ജീവഹാനി സംഭവിച്ചവർ	കാണാതായവർ	പരുക്ക് പറ്റിയവർ	കൃഷി നഷ്ടം (ha)
1	തിരുവനന്തപുരം	8	0	0	467.8
2	കൊല്ലം	3	0	0	102.7
3	പത്തനംതിട്ട	5	0	0	275.4
4	ആലപ്പുഴ	3	0	0	1999
5	കോട്ടയം	2	0	0	496.8
6	ഇടുക്കി	1	1	0	2196.4
7	എറണാകുളം	4	0	0	86.2
8	തൃശ്ശൂർ	6	0	0	146.8
9	പാലക്കാട്	1	1	0	203.96
10	മലപ്പുറം	7	0	0	662.2
11	കോഴിക്കോട്	20	0	0	1619.24
12	വയനാട്	1	0	0	129.6
13	കണ്ണൂർ	10	0	2	318.4
14	കാസർകോഡ്	7	0	0	217.1
ആകെ		78	2	2	8921.6


KERALA
FLOOD INUNDATION
(2018)
N
KARANATAKA
TAMILNADU
ARABIANSEA
Kasargod
Kannur
Wayanad
Kozhikode
Malappuram
Palakkad
Thrissur
Ernakulam
Idukki
Kottayam
Alappuzha
Pathanamthita
Kollam
Thiruvananthapuram
Legend
District Boundary
Flood Inundation Area
Sources : NRSC
KSEOC, KSDMA
External boundaries are not verified. Reference purpose only.
Km
0 10 20 40 60 80


KERALA
LANDSLIDE LOCATIONS
(2018)
N
KARANATAKA
TAMILNADU
ARABIANSEA
Kasargod
Kannur
Wayanad
Kozhikode
Malappuram
Palakkad
Thrissur
Ernakulam
Idukki
Kottayam
Alappuzha
Pathanamthita
Kollam
Thiruvananthapuram
Legend
Landslide Locations
District Boundary
Sources : GSI
KSEOC, KSDMA
External boundaries are not verified. Reference purpose only.
Km
0 10 20 40 60 80

6782 വീടുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിക്കുകയും 272 വീടുകൾ പൂർണ്ണമായി നശിക്കുകയും ചെയ്തു. ഈ വകയിൽ ഏകദേശം 14.86 കോടി രൂപയുടെ നാശനഷ്ടമുണ്ടായി. 8921.44 ഹെക്ടർ ഭൂമിയിലെ കൃഷി നശിച്ചു. ഏകദേശം 87.16 കോടി രൂപയുടെ നാശനഷ്ടം ഉള്ളതായും കണക്കാക്കിയിട്ടുണ്ട്.

ക്ര നം	ജില്ല	വിസ്തീർണം (ഹെക്ടർ)	ഏകദേശ നഷ്ടം (കോടിയിൽ)
1	തിരുവനന്തപുരം	467.80	13.76
2	കൊല്ലം	102.67	1.10
3	പത്തനംതിട്ട	275.35	5.68
4	ആലപ്പുഴ	1999	6.11
5	കോട്ടയം	496.81	14.47
6	ഇടുക്കി	2196.40	11.11
7	എറണാകുളം	86.18	2.06
8	തൃശൂർ	146.75	6.57
9	പാലക്കാട്	203.96	2.29
10	മലപ്പുറം	662.23	9.83
11	കോഴിക്കോട്	1619.24	8.37
12	വയനാട്	129.59	0.67
13	കണ്ണൂർ	318.38	2.58
14	കാസർകോട്	217.08	2.56
	ആകെ	8921.44	87.16

ജൂലൈ എട്ടോടെ ആറു ക്യാമ്പുകളൊഴിച്ച് മറ്റുള്ളവയുടെ പ്രവർത്തനം അവസാനിപ്പിച്ചു. സ്ഥിതിഗതികൾ സാധാരണ നിലയിലായി. ഈ കാലയളവിലെ കൃഷി നാശങ്ങളുടെ കണക്ക്.

രണ്ടാം ഘട്ടം (ജൂലൈ 9 മുതൽ ഓഗസ്റ്റ് 7 വരെ)

ജൂലൈ 15 മുതൽ സംസ്ഥാനത്ത കാലവർഷം കനത്തു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, വയനാട് ജില്ലകളെയാണ് ഇക്കുറി ബാധിച്ചത്. രണ്ടാം ഘട്ടത്തിൽ പ്രവർത്തിച്ച ക്യാമ്പുകളുടെ വിശദാംശം,

ക്ര നം	ജില്ല	ക്യാമ്പുകളുടെ എണ്ണം	കുടുംബങ്ങളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1	തിരുവനന്തപുരം	0	0	0
2	കൊല്ലം	3	24	93
3	പത്തനംതിട്ട	114	2262	8522
4	ആലപ്പുഴ	292	17594	70102
5	കോട്ടയം	160	8613	30612
6	ഇടുക്കി	1	2	8
7	എറണാകുളം	17	412	1418
8	തൃശൂർ	76	2045	6132
9	പാലക്കാട്	2	45	121
10	മലപ്പുറം	0	0	0
11	കോഴിക്കോട്	4	24	111
12	വയനാട്	7	72	230

13	കണ്ണൂർ	0	0	0
14	കാസർകോട്	0	0	0
	ആകെ	676	31093	117349

ഈ കാലയളവിൽ 5904 വീടുകൾക്ക് ഭാഗികമായി നശിക്കുകയും 201 വീടുകൾ പൂർണമായി നശിക്കുകയും ഏകദേശം 36.71 കോടി രൂപയുടെ നാശനഷ്ടം ഉള്ളതായും കണക്കാക്കിയിട്ടുണ്ട്. ഈ കാലയളവിൽ ഉണ്ടായ ജീവഹാനി,

ക്ര നം	ജില്ല	ജീവഹാനി സംഭവിച്ചവർ
1	തിരുവനന്തപുരം	4
2	കൊല്ലം	2
3	പത്തനംതിട്ട	5
4	ആലപ്പുഴ	8
5	കോട്ടയം	8
6	ഇടുക്കി	1
7	എറണാകുളം	3
8	തൃശൂർ	7
9	പാലക്കാട്	4
10	മലപ്പുറം	10
11	കോഴിക്കോട്	2
12	വയനാട്	0
13	കണ്ണൂർ	12
14	കാസർകോട്	7
	ആകെ	73

ഈ കാലയളവിൽ 16264.26 ഹെക്ടർ ഭൂമിയിലെ കൃഷി നശിക്കുകയും ഏകദേശം 207.62 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിലെ കൃഷി നാശനഷ്ടങ്ങളുടെ കണക്ക്,

ക്ര നം	ജില്ല	വിസ്തീർണ്ണം (ha)	ഏകദേശ നഷ്ടം (കോടിയിൽ)
1	തിരുവനന്തപുരം	398.97	0.49
2	കൊല്ലം	224.05	1.86
3	പത്തനംതിട്ട	37.00	5.52
4	ആലപ്പുഴ	4793.01	33.24
5	കോട്ടയം	5127.07	70.88
6	ഇടുക്കി	1178.60	6.97
7	എറണാകുളം	1022.75	52.90
8	തൃശൂർ	725.11	3.94
9	പാലക്കാട്	1784.55	9.44
10	മലപ്പുറം	198.75	0.38
11	കോഴിക്കോട്	69.89	2.10
12	വയനാട്	345.34	6.70
13	കണ്ണൂർ	148.31	10.83
14	കാസർകോട്	210.86	2.37
	ആകെ	16264.26	207.62

ആഗസ്റ്റ് ഏഴോടെ ക്യാമ്പുകളുടെ എണ്ണം 23 ആയി ചുരുങ്ങി. ആലപ്പുഴ ജില്ലയിലൊഴികെ സംസ്ഥാനത്തെ മറ്റു ജില്ലകൾ സാധാരണ നിലയിലേക്ക് മടങ്ങി. ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ വെള്ളം ഇറങ്ങാത്തതു നിമിത്തം 16 ക്യാമ്പുകൾ തുടരേണ്ടി വന്നു.

മൂന്നാം ഘട്ടം (ഓഗസ്റ്റ് 8 മുതൽ 31 വരെ)

ഏതാണ്ട് മാറി നിന്ന കാലവർഷം ആഗസ്റ്റ് എട്ട് മുതൽ ഉഗ്രപ്രതാപത്തോടെ തിരിച്ചെത്തി. സംസ്ഥാനത്തെ നടുക്കിയ പ്രളയത്തിന് അത് വഴി തുറന്നു. തിരുവനന്തപുരം, കണ്ണൂർ, കാസർകോഡ് ഒഴിച്ചുള്ള ജില്ലകളെ പ്രളയം ഗുരുതരമായി ബാധിച്ചു. ഒട്ടനവധി ഡാമുകളും തുറന്നു വിടേണ്ട സാഹചര്യമുണ്ടായി. 14.5 ലക്ഷത്തോളം ജനങ്ങളെ മാറ്റിപാർപ്പിക്കേണ്ട സ്ഥിതിയുണ്ടായി. പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശൂർ, ഇടുക്കി ജില്ലകളെ പ്രളയം അതീവ ഗുരുതരമായി ബാധിച്ചു.

ഈ കാലയളവിൽ മാറ്റിപാർപ്പിച്ചവരുടെ എണ്ണം

ക്ര നം	ജില്ല	ക്യാമ്പുകളുടെ എണ്ണം	കുടുംബങ്ങളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1	തിരുവനന്തപുരം	15	356	848
2	കൊല്ലം	64	3998	12919
3	പത്തനംതിട്ട	498	33841	128441
4	ആലപ്പുഴ	710	76610	289321
5	കോട്ടയം	441	40120	139961
6	ഇടുക്കി	203	10630	33835
7	എറണാകുളം	850	158835	532515
8	തൃശൂർ	779	52167	258538
9	പാലക്കാട്	24	626	2475
10	മലപ്പുറം	102	6918	25578
11	കോഴിക്കോട്	28	468	1532
12	വയനാട്	163	6792	24373
13	കണ്ണൂർ	1	120	311
14	കാസർകോഡ്	1	13	60
	ആകെ	3879	391494	1450707

ഈ കാലയളവിൽ സംസ്ഥാനത്തൊട്ടാകെ 1,18,075 വീടുകൾക്ക് ഭാഗികമായ നാശനഷ്ടമുണ്ടാകുകയും, 14,802 വീടുകൾ പൂർണമായും തകരുകയും ചെയ്തു. ഏകദേശം 1023.63 കോടി രൂപയുടെ നാശനഷ്ടമുണ്ടായതായി പ്രാഥമികമായി കണക്കാക്കി.

മഴ കനക്കുന്നു

ആഗസ്റ്റ് 15 മുതലാണ് സംസ്ഥാനത്ത് പ്രളയത്തിന് മുന്നോടിയായി കനത്ത മഴയുണ്ടായത്. അന്നു മുതൽ ലാൻഡ് റവന്യു കമ്മീഷണറേറ്റിലെ സ്റ്റേറ്റ് കൺട്രോൾ റൂമിലും ജില്ലകളിലെ കൺട്രോൾ റൂമുകളിലും കൂടുതൽ ജീവനക്കാരെ നിയമിക്കുകയുണ്ടായി. സംസ്ഥാനത്തെ മുഴുവൻ റവന്യു

ജീവനക്കാരും രാപകൽ പ്രവർത്തനം ആരംഭിച്ചു. സഹായം അഭ്യർത്ഥിച്ചുകൊണ്ടു സ്റ്റേറ്റ് കൺട്രോൾ റൂമിലും ജില്ലാ കൺട്രോൾ റൂമിലും ലഭിക്കുന്ന സന്ദേശങ്ങൾ അപ്പപ്പോൾ തന്നെ രക്ഷ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് കൈമാറിക്കൊണ്ടിരിന്നു.

ഡാമുകൾ തുറക്കുന്നതിനു മുന്നോടിയായി പുറപ്പെടുവിച്ച ഓറഞ്ച്, റെഡ്, അലെർട്ടുകൾ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി ജനങ്ങളിലേക്ക് യഥാ സമയം എത്തിച്ചതിന്റെ ഫലമായും, നദികളുടെ കരയിലുള്ളവരെ യഥാ സമയം മാറ്റിപാർപ്പിച്ചതിനാലും ഡാമുകൾ തുറന്നപ്പോൾ ജീവാപായം ഉണ്ടാകുന്നതു ഒഴിവാക്കാൻ കഴിഞ്ഞു. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ സംസ്ഥാനത്തെ മുഴുവൻ പൊതുജനങ്ങളും സന്നദ്ധ സംഘടനകളും സർക്കാർ ഉദ്യോഗസ്ഥരും പോലീസ്, ഫയർ & റെസ്ക്യൂ സർവീസ് എന്നിവയ്ക്കു പുറമെ, ആർമി, നേവി, എയർ ഫോഴ്സ്, എൻ.ഡി.ആർ.എഫ്, സി.ഐ.എസ്.എഫ്, എം.എസ.പി, കെ.എ.പി, കേരള പോലീസ് അക്കാദമി, വനിതാ ബറ്റാലിയൻ, എന്നിവയും സജീവമായി. സംസ്ഥാനം ഒരുമിച്ചു നിന്ന ഈ രക്ഷ പ്രവർത്തനത്തിലൂടെ 6,41,508 ജീവനുകൾ രക്ഷിക്കാനായി.

ഈ കാലയളവിൽ 299 വിലപ്പെട്ട ജീവനുകൾ നഷ്ടമായി. ഇതിനു പുറമെ വിവിധ ജില്ലകളിലായി 14 പേരെ കാണാതായി.

ഈ കാലയളവിൽ ഉണ്ടായ ജീവഹാനിയുടെ കണക്ക്

ക്ര നം	ജില്ല	ജീവഹാനി സംഭവിച്ചവർ
1	തിരുവനന്തപുരം	9
2	കൊല്ലം	4
3	പത്തനംതിട്ട	20
4	ആലപ്പുഴ	46
5	കോട്ടയം	13
6	ഇടുക്കി	54
7	എറണാകുളം	25
8	തൃശൂർ	49
9	പാലക്കാട്	18
10	മലപ്പുറം	32
11	കോഴിക്കോട്	13
12	വയനാട്	8
13	കണ്ണൂർ	6
14	കാസർകോഡ്	2
	ആകെ	299

ആകെ ജീവഹാനി ജില്ലാ തിരിച്ച്

ജില്ല	മരണ കാരണമായ ദുരന്തം					പുരുഷൻ, സ്ത്രീ, കുട്ടി			ആകെ
	കാറ്റ്	വെള്ളപ്പൊക്കം	മുങ്ങിമരണം	ഉരുൾപൊട്ടൽ	ഇടിമിന്നൽ	പുരുഷൻ	സ്ത്രീ	കുട്ടി	

തിരുവനന്തപുരം	6	3	11	1	0	16	5	0	21
കൊല്ലം	3	0	5	0	1	5	1	3	9
പത്തനംതിട്ട	2	1	21	6	0	22	3	5	30
ആലപ്പുഴ	5	0	52	0	0	42	13	2	57
കോട്ടയം	3	0	15	5	0	15	2	6	23
ഇടുക്കി	4	0	5	47	0	25	23	8	56
എറണാകുളം	2	9	21	0	0	26	5	1	32
തൃശൂർ	3	7	25	27	0	45	9	8	62
പാലക്കാട്	0	2	8	13	0	13	5	5	23
മലപ്പുറം	3	0	18	28	0	24	12	13	49
കോഴിക്കോട്	0	1	3	5	0	4	4	1	9
വയനാട്	4	0	13	18	0	17	6	12	35
കണ്ണൂർ	2	0	21	5	0	16	7	5	28
കാസർകോഡ്	3	0	12	0	1	9	3	4	16
ആകെ	**40**	**23**	**230**	**155**	**2**	**280**	**98**	**73**	**450**

പ്രളയകാലത്തു നടന്ന രക്ഷാപ്രവർത്തനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം

ക്രമനം	ജില്ല	സേനാംഗങ്ങൾ രക്ഷപെടുത്തിയവർ	സേനാംഗങ്ങൾ അല്ലാത്തവർ രക്ഷപെടുത്തിയവർ	ആകെ
1	തിരുവനന്തപുരം	65	198	263
2	കൊല്ലം	120	180	300
3	പത്തനംതിട്ട	23158	7252	30410
4	ആലപ്പുഴ	125513	176206	301719
5	കോട്ടയം	4272	ലഭ്യമല്ല	4272
6	ഇടുക്കി	1484	1277	2741
7	എറണാകുളം	38582	5412	43994
8	തൃശൂർ	22379	171124	193503
9	പാലക്കാട്	ലഭ്യമല്ല	ലഭ്യമല്ല	1962
10	മലപ്പുറം	28398	0	28398
11	കോഴിക്കോട്	2612	1104	3716
12	വയനാട്	27737	2449	30186
13	കണ്ണൂർ	24	0	24
14	കാസർകോഡ്	0	0	0
	ആകെ	274344	365202	641508

പ്രളയകാലത്തുണ്ടായ ഉരുൾപൊട്ടൽ (Geological Survey of India-KSDMA Field Survey)

ക്രമം	ജില്ല	ഉണ്ടായ ഉരുൾപൊട്ടൽ
1	പത്തനംതിട്ട	31
2	കോട്ടയം	31
3	ഇടുക്കി	1196
4	എറണാകുളം	15
5	തൃശൂർ	78
6	പാലക്കാട്	90
7	മലപ്പുറം	40
8	കോഴിക്കോട്	42
9	വയനാട്	79
10	കണ്ണൂർ	24
	ആകെ	1626

1.30.4 2018 മെയ് 16 മുതൽ സെപ്റ്റംബർ 13 വരെ ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് നടത്തിയ പ്രതിദിന പ്രവർത്തനങ്ങൾ

2018 മെയ് 16

- തെക്കുപടിഞ്ഞാറൻ മൺസൂൺ പ്രവചനങ്ങളുടെ അറിയിപ്പ് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ, ദുരന്ത നിവാരണ വകുപ്പ് അഡി. ചീഫ് സെക്രട്ടറിയുടെ (സംസ്ഥാന റിലീഫ് കമ്മിഷണർ) അധ്യക്ഷതയിൽ തിരുവനന്തപുരത്തു യോഗം വിളിച്ചു ചേർത്തു, വകുപ്പ് തലവന്മാരും എല്ലാ ജില്ലാ കളക്ടർമാരും പങ്കെടുത്തു. യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മെയ് 28നു സർക്കാർ വകുപ്പുകൾക്കും ജില്ലകൾക്കും 46 നിർദ്ദേശങ്ങൾ ഉൾകൊള്ളുന്ന സർക്കുലർ നൽകി.
- സംസ്ഥാന, ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്ററുകൾ (ഇ.ഓ.സി) 24 മണിക്കൂറും (24x7) പ്രവർത്തനം ആരംഭിച്ചു. ജില്ലാതല എമർജൻസി ഓപ്പറേഷൻസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ജില്ലാ കളക്ടർമാർക്കു നിർദ്ദേശം നൽകി.

മെയ് 29

- കേരളത്തിലെ മഴ തുടരും എന്ന് ഇന്ത്യൻ കാലാവസ്ഥ വകുപ്പ് (ഐ.എം.ഡി) പ്രഖ്യാപിച്ചു.

ജൂൺ 2

- രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായി തീരദേശ മേഖലയിൽ ജീവിക്കുന്ന ദുരന്തബാധിതരായവർക്കു പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചു (2-06-2018ലെ ജി.ഓ (എം.സ്) നം. 6/2018/ഡി.എം.ഡി) കടൽക്ഷോഭം മൂലം വീടുകളും മറ്റു ജീവനോപാധികളും നഷ്ടമായ തീരപ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് സഹായം എത്തിക്കുന്നതാണ് പദ്ധതി. ഈ പദ്ധതി പ്രകാരം മൂന്ന് മുതൽ അഞ്ചു സെന്റ് വരെ ഭൂമി വാങ്ങാൻ പരമാവധി ആറ് ലക്ഷം രൂപയും വേലിയേറ്റസമയത് കടൽ

എത്തുന്നതിൽ നിന്നും 50 മീറ്റർ മാറി വീട് വെക്കാൻ നാല് ലക്ഷം രൂപയും അനുവദിക്കും.

- ഇതേ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തീരദേശ ജില്ലയിലെ എല്ലാ ജില്ലാ കളക്ടർമാർക്കും മുൻകൂർ ആയി 50 ലക്ഷം രുപ അനുവദിച്ചു.

ജൂൺ 7

- ജൂൺ 7 മുതൽ 11 വരെ മണ്ണിടിച്ചിലും വെള്ളപ്പൊക്കവും ഉണ്ടാകാൻ സാധ്യത ഉള്ളതായി ദുരന്ത നിവാരണ അതോറിറ്റിയുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജിലൂടെയും മുതിർന്ന ഐ.എ.സ്, ഐ.പി.സ്, ഓഫീസർമാർ, സെൻട്രൽ ആംഡ് ഫോഴ്സെസ്, ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്ററുകൾ, മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ തുടങ്ങിയവരുടെയും ഔദ്യോഗിക ഫേസ്ബുക്ക് പേജുകളിലൂടെയും അച്ചടി, ഓഡിയോ, ദൃശ്യമാധ്യമങ്ങിലൂടെയും പൊതു അറിയിപ്പുകൾ വിതരണം ചെയ്തു. അതോറിറ്റിയുടെ വാട്ട്സ്ആപ് ഗ്രൂപ്പുകളിലൂടെയും ഈ അറിയിപ്പ് പ്രചരിപ്പിച്ചു.

ജൂൺ 9, 10

- കനത്ത മഴയ്ക്കു സാധ്യതയുള്ള മുന്നറിയിപ്പ് മത്സ്യബന്ധനത്തിന് പോകുന്നവർക്കുള്ള മുന്നറിയിപ്പും കൃത്യമായ ഇടവേളകളിൽ ഫേസ്ബുക് വാട്ട്സ്ആപ് എന്നിവയിലൂടെയും അച്ചടി, ശ്രവ്യ, ദൃശ്യമാധ്യമങ്ങിലൂടെയും നൽകി.

ജൂൺ 11

- മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം ചേർന്ന് മുന്നൊരുക്കങ്ങൾ വിലയിരുത്തി. ദുരന്തത്തിന്റെ തീവ്രത കുറയ്ക്കാൻ സഹായമായ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

ജൂൺ 14

- കോഴിക്കോട് കട്ടിപ്പാറയിൽ മണ്ണിടിച്ചിലിൽ-14 പേർ മരിച്ചു.
- ദേശീയ ദുരന്ത പ്രതികരണ സേനയുടെ (എൻ.ഡി.ആർ.എഫ്) രണ്ടു ടീമുകൾ കോഴിക്കോട്, കട്ടിപ്പാറയിലേക്ക് പോകാൻ സംസ്ഥാന എമർജൻസി ഓപ്പറേഷൻസ് സെന്റർ നിർദ്ദേശിച്ചു.

- കാലവർഷം ശക്തമായികൊണ്ടിരുന്നപ്പോൾ നിലവിലുള്ള രണ്ടു ടീമുകൾക്ക് പുറമെ എൻ.ഡി.ആർ.എഫ്ന്റെ ഒരു പുതിയ ടീമിനെ കേരളത്തിലേക്ക് അയക്കണമെന്ന് ആവശ്യപ്പെട്ടു .
- കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ്, പാലക്കാട്, ജില്ലകളിൽ റെഡ് അലേർട്ടും ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലകളിൽ ഓറഞ്ച് അലേർട്ടും പ്രഖ്യാപിച്ചു. പൊതു ജനത്തിനായുള്ള നിർദിഷ്ട സന്ദേശങ്ങളും നൽകി.

ജൂൺ 15

- മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം ചേരുകയും മുൻകരുതലുകൾ വിലയിരുത്തുകയും ചെയ്തു. ജില്ലാ കളക്ടർമാർ വീഡിയോ കോൺഫെറെൻസിലൂടെ യോഗത്തിൽ പങ്കെടുത്തു.ജില്ലകളിൽ ദുരന്ത നിവാരണത്തിനുള്ള വിവിധ നടപടികളുമായി ബന്ധപ്പെട്ട നിർണായക തീരുമാനങ്ങൾ കൈകൊണ്ടു.

ജൂൺ 20

- ജൂൺ 21 മുതൽ 24 വരെ വെള്ളപ്പൊക്കത്തിനും മണ്ണിടിച്ചിലിനും സാധ്യത ഉള്ളതായി പൊതുജനങ്ങൾക്കു മുന്നറിയിപ്പ് നൽകി. സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീജിയറും ദുരന്തമുണ്ടായേക്കാവുന്ന പ്രദേശങ്ങളുടെ ഭൂപടവും സഹിതമായിരുന്നു ഇത് പ്രസിദ്ധീകരണത്തിന് നൽകിയത്.

ജൂൺ 21

- സംസ്ഥാനത്തുടനീളം വീടുകൾക്കു കേടുപാടുകൾ സംഭവിച്ചവർക്കുള്ള കുറഞ്ഞ ദുരിതാശ്വാസ സഹായത്തിനുള്ള മാർഗ നിർദ്ദേശങ്ങൾ സർക്കാർ പ്രഖ്യാപിച്ചു. അവ താഴെ കൊടുക്കുന്നു:
- 75% തകരാറുകളുള്ള വീടുകളാണ് ഗുരുതരമായ കേടുപാടുകൾ ഉണ്ടായ വീടെന്ന് നിർവ്വചിച്ചു. ഗുരുതരമായ കേടുപാടുകൾ ഉണ്ടായതോ, പൂർണ്ണമായും തകർന്നതോ ആയ വീടുകൾക്കു നാല് ലക്ഷം രൂപയ്ക്കു അർഹതയുണ്ട്.
- വീട് താമസയോഗ്യമല്ലാത്ത സ്ഥലത്തായിരിക്കുകയും വീട്ട് ഉടമസ്ഥന്റെ പേരിൽ കേരളത്തിൽ ഒരിടത്തും ഭൂമി ഇല്ലാതിരിക്കുകയും ചെയ്താൽ പുതിയ സ്ഥലം വാങ്ങാൻ ഉടമസ്ഥന് പരമാവതി ആറ് ലക്ഷം രൂപ വരെ നൽകും.

- കാർഷിക നഷ്ടം സംബന്ധിച്ച നിലവിലുള്ള പരാതികൾ പരിഹരിക്കുന്നതിനായി ജില്ലാ കളക്ടർമാർക്കു 12 കോടി രൂപ അനുവദിച്ചു.
- ദുരന്തത്തിൽ സർട്ടിഫികറ്റ്കൾ നഷ്ടമായവർക്ക് പകരം സർട്ടിഫികറ്റ് ലഭ്യമാക്കുന്നതിനായി സ്പെഷ്യൽ ഡ്രൈവ് സങ്കടിപ്പിക്കാൻ ജില്ലാ കളക്ടർമാർക്കു നിർദ്ദേശം നൽകി.

ജൂലൈ 16

- വീഡിയോ കോൺഫറൻസ് മുഖേന ജില്ലാ കളക്ടർമാരുടെ യോഗം മുഖ്യമന്ത്രി വിളിച്ചു കൂട്ടുകയും ദുരന്തത്തെ യുദ്ധകാലാടിസ്ഥാനത്തിൽ നേരിടാൻ എല്ലാ ശ്രമങ്ങളും നടത്താൻ നിർദ്ദേശിക്കുകയും ചെയ്തു.

ജൂലൈ 18

- ജൂലൈ 20 മുതൽ 22 വരെ അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതായി മുന്നറിയിപ്പ്.
- കേരളത്തിലെ പല സ്ഥലങ്ങളിലും റെക്കോർഡ് മഴയായിരുന്നു. ആലപ്പുഴ, കോട്ടയം, എറണാകുളം, കൊല്ലം എന്നീ ജില്ലകളിലെ ജലനിരപ്പ് ഉയർന്നു. ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ആളുകളെ മാറ്റി.
- കേരളതീരത്തും ലക്ഷദ്വീപിലും മത്സ്യബന്ധനത്തിന് പോകുന്നവർക്കുള്ള മുന്നറിയിപ്പ് നൽകി.
- റഡാർ സാറ്റലൈറ്റ് ഇമേജുകൾ ഉപയോഗിച്ച് കൊണ്ട് വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ ഭൂപടങ്ങൾ നിരന്തരം ശേഖരിക്കുന്നതിന് ഇസ്രോ, നാഷണൽ റിമോട്ട് സെൻസിങ് സെന്റർ (എൻആർഎസ്.സി) എന്നിവരോട് അഭ്യർത്ഥിച്ചു.

ജൂലൈ 19

- ക്യാമ്പുകളിൽ കഴിയുന്ന ദുരിതബാധിതർക്ക് 1000 രൂപയുടെ സഹായധനം നേരിട്ട് നല്കാൻ ഉത്തരവായി.

ജൂലൈ 21

- കേന്ദ്ര ആഭ്യന്തര സഹമന്ത്രിയും, കേന്ദ്ര ടൂറിസം സഹമന്ത്രിയും വെള്ളപ്പൊക്ക ദുരന്ത ബാധിത പ്രദേശങ്ങൾ സന്ദർശിച്ചു.
- ദേശീയ ദുരന്ത നിവാരണ ഫണ്ട് മാനദണ്ഡ പ്രകാരം പ്രാരംഭ മെമ്മോറാണ്ടം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കൈമാറി.

ജൂലൈ 22

- ജൂൺ 26 വരെ അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതായി മുന്നറിയിപ്പ് നൽകി.
- സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ ആലപ്പുഴ ജില്ല സന്ദർശിക്കുകയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്തു.

ജൂലൈ 23

- വെള്ളപ്പൊക്ക ദുരിതമനുഭവിക്കുന്ന ആലപ്പുഴ, കോട്ടയം ജില്ലകളിലെ പ്രദേശങ്ങളിൽ ദുരിതാശ്വാസ, രക്ഷാപ്രവർത്തനങ്ങൾക്കായി എൻഡിആർഎഫ്, ഇന്ത്യൻ നേവി ടീമുകൾ വിന്യസിക്കപ്പെട്ടു.

- ആവശ്യാനുസരണം പാചകവാതകം ലഭ്യമാക്കാൻ ഐഒസി, ബിപിസിഎൽ എന്നിവർക്ക് നിർദേശം നൽകി.
- മുഖ്യമന്ത്രി വീഡിയോ കോൺഫെറൻസിലൂടെ ദുരിതബാധിത ജില്ലകളിലെ കളക്ടർമാരുടെ യോഗം വിളിച്ചു ചേർക്കുകയും 14 ഇന്ന നടപടി നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

ജൂലൈ 26

- കത്തിലൂടെ കാലാവസ്ഥ പ്രവചനവും ബന്ധപ്പെട്ട രേഖകളും ദിവസേന ലഭ്യമാക്കാൻ കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ റഡാർ സെൻറ്ററിനോട് നിർദേശിച്ചു.

ജൂലൈ 27

- ഇടുക്കി ഡാമിലെ ജലനിരപ്പ് മുഖ്യമന്ത്രി അവലോകനം ചെയ്യുകയും വിവിധ വകുപ്പുകൾക്ക് കൃത്യമായ നിർദേശം നൽകുകയും ചെയ്തു.

ജൂലൈ 28

- ഇടുക്കി റിസെർവോയറിലുള്ള ചെറുതോണി അണക്കെട്ടിൻറെ ഷട്ടർ തുറക്കേണ്ടി വന്നാൽ വെള്ളപ്പൊക്കം ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളുടെ സാറ്റലൈറ്റ് ഇമേജുകൾ ഇടുക്കി, തൃശൂർ, എറണാകുളം എമെർജൻസി ഓപ്പറേഷൻസ് സെന്ററുകൾക്ക് ജൂലൈ 28ന് നൽകി. 2013 ലെ വെള്ളപ്പൊക്കത്തെ അടിസ്ഥാനമാക്കി വേഗത്തിൽ നടത്തിയ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ നടപടി.



- ഇടുക്കി ഡാം തുറക്കേണ്ടി വന്നാൽ വെള്ളം ഒഴുകിപ്പോകുന്ന വഴികൾ ഉദ്യോഗസ്ഥസംഘം നേരിട്ടെത്തി പരിശോധിച്ചു. അഡീഷണൽ ചീഫ് സെക്രട്ടറി പി.എച്ച്. കുര്യൻ വെള്ളം കയറാനിടയുള്ള പെരിയാർ തീരം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. ഡാം തുറക്കുന്നത് ആദ്യം ബാധിക്കുന്നത് 40 കുടുംബങ്ങളെ എന്ന് ഈ സർവ്വേയിൽ മനസിലാക്കി. ചെറുതോണിയിൽനിന്ന് 21 കിലോമീറ്റർ അകലെയുള്ള പനങ്കുട്ടി വരെയാണ് ശനിയാഴ്ച പരിശോധിച്ചത്. ഈ ദൂരത്ത് പെരിയാറിന്റെ ഇരു ഭാഗത്തുമുള്ള 50 മീറ്റർ പരിധിയിൽ 260 കെട്ടിടങ്ങളും പുഴയോരത്ത് 25 വീടുകളും ആയിരം ജനങ്ങളും ഉണ്ടെന്ന് സംഘം കണ്ടെത്തി. ഇവിടെ പെരിയാറിന്റെ ഇരുവശങ്ങളിലും നൂറുമീറ്റർ പരിധിയിൽ 4500 കെട്ടിടങ്ങളുണ്ടെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെ കണ്ടെത്തിയിരുന്നു.



- 4 അംഗംവീതമുള്ള 5 സംഘംസർവ്വേയിലൂടെ പെരിയാർ തീരദേശത്തെ മുഴുവൻ വിവരങ്ങളും ശേഖരിച്ചു. ലഭ്യമായ അടിസ്ഥാന വിവരങ്ങളുടെ പശ്ചാത്തലത്തിൽ സുരക്ഷാ വിന്യാസം ആരംഭിച്ചു. പെരിയാർ തീരത്തെ 1000 ത്തോളം ജനങ്ങൾക്ക് ബോധവൽക്കരണം സംബന്ധിച്ച് ലഘുലേഖ നൽകി. പെരിയാറിനടുത്തുള്ളവരെ മാറ്റി പാർപ്പിക്കാനും സംവിധാനമായി. പെരിയാറിൽ നിന്ന് 10 മീറ്റർ, 50 മീറ്റർ, 100 മീറ്റർ എന്നീ അകലത്തിൽ പ്രത്യേകം തിരിച്ചാണ് വെള്ളം ഉയരാനുള്ള സാധ്യത കണക്കാക്കിയാണ് സുരക്ഷാ ക്രമീകരണം. പെരിയാർ തീരത്തുള്ള തടസ്സങ്ങൾ മാറ്റി. ചെറുതോണി ഉൾപ്പെടെ പെരിയാറിനോടു ചേർന്നുള്ള വ്യാപാര സ്ഥാപനങ്ങൾക്ക് മൂന്നു ദിവസം പ്രവർത്തനാനുമതി ഇല്ല.



സമീപത്തെ അഞ്ചു പഞ്ചായത്തുകളിലേക്കും വിനോദസഞ്ചാരികൾക്ക് വിലക്കേർപ്പെടുത്തി.

ജൂലൈ 29

- ജൂലൈ 29 മുതൽ ഓഗസ്റ്റ് 1 വരെ ശക്തമായ മഴക്കും മണ്ണിടിച്ചിലിനും സാധ്യതയുള്ളതായി മുന്നറിയിപ്പ്.
- ഇ-മെയിൽ സന്ദേശത്തിലൂടെ ദുരന്തനിവാരണ നടപടികൾക്ക് സായുധസേനയുടെ സഹായം ആവശ്യം വന്നേക്കാമെന്നും തയ്യാറായി ഇരിക്കണമെന്നും അറിയിച്ചു. എംഐ 17 ഹെലികോപ്ടറും എംഎൽഎച്ച് ഹെലികോപ്ടറും അടിയന്തരമായി പുറപ്പെടാൻ സജ്ജമാക്കി നിർത്തണമെന്നും അഭ്യർത്ഥിച്ചു.
- ഇ-മെയിൽ സന്ദേശത്തിലൂടെ പ്രതിസന്ധികാലത്ത് എല്ലാ മൊബൈൽ ഫോൺ ടവറുകളും പ്രവർത്തിക്കണമെന്നും ആവശ്യമായ ഇന്ധനം സംഭരിച്ചു വെക്കാനും ആവശ്യാനുസരണം വാഹനങ്ങളുടെ ലഭ്യത ഉറപ്പാക്കാനും ടിഇആർഎം ഡെപ്യൂട്ടി ഡയറക്ടർ ജനറലിനോട് പ്രത്യേകം നിർദേശിച്ചു.
- ഇ-മെയിൽ സന്ദേശത്തിലൂടെ ദേശീയ ദുരന്ത നിവാരണ സേനയുടെ ഓരോ ടീമിനെ വീതം ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിലേക്ക് അയയ്ക്കുന്നതിന് തയ്യാറാക്കി നിർത്താൻ ആവശ്യപ്പെട്ടു.
- ഇ-മെയിൽ സന്ദേശത്തിലൂടെ ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് ഉയരുന്നതുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ കൃത്യമായ ഇടവേളകളിൽ ജനങ്ങൾക്ക് നൽകണമെന്ന് ഓൾ ഇന്ത്യ റേഡിയോ ഡയക്ടർക്ക് നിർദേശം നൽകി. അതോറിറ്റിയിൽ നിന്നുള്ള എല്ലാ മുന്നറിയിപ്പുകളും സന്ദേശങ്ങളും ഓൾ ഇന്ത്യ റേഡിയോയിലേക്ക് ഇ മെയിൽ വഴിയും വാട്സാപ്പ് വഴിയും അയച്ചിരുന്നു.
- പെരിയാർ നദി, പാലങ്ങൾ, കലുങ്കുകൾ എന്നിവടങ്ങളിൽ വിനോദ സഞ്ചാരികളും ജനങ്ങളും പ്രവേശിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഇടുക്കി ജില്ലാ എമെർജൻസി ഓപ്പറേഷൻസ് സെന്ററിനോട് പ്രത്യേകം നിഷ്കർഷിച്ചു.
- കുട്ടനാട്ടിലും ആലപ്പുഴയിലെ പ്രളയ ബാധിത പ്രദേശങ്ങളിലും വൻതോതിൽ ബയോ-ടോയ്ലെറ്റുകൾ എത്തിച്ചു.

ജൂലൈ 30

- മുൻകൂട്ടി നിശ്ചയിച്ച വെള്ളപ്പൊക്ക ദുരന്തനിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഇടുക്കി, എറണാകുളം, ജില്ലാ എമെർജൻസി ഓപ്പറേഷൻസ് സെന്ററുകൾക്ക് പ്രത്യേക പ്രവർത്തന പദ്ധതികളും ചെക്ക് ലിസ്റ്റും നൽകുക.

- വൈദ്യസഹായത്തിന് ആവശ്യമായി വരുന്ന മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താൻ ഇടുക്കി, എറണാകുളം, തൃശൂർ ജില്ലാ എമർജൻസി ഓപ്പറേഷൻ സെൻറ്ററുകൾക്ക് പ്രത്യേക അറിയിപ്പ്.
- ആഗസ്റ്റ് ഒന്ന് വരെ ശക്തമായ മഴയുണ്ടാകുമെന്ന മുന്നറിയിപ്പ് നൽകി.

ജൂലൈ 31

- ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിൽ തകർന്ന ബണ്ടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
- ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ എട്ടു വലിയ പമ്പുകൾ ഉപയോഗിച്ച് വെള്ളം വറ്റിക്കുകയും ഇതുവഴിയുള്ള ഗതാഗതം പുനസ്ഥാപിക്കുകയും ചെയ്തു.

ആഗസ്റ്റ് 3

- റവന്യൂ-ദുരന്ത നിവാരണവകുപ്പ് മന്ത്രി ആലപ്പുഴ ജില്ലയിലെ പ്രളയ ബാധിത പ്രദേശങ്ങൾ സന്ദർശിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു .
- ചെറുതോണി അണക്കെട്ടിന്റെ ഷട്ടർ തുറക്കുകയാണെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി.
- പത്തനംതിട്ട, നിരണം, പെരിങ്ങര, കടപ്ര, നെടുമ്പ്രം, കാവുംഭാഗം വില്ലേജുകൾ പ്രളയബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചു.

ആഗസ്റ്റ് 5

- ആലപ്പുഴ ജില്ലയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ മുഖ്യമന്ത്രി അവലോകനം ചെയ്യുകയും ആലപ്പുഴ മെഡിക്കൽ കോളേജ് ക്യാമ്പസിൽ വിളിച്ചുചേർത്ത യോഗത്തിൽ കൂടുതൽ ഫലപ്രദമായ ദുരിതാശ്വാസ നടപടികൾക്ക് നിർദേശം നൽകുകയും ചെയ്തു.

ആഗസ്റ്റ് 7

- പ്രളയക്കെടുതി വിലയിരുത്താനായി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അടങ്ങിയ കേന്ദ്ര സംഘത്തിൻ്റെ സന്ദർശനം നീണ്ടുനിന്നു.

ആഗസ്റ്റ് 8

- കോഴിക്കോട്, കണ്ണൂർ, വയനാട്, പാലക്കാട്, ഇടുക്കി, മലപ്പുറം എന്നിവിടങ്ങളിലും പ്രളയം. വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ചില മേഖലകളിൽ വ്യാപകമായ ഉരുൾപൊട്ടലും വെള്ളപ്പൊക്കവും ഉണ്ടായി. എറണാകുളത്ത് ആലുവാ ഭാഗത്ത് പെരിയാറിലെ ജലനിരപ്പ് ഉയർന്നു.
- ആഗസ്റ്റ് എട്ട് മുതൽ ആഗസ്റ്റ് ഒൻപത് വരെ ശക്തമായ മഴയുണ്ടാകുമെന്ന മുന്നറിയിപ്പ് നൽകി.

ആഗസ്റ്റ് 9

- മണ്ണിടിച്ചിലിന്റെ ആദ്യ റിപ്പോർട്ട് വയനാട് നിന്നും പുലർച്ചെ രണ്ടിന്
- പ്രതിസന്ധി ലെവൽ മൂന്നിലേക്ക് കടന്നതായി സംസ്ഥാന എമർജൻസി ഓപ്പറേഷൻസ് സെന്റര് വിജ്ഞാപനം. തുടർന്ന് ദേശീയ സേനകളുടെ സഹായം ആവശ്യപ്പെട്ടു.
- ഇടുക്കി അണക്കെട്ടിന്റെ ആദ്യ ഷട്ടർ 26 വർഷത്തിന് ശേഷം ആദ്യമായി തുറന്നു.
- ഇടമലയാർ, ഇടുക്കി അണക്കെട്ടുകൾ ബ്ലൂ, ഓറഞ്ച്, റെഡ് അലെർട്ടുകൾ പൂർത്തീകരിച്ചതിനാൽ ഷട്ടറുകൾ തുറന്ന് വെള്ളം പുറത്തേക്ക് ഒഴുക്കി. ഇവയിൽ നിന്ന് വെള്ളം പുറത്തേക്ക് ഒഴുക്കി വിടുമ്പോൾ വെള്ളം കയറാൻ സാധ്യതയുള്ള കെട്ടിടങ്ങളുടെ പട്ടികയും ഭൂപടവും സ്റ്റേറ്റ് എമെർജൻസി ഓപ്പറേഷൻസ് സെന്റർ ജൂലൈ മാസത്തിൽ തന്നെ തയ്യാറാക്കി ഇടുക്കി, എറണാകുളം,തൃശ്ശൂർ ജില്ലകൾക്ക് നല്കിയിരുന്നു. KSEBയുടെ എമെർജൻസി ഓപ്പറേഷൻസ് പ്ലാനുകളുടേയും മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ആവശ്യമായ തയ്യറെടുപ്പുകളും നടപടിക്രമങ്ങളും വിവിധ അലെർട്ടുകൾക്ക് അനുസൃതമായി പൂർത്തീകരിച്ചിരുന്നു. ബഹുമാനപ്പെട്ട വൈദ്യുത മന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും അവലോകന യോഗം ചേർന്ന് തയ്യാറെടുപ്പുകൾ പരിശോധിച്ച ശേഷമാണ് അണക്കെട്ടുകളിൽ നിന്ന് നിയന്ത്രിത അളവിൽ അധിക ജലം പുറത്തേക്ക് ഒഴുക്കിയത്. ഇടമലയാർ അണക്കെട്ടിൻറെ 2 ഷട്ടറുകൾ പകൽ 5.25 നും ഇടുക്കി അണക്കെട്ടിലെ ചെറുതോണിയിലെ ഒരു ഷട്ടർ പകൽ 11 മണിക്കും തുറന്നു. ജലം അറബിക്കടലിൽ എത്താൻ എടുക്കുന്ന സമയം മുൻകൂട്ടി

കണക്കാക്കി, peregian high tideന്റെ സാഹചര്യത്തിൽ വേലിയിറക്ക സമയത്ത് ജലം അറബിക്കടലിൽ എത്തുന്ന രീതിയിലാണ് ഷട്ടറുകൾ തുറക്കാനുള്ള സമയം നിശ്ചയിച്ചത്. പെരിയാറിലെ ജലനിരപ്പ് ഉയരുമെന്നുള്ള ആവശ്യമായ മുന്നറിയിപ്പുകൾ വിവിധ മാർഗങ്ങളിലൂടെ ജനങ്ങളിലേക്ക് എത്തിച്ചു.

- ആഗസ്റ്റ് ഒൻപതിനു പുലർച്ചെ 2.38ന് കോഴിക്കോട്, വയനാട് ജില്ലകളിലേക്ക് നീങ്ങാൻ എൻഡിആർഎഫ്ന് നിർദേശം.
- രാവിലെ 6.46 ന് ഇടുക്കി, വയനാട് ജില്ലകളിലേക്ക് നീങ്ങാൻ ഓരോ കമ്പനി കരസേനയ്ക്ക് നിർദേശം.
- രാവിലെ 7.11 ന് മലപ്പുറം, കോഴിക്കോട് ജില്ലകളിലേക്ക് നീങ്ങൻ ഓരോ കമ്പനി കരസേനയ്ക്ക് നിർദേശം.
- രാവിലെ 8.05 ന് കരസേനയുടെ എഞ്ചിനീയറിങ് ടാസ്ക്ഫോഴ്സിന് വടക്കൻ കേരളത്തിലേക്ക് നീങ്ങാൻ നിർദേശം. കോഴിക്കോട് വിമാനത്താവളം ബെയ്സ് ക്യാമ്പാക്കാൻ അനുമതി.
- രാവിലെ 9.58 ന് വയനാട് ജില്ലയിൽ ആകാശമാർഗ്ഗം രക്ഷാപ്രവർത്തനം നടത്താൻ വ്യോമസേനയ്ക്ക് നിർദ്ദേശം.
- രാവിലെ 10 ന് മുഖ്യമന്ത്രി സ്ഥിതിഗതികൾ അവലോകനം ചെയ്തു. കൃത്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം.
- രാവിലെ 10.09 ന് തമിഴ്നാട്ടിലെ ആരാക്കോണത്തുനിന്നും കൂടുതൽ എൻഡിആർഎഫ്നെ വ്യോമമാർഗ്ഗം അയക്കാനും വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, പാലക്കാട്, ഇടുക്കി ജില്ലകളിൽ നിയോഗിക്കാനും നിർദ്ദേശം.
- രാവിലെ 10.11 ന് ഇന്ത്യൻ നേവിയോട് സഹായം ആവശ്യപ്പെട്ടു.
- രാവിലെ 10.41 ന് ഇടുക്കി, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, ജില്ലകളിലേക്ക് കൂടുതൽ കരസേനയുടെ സഹായം ആവശ്യപ്പെട്ടു.
- രാവിലെ 10.55 ന് ആരാക്കോണത്തുനിന്നുള്ള എൻഡിആർഎഫ്നോട് വയനാടും ബംഗലുരുവിൽ നിന്നുള്ള കരസേനാ എൻജിനീയറിങ് വിഭാഗത്തോട് കോഴിക്കോടും ആകാശമാർഗം രക്ഷാ പ്രവർത്തനങ്ങൾ നടത്താൻ ആവശ്യപ്പെട്ടു.

- കോഴിക്കോട്, കണ്ണൂർ, വയനാട്, പാലക്കാട്, ഇടുക്കി, മലപ്പുറം ജില്ലകളിൽ റെഡ് അലേർട്ട്.
- കാലവർഷക്കെടുതി സംബന്ധിച്ച്

അന്വേഷിക്കാനെത്തിയ കേന്ദ്രസംഘവുമായി മുഖ്യമന്ത്രി ചർച്ച നടത്തി.

- കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ താത്കാലികമായി നിർത്തിവച്ചു.
- വൈകിട്ട് 7.15ന് സ്ഥിതിവിശേഷം മുഖ്യമന്ത്രി അവലോകനം ചെയ്തു. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ സെക്രട്ടേറിയേറ്റിൽ കോഓർഡിനേഷൻ സെൽ ആരംഭിച്ചു. സംസ്ഥാന റിലീഫ് കമ്മീഷണർ ചെയർമാനായ ഈ സെല്ലിൽ റവന്യൂ, പോലീസ് , ഫയർ ആൻഡ് റെസ്ക്യൂ സേവനങ്ങൾ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ദേശീയ ദുരന്തനിവാരണ സേന, കരസേന, നാവികസേന, എയർ ഫോഴ്സ്, കോസ്റ്റ് ഗാർഡ്, ബി.എസ്.എഫ്, സി.ആർ.പി.എഫ് ഉദ്യോഗസ്ഥർ 24 മണിക്കൂറും പ്രവർത്തിച്ചു തുടങ്ങി. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ സെക്രട്ടേറിയേറ്റിൽ സ്പെഷ്യൽ കോർഡിനേഷൻ സെൽ പ്രവർത്തനം തുടങ്ങി.

ആഗസ്റ്റ് 10

- എൻ.ഡി.ആർ.എഫിന്റെ രണ്ടുവീതം ടീമുകളെ കൊച്ചിയിലേക്കും തൃശൂരിലേക്കും അയക്കാൻ അഭ്യർഥിച്ചു.
- പ്രളയസാധ്യതകളുടെ സാറ്റലൈറ്റ് ചിത്രങ്ങൾ എടുക്കാനും തുടർച്ചയായി അതിന്റെ ഭൂപടം ലഭ്യമാക്കാനും നാഷണൽ റിമോട്ട് സെൻസിങ് സെൻറ്ററിനോട് ആവശ്യപ്പെട്ടു.

- ജനങ്ങളെ ഒഴിപ്പിക്കുമ്പോൾ ഭിന്നശേഷിക്കാരായവർക്ക് പ്രത്യേക ശ്രദ്ധ നൽകണമെന്ന് സാമൂഹികനീതി വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം.
- വെള്ളപ്പൊക്ക ദുരിതം കുറയ്ക്കുന്നതിനായി 22 നിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവ് പുറപ്പെടുവിച്ചു.
- കുട്ടനാട് പുനരധിവാസത്തിന്റെ രണ്ടാംഘട്ടം സംബന്ധിച്ച് വിശദമായ പാക്കേജ് സമർപ്പിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.
- ആലപ്പുഴയിൽ വെള്ളപ്പൊക്ക സാധ്യത മുൻകൂട്ടി അറിയുന്നതിനുള്ള സംവിധാനം സ്ഥാപിക്കാൻ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയെ ചുമതലപ്പെടുത്തി.
- വെള്ളപ്പൊക്കത്താൽ വിദ്യാർത്ഥികൾക്ക് നഷ്ടമായ അക്കാദമിക് ദിനങ്ങൾക്കും പഠനോപകരണങ്ങൾക്കും പരിഹാരമുണ്ടാക്കാനുള്ള പദ്ധതി തയ്യാറാക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകി.

- പ്രളയബാധിത പ്രദേശങ്ങളിൽ കൂടുതൽ ജല ആംബുലൻസുകൾ ലഭ്യമാക്കാൻ ജലഗതാഗത വകുപ്പിനോട് ആവശ്യപ്പെട്ടു.
- ആസൂത്രണ, സാമ്പത്തികകാര്യ വകുപ്പ്, ധന, റവന്യൂ വകുപ്പുകളോട് സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി യോഗം വിളിച്ചുചേർക്കാനും കാർഷിക വായ്പയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കാനുള്ള നടപടി സ്വീകരിക്കാനും നിർദ്ദേശം.
- പ്രളയ ബാധിതരായ ജനങ്ങൾക്ക് പൊതുമേഖല - സഹകരണ ബാങ്കുകളിലൂടെ വായ്പ നല്കാൻ ധന -സഹകരണ വകുപ്പുകൾക്ക് നിർദ്ദേശം.

- പാമ്പ് കടിയേറ്റ കേസുകൾ വർധിക്കുന്നതിനാൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ വിദഗ്ധ പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങളും ആന്റിവെനവും ആവശ്യാനുസരണം എത്തിക്കാൻ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിനോട് നിർദ്ദേശിച്ചു.
- ആലപ്പുഴയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി എല്ലാ വകുപ്പുകളും ഒരു പ്രത്യേക ഓഫീസറെ ചുമതലപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു. ജില്ലാ കളക്ടർ ആയിരിക്കും നോഡൽ ഓഫീസർ.
- പകർച്ചവ്യാധികൾ ഉയർന്നുവരികയാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ലീനിങ് ഡ്രൈവ് സംഘടിപ്പിക്കുകയും ആയതിന് ആവശ്യമായ ഫണ്ടുകൾ അനുവദിക്കുകയും വേണം.
- ഇടുക്കി അണക്കെട്ടിന്റെ എല്ലാ ഷട്ടറുകളും തുറന്നു. പെരിയാറിന്റെ തീരങ്ങളിൽ പോകുകയോ പെരിയാർ മറികടക്കുകയോ ചെയ്യരുതെന്ന് പൊതുജനങ്ങൾക്ക് നിർദ്ദേശം നൽകി.
- വയനാട് - ഏറ്റവും വലിയ കനത്ത മഴ കാരണം റെഡ് അലെർട് ആഗസ്റ്റ് 14 വരെ. ഇടുക്കി - വലിയ കനത്ത മഴ കാരണം റെഡ് അലെർട്ട് ആഗസ്റ്റ് 13 വരെ. ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം , കോഴിക്കോട് - റെഡ് അലെർട്ട് - കനത്ത മഴയെ തുടർന്ന് ആഗസ്റ്റ് 11 വരെ.
- മുഖ്യമന്ത്രിയും മുതിർന്ന ഉദ്യോഗസ്ഥരും സേനാ മേധാവികളും യോഗം ചേർന്ന് സ്ഥിതിഗതികൾ അവലോകനം ചെയ്തു. മുഖ്യമന്ത്രി സ്പെഷ്യൽ കോ-ഓർഡിനേഷൻ സെൽ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.
- പൗർണമിക്കുശേഷമുള്ള വേലിയേറ്റത്താൽ കരയിലേക്ക് വരുന്ന ജലത്തിന്റെ അളവ് വർധിക്കുമെന്നതിനാൽ ആഗസ്റ്റ് 11 മുതൽ 15 വരെ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ജാഗ്രത നിർദ്ദേശം നൽകി.

ആഗസ്റ്റ് 11

- മുഖ്യമന്ത്രിയും റവന്യൂമന്ത്രിയും ഹെലികോപ്റ്ററിൽ ഇടുക്കി, വയനാട്, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിലെ ദുരിത ബാധിത പ്രദേശങ്ങളിൽ സന്ദർശിച്ചു. ഇടുക്കിയിൽ കാലാവസ്ഥ മോശമായിരുന്നതുകാരണം ഹെലികോപ്റ്റർ ഇറക്കാൻ സാധിക്കാത്തതുകാരണം വ്യോമനിരീക്ഷണം ആണ് നടത്തിയത്.
- ഉച്ചയ്ക്ക് 2.30 ന് എറണാകുളത്ത് മുഖ്യമന്ത്രിയും റവന്യൂമന്ത്രിയും ആലുവ പ്രിയദർശിനി ഹാളിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അവലോകനയോഗം കൂടി. എം.പി മാരും എം.എൽ.എ മാരും യോഗത്തിൽ പങ്കെടുത്തു.
- വിവിധ റിസെർവോയറുകളെക്കുറിച്ചുള്ള വിവരങ്ങൾ കൃത്യമായ ഇടവേളകളിൽ പൊതുജനങ്ങൾക്കായ് പ്രസിദ്ധീകരിച്ചു.
- ആലപ്പുഴ, എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നിവിടങ്ങളിൽ റെഡ് അലർട് പ്രഖ്യാപിച്ചു. റെഡ് അലർട്ടാണ് പ്രഖ്യാപിച്ചതെങ്കിലും ഇടുക്കി ജില്ലയിൽ മാത്രമേ ഓറഞ്ച് അലർട്ടിന് തുല്യമായ മഴ ലഭിച്ചിട്ടുള്ളു. മറ്റ് എല്ലാ ജില്ലകളിലും ഗ്രീൻ അലർട്ടിന്റെ പരിധിയിൽ മഴ ലഭിച്ചു.

ആഗസ്റ്റ് 12

- സംസ്ഥാനത്തിന്റെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ കേന്ദ്ര ആഭ്യന്തരമന്ത്രി സംസ്ഥാനം സന്ദർശിച്ചു.
- 8048 കോടി രൂപയുടെ സഹായത്തിനായി കേരളം മെമ്മോറാണ്ടം സമർപ്പിക്കുകയും 400 കോടി രൂപയുടെ സഹായം ആവശ്യപ്പെടുകയും ചെയ്തു. സംസ്ഥാന ദുരന്തനിവാരണ ഫണ്ടിലേക് അടിയന്തര സഹായമായി 100 കോടി രുപ പ്രഖ്യാപിച്ചു.
- ആലപ്പുഴ, എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നിവിടങ്ങളിൽ റെഡ് അലെർട്ട് പ്രഖ്യാപിച്ചു. അനുബന്ധമായ അറിയിപ്പുകൾ പൊതുജനങ്ങൾക്കും നൽകി.

- റെഡ് അലെർട്ട് പ്രവചിക്കപ്പെട്ടെങ്കിലും ഒരു ജില്ലയിൽ മാത്രമേ മഞ്ഞ അലർട്ടിനുള്ള മഴ ലഭിച്ചുള്ളൂ. മറ്റ് ജില്ലകളിൽ ഗ്രീൻ പരിധിയിലെ മഴയാണ് ലഭിച്ചത്.

ആഗസ്റ്റ് 13

- ഇടുക്കിയിലും വയനാടും റെഡ് അലേർട്ടും ആലപ്പുഴയിലും എറണാകുളത്തും ഓറഞ്ച് അലേർട്ടും പത്തനംതിട്ട, കോട്ടയം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ

യെല്ലോ അലേർട്ടും തിരുവനന്തപുരത്തും കൊല്ലത്തും ഗ്രീൻ അലേർട്ടും പ്രഖ്യാപിച്ചു.

- റെഡ് അലേർട്ട് പ്രഖ്യാപിച്ചിരുന്നിടങ്ങളിൽ പക്ഷെ, അതിനുമാത്രമായ മഴ ലഭിച്ചില്ല.

ആഗസ്റ്റ് 14

- മുഖ്യമന്ത്രി സ്ഥിതിഗതികൾ വിലയിരുത്തി. ദുരിതാശ്വാസ, രക്ഷാപ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദേശങ്ങൾ നൽകി.
- പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ തിരച്ചിലിനും രക്ഷാപ്രവർത്തനം നടത്തുന്നതിനും മത്സ്യത്തൊഴിലാളികളുടെയും മൽസ്യബന്ധന ബോട്ടുകളുടെയും സുഗമമായ സേവനം ഉറപ്പാക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി.
- സംസ്ഥാന ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവനകൾക്ക് സർവീസ് ചാർജ് ഈടാക്കരുതെന്ന് ബാങ്കുകൾക്ക് നിർദ്ദേശം നൽകി.
- ഇടുക്കിയിലും കോഴിക്കോടും റെഡ് അലേർട്ടും ആലപ്പുഴയിലും എറണാകുളത്തും ഓറഞ്ച് അലേർട്ടും പത്തനംതിട്ട, കോട്ടയം, തൃശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ യെല്ലോ അലേർട്ടും പ്രഖ്യാപിച്ചു.
- റെഡ് അലേർട്ട് പ്രഖ്യാപിച്ചയിടങ്ങളിൽ പക്ഷെ അതിനുമാത്രമായ മഴ ലഭിച്ചില്ല.
- പൊതുപോർട്ടലായ keralarescue.in ലേക്ക് സഹായം അഭ്യർത്ഥിച്ചുള്ള കോളുകളുടെ തിരക്കായിരുന്നു. ഇതിലുള്ള വിവരങ്ങൾ സംസ്ഥാന എമെർജൻസി ഓപ്പറേഷൻസ് സെന്റർ പ്രാദേശിക തലത്തിൽ രക്ഷാപ്രവർത്തനം നടത്തുന്നവർക്ക് കൈമാറുകയും അതുവഴി സ്ഥലം കണ്ടെത്താൻ രക്ഷാപ്രവർത്തനത്തിനിറങ്ങിയവർക്ക് പെട്ടെന്ന് കഴിയുകയും ചെയ്തു.
- രക്ഷാദൗത്യത്തിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും പങ്കാളികളാവാൻ തയ്യാറായ സന്നദ്ധപ്രവർത്തകരുടെ വിശദാംശങ്ങളും ഈ പൊതുപോർട്ടലിൽ രേഖപ്പെടുത്തി.

ആഗസ്റ്റ് 15

- മുഖ്യമന്ത്രി സ്ഥിതിഗതികൾ വിലയിരുത്തി. ദുരിതാശ്വാസ, രക്ഷാപ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.
- ഇടുക്കി, വയനാട്, കണ്ണൂർ, കാസർഗോഡ്, എന്നിവിടങ്ങളിൽ റെഡ് അലേർട്ടും ആലപ്പുഴയിലും എറണാകുളത്തും ഓറഞ്ച് അലേർട്ടും

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ യെല്ലോ അലേർട്ടും പ്രഖ്യാപിച്ചു.

- നാല് ജില്ലകളിൽ മാത്രമാണ് റെഡ് അലേർട്ട് പ്രഖ്യാപിച്ചിരുന്നതെങ്കിലും എല്ലാ ജില്ലകളിലും റെഡ് അലെർട്ടിനനുസരിച്ച് മഴ ലഭിച്ചു. തത്ഫലമായി എല്ലാ ജില്ലകളും വെള്ളത്തിനടിയിലായി.
- പത്തനംതിട്ട, കോട്ടയം, തിരുവനന്തപുരം, തൃശൂർ, വയനാട്, കോഴിക്കോട്, കാസറഗോഡ് ജില്ലകളിൽ ജില്ലാ കളക്ടർമാരെ സഹായിക്കുന്നതിന് അധികമായി ഐ.എ.എസ് ഓഫീസർമാരെ നിയോഗിച്ചു.
- ആഗസ്റ്റ് 9 മുതൽ കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര സേനയുടെ പ്രവർത്തനങ്ങൾ ഉച്ചാവസ്ഥയിൽ എത്തി.
- കേരളത്തിലൂടെ സഞ്ചരിച്ചിരുന്നതോ, കേരളത്തിൽ ലഭ്യമായതോ ആയ ലോറികൾ എല്ലാം തന്നെ രക്ഷാപ്രവർത്തനത്തിനും ദുരിതാശ്വാസ വിതരണത്തിനുമായി ഉപയോഗിച്ചു.
- കെഎസ്ആർടിസിയുടെ വിവിധ ഡിപ്പോകളിൽ നിന്നുള നൂറ് കണക്കിന് ബസ്സുകളും സംസ്ഥാനത്തുടനീളം ഉപയോഗിച്ചു.
- സംസ്ഥാന എക്സൈസ് അക്കാദമിയിൽ പരിശീലനത്തിൽ ഏർപ്പെട്ടിരുന്നവരേയും എറണാകുളം, തൃശൂർ ജില്ലകളിലെ രക്ഷാപ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചു.
- വിവിധ വകുപ്പുകളുടെ വാഹനങ്ങൾ എല്ലാംതന്നെ രക്ഷാപ്രവർത്തനത്തിനും ദുരിതാശ്വാസ വിതരണത്തിനുമായി ഉപയോഗിച്ചു.
- ഇടുക്കി, വയനാട്, എറണാകുളം ജില്ലകൾക്ക് സാറ്റലൈറ്റ് ഫോണുകൾക്ക് പുറമെ സാറ്റലൈറ്റ് ഫോൺ ടെർമിനലുകളും ലഭ്യമാക്കി.

ആഗസ്റ്റ് 16

- ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വിശദമായ നിർദ്ദേശങ്ങൾ നൽകി. സമയബന്ധിതമായ ആശ്വാസ നടപടികളുടെ മേൽനോട്ടത്തിനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചു. ഓണാഘോഷം ഒഴിവാക്കി.

- സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം ഒരു കുടുംബത്തിന് 3800 രൂപ നൽകുന്നതിന് പുറമെ

എസ്.ഡിആർ.എഫിന്റെ കീഴിൽ സഹായം നൽകുന്ന വ്യവസ്ഥകളിൽ പറഞ്ഞിരിക്കുന്നത് പ്രകാരം ഓരോ കുടുംബത്തിനും 6200 രൂപ കൂടി നൽകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു.

- മുഖ്യമന്ത്രി സ്ഥിതിഗതികൾ വിലയിരുത്തി. ദുരിതാശ്വാസ, രക്ഷാപ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.
- ഗ്രാമീണ പഞ്ചായത്തുകൾ/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിൽ പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ച്, ദുരിത ബാധിതരുടെ കേടുപാടുകൾ സംഭവിക്കുകയോ നശിക്കപ്പെടുകയോ ചെയ്ത രേഖകൾ, ഒരു ഫീസും ഈടാക്കാതെ സമയബന്ധിതമായി വിതരണം ചെയ്യാൻ തീരുമാനം. ഒരു ഫീസും വാങ്ങാതെ പുതിയ തിരിച്ചറിയൽ കാർഡുകൾ ലഭ്യമാക്കുന്നതിനും പ്രത്യേക അദാലത്ത് സംഘടിപ്പിച്ചു.
- മണ്ണിടിച്ചിലിൽ ഗുരുതരമായി പരിക്കേറ്റവർക്ക് സൗജന്യ മെഡിക്കൽ സഹായം ലഭ്യമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.
- രക്ഷാസേനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ദുരിതാശ്വാസ ക്യാമ്പുകളിലും ദുരിത ബാധിതർക്കും കുടിവെള്ളവും ഭക്ഷണവും എത്തിക്കുന്ന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനും മുതിർന്ന ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥരെ നിയമിച്ചു. എമെർജൻസി ഓപ്പറേഷൻസ് സെല്ലിലെ പ്രവർത്തനങ്ങൾക്ക് അഡീഷണൽ ചീഫ് സെക്രെട്ടറിയെ ഇവർ സഹായിക്കും.
- ജില്ലാ തലങ്ങളിലും എമെർജൻസി കണ്ട്രോൾ റൂമുകൾ ആരംഭിച്ചു.
- ഡിസാസ്റ്റർ റിസർവ് ഫണ്ടിൽ നിന്ന് 14 ജില്ലകൾക്കും അധിക ഫണ്ട് അനുവദിച്ചു.

ആഗസ്റ്റ് 17

- മുഖ്യമന്ത്രി സ്ഥിതിഗതികൾ രാവിലെയും വൈകീട്ടും വിലയിരുത്തി. ദുരിതാശ്വാസ രക്ഷാപ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.

- പ്രളയത്തിൽ കുടുങ്ങിയ ജനങ്ങൾക്ക് ഭക്ഷണം എത്തിക്കാനുള്ള ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകി.
- ഫിഷെറീസ് വകുപ്പിന്റെ

ബോട്ടുകൾ, മീൻപിടുത്തക്കാരുടെ ബോട്ടുകളും സേവനങ്ങളും, വിനോദ സഞ്ചാരവകുപ്പിലെ ബോട്ടുകൾ എന്നിവ രക്ഷാപ്രവർത്തനങ്ങൾക്ക് ലഭ്യമാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകി.

- ദുരിതാശ്വാസ ക്യാമ്പുകൾ സ്കൂളുകളിൽ നിന്ന് ഒഴിവാക്കി, കല്യാണ മണ്ഡപങ്ങളിലും കൺവെൻഷൻ സെന്ററുകളിലും ആരംഭിക്കാനുള്ള സാധ്യത ജില്ലാ കളക്ടർമാർ ആരാഞ്ഞു.

ആഗസ്റ്റ് 18

- സ്ഥിതിഗതികൾ വിലയിരുത്താനും പ്രളയ ബാധിത പ്രദേശങ്ങൾ നേരിട്ട് കാണാനുമായി പ്രധാനമന്ത്രി കേരളം സന്ദർശിച്ചു. പ്രധാനമന്ത്രിക്കൊപ്പം മുഖ്യമന്ത്രി, റെവന്യൂ മന്ത്രി എന്നിവർ പ്രളയ ബാധിതപ്രദേശങ്ങളിൽ വ്യോമ നിരീക്ഷണം നടത്തി.
- ദുരിതബാധിതർക്കും രക്ഷാപ്രവർത്തകർക്കും ഭക്ഷണപ്പൊതികളും മറ്റ് ആവശ്യങ്ങളും ലഭ്യമാക്കുന്നതിന് ഹെലികോപ്റ്ററുകളും ബോട്ടുകളും വാടകയ്ക്ക് എടുക്കേണ്ടതിൻറെ ഉത്തരവാദിത്വം ജില്ലാ കളക്ടർമാർക്ക് നൽകി.

- കേന്ദ്ര കാലാവസ്ഥ വകുപ്പ് കേരളത്തിലെ 11 ജില്ലകളിൽ റെഡ് അലേർട്ട് പ്രഖ്യാപിച്ചു.
- പ്രാഥമിക കണക്കെടുപ്പ് പ്രകാരം 19,512.57 കോടിയുടെ നഷ്ടം സംഭവിച്ചതായി സർക്കാർ വിലയിരുത്തൽ. കേന്ദ്ര സർക്കാരിനോട് 2000 കോടിയുടെ അടിയന്തര സഹായം കേരളം ആവശ്യപ്പെട്ടു. സംസ്ഥാനത്തിൻറെ ദുരന്ത നിവാരണ ഫണ്ടിലേക്ക് കേന്ദ്ര സർക്കാർ 500 കോടിയുടെ അടിയന്തിര സഹായം അനുവദിച്ചു.

ആഗസ്റ്റ് 19

- മുഖ്യമന്ത്രി സ്ഥിതിഗതികൾ രാവിലെയും വൈകീട്ടും വിലയിരുത്തി. ദുരിതാശ്വാസ രക്ഷാപ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി.
- തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിലും തിരുവനന്തപുരം, തൃശൂർ, ആലപ്പുഴ, എറണാകുളം ജില്ലകളിലെ കേന്ദ്രങ്ങളിലും എത്തിയ ദുരിതാശ്വാസ സാമഗ്രികളുടെ ശേഖരണത്തിനും വിതരണത്തിനും മേൽനോട്ടം വഹിക്കാൻ ഐഎഎസ് ഓഫീസർമാരെ നിയോഗിച്ചു. ഡെപ്യൂട്ടി കളക്ടർ (തെരഞ്ഞെടുപ്പ്) മാരെ ജില്ലാ തലത്തിൽ നോഡൽ ഓഫീസർമാരായി നിയമിച്ചു.

- ജില്ലാ മെഡിക്കൽ ഓഫീസർമാരെ ഉപയോഗിച്ച് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാനും ക്യാമ്പുകളിൽ സേവനത്തിന് നഴ്സ്, ഹെൽത്ത് ഇൻസ്പെക്ടർമാർ, പിജി വിദ്യാർഥികൾ എന്നി വരുടെ എണ്ണം ആവശ്യത്തിനുണ്ടെന്നും ഉറപ്പാക്കാൻ ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി.

- നഴ്സുമാർക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നൽകാനും ആവശ്യമെങ്കിൽ ആറ് ഹെൽത്ത് ഇൻസ്പെക്ടർമാരെ പഞ്ചായത്ത് തലത്തിൽ നിയോഗിച്ച് ക്ളീനിങ് ജോലികൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും പഞ്ചായത്തുതല ആക്ഷൻ പ്ലാൻ തയ്യാറാക്കാനും അനുമതി.

- അവശ്യമരുന്നുകൾ, ബ്ലീച്ചിങ് പൗഡർ, ആന്റി സ്നേക്ക് വെനം, എന്നിവ ആവശ്യത്തിന് സംഭരിച്ചു വെക്കാൻ കേരളം മെഡിക്കൽ സപ്ലൈസിനോട് നിർദ്ദേശിച്ചു. ഇവ സംഭരിക്കാനുള്ള സൗകര്യം ജില്ലാതലത്തിലും പ്രാദേശിക തലത്തിലും ഒരുക്കാനും ആവശ്യപ്പെട്ടു.
- ജില്ലകളിലെ മെഡിക്കൽ ക്യാമ്പുകളുടെ തുടർച്ചയായ പ്രവർത്തനം ഉറപ്പുവരുത്തണം. മെഡിക്കൽ കോളേജുകളിലെ ഫാക്കൽറ്റി, പിജി വിദ്യാർഥികൾ തുടങ്ങിയവരുടെ സേവനം ലഭ്യമാക്കണം.
- വെള്ളപ്പൊക്കം മൂലം പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ ആഗസ്റ്റ് 31 ന് മുമ്പ് ശേഖരിക്കാൻ നിർദ്ദേശം നൽകി.
- വിദ്യഭ്യാസ വകുപ്പ് നൽകിയ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടവർ അതത് സ്കൂളുകൾ മുഖേന സെപ്റ്റംബർ മൂന്നിന് രജിസ്റ്റർ ചെയ്യാൻ നിർദ്ദേശം നല്കി.
- വെള്ളപ്പൊക്കത്താൽ തകർന്നതും അപകട സാധ്യതയുള്ളതുമായ സ്കൂളുകൾ തിരിച്ചറിയുന്നതിനും വിവരങ്ങൾ നൽകുന്നതിനും

ജില്ലാ/സബ്-ജില്ലാ വിദ്യഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകി. പിടിഎകളുടെ സഹായത്തോടെ ഇത് ചെയ്യണം.

ആഗസ്റ്റ് 20

- മുഖ്യമന്ത്രി സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും ദുരിതാശ്വാസ രക്ഷാപ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു.
- പ്രളയ ബാധിതമായ ഗ്രാമപ്രദേശങ്ങൾക്ക് 25000 രൂപയും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡുകളിൽ 50000 രൂപയും വീതം ശുചീകരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചു.
- മുതിർന്ന ഐഎഎസ് ഓഫിസർമാരെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കൃത്യമായി ഏകോപിപ്പിക്കാനും സം സ്ഥാനതല സ്വീകരണ, വിതരണ കേന്ദ്രങ്ങൾ കൈകാര്യം ചെയ്യാനും നിയോഗിച്ചു.
- ഭാവിയിൽ ഉണ്ടാകാവുന്ന ആസൂത്രണത്തിന് സഹായകമാകാനായി സ്കൂളുകളിൽ ഏത് ഉയരം വരെ വെള്ളം പൊങ്ങിയെന്നത് അടയാളപ്പെടുത്താൻ തീരുമാനം.
- പത്തനംതിട്ട ചാത്തങ്കരിയിലും ആലപ്പുഴ മുൻസിപ്പൽ സ്കൂയറിലും 10 ബെഡ്, ലബോറട്ടറി, ഡയഗ്നോസ്റ്റിക്സ് സൗകര്യങ്ങളോട് കൂടിയ താത്കാലിക ആശുപത്രി ദക്ഷിണ വ്യോമ കമാൻഡ് ആരംഭിച്ചു..
- വിവിധ കേന്ദ്ര സേനകളിലെ മെഡിക്കൽ ടീമുകൾ ജില്ലകളിലെ മെഡിക്കൽ ക്യാമ്പുകളിൽ സംസ്ഥാന ആരോഗ്യ വകുപ്പുമായി സഹകരിച്ചു പ്രവർത്തിച്ചു. ആഗസ്റ്റ് 20
- മുഖ്യമന്ത്രി സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും ദുരിതാശ്വാസ രക്ഷാപ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

- പ്രളയ ബാധിതമായ ഗ്രാമപ്രദേശങ്ങൾക്ക് 25000 രൂപയും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡുകളിൽ 50000 രൂപയും വീതം ശുചീകരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചു.
- മുതിർന്ന ഐഎഎസ് ഓഫീസർമാരെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കൃത്യമായി ഏകോപിപ്പിക്കാനും സംസ്ഥാനതല സ്വീകരണ, വിതരണ കേന്ദ്രങ്ങൾ കൈകാര്യം ചെയ്യാനും നിയോഗിച്ചു.

- പത്തനംതിട്ട ചാത്തങ്കരിയിലും ആലപ്പുഴ മുൻസിപ്പൽ സ്കൂയറിലും 10 ബെഡ്, ലബോറട്ടറി, ഡയഗ്നോസ്റ്റിക്സ് സൗകര്യങ്ങളോട് കൂടിയ താത്കാലിക ആശുപത്രി ദക്ഷിണ വ്യോമ കമാൻഡ് ആരംഭിച്ചു..
- വിവിധ കേന്ദ്ര സേനകളിലെ മെഡിക്കൽ ടീമുകൾ ജില്ലകളിലെ മെഡിക്കൽ ക്യാമ്പുകളിൽ സംസ്ഥാന ആരോഗ്യ വകുപ്പുമായി സഹകരിച്ചു പ്രവർത്തിച്ചു.

ആഗസ്റ്റ് 21

- മുഖ്യമന്ത്രി സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും ദുരിതാശ്വാസ രക്ഷാപ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു.
- ദുരിതാശ്വാസ ക്യാമ്പുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് വിശദ നിർദ്ദേശം നൽകി.

- സംസ്ഥാന ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശൂർ, കണ്ണൂർ, മലപ്പുറം, കോഴിക്കോട് ജില്ലകൾക്ക് അധിക ഫണ്ട് അനുവദിച്ചു.
- ദുരിതാശ്വാസ ക്യാമ്പുകളിൽ ഏറ്റവും കൂടുതൽ പേർ കഴിഞ്ഞത് ഈ ദിവസം. 3879 ക്യാമ്പുകളിൽ 14,50,707 പേർ.
- ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളായ വിവിധ കേന്ദ്ര സേനകൾ, സംസ്ഥാന സേനകൾ, വകുപ്പുകൾ, മൽസ്യത്തൊഴിലാളികൾ, ഉദ്യോഗസ്ഥർ എന്നിവരെ ആദരിക്കാൻ തീരുമാനിച്ചു.
- യു.എൻ സംഘം കേരളം സന്ദർശിച്ചു

ആഗസ്റ്റ് 22

- മുഖ്യമന്ത്രി സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും ദുരിതാശ്വാസ രക്ഷാപ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.
- ക്യാമ്പുകളിൽ നിന്ന് അവരുടെ വീട്ടിലേക്ക് മടങ്ങിപ്പോകുന്ന കുടുംബങ്ങൾക്ക് അവശ്യവസ്തുക്കളുടെ കിറ്റുകൾ നൽകി.
- തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, ജില്ലാ കളക്ടർമാരെ അന്തർദേശീയ തലത്തിൽ നിന്നുള്ള ദുരിതാശ്വാസ സാമഗ്രികൾ കൈപ്പറ്റുന്ന ചുമതല ഏൽപ്പിച്ചു.

- ദുരിതാശ്വാസ ക്യാമ്പുകളുടെ കൃത്യമായ നടത്തിപ്പിനായി പെരുമാറ്റച്ചട്ടം സംബന്ധിച്ച വിശദമായ സർക്കുലർ പുറപ്പെടുവിച്ചു.

ആഗസ്റ്റ് 23

- മുഖ്യമന്ത്രി ചെങ്ങന്നൂർ, ചാലക്കുടി എന്നീ സ്ഥലങ്ങളിൽ സന്ദർശനം നടത്തി.
- മുഖ്യമന്ത്രി സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും ദുരിതാശ്വാസ രക്ഷാപ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ ഫണ്ട് വിനിയോഗിച്ച് എല്ലാ തോട്ടം തൊഴിലാളികൾക്കും 15 കിലോ അരി നല്കാൻ തീരുമാനം.

ആഗസ്റ്റ് 24

- മുഖ്യമന്ത്രി സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും ദുരിതാശ്വാസ രക്ഷാപ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 242.47 കോടി രൂപ ചെലവഴിച്ച് വെള്ളപ്പൊക്കത്തിൽ നാശനഷ്ടങ്ങളുണ്ടായ കുടുംബങ്ങൾക്ക് വിതരണം ചെയ്തു.

ആഗസ്റ്റ് 26

- മുഖ്യമന്ത്രി സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും ദുരിതാശ്വാസ രക്ഷാപ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.
- പ്രളയത്തിലോ രക്ഷാപ്രവർത്തനങ്ങൾക്കിടയിലോ കേടുപാട് പറ്റിയ ബോട്ടുകൾ മാനദണ്ഡങ്ങൾക്ക് അനുസൃതമായി അറ്റകുറ്റപ്പണി നടത്താൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി.

ആഗസ്റ്റ് 27

- മുഖ്യമന്ത്രി സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും ദുരിതാശ്വാസ രക്ഷാപ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

ആഗസ്റ്റ് 28

- മുഖ്യമന്ത്രി സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും ദുരിതാശ്വാസ രക്ഷാപ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.
- സംസ്ഥാന ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും പിഡബ്ല്യുഡി റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണിക്കും പുനർനിർമ്മിതിക്കുമായി അധിക ഫണ്ട് അനുവദിച്ചു.

ആഗസ്റ്റ് 29

- പ്രളയ ബാധിത റവന്യു വില്ലേജുകളുടെ പട്ടിക തയ്യാറാക്കി.

ആഗസ്റ്റ് 30

- തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിൽ വരുന്ന പബ്ലിക്ക് ഹെൽത്ത് സെന്ററുകളുടേയും കമ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും അറ്റകുറ്റപ്പണിക്കും പുനർനിർമ്മിതിക്കുമായി ഫണ്ട് ലഭ്യമാക്കി.
- കൊല്ലം, ആലപ്പുഴ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകൾക്ക് CMDRF ൽ നിന്നും ഫണ്ട് അനുവദിച്ചു.

ആഗസ്റ്റ് 31

- വിദേശത്തു നിന്നുള്ള ദുരിതാശ്വാസ സാമഗ്രികൾ ഏറ്റുവാങ്ങുന്നത് സംബന്ധിച്ച് കളക്ടർമാർക്ക് വ്യക്തമായ നിർദേശം നൽകി.

സെപ്റ്റംബർ 1

- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ധനം സമാഹരിക്കാൻ ഓരോ ജില്ലയുടെയും ചുമതല മന്ത്രിമാർക്കും മുതിർന്ന ഉദ്യോഗസ്ഥർക്കും നൽകി.

- ദേശീയ ദുരന്ത നിവാരണ അതോറിറ്റി മെമ്പർ ശ്രീ. ആർ.കെ ജെയിൻ, ശ്രീ. കമൽ കിഷോർ, ദേശീയ ദുരന്ത നിവാരണ അതോറിറ്റി ജോയിൻറ് സെക്രട്ടറി ഡോ. തിരുപ്പുഗഴ എന്നിവർ ബഹു. മുഖ്യ മന്ത്രിയെ സന്ദർശിച്ചു

സെപ്റ്റംബർ 3

- വീടുകൾക്ക് ഉണ്ടായ നാശനഷ്ടം സംബന്ധിച്ച് ഡിജിറ്റൽ ക്രൗഡ് സോഴ്സ് ടെക്നിക്ക് ഉപയോഗിച്ച് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കാനും ഭൂമിശാസ്ത്രപരമായ വിവരങ്ങളും മാപ്പുകളും ഉപയോഗിച്ച് ശാസ്ത്രീയമായി നഷ്ടത്തിൻറെ തോത് വിലയിരുത്താനും തീരുമാനം.
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ധനം സമാഹരിക്കാൻ ഓരോ ജില്ലയുടെയും ചുമതല മന്ത്രിമാർക്കും മുതിർന്ന ഉദ്യോഗസ്ഥർക്കും കൈമാറി.

സെപ്റ്റംബർ 4

- ഹൈക്കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിദേശത്തുനിന്നും ലഭിച്ച സാമഗ്രികൾ സ്വീകരിക്കാൻ ഉത്തരവായി.
- രക്ഷാപ്രവർത്തനത്തിനിടെ തകർന്ന മൽസ്യ ബന്ധന ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്ക് സൗകര്യവും പണവും നൽകാൻ ഉത്തരവ്.

- എസ്.സി/എസ്ടി, പിന്നോക്ക സമുദായങ്ങൾ, ദുരിത ബാധിത കുടുംബങ്ങൾ എന്നിവയ്ക്കായി ദുരിതാശ്വാസങ്ങൾ വിതരണം ചെയ്യുന്നതിന് വിശദമായ ഉത്തരവ് നൽകി.
- ലോകബാങ്കും ഏഷ്യൻ ഡെവലെപ്മെന്റ് ബാങ്കും ഐഎഎഫ്സിയും സംയുക്തമായി നഷ്ടത്തിന്റെയും ആവശ്യകതയുടെയും വിലയിരുത്തൽ ആരംഭിച്ചു.

സെപ്റ്റംബർ 5

- ജൈവ മാലിന്യങ്ങൾ ശേഖരിച്ച് മാറ്റുന്നതിന് ക്ലീൻ കേരള കമ്പനിക്ക് SDRF ൽ നിന്ന് തുക അനുവദിച്ചു.
- സർക്കാർ കെട്ടിടങ്ങൾ, വൈദ്യുതി പോസ്റ്റുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ, പൊതു ഗ്രന്ഥശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ഉയർന്ന ജലത്തിന്റെ അളവ് രേഖപ്പെടുത്തുന്ന ഫലകങ്ങൾ സ്ഥാപിക്കാൻ തീരുമാനം.
- 10000 രൂപ ലഭിക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റിന് അന്തിമരൂപം. പരിക്കേറ്റവർക്കുള്ള പരാതി പരിഹാര സംവിധാനവും ഈ ഉത്തരവിൽ പ്രഖ്യാപിക്കപ്പെട്ടു.

സെപ്റ്റംബർ 6

- വീടുകളും ഭൂമിയും ഉപയോഗിക്കാൻ കഴിയാത്ത വിധം നഷ്ടമായ കടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചു. ഈ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്, ഒരു കുടുംബത്തിന് 3 മുതൽ 5 സെന്റ് ഭൂമി വരെ കണ്ടെത്താൻ കളക്ടർമാർക്ക് നിർദ്ദേശം. ഭൂമിയുടെ ലഭ്യത കുറവാണെങ്കിൽ ഫ്ലാറ്റ് നിർമ്മിച്ച് ഇവരെ പുനരധിവസിപ്പിക്കണം.

സെപ്റ്റംബർ 7

- വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ബാധിച്ച പ്രദേശങ്ങളുടെ ഡിജിറ്റൽ മാപ്പിംഗ് പ്രോട്ടോക്കോൾ പുറപ്പെടുവിച്ചു. സെൻട്രൽ വാട്ടർ കമ്മീഷൻ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ എന്നിവയുടെ സഹകരണത്തോടെ ജല വിഭവ വികസന മാനേജ്മെന്റ്, കേരള വന ഗവേഷണ കേന്ദ്രം, സ്കൂൾ ഓഫ് എൻവിറോണ്മെന്റൽ സയൻസസ്, എം.ജി സർവകലാശാല, കേരളം സ്റ്റേറ്റ് റിമോട്ട് സെൻസിങ് സെന്റർ എന്നീ ഏജൻസികൾ ഇതിൽ ഉൾപ്പെടുന്നു.
- നഷ്ടപ്പെടുകയോ കേടുസംഭവിക്കുകയോ ചെയ്ത സർട്ടിഫിക്കറ്റുകൾക്ക് പകരം പുതിയത് നൽകുന്നതിന് ഒരു ഫീസും ഈടാക്കരുതെന്ന് നിർദേശം. (ജിഒ (ആർടി) നം. 21/2018/ഡിഎംഡി. 07/09/2018)

- ദുരിതാശ്വാസക്യാമ്പുകളിൽ പച്ചക്കറികൾ വിതരണം ചെയ്യുന്നതിന് സംസ്ഥാന ദുരന്തനിവാരണ ഫണ്ടിൽ നിന്നും ഹോർട്ടികോർപ്പിന് തുക അനുവദിച്ചു
- 10000 രൂപയ്ക്ക് അർഹരായിട്ടുള്ള കുടുംബങ്ങൾക്ക് കുടുംബശ്രീ മുഖേന ഒരു ലക്ഷം രൂപ വായ്പ അനുവദിച്ചു. (ജിഒ (ആർടി) നം. 21/2018/ഡിഎംഡി. 07/09/2018)

സെപ്റ്റംബർ 13

- ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും മാനദണ്ഡങ്ങൾക്ക് വിധേയമായി 4796.35 കോടി രൂപയുടെ അധിക ധനസഹായം മെമ്മോറാണ്ടത്തിലൂടെ ആരാഞ്ഞു.
- പ്രളയനാന്തരം വേണ്ടി വരുന്ന ആവശ്യങ്ങളുടെ വിലയിരുത്തൽ ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ യു.എൻ സ്ഥാപനങ്ങൾ ആരംഭിച്ചു.

1.30.5 സ്പെഷ്യൽ കോർഡിനേഷൻ സെൽ

ഓഗസ്റ്റ് 8 മുതൽ സംസ്ഥാനത്ത് കാലവർഷം ശക്തമാവുകയും പ്രകൃതിക്ഷോഭത്തിൽ അനിഷ്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്തതിൻറെ പശ്ചാത്തലത്തിൽ ഓഗസ്റ്റ് 9 മുതൽ സംസ്ഥാനത്തെ മുഴുവൻ ദുരിതാശ്വാസ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കാൻ സ്പെഷ്യൽ കോർഡിനേഷൻ സെൽ ആരംഭിച്ചു. സെക്രട്ടേറിയേറ്റിൽ ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ ആരംഭിച്ച സെല്ലിന്റെ ചെയർമാൻ സംസ്ഥാന റിലീഫ് കമ്മീഷ്ണർ തന്നെയായിരുന്നു. സംസ്ഥാനത്തെ മുതിർന്ന സിവിൽ സെർവീസ് ഉദ്യോഗസ്ഥർ, റവന്യൂ, പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ദേശീയ ദുരന്ത നിവാരണ സേന, കരസേന, നാവിക സേന, വ്യോമസേന, കോസ്റ്റ് ഗാർഡ്, ബിഎസ്എഫ്, സിആർപിഎഫ് ഉദ്യോഗസ്ഥർ തുടങ്ങിയ വകുപ്പുകളും സേന വിഭാഗങ്ങളും ചേർന്നതായിരുന്നു സ്പെഷ്യൽ കോർഡിനേഷൻ സെൽ. മുഖ്യമന്ത്രി, കേന്ദ്ര സഹമന്ത്രി, വിവിധ വകുപ്പ് മന്ത്രിമാർ തുടങ്ങിയവരെല്ലാം നേരിട്ട്

കോർഡിനേഷൻ സെല്ലിൽ എത്തുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

ഓഗസ്റ്റ് 9 മുതലുള്ള സംസ്ഥാനത്തെ സ്ഥിതി വിശേഷം 24 മണിക്കൂറും നിരീക്ഷിക്കുകയും ആവശ്യമായ അടിയന്തിര ഇടപെടലുകൾ കാലവിളംബരം കൂടാതെ സ്വീകരിക്കുകയുമായിരുന്നു സ്പെഷ്യൽ കോർഡിനേഷൻ സെല്ലിൻറെ ചുമതല. സംസ്ഥാനത്തെ വിവിധ മേഖലകളിലെ മഴയുടെ അളവ്, നദികളുടെയും ജലസംഭരണികളുടെയും ജലനിരപ്പ്, മണ്ണിടിച്ചിൽ, ഉരുൾപൊട്ടലുകൾ, വെള്ളപ്പൊക്കം തുടങ്ങിയ പ്രശ്നങ്ങൾ യഥാസമയം നിരീക്ഷിക്കുകയും

അടുത്ത ദിവസങ്ങളിൽ സംഭവിക്കാൻ സാധ്യതയുള്ള അപകടങ്ങളെ പ്രതിരോധിക്കുന്നതിന് വേണ്ട അടിയന്തിര മുന്നൊരുക്കങ്ങൾ നടത്തുകയും ചെയ്തു. സ്ഥിതിഗതികൾ വിലയിരുത്തി കൂടുതൽ കേന്ദ്ര രക്ഷാസേനകളെ ആവശ്യപ്പെടുക, സംസ്ഥാനത്ത് എത്തുന്ന രക്ഷ സേനകളെ കൃത്യമായി വിന്യസിക്കുക. സംസ്ഥാനത്തെ പരിശീലനം സിദ്ധിച്ചതും അല്ലാത്തതുമായ സന്നദ്ധ സേവകരെ ഉപയോഗിക്കുക. മുങ്ങൽ വിദഗ്ദർ, രക്ഷാപ്രവർത്തനത്തിന് ആവശ്യമായ വാഹനങ്ങൾ, ഉപകരണങ്ങൾ, മറ്റ് റിസോഴ്സുകൾ എന്നിവ സംസ്ഥാനത്തിന് അകത്തു നിന്നും പുറത്ത് നിന്നും സംഘടിപ്പിക്കുകയും ഇവ രക്ഷാപ്രവർത്തനത്തിന് കൃത്യമായി ലഭ്യമാക്കുകയും ചെയ്യുക. ഒറ്റപ്പെട്ട് പോയവരുടെ വിവരങ്ങൾ ഫോൺ, ഇമെയിൽ, മാദ്ധ്യമ വാർത്തകൾ തുടങ്ങി നിരവധിയായ മാർഗ്ഗങ്ങളിലൂടെ ശേഖരിക്കുകയും ഇവ സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ ഇവരുടെ യഥാർത്ഥ സ്ഥാനം ഭൂപടത്തിൽ രേഖപ്പെടുത്തി തൊട്ടടുത്തുള്ള രക്ഷാസേനക്ക് അവരുടെ നോഡൽ ഓഫീസർ വഴി ലഭ്യമാക്കുക.

അടിയന്തിര ആശയവിനിമയ ഉപാധികൾ പുനഃസ്ഥാപിക്കാൻ വേണ്ട ഇടപെടലുകളും ജില്ലാ ദുരന്തനിവാരണ അതോറിറ്റി, രക്ഷാസേനകൾ, കോർഡിനേഷൻ സെൽ എന്നിവിടങ്ങൾക്കിടയിൽ ഉപഗ്രഹ ഫോണുകൾ ഉൾപ്പെടെയുള്ള ഉപാധികൾ ഉപയോഗിച്ച് കൊണ്ട് ആശയവിനിമയം തടസ്സപ്പെടാതെ നോക്കുക. വെള്ളപ്പൊക്കത്തിൽ അകപ്പെട്ടു പോയവർക്ക് കുടിവെള്ളം, ഭക്ഷണം തുടങ്ങിയവ ആകാശമാർഗ്ഗം എയർഡ്രോപ്പ് ചെയ്തു കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുക. ഇതിനായി സംസ്ഥാനത്തിന് അകത്തു നിന്നും പുറത്ത് നിന്നും ഭക്ഷണവും കുടിവെള്ളവും

ശേഖരിക്കുകയും അവ കൃത്യമായ പാക്കേജിങ് നടത്തി രക്ഷാസേനകളെ ഏൽപ്പിക്കുക. മരുന്ന്, അത്യാവശ്യ വൈദ്യസഹായം എന്നിവ ദുരിത ബാധിത പ്രദേശങ്ങളിൽ അകപ്പെട്ടുപോയവർക്കും ക്യാമ്പുകളിലേക്ക് മാറ്റപ്പെട്ടവർക്കും എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക. സംസ്ഥാനത്തെ ദുരന്ത സാഹചര്യവുമായി ബന്ധപ്പെട്ട പ്രാദേശികമായ വിവരങ്ങൾ വിവിധ വകുപ്പുകളിൽ നിന്നും ശേഖരിക്കുകയും അവ ക്രോഡീകരിച്ച് സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, മാധ്യമങ്ങൾ തുടങ്ങിയവർക്ക് ലഭ്യമാക്കുക. പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥ സംവിധാനത്തിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും മുന്നറിയിപ്പുകളും യഥാസമയം കൊടുത്തു കൊണ്ടിരിക്കുക. കൃത്യമായി അവ പുതുക്കുക. വ്യാജ പ്രചാരണങ്ങളും ശരിയല്ലാത്ത വിവരങ്ങളും സമൂഹത്തിൽ പ്രചരിക്കുന്നത് തടയുക. ശരിയായ വിവരങ്ങൾ പൊതുസമൂഹത്തിന് നൽകുക. സംസ്ഥാനത്തെ ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾക്കായി സ്വീകരിക്കുന്ന നടപടികൾ ദിവസേന ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ ആയി ഡോക്യുമെന്റ് ചെയ്യുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്യുക. ഇങ്ങനെ ശ്രമകരമായ ദൗത്യമായിരുന്നു കേരളത്തെ മഹാപ്രളയം ഗ്രസിച്ച നാളുകളിൽ സ്പെഷ്യൽ കോർഡിനേഷൻ സെൽ നിർവ്വഹിച്ചിരുന്നത്.

1.30.6 മൽസ്യത്തൊഴിലാളികൾ - കേരളത്തിൻറെ സൈന്യം

കേരളത്തെ മഹാപ്രളയം ഗ്രസിച്ച നാളുകളിൽ ദുരന്ത ബാധിതരുടെ രക്ഷാപ്രവർത്തനത്തിൽ ശ്രദ്ധേയമായ പങ്കാണ് മൽസ്യത്തൊഴിലാളികൾ നിർവ്വഹിച്ചത്. രക്ഷാപ്രവർത്തനത്തിനായി മൽസ്യബന്ധന യാനങ്ങൾ കൂടി ഉപയോഗിക്കാനുള്ള സർക്കാരിൻറെ സാധ്യത അന്വേഷണത്തോട് രക്ഷാ പ്രവർത്തനത്തിനായിറങ്ങാനുള്ള സന്നദ്ധത അറിയിച്ചു കൊണ്ടാണ് മൽസ്യത്തൊഴിലാളികൾ മുന്നോട്ട് വന്നത്. കടലിലെ കൂറ്റൻ തിരമാലകളോട്, മല്ലിട്ട് ശീലിച്ച മൽസ്യത്തൊഴിലാളികൾ അവരുടെ മൽസ്യ ബന്ധനയാനങ്ങളുമായി കേരളത്തിൻറെ പ്രളയജലം കീഴടക്കിയ ഗ്രാമങ്ങളിലൂടെ രക്ഷാസേനയായി അവതരിക്കുകയായിരുന്നു. സാഹസികമായ ഇടങ്ങളിൽ ഉൾപ്പെടെ മത്സ്യത്തൊഴിലാളികളുടെ സേവനം

രക്ഷാസേനകൾക്ക് വലിയ സഹായമായി. 669 മൽസ്യബന്ധന യാനങ്ങളും 4537 മൽസ്യത്തൊഴിലാളികളുമാണ് ചരിത്രത്തിൽ സമാനതകളില്ലാത്ത രക്ഷാദൗത്യത്തിന് സ്വയം സന്നദ്ധരായി മുന്നോട്ട് വന്നു കൊണ്ട് കേരളത്തിൻറെ സാമൂഹിക സാഹോദര്യത്തിൻറെ യശസ്സുയർത്തിയത്. 65000ൽ കുറയാത്ത മനുഷ്യജീവനുകളാണ് മൽസ്യതൊഴിലാളികൾ രക്ഷിച്ചെടുത്തത്. മൽസ്യബന്ധനയാനങ്ങൾ പ്രളയബാധിത പ്രദേശങ്ങളിൽ എത്തിക്കാനും ആവശ്യമായ ഇന്ധനച്ചെലവുകളും രക്ഷാപ്രവർത്തനത്തിനിടെ തകരാറിലായ ബോട്ടുകളുടെ റിപ്പയർ വർക്കുകളുടെ ചെലവുകൾ തുടങ്ങിയവ സംസ്ഥാന സർക്കാർ വഹിച്ചു. മത്സ്യത്തൊഴിലാളികളെ മുഖ്യമന്ത്രി 'കേരളത്തിന്റെ സൈന്യം' എന്നാണ് വിശേഷിപ്പിച്ചത്. രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്ത മത്സ്യത്തൊഴിലാളികളെ സംസ്ഥാന സർക്കാർ പ്രത്യേകമായി ആദരിക്കുകയും ചെയ്തു.

1.30.7 ദുരിതാശ്വാസ സഹായ പദ്ധതികൾ സംബന്ധിച്ച വിവരണം

2018ലെ പ്രളയത്തെ കേരളം സുശക്തമായി നേരിട്ട രീതി ദേശീയ-അന്താരാഷ്ട്ര തലത്തിൽ തന്നെ പ്രശംസ പിടിച്ചു പറ്റി. ബഹു. മുഖ്യമന്ത്രി ദിവസവും പൊതുസമൂഹത്തോട് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമായി അറിയിച്ചുകൊണ്ട് വാർത്താ സമ്മേളനങ്ങൾ നടത്തുകയും, വാർത്താ കുറിപ്പുകളിലൂടെ പൊതു സമൂഹത്തിന്റെ ആത്മ വിശ്വാസം പൂർണ്ണ തോതിൽ നിലനിർത്തുകയും ചെയ്തു. ബഹു. മുഖ്യമന്ത്രി പുറപ്പെടുവിച്ച വാർത്താ കുറിപ്പുകൾ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.

ഐക്യത്തോടെയുള്ള രക്ഷാപ്രവർത്തനത്തിന് ശേഷം സംസ്ഥാന സർക്കാർ ഒട്ടും കാലതാമസം വരുത്താതെ പ്രളയത്തിൽ ബാധിച്ചവർക്ക് ആശ്വാസമേകാനും നവകേരള നിർമ്മിതിക്കായുള്ള ചർച്ചകളും പ്രവൃത്തികളും തുടങ്ങുകയുമാണ് ചെയ്തത്.

രാജ്യത്ത് തന്നെ ഏറ്റവും ഉയർന്ന അളവിൽ ദുരിതാശ്വാസ സഹായം നൽകുന്നത് കേരളത്തിലാണ്.

19-09-2018ന് ഹൈകോടതി ഡിവിഷൻ ബെഞ്ച് W.P (C) Nos. 28093 and others‌ൽ പുറപ്പെടുവിച്ച വിധിയിൽ സർക്കാർ ദുരിതാശ്വാസത്തിന് ആത്മാർഥമായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട് എന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിയെ നേരിട്ട് കേട്ട ശേഷം കണ്ടെത്തിയിട്ടുണ്ട്. തുടർന്ന്, സർക്കാർ നൽകുന്ന ദുരിതാശ്വാസ സഹായം പത്രങ്ങളിലും, വില്ലേജ് ഓഫീസുകളിലും, തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളിലും വ്യാപകമായി പ്രചരിപ്പിക്കണം എന്നും കോടതി 30-11-2018ന് പുറപ്പെടുവിച്ച വിധിയിൽ നിർദേശിച്ചിട്ടുണ്ട്. കോടതി അംഗീകരിച്ച പ്രസ്തുത പരസ്യം അനുബന്ധം 4 ആയി ചേർക്കുന്നു.

ദുരിതാശ്വാസ സഹായ പദ്ധതികൾ സംബന്ധിച്ച വിവരണം ചുവടെ ചേർക്കുന്നു. ദുരിതാശ്വാസം സംബന്ധിച്ച സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.

പ്രളയം 2018

സംസ്ഥാനതല വിവരങ്ങൾ

ദുരിതാശ്വാസം

പ്രവർത്തിച്ച ക്യാമ്പുകൾ	5281
താമസിച്ച കുടുംബങ്ങൾ	403735
അടിയന്തിര സഹായം ലഭിച്ച കുടുംബങ്ങൾ (10,000 രൂപ)	692181
അടിയന്തിര സഹായത്തിനായി ചെലവഴിച്ച തുക (കോടിയിൽ)	692.181
22 ഐറ്റം കിറ്റ് ലഭിച്ച കുടുംബങ്ങൾ	694582

വീടുകൾ

വൃത്തിയാക്കിയ വീടുകൾ	691463
പൂർണ്ണമായും തകർന്ന വീടുകൾ	15312
പൂർണ്ണമായും തകർന്ന വീടുകളിൽ നിർമ്മാണം പൂർത്തിയായത്	6423
ഭാഗികമായി തകർന്ന വീടുകൾ (15% മുതൽ 74% വരെ)	301258
ഭാഗികമായി തകർന്ന വീടുകൾക്ക് ദുരിതാശ്വാസം നൽകിയത്	274497
ചെലവായ തുക (കോടിയിൽ)	1661

വിദ്യാഭ്യാസം

പുനർനിർമ്മാണം പൂർത്തിയാക്കിയ സ്കൂളുകൾ	187
പുനർനിർമ്മാണം പൂർത്തിയാക്കിയ അങ്കണവാടികൾ	339
പഠനസഹായം ലഭിച്ച കുട്ടികൾ	278598

റോഡ്

പുനരുദ്ധാരണം ചെയ്ത റോഡ് (കിലോമീറ്റർ)	9,064.49
റോഡുകളും പാലങ്ങളും കലുങ്കുകളും പുനരുദ്ധാരണം ചെയ്തതിന് ചെലവായ തുക (കോടിയിൽ)	613.71

ആരോഗ്യം

പുനരുദ്ധാരണം ചെയ്ത ആശുപത്രികൾ	106
മാനസികാശ്വാസ സഹായം ലഭിച്ചവർ	140988
നെൽവിത്ത് സഹായമായി ലഭിച്ച കർഷകർ	91117
മണ്ണ് സംരക്ഷണ സഹായം ലഭിച്ച കർഷകർ	150671
ഹോർട്ടിക്കൾച്ചർ പ്രളയ സ്പെഷ്യൽ പാക്കേജ് പ്രകാരം സഹായം ലഭിച്ച കർഷകർ	366940
കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി ചെലവഴിച്ച തുക (കോടിയിൽ)	191.7

ക്ഷീര മേഖല

സഹായം ലഭിച്ച ക്ഷീര കർഷകർ	50991
ക്ഷീര കർഷകർക്ക് വിതരണം ചെയ്ത കാലിത്തീറ്റ (മെട്രിക് ടൺ)	2488.4

ഉപജീവന സഹായം

കുടുംബശ്രീ കുടുംബസഹായ വായ്പ ലഭിച്ച വനിതകൾ	165827
കുടുംബശ്രീ കുടുംബസഹായ വായ്പയായി നൽകിയ തുക (കോടിയിൽ)	1397.4
'ഉജ്ജീവന' സഹായ പദ്ധതിയിലൂടെ വായ്പ ലഭിച്ച ചെറുകിട വ്യവസായങ്ങളും കടകളും	1223
'ഉജ്ജീവന' സഹായ പദ്ധതിയിലൂടെ വായ്പയായി നൽകിയ തുക (കോടിയിൽ)	92.84

വൈദ്യുതി

പുനഃസ്ഥാപിച്ച വൈദ്യുതി കണക്ഷൻ	965272
പുനഃസ്ഥാപിച്ച ട്രാൻസ്ഫോർമർ	880
പുനഃസ്ഥാപിച്ച പോസ്റ്റുകൾ	25906
പുനഃസ്ഥാപിച്ച വൈദ്യുത കമ്പി (കിലോമീറ്റർ)	3006
വൈദ്യുതി പുനഃസ്ഥാപിക്കുവാൻ ചെലവായ തുക (കോടിയിൽ)	118.1

കാർഷിക മേഖല

ദുരിതാശ്വാസം ലഭിച്ച കർഷകർ	371897
ചെളി നീക്കുവാൻ സഹായം ലഭിച്ച കർഷകർ	71976

1. അടിയന്തിര ദുരിതാശ്വാസ നടപടികൾ

- മാതൃകാപരമായ രീതിയിൽ സംസ്ഥാനത്തുടനീളം ക്യാമ്പുകൾ തുറക്കാനും പരാതികൾക്കിട നൽകാത്ത വിധം ക്യാമ്പുകൾ നടത്താനും സർക്കാരിന് സാധിച്ചിട്ടുണ്ട്. സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ, കേന്ദ്ര സർക്കാരിന് സമർപ്പിച്ച മെമ്മോറാൻഡം പ്രകാരം 34,15,937 പേരെ, 12,253 ക്യാമ്പുകളിലായി 29-5-2018 മുതൽ 31-8-2018 വരെ വിവിധ ദിവസങ്ങളിലും, സ്ഥലങ്ങളിലുമായി താമസിപ്പിച്ചു. (https://sdma.kerala.gov.in/wp-content/uploads/2019/08/Memorandum2-Floods-2018.pdf)
- 30/08/2018 സർക്കാർ ഉത്തരവ് 457/2018/DMD പ്രകാരം ക്യാമ്പുകളിൽ നിന്ന് വീടുകളിലേക്ക് മടങ്ങുന്ന പ്രളയ ബാധിതരായ കുടുംബങ്ങൾക്ക് അവശ്യ സാധനങ്ങളടങ്ങുന്ന കിറ്റ് നൽകി. ഇത്തരത്തിൽ 7 ലക്ഷത്തിൽ അധികം കിറ്റുകൾ വിതരണം ചെയ്തു.
- സംസ്ഥാനത്തെ മുഴുവൻ തോട്ടം തൊഴിലാളികൾക്കും സ.ഉ 3550/2018/റവ dated 23/08/2018 പ്രകാരം സൗജന്യ റേഷൻ ലഭ്യമാക്കി.
- പ്രളയബാധിത മേഖലയിലെ ദുർബലവിഭാഗങ്ങൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും 500 രൂപ വിലവരുന്ന സൗജന്യ ഭക്ഷ്യധാന്യ കിറ്റും സപ്ലൈകോ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ 3,26,048 അധികം കിറ്റുകൾ വിതരണം ചെയ്തു. ഇതിനായി 16.3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.
- സംസ്ഥാനത്തെ മുൻഗണനേതര കാർഡുകാർക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ച് കിലോ വീതം അരി നൽകി.
- GO (Rt) No. 21/2018/DMD dated 7-09-2018 പ്രകാരം പ്രളയ കെടുതിയിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സർവ്വകലാശാല, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപറേഷനുകൾ, കമ്മീഷനുകൾ, ഡയറക്ടറേറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഡ്യൂപ്ലിക്കേറ്റ്/പുതിയ രേഖകൾ നൽകുമ്പോൾ യാതൊരു വിധ ഫീസും ഈടാക്കുവാൻ പാടുള്ളതല്ല എന്ന് ഉത്തരവ് പുറപ്പെടുവിച്ചു.
- GO (Rt) No. 03/09/2018 സർക്കാർ ഉത്തരവ് 18/2018/DMD പ്രകാരം പ്രളയ ബാധിതമായ ജില്ലകളിൽ നഷ്ടപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിന് അദാലത്തുകൾ നടത്തി.
- സംസ്ഥാന ദുരന്ത പ്രതികരണ നിധിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയും ഉപയോഗിച്ച് 6.9 ലക്ഷം കുടുംബങ്ങൾക്ക് 10,000 രൂപയുടെ അടിയന്തിര സഹായം ബാങ്ക് മുഖാന്തിരം നേരിട്ട് നൽകിയിട്ടുണ്ട്. ഇതിൽ ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള 3800 രൂപ മാത്രമാണ് രാജ്യത്തെല്ലായിടത്തും സാധാരണ ഗതിയിൽ

അനുവദിക്കാറുള്ളത്. കേരളത്തിൽ പക്ഷെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി കൂടി ഉൾപ്പെടുത്തി 10,000 രൂപയുടെ സഹായം അർഹരായവർക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് എത്തിച്ചു കൊടുക്കാൻ സാധിച്ചു. രണ്ട് ദിവസം അടുപ്പിച്ച് വീട്ടിൽ വെള്ളം കയറുകയോ വീടിന് 75% അധികം നാശനഷ്ടം നേരിടുകയോ വീട് പൂർണ്ണമായും തകർന്നു പോകുകയോ ചെയ്തവർക്കാണ് മേൽ സഹായത്തിന് അർഹത.

- പ്രളയത്തിൽ മരണമടഞ്ഞ വ്യക്തികളുടെ കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദനീയമായ നഷ്ടപരിഹാര തുക, ഒരാൾ മരണപ്പെട്ടാൽ 4 ലക്ഷം രൂപ പ്രസ്തുത വ്യക്തിയുടെ കുടുംബത്തിന്, എന്ന തോതിൽ ചിലവഴിച്ച് കഴിഞ്ഞു. തുക നൽകുന്നതിന് നിയമപരമായി തടസം ഇല്ലാത്ത, പ്രളയത്തിൽ മരണമടഞ്ഞ വ്യക്തികളുടെ കുടുംബങ്ങൾക്ക് ഈ തുക വിതരണം നടത്തി.

2. ശുചീകരണം

- പ്രളയ ജലം ഇറങ്ങി പോയ ഉടനെ സന്നദ്ധ പ്രവർത്തകരുടേയും സർക്കാർ സംവിധാനങ്ങളുടെയും സഹായത്തോടെ പ്രളയ ബാധിത പ്രദേശങ്ങളിലാകെ മാതൃകാപരമായ രീതിയിൽ ശുചീകരണ പ്രവർത്തികൾ നടത്തി. ഇതിലേക്കായി പഞ്ചായത്ത് വാർഡിന് 25,000 രൂപയും മുൻസിപ്പാലിറ്റി/കോർപറേഷൻ വാർഡിന് 50,000 രൂപയും അനുവദിച്ചു കൊണ്ട് 18/08/2018 സ ഉ 453/2018/DMD ഉത്തരവിറക്കി. ഇത് കൂടാതെ ജൈവികമായി ജീർണ്ണിക്കാത്ത മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തുകയും അവർക്ക് അതിലേക്കായി 25 ലക്ഷം രൂപ സർക്കാർ ഉത്തരവ് 464/2018/DMD dated 30/08/2018 വഴി നൽകുകയും ചെയ്തു.
- സംസ്ഥാന തലത്തിൽ 6,93,287 വീടുകളും, 7610 പൊതു സ്ഥാപനങ്ങളും,3,00,956 കിണറുകളും വൃത്തിയാക്കി. 5,850 വലിയ മൃഗങ്ങൾ, 8,807 ചെറിയ മൃഗങ്ങൾ, 8,22,553 പക്ഷികൾ എന്നിങ്ങനെ ശവശരീരങ്ങൾ മറവുചെയ്തു. ഇവയെല്ലാം ചെയ്യാൻ 3062 സ്ക്വാഡുകൾ പ്രവർത്തിച്ചു. ബംഗാളിൽ നിന്നും ശവശരീരം മറവു ചെയ്യുവാൻ പ്രത്യേക പരിശീലനം കിട്ടിയ വിഭാഗങ്ങളെ കൊണ്ടു വന്നിരുന്നു. (https://lsgkerala.gov.in/ml/flood-relief-flood-status/flood-sanitation-report-20-sept-2018-1159)

3. ജീവനോപാധി

- 07/09/2018 സർക്കാർ ഉത്തരവ് (കൈ) 326/2018/റവ പ്രകാരം പ്രളയത്തിൽ കഷ്ടതകളനുഭവിക്കുന്ന ജനങ്ങൾക്ക് അവരുടെ ജീവനും

ജീവനോപാധികളും തിരിച്ചു പിടിക്കാനുള്ള സഹായത്തിലേക്കായി RKLS (Resurgent Kerala Loan Scheme) എന്ന സാമ്പത്തിക സഹായ പദ്ധതി രൂപീകരിച്ച് 1 ലക്ഷം രൂപവരെ വായ്പ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും കുടുംബശ്രീയെ അതിൻറെ ചുമതല ഏൽപ്പിക്കുകയും ചെയ്തു. ഈ വായ്പയുടെ പലിശ (9%) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നൽകാനും തീരുമാനിച്ചു. (https://www.kudumbashree.org/pages/711)

4. വീടുകളുടെ പുനർ നിർമ്മിതി

- GO (Ms). No. 7/2018/DMD dated 28/06/2018 പ്രകാരം സംസ്ഥാന സർക്കാർ രാജ്യത്തു തന്നെ ഏറ്റവും ഉയർന്ന തോതിൽ, ദുരന്തത്തിൽ തകർന്നുപോയ വീടുകളുടെ പുനർനിർമ്മാണത്തിനുള്ള Minimum Relief code നിർണ്ണയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം പൂർണ്ണമായി തകർന്നതോ 75% അധികം തകർച്ച നേരിടുകയും വാസയോഗ്യമല്ലാതാകുകയും ചെയ്ത വീടുകളുടെ പുനർനിർമ്മാണത്തിന് 4 ലക്ഷം രൂപ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ മലയോര മേഖലയിൽ 1,01,900 രൂപയാണ് (സമതലത്തിൽ 95100 രൂപ) ഇതിനായി അനുവദിച്ചിട്ടുള്ളത്. ആകെ നൽകുന്ന 4 ലക്ഷത്തിൽ ബാക്കിയുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് നൽകുന്നത്. Minimum Relief Code അനുസരിച്ച് സംസ്ഥാനത്തെ ദുരന്തങ്ങളിൽ തകരുന്ന വീടുകൾക്ക് നേരിട്ടിട്ടുള്ള നാശനഷ്ടത്തിൻറെ തോതനുസരിച്ച് കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%ത്തിനു മേലെ എന്നിങ്ങനെ അഞ്ചു വിഭാഗമായി തിരിച്ച് ഓരോ വിഭാഗത്തിലും ധനസഹായനിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്.
- പൂർണ്ണമായും സ്ഥലം ഒഴുകി പോയവർക്ക് സ്വന്തമായി കേരളത്തിൽ സ്ഥലം ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീടു നിർമ്മാണത്തിന് അനുയോജ്യം അല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ, പ്രമാണത്തിൽ ഉള്ള തുകയോ, ഏതാണോ കുറവ് ആ തുക അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. രാജ്യത്ത് സ്ഥലം ദുരന്തത്തിൽ ഒഴുകി പോയ ദുരന്ത ബാധിതർക്ക് വീടു വയ്ക്കാൻ സ്ഥലം വാങ്ങുന്നതിന് ഇത്രയും ഉയർന്ന അളവിൽ ദുരിതാശ്വാസ സഹായം അനുവദിക്കുന്ന മറ്റൊരു സംസ്ഥാനവും ഇല്ല. ദുരന്ത സാധ്യതാ അനുബന്ധിയായ ഇത്തരം ഒരു സ്ഥലം മാറ്റി താമസിപ്പിക്കൽ സ്കീം മറ്റ് ഒരു സംസ്ഥാനത്തും ഇല്ല.
- പ്രകൃതി ദുരന്തങ്ങളിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം ദുരന്തബാധിതരുടെ നേതൃത്വത്തിലും പൂർണ്ണ പങ്കാളിത്തത്തിലും

ആകണമെന്ന രാജ്യാന്തരതലത്തിലുള്ള അംഗീകൃതമാതൃക പിന്തുടർന്ന് 2018 ൽ പ്രളയത്തിൽ പൂർണ്ണമായും തകർന്നതും ഗുരുതരമായി (75%ത്തിലേറെ) കേടുസംഭവിച്ച് വാസയോഗ്യമല്ലാതായതുമായ വീടുകളുടെ പുനർനിർമ്മാണം ആരംഭിക്കുന്നതിന് വീടുനഷ്ടപ്പെട്ടവരുടെ യോഗങ്ങൾ ബ്ലോക്കു തലത്തിൽ വിളിച്ചു ചേർക്കുവാനും, വിശദമായി വിവിധ ഭവന നിർമാണ സാദ്ധ്യതകൾ വിശദീകരിച്ച് നൽകുകയും ചെയ്തു.

- 'സുരക്ഷിത കൂടൊരുക്കും കേരളം' എന്ന പേരിൽ ബ്ലോക്കുതലത്തിലും നഗരസഭാ തലത്തിലും ഭവന നിർമ്മാണ സഹായകേന്ദ്രങ്ങളും ആരംഭിച്ചു. ലൈഫ് മിഷന് ആണ് ഈ കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല.
- GO (Ms). No. 18/2018/DMD dated 03/09/2018 പ്രകാരം തദ്ദേശ വകുപ്പ് ഓവർസിയർ/എൻജിനീയർമാരുടെ കീഴിൽ സന്നദ്ധപ്രവർത്തകരും എൻജിനീയർമാരും അംഗീകരിക്കുന്ന വീടിന്റെ കെട്ടിട നഷ്ടത്തിന്റെ (Structural damage) തോത് മേൽ പരിശോധനക്ക് ശേഷം അംഗീകരിക്കുന്നത് തദ്ദേശ വകുപ്പ് സെക്രട്ടറിയുമാണ്. ഇവരുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുവാനായി ആസൂത്രണ വകുപ്പ് അംഗം ചെയർമാനായി ഒരു 4 അംഗ സമിതിയെയും ചുമതലപ്പെടുത്തിയിരുന്നു. കണക്കെടുപ്പിൽ തർക്കമുണ്ടായാൽ അപ്പീൽ നൽകുന്നതിനായി ജില്ലാ കളക്ടറേയും ചുമതലപ്പെടുത്തിയിരുന്നു.

5. വൈദ്യുതി

- തകർച്ച നേരിട്ട 9.7 ലക്ഷം കെട്ടിടങ്ങളിലേക്കുള്ളത് ഉൾപ്പടെ, വൈദ്യുതി വിച്ഛേദിക്കപ്പെട്ട 25.57 ലക്ഷം കെട്ടിടങ്ങളിലേക്കുള്ള വൈദ്യുതി ബന്ധം 1-9-2018 ഓടുകൂടി തന്നെ പുനർസ്ഥാപിച്ചു നൽകി.

6. കൃഷി

- പ്രളയംമൂലം കേരളത്തിലെ കാർഷിക മേഖലയ്ക്ക് കനത്ത നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്. പ്രളയത്തിൽ 1,50,000 ഹെക്ടർ സ്ഥലത്തെ കൃഷി നഷ്ട്ടപ്പെട്ടു.
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ (സി.എം.ഡി.ആർ.എഫ്) നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസ സഹായമായി 54 കോടി രൂപയും, സംസ്ഥാന ബഡ്ജറ്റ് വിഹിതമായി 1.5 കോടി രൂപയും, അധികമായി ലഭിച്ച 109.01 കോടി രൂപയും ഉൾപ്പടെ ആകെ 164.51 കോടി രൂപ 354810 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.
- സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തിരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുകയും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ

അംഗങ്ങളായ 1,52,350 കർഷകർക്ക് നഷ്ടപരിഹാരമായി 51 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

- പ്രളയം മൂലം നെൽകൃഷി നശിച്ചതിന് വിരിപ്പ് മുണ്ടകൻ സീസണിൽ വിതയ്ക്കുന്നതിനായി 5650.85 മെട്രിക്ക് ടൺ നെൽവിത്ത് കിലോഗ്രാമിന് 40 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് 2260.338 ലക്ഷം രൂപയുടെ സഹായം കർഷകർക്ക് ലഭ്യമാക്കി. കൂടാതെ, പച്ചക്കറി കൃഷിയുടെ പുനരുജീവനത്തിനായി 770 ലക്ഷം രൂപയ്ക്കുള്ള 77 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 75 ലക്ഷം രൂപയ്ക്കുള്ള 30 ലക്ഷം തൈകളും കർഷകർക്ക് നൽകിയിട്ടുണ്ട്. പ്രളയം മണ്ണിനുണ്ടാക്കിയ ശോഷണം പുനസ്ഥാപിക്കുന്നതിന് 'സോയിൽ അമീലിയോറന്റ്സ് ഇൻ സെലക്ടഡ് ഡിസ്ട്രിക്ട്' എന്ന പദ്ധതി പ്രകാരം 75 ശതമാനം സബ്സിഡി നിരക്കിൽ 4369.27 ഹെക്ടർ സ്ഥലത്ത് 21846 കർഷകർക്കായി 108 ലക്ഷം രൂപയുടെ കുമ്മായവസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്.
- പ്രളയത്തിൽ കൃഷിനാശം സംഭവിച്ച 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 78.43കോടി രൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട് കൂടാതെ, വരൾച്ച മൂലം കൃഷിനാശം സംഭവിച്ച 11035 കർഷകർക്ക് 10.83 കോടി രൂപയുടെ എസ്.ഡി.ആർ. ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്.
- കൃഷിയിടങ്ങളിൽ അടിഞ്ഞുകൂടിയ ചെളി, പാറ, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിന് 24,500 കർഷകർക്കായി 2126 ലക്ഷം രൂപയും, ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനുമായി 12,752 കർഷകർക്കായി 26.22 ലക്ഷം രൂപയും, മഴക്കെടുതി മൂലം ബണ്ടുകൾ പൊട്ടിയത് റിപ്പയർ ചെയ്യുന്നതിന് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 423 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 76.75677 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, പമ്പ് സെറ്റ്, പെട്ടിയും പറയും എന്നിവ റിപ്പയർ ചെയ്യുന്നതിനു 97.6356 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.
- മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (MIDH) പദ്ധതിയുടെ ഭാഗമായി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി പ്രളയ ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും 93.39 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചു. ഇതിന്റെ ആദ്യ ഗഡുവായി 24.93 കോടി രൂപ കേന്ദ്ര വിഹിതവും 16.62 കോടി രൂപ സംസ്ഥാന വിഹിതമായും, ആകെ 41.55 കോടി രൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് ലഭ്യമാക്കിയിട്ടുണ്ട്.
- ഇതിനെല്ലാം പുറമേ വെള്ളപ്പൊക്ക കെടുതിമൂലം വിളകൾക്കും കൃഷിഭൂമിക്കും ഉണ്ടായ നാശനഷ്ടത്തിന്റെ വെളിച്ചത്തിൽ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികളിൽ മാറ്റം വരുത്തിക്കൊണ്ട്

വെള്ളപ്പൊക്ക ദുരിതാശ്വാസം ലക്ഷ്യമിട്ടുകൊണ്ടുള്ള പുതിയ പദ്ധതി നിർദ്ദേശങ്ങൾ 22.19 കോടി രൂപയുടെ പദ്ധതി പാക്കേജിൽ അംഗീകാരം ലഭിച്ചു. അതോടൊപ്പം പുതുക്കൃഷി ആരംഭിക്കുന്നതിനും വിത്ത്/കുമ്മായം പോലുള്ള ഉൽപാദനോപാധികളുടെ വിതരണം, നടീൽ വസ്തുക്കളുടെ വിതരണം, മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനായി 2018-19 ലെ കൃഷി വകുപ്പ് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 43.62 കോടി രൂപയുടെ പ്രത്യേക പുനർജ്ജനി പാക്കേജിനും അംഗീകാരം ലഭിച്ചു. ഇപ്രകാരം ആകെ 65.81 കോടി രൂപയുടെ പ്രളയാനന്തര പാക്കേജ് പദ്ധതികൾ നടപ്പിലാക്കി.

- കാലവർഷക്കെടുതി മൂലം ദുരിതമനുഭവിക്കുന്ന സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും കർഷകർക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള ക്ഷീര വികസനം, മൃഗ സംരക്ഷണം ഉൾപ്പടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 12.10.2018 മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം (സർക്കാർ ഉത്തരവ് (MS) നം. 367/2018 തീയതി 12.10.2018) പ്രഖ്യാപിച്ചിട്ടുണ്ട്.
- കൂടാതെ, കൃഷി വകുപ്പിന്റെ സ.ഉ. (കൈ) നം. 41/2019/കൃഷി തീയതി 07.03.2019, പ്രകാരം പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കുകയും ചെയ്തു. ഇത് കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും ബാധകമാണ്.

7. ക്ഷീര മേഖല

- 7,51,000 പക്ഷികളും, 7953 വളർത്ത് മൃഗങ്ങളും പ്രളയത്തിൽ നഷ്ട്ടപ്പെട്ടു
- GO (Rt) 625/2018/DMD dated 22.11.2018 പ്രകാരം 25 കോടി രൂപയുടെ സഹായം ഈ മേഖലയിലെ കർഷകർക്ക് ലഭ്യമാക്കി. നഷ്ട്ടപ്പെട്ട ഒരു പശുവിന് 30,000 രൂപ വീതം ആണ് അനുവദിച്ചത്

8. മത്സ്യ മേഖല

- GO (Rt) No. 23/2019/DMD dated 11-01-2019 പ്രകാരം മത്സ്യ ബന്ധന മേഖലയിലെ നഷ്ടത്തിന് കേന്ദ്ര മാനദണ്ഡം അനുസരിച്ചുള്ള ദുരിതാശ്വാസ സഹായമായി 11.6 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നൽകി.
- മത്സ്യ തൊഴിലാളികൾക്കു life jacket, ഇന്ധനം എന്നിവ നൽകുന്നതിനുള്ള തുക സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ചു നല്കി.

- രക്ഷാ പ്രവർത്തനത്തിനിടയിൽ തകർച്ച നേരിട്ട മത്സ്യ തൊഴിലാളികളുടെ ബോട്ടുകൾ നന്നാക്കുവാൻ ആവശ്യമായ തുക ചെലവഴിക്കുവാൻ മത്സ്യ വകുപ്പിന് അനുമതി നല്കി.

9. റോഡ്

- 7602.3 km റോഡ് പുനർ നിർമിച്ച് കഴിഞ്ഞു (തദ്ദേശ വകുപ്പും, പൊതുമരാമത്ത് വകുപ്പും ചേർന്ന്)

10. MSME സ്ഥാപനങ്ങൾക്കുള്ള ദുരിതാശ്വാസ സഹായ പദ്ധതി - ഉജ്ജീവന വായ്പ്പാ പദ്ധതി

- MSME സ്ഥാപനങ്ങൾക്കുള്ള കടം - റിസേർവ് ബാങ്ക് മാനദണ്ഡം പ്രകാരം ദുരന്ത ബാധിത പ്രദേശത്തെ സ്വകാര്യ മേഖലയിലെ Micro, Small and Medium Enterprises (MSME) സ്ഥാപനങ്ങളുടെ നാശ നഷ്ട ആഘാതം ലഘൂകരിക്കുന്നതിനുള്ള ചട്ടങ്ങൾ പ്രകാരം നിലവിലെ കടം MSME സ്ഥാപനങ്ങൾക്ക് പുനർക്രമീകരിക്കുകയും, പ്രവർത്തനം പുനരാരംഭിക്കുവാൻ പുതുതായി കടം നൽകുവാനും ദുരന്ത നിവാരണ നിയമത്തിന്റെ Section 13 പ്രകാരം വേണ്ട നടപടി സ്വീകരിക്കുവാൻ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയോട് സംസ്ഥാന അതോറിറ്റി അവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റി പരിശോധിച്ച്, കേന്ദ്ര ഫിനാൻസ് വകുപ്പിന് നിർദ്ദേശം നൽകുകയും, ഈ നിർദ്ദേശം പരിഗണിച്ച് കേന്ദ്ര ഫിനാൻസ് വകുപ്പ് രാജ്യത്തെ എല്ലാ ബാങ്കുകൾക്കും Ltr. No. F.No.27/03/2017-IF-II(PMMY) dated 16-10-2016 പ്രകാരം നിർദ്ദേശം നൽകുകയും ചെയ്തു.
- സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യവസായ സ്ഥാപനങ്ങൾ, കടകൾ, തേനീച്ച കർഷകർ, അലങ്കാര പക്ഷി കർഷകർ എന്നിവർ രാജ്യത്തെ അടിസ്ഥാന ദുരിതാശ്വാസത്തിൽ ഉൾപ്പെടുന്നില്ല. പ്രളയത്തിൽ സർക്കാർ പ്രളയ/ഉരുൾപൊട്ടൽ ബാധിതമായി പ്രഖ്യാപിച്ച 1260 വില്ലേജുകളിലെ ക്ഷീര കർഷകർ, പൗൾട്രി കർഷകർ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ, സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യവസായ സ്ഥാപനങ്ങൾ, കടകൾ (Micro, Small and Medium Enterprises and Shops and Establishments), കിസാൻ ക്രെഡിറ്റ് കാർഡ് ഉടമകൾ എന്നിവർ ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും, സഹകരണ ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പ്പകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകുന്ന ഉജ്ജീവന വായ്പ്പാ പദ്ധതി തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചു. GO (Ms) No. 27/2018/DMD dated 17-12-2018 മേൽ ശുപാർശ സർക്കാർ അംഗീകരിച്ചു. സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യവസായ സ്ഥാപനങ്ങൾ, കടകൾ, തേനീച്ച കർഷകർ, അലങ്കാര പക്ഷി കർഷകർ എന്നിവർക്ക് 2

ലക്ഷം രൂപ വരെയുള്ള സഹായമാണ് ഈ പദ്ധതി പ്രകാരം നല്കുന്നത്. കിസാൻ ക്രെഡിറ്റ് കാർഡ് ഉള്ള പ്രളയ ബാധിതരായ കർഷകർക്ക് 4% താങ്ങ്-പലിശയും നൽകുന്നു. രാജ്യത്ത് ആദ്യമായിട്ടാണ് ഇത്തരം ഒരു ദുരിതാശ്വാസ പദ്ധതി നടപ്പാക്കുന്നത്. 112.95203 കോടി രൂപയുടെ വായ്പ 1563 സ്ഥാപനങ്ങൾക്കു നല്കി കഴിഞ്ഞു എന്നാണ് വ്യവസായ വകുപ്പ് അറിയിച്ചത്.

1.30.8 കേന്ദ്ര ആഭ്യന്തര സഹമന്ത്രിയുടെ സന്ദർശനം - 21-7-2018

2018 ലെ പ്രളയബാധിത പ്രദേശങ്ങൾ നേരിൽ കണ്ടു സ്ഥിതിഗതികൾ വിലയിരുത്തുവാൻ 21-7-2018 കേന്ദ്രസഹമന്ത്രി കിരൺ റിജിജുവിന്റെ നേതൃത്വത്തിൽ കേന്ദ്ര വിനോദ സഞ്ചാര വകുപ്പ് സഹമന്ത്രി അൽഫോൺസ് കണ്ണന്താനവും അടങ്ങുന്ന കേന്ദ്ര സംഘം കൊച്ചിയിൽ എത്തി. ഏറ്റവും കൂടുതൽ വെള്ളപ്പൊക്കം ബാധിച്ച തൃശ്ശൂർ, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിൽ കേന്ദ്ര സംഘം സന്ദർശനം നടത്തി. അഭൂതപൂർണ്ണമായ ഈ വെള്ളപ്പൊക്കം നിയന്ത്രിക്കാൻ അടിയന്തിര കേന്ദ്ര സഹായമായി കേരളത്തിന് 80 കോടി രൂപ അനുവദിച്ചു എന്നു മന്ത്രി അറിയിച്ചു.

1.30.9 കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ സന്ദർശനം - 12-8-2018

2018 ആഗസ്റ്റ് 12-ആം തിയതി കേന്ദ്ര ആഭ്യന്തര മന്ത്രി ശ്രീ. രാജ്നാഥ് സിംഗ് കേരളത്തിലെ വെള്ളപ്പൊക്ക സ്ഥിതി ഗതികൾ നേരിട്ട് കണ്ട് വിലയിരുത്താൻ കേരളത്തിലെത്തി.

കേന്ദ്ര വിനോദ സഞ്ചാര വകുപ്പ് മന്ത്രി ഡോ. അൽഫോൺസ് കണ്ണന്താനം കേരളത്തിലെ വെള്ളപ്പൊക്ക/ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങൾ സന്ദർശിച്ചു. കേന്ദ്ര ടൂറിസം സഹമന്ത്രി (ഇൻഡിപെൻഡന്റ് ചാർജ്), ദേശീയ ദുരന്ത പ്രതികരണ സേനയുടെ (എൻഡിആർഎഫ്) ഡയറക്ടർ ജനറൽ, ശ്രീ സഞ്ജയ് കുമാർ, ആഭ്യന്തര മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ ഈ സംഘത്തിൽ ഉൾപ്പെട്ടിരുന്നു.

പ്രളയ ബാധിത പ്രദേശങ്ങളിൽ വ്യോമ നിരീക്ഷണം നടത്തിയ സന്ദർശിച്ച ശ്രീ രാജ്നാഥ് സിംഗ്, സംസ്ഥാന സർക്കാരും മറ്റ് കേന്ദ്ര സർക്കാർ ഏജൻസികളും നടത്തിയ തിരച്ചിൽ, രക്ഷാപ്രവർത്തന, ദുരിതാശ്വാസ നടപടികൾ അവലോകനം ചെയ്തു. മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ, മറ്റ് വകുപ്പ് മന്ത്രിമ്മാർ, ചീഫ് സെക്രട്ടറി, ഡിജിപി, കേന്ദ്ര ഏജൻസികളിലെയും സംസ്ഥാന ഭരണകൂടത്തിലെയും മുതിർന്ന

ഉദ്യോഗസ്ഥർ തുടങ്ങിയവർ അവലോകന യോഗത്തിൽ പങ്കെടുത്തു. ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് പ്രളയ പ്രതികരണവും ദുരിതാശ്വാസ നടപടികളും സംബന്ധിച്ച വിശദമായ പ്രസന്റേഷൺ അവതരിപ്പിച്ചു. മഴ ശക്തിപ്പെടുവാൻ സാധ്യതയുണ്ട് എന്നതിനാൽ കേരളത്തിൽ നിന്നും കേന്ദ്ര സേനകളെ പിൻവലിക്കരുത് എന്ന് ബഹു. കേന്ദ്ര ആഭ്യന്തര മന്ത്രിയോട് പ്രത്യേകമായി ആവശ്യപ്പെട്ടു. കേരളത്തിന് 100 കോടി രൂപയുടെ അടിയന്തിര സഹായം ബഹു. കേന്ദ്ര ആഭ്യന്തര മന്ത്രി പ്രഖ്യാപിച്ചു.

1.30.10 പ്രധാന മന്ത്രിയുടെ സന്ദർശനം - 18-8-2018

2018 ഓഗസ്റ്റ് 17ന് ബഹു. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി കൊച്ചിയിൽ എത്തി. ഓഗസ്റ്റ് 18ന് ബഹു. ഗവർണറും, ബഹു. മുഖ്യമന്ത്രിയും, ബഹു. റവന്യൂ മന്ത്രിയും ഉന്നത ഉദ്യോഗസ്ഥരും രാവിലെ 8.45ന് അദ്ദേഹത്തോട് പ്രളയ തീവ്രത സംബന്ധിച്ച് വിശദമായി ചർച്ച നടത്തി. ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് പ്രളയ പ്രതികരണവും ദുരിതാശ്വാസ നടപടികളും സംബന്ധിച്ച വിശദമായ പ്രസന്റേഷൺ ബഹു. പ്രധാനമന്ത്രിയുടെ മുന്നിൽ അവതരിപ്പിച്ചു. തുടർന്ന് ഹെലികോപ്റ്ററിൽ ബഹു. പ്രധാന മന്ത്രി പ്രളയ ബാധിത മേഖലകളിൽ സന്ദർശനം നടത്തി. "I salute the people of Kerala for their fighting spirit...the nation stands firmly with Kerala in this hour" എന്ന് യോഗശേഷം ബഹു. പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. കേരളത്തിന് 500 കോടി രൂപയുടെ അടിയന്തിര സഹായം ബഹു. പ്രധാനമന്ത്രി പ്രഖ്യാപിച്ചു. ഇവയ്ക്ക് പുറമെ പ്രളയത്തിൽ മരണം അടഞ്ഞവരുടെ കുടുംബത്തിന് 2 ലക്ഷം രൂപയുടെ അധിക സഹായം പ്രധാന മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പ്രഖ്യാപിച്ചു. പരുക്ക് ഏറ്റവർക്ക് 50,000 രൂപയുടെ സഹായവും പ്രധാന മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പ്രഖ്യാപിച്ചു.

1.30.11 പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസ്സെസ്മെന്റ് (പ്രളയാനാന്തര പുനർനിർമ്മാണ അവശ്യകതാ വിലയിരുത്തൽ)

ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും വീണ്ടെടുക്കൽ ആവശ്യങ്ങളും തന്ത്രങ്ങളും ശുപാർശ ചെയ്യുന്നതിനും യുഎൻ, ലോകബാങ്ക്, യൂറോപ്യൻ യൂണിയൻ എന്നിവ വികസിപ്പിച്ച ആഗോള രീതിയാണ് പിഡിഎൻഎ. 13 മേഖലകളിലായി 10 യു.എൻ ഏജൻസികളിൽ

നിന്നും യൂറോപ്യൻ യൂണിയനിൽ നിന്നുമുള്ള 76 വിദഗ്ദർ 20 ദിവസത്തിനുള്ളിൽ റിപ്പോർട്ട് വികസിപ്പിക്കാൻ സഹകരിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഇതിന് ചുക്കാൻ പിടിച്ചു. യുഎൻഡിപി, യുണിസെഫ്, യുനെസ്കോ, യുഎൻ വിമൻ, യുഎൻഎഫ്പിഎ, യുഎൻഇപി, ഡബ്ല്യുഎച്ച്ഒ, ഡബ്ല്യുഎഫ്പി, ഐഎൽഒ, എഫ്എഒ എന്നിവ യുഎൻ ഏജൻസികളിൽ ഉൾപ്പെടുന്നു. കൂടാതെ, നെതർലാൻഡിൽ നിന്നുള്ള സംയോജിത ജലവിഭവ മാനേജ്മെന്റിനെക്കുറിച്ചുള്ള രണ്ട് വിദഗ്ദരും പിന്തുണ നൽകി. 10 ജില്ലകളിലെ 120 ഗ്രാമങ്ങൾ സന്ദർശിച്ച് വിദഗ്ദർ, ദുരിതബാധിതർ, തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, ഉദ്യോഗസ്ഥർ, സിവിൽ സൊസൈറ്റി സംഘടനകളുടെ പ്രതിനിധികൾ എന്നിവരുമായി സംവദിച്ച ശേഷമാണ് റിപ്പോർട്ട് തയ്യാറാക്കിയത്. റിപ്പോർട്ട് ഡൽഹിയിലെ യു.എൻ. റസിഡന്റ് കോഓർഡിനേറ്റർ യൂറി അഫാനിസീവ് ബഹു. മുഖ്യമന്ത്രി പിണറായി വിജയന് 25-10-2018ന് സമർപ്പിച്ചു. കേരളത്തിലാകമാനം 26,720 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായി, പ്രളയശേഷം കേരള പുനർനിർമ്മാണത്തിനായി 31,000 കോടി രൂപയുടെ ചിലവുകൾ വരുമെന്ന് ഈ റിപോർട്ടിൽ സൂചിപ്പിക്കുന്നു. ഇന്ത്യയിൽ ഇതാദ്യമായാണ് ഇത്തരത്തിൽ വിശദമായ ഒരു ദുരന്താനന്തര വിശകലന പഠനം നടത്തുന്നത്. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ഓരോ മേഖല തിരിച്ചുള്ള വിവരം പട്ടികയിൽ സൂചിപ്പിക്കുന്നു.

മേഖല	തകർച്ച	നഷ്ടം	ആകെ നഷ്ടം		പുനരുദ്ധാരണ തുക	
	രൂപയിൽ	*രൂപയിൽ*	*രൂപയിൽ*	*ഡോളറിൽ (മില്ല്യൺ)*	*രൂപയിൽ*	*ഡോളറിൽ (മില്ല്യൺ)*
സാമൂഹിക മേഖല						
ഭവന നിർമ്മാണം	5,027	1,383	6,410	916	5443	778
ആരോഗ്യം	499	28	527	75	600	86
വിദ്യാഭ്യാസം, ശിശുസംരക്ഷണം	175	4	179	26	214	31
സാംസ്കാരിക പൈതൃകം	38	37	75	11	80	11
ആകെ	**5,739**	**1,452**	**7,191**	**1,028**	**6,337**	**906**
ഉല്പാദന മേഖല						
കൃഷി, മൽസ്യ ബന്ധനം, മൃഗ സംരക്ഷണം	2,975	4,180	7,155	1,022	4,498	643

ആകെ	**2,975**	**4,180**	**7,155**	**1,022**	**4,498**	**643**
അടിസ്ഥാന സൗകര്യ മേഖല						
ജലം, ശുചീകരണം/ശുചിത്വം	890	471	1,361	195	1,331	190
ഗതാഗതം					10,046	1,435
വൈദ്യുതി					353	50
ജലസേചനം					1,483	212
മറ്റ് സൗകര്യങ്ങൾ					2,446	349
ആകെ	**890**	**471**	**1,361**	**195**	**15,659**	**2,236**
ക്രോസ് കട്ടിങ് മേഖല						
പ്രകൃതി സംരക്ഷണം	26	0.04	26	4	148	21
തൊഴിലും ജീവനോപാധിയും	881	9,477	10,358	1,480	3,896	557
ദുരന്ത ലഘൂകരണം	17	583	599	86	110	16
സാമൂഹിക - ലിംഗഭേദ ഉൾപ്പെടൽ	0.9	0	0.9	0.13	35	5
പ്രാദേശിക ഭരണം	28	0	28	4	32	5
ആകെ	**953**	**10060**	**11,013**	**1574**	**4,221**	**604**
ആകെ (എ)	**10557**	**16163**	**26720**	**3819**	**30715**	**4389**
സംയോജിത ജല വിഭവ പരിപാലനം (ബി)	0	0	0	0	24	3
ആകെ തുക (എ+ബി)					**30739**	**4392**
ആകെ തുക (റൗണ്ട് ഓഫ്)					**31,000**	**4,400**

- പ്രസ്തുത റിപോർട്ടിന്റെ ചുരുക്കരൂപം ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2019/03/executive-summary-final-1.pdf
- പൂർണ്ണ റിപോർട്ട് ഇവടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2020/08/Kerala-Post-Disaster-Needs-Assessment.pdf



പ്രളയാനന്തര പുനർനിർമാണം സംബന്ധിച്ച് ഐക്യരാഷ്ട്രസഭയുടെ റിപ്പോർട്ടിലെ (പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസസ്മെന്റ്) നിർദേശങ്ങൾ മുഖ്യമന്ത്രി ചെയർമാനായ ഉപദേശക സമിതിയോഗം അംഗീകരിച്ചു. റിപ്പോർട്ട് സമഗ്രവും എല്ലാമേഖലകളെയും സ്പർശിക്കുന്നതുമാണെന്ന് സമിതി അംഗങ്ങൾ പൊതുവെ അഭിപ്രായപ്പെട്ടു. കുട്ടനാട്ടിലെ ജനങ്ങളുടെ

ജീവിതവും കൃഷിയും സംരക്ഷിക്കുന്നതിനെക്കുറിച്ച് ആസൂത്രണ ബോർഡ് പഠനം നടത്തും. ജലവിഭവ വകുപ്പിന്റെ സഹകരണത്തോടെയാണ് പഠനം നടത്തുക. നദീതടസംരക്ഷണത്തിന് കേരള റിവർ ബേസിൻ അതോറിറ്റി വേണമെന്ന അഭിപ്രായം യോഗത്തിൽ ഉയർന്നു. വീടുകളുടെ പുനർനിർമാണത്തിന് പൊതുമാതൃക സ്വീകരിക്കണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു.

1.30.12 ധനകാര്യ പാർലമെന്ററി സ്റ്റാഡിങ് കമ്മിറ്റിയുടെ സന്ദർശനം - 6-12-2018

ധനകാര്യ പാർലമെന്ററി സ്റ്റാഡിങ് കമ്മിറ്റി, അദ്ധ്യക്ഷൻ ശ്രീ. വീരപ്പ മൊയിലിയുടെ നേതൃത്വത്തിൽ പ്രളയം ദുരിതാശ്വാസം സംബന്ധിച്ച തെളിവെടുപ്പ് എറണാകുളത്ത് നടത്തി. പ്രസ്തുത കമ്മിറ്റി അംഗങ്ങൾ ആയ ശ്രീ. ദിഗ്വിജയ് സിങ്, ശ്രീ. രംഗരാജൻ, ശ്രീ. അനിൽ ദേശായി, ശ്രീ. നവനീത കൃഷ്ണൻ എന്നീ എം.പിമാർ തെളിവെടുപ്പിൽ പങ്കെടുത്തു. സംസ്ഥാനത്തിന് വേണ്ടി ശ്രീ. പി.എച്ച് കുര്യൻ ഐ.എ.എസ്, ശ്രീ. മൊഹമ്മദ് വൈ. സഫറുള്ള ഐ.എ.എസ്, ഡോ. ശേഖർ എൽ. കുര്യാക്കോസ് എന്നിവർ തെളിവ് നല്കി. കമ്മിറ്റി ചേന്ദമംഗലം പഞ്ചായത്ത് സന്ദർശിച്ചു.

1.30.13 പ്രളയാനന്തര പ്രവർത്തനങ്ങൾ

- പ്രളയ ദുരന്തത്തിൻറെ പാഠങ്ങൾ കൂടി ഉൾക്കൊണ്ട് കൊണ്ട് ദുരന്ത സമയങ്ങളിൽ വിവര സംവേദനത്തിന് തടസം നേരിടാതിരിക്കുവാൻ സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹ ഫോൺ (Satellite Phone) നൽകി.
- പ്രാദേശികമായി ദുരന്ത സാധ്യതയുടെ പ്രവചനം അതാത് ദുരന്തങ്ങൾ പ്രവചിക്കുവാൻ ദേശീയ ദുരന്ത നിവാരണ ആസൂത്രണ രേഖ പ്രകാരം നിർണ്ണയിക്കപ്പെട്ടിരിക്കുന്ന കേന്ദ്ര ഏജൻസികളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രദേശങ്ങളിൽ മാത്രമായി ചുരുക്കി എസ്.എം.എസ് സന്ദേശങ്ങളായി നൽകുവാൻ Location Based Messaging System എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ചു.
- സംസ്ഥാന, ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ പുതുക്കുന്ന നടപടികൾ ആരംഭിച്ചു.

- പ്രാദേശിക അടിസ്ഥാനത്തിൽ, ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ, മുൻപ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമ്മിക്കുവാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തി. ഇത്തരത്തിൽ നിലവിൽ 701 വീടുകൾ മാറ്റണം എന്നു ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ മാറ്റണം എന്നു ആവശ്യപ്പെട്ട വീടുകൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുവാൻ 10 ലക്ഷം രൂപ GO (Ms) No. 7/2018/DMD dated 21-6-2018, GO (Ms) No. 13/2018/DMD dated 16-8-2020, GO (Rt) No. 124/2019/DMD dated 16-2-2019, GO (Ms) No. 6/2019/DMD dated 27-2-2019 എന്നിവ പ്രകാരം നൽകുന്നതാണ്.
- ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെയും, സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിന്റെയും വെളിച്ചത്തിൽ ഏതു തരം സ്ഥലങ്ങളിൽ വീട് വയ്ക്കാം എന്നത് സംബന്ധിച്ച ശാസ്ത്രീയ ഉപദേശം നൽകുവാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ Deputy Director General, പരിസ്ഥിതി അവലോകന വിദഗ്ദ്ധ സമിതി അംഗം ശ്രീ. ജി. ശങ്കർ, ഐ.ആർ.റ്റി.സി ഡയറക്ടർ ഡോ. ശ്രീകുമാർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് എന്നിവരുടെ വിദഗ്ദ്ധ സമിതിയെ GO (Rt) No. 664/2018/DMD dated 30-11-2018പ്രകാരം ചുമതലപ്പെടുത്തി. ഇവരുടെ ആദ്യ ശിപാർശ പ്രകാരം മലയോര മേഖലയിൽ വീട് നിർമ്മിക്കുന്നതിന് പ്രത്യേകമായ പരിശോധന നടത്തുവാൻ ജില്ലാ ജിയോളോജിസ്റ്റ്, തദ്ദേശ സ്ഥാപന എൻജിനിയർ എന്നിവർ പ്രത്യേക പരിശോധനാ ഫോറം സ്ഥലം പരിശോധിച്ച് തയ്യാറക്കണം എന്നും നിർദേശിച്ചിട്ടുണ്ട്.
- കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധിതിപ്രകാരം കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിക്ഷിപ്തമായ ചുമതലയായ സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുവാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാനും Letter No. DMA1/447/2018/DMD dated 6-10-2018 പ്രകാരം അവശ്യപ്പെട്ടിരുന്നു. 256 ഓട്ടോമാറ്റിക് കലാവസ്ഥാ മാപിനികൾ സ്ഥാപിക്കണം എന്നും ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ 68 മാനുവൽ മഴമാപിനികളിൽ നിന്നും ദിനംദിന വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. കേന്ദ്ര കാലാവസ്ഥാ വകുപ്പിനു കേരളത്തിൽ ഉള്ള 15 ഓട്ടോമാറ്റിക് കലാവസ്ഥാ മാപിനികളിൽ 7 എണ്ണം മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. കേരളത്തിൽ ഒരു റഡാർ കൂടി കോഴിക്കോട്, വയനാട് അതിർത്തിയിൽ സ്ഥാപിക്കണം എന്നും സർക്കാർ

ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കത്തിന് മറുപടിയായി Letter No D-001/168 dated 24.01.2019 പ്രകാരം കേന്ദ്ര കലാവസ്ഥാ വകുപ്പ് 100 ഓട്ടോമാറ്റിക് കലാവസ്ഥാ മാപിനികൾ സ്ഥാപിക്കുവാൻ സ്ഥലം നല്കണം എന്നു ആഭ്യർഥിച്ചു. 13.03.2019നു ഈ വിഷയത്തിൽ വിശദമായ ഒരു ചർച്ച സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ കേന്ദ്ര കാലാവസ്ഥാ വകുപ്പുമായി നടത്തുകയും ചെയ്തു. മേൽ ചർച്ചയുടെ വെളിച്ചത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ നിലവിലെ എല്ലാ മഴമാപിനികളും പരിശോധിച്ച് വിശദമായ റിപോർട്ട് തയ്യാറാക്കുകയും, 35 സ്ഥലങ്ങൾ ഓട്ടോമാറ്റിക് കലാവസ്ഥാ മാപിനികൾ സ്ഥാപിക്കുവാൻ ഉചിതമാണ് എന്നു കണ്ടെത്തുകയും ചെയ്തു. മേൽ റിപോർട്ട് പ്രകാരം കേന്ദ്ര കാലാവസ്ഥാ വകുപ്പിനു ഓട്ടോമാറ്റിക് കലാവസ്ഥാ മാപിനികൾ സ്ഥാപിക്കുവാനായി കൈമാറിയിട്ടുണ്ട്. ഓരോ സ്ഥലവും 10 മീറ്റർ x 12 ചതുരശ്ര മീറ്റര് ആണ്. 65 സ്ഥലങ്ങൾ കണ്ടെത്തുവാൻ സർവ്വേ നടത്തി വരുന്നു. കൂടാതെ 10 തീർത്ഥാടന/ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഓട്ടോമാറ്റിക് കലാവസ്ഥാ മാപിനികളും ഡിസ്പ്ലേ ബോർഡും സ്ഥാപിക്കുവാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടു. ഇവയ്ക്ക് പുറമെ 39 മാനുവൽ മഴമാപിനികൾ സ്ഥാപിക്കുവാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പു സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ട്. വിശദമായ റിപോർട്ട് ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2019/08/field-survey-report-phase-2.pdf, https://sdma.kerala.gov.in/wp-content/uploads/2019/08/IMD-AWS-Sites-and-RG-Report-2019.pdf

- ഐ.എസ്.ആർ.ഓയുടെ സഹായം പ്രത്യേകമായി Letter No. DMA1/536/2018/DMD dated 6-10-2018 പ്രകാരം അഭ്യർത്ഥിച്ചു. ഐ.എസ്.ആർ.ഓയുടെ 65 ഓട്ടോമാറ്റിക് കലാവസ്ഥാ മാപിനികളും പ്രവർത്തന ക്ഷമമാക്കുവാൻ അവരോടും ആവശ്യപ്പെട്ടു. 13.03.2019നു ഈ വിഷയത്തിൽ വിശദമായ ഒരു ചർച്ച ദുരിതാശ്വാസ കമ്മീഷണർ ഐ.എസ്.ആർ.ഓയുമായി നടത്തുകയും ചെയ്തു. മേൽ യോഗത്തിന്റെ വെളിച്ചത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഐ.എസ്.ആർ.ഓയുടെ നിലവിലെ എല്ലാ മഴമാപിനികളും പരിശോധിച്ച് വിശദമായ റിപോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.
- ദുരന്തത്തെ സംബന്ധിച്ച് ഭാവിയിലേക്ക് വിവരങ്ങൾ നൽകാൻ വേണ്ടി വെള്ളപ്പൊക്കം ബാധിച്ച എല്ലാ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രളയത്തിൽ വെള്ളം കയറിയ ഉയരം അടയാളപ്പെടുത്താൻ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. വെള്ളപ്പൊക്കം

ബാധിച്ച പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം, വെള്ളപ്പൊക്കത്തിൽ വെള്ളം കയറിയ ഉയരം ഉൾപ്പെടെയുള്ള വിവരങ്ങൾ തയ്യാറാക്കുവാൻ സംസ്ഥാനത്തെ Centre for Water Resources Development and Management, Kerala Forest Research Institute, MG University and Kerala State Remote Sensing and Environment Centre എന്നിവരെ GO (Ms) No. 20/2018/DMD dated 7-9-2018 പ്രകാരം ചുമതലപ്പെടുത്തി. പൊതുജനങ്ങൾക്ക് ഈ പ്രവർത്തനത്തിൽ പങ്കെടുക്കുവാൻ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇത്തരത്തിൽ ശേഖരിച്ച വിവരം കേന്ദ്ര ജല കമ്മീഷന് ആധികാരിക ഭൂപടം നിർമ്മിക്കുവാൻ നൽകി. ഇത്തരത്തിൽ ശേഖരിച്ച വിവരം ഇവിടെ ലഭ്യമാണ് https://sdma.kerala.gov.in/wp-content/uploads/2020/11/CROWD_INUNDATION.pdf

- കടലിൽ മത്സ്യതൊഴിലാളികൾക്ക് വിവിധ വിവരങ്ങൾ ലഭ്യമാക്കുവാൻ ആകാശവാണിയുടെ Medium Wave സംവിധാനം തുടർച്ചയായി പുനരാരംഭിക്കുന്നത് ഉചിതമാണോ എന്ന് പരീക്ഷിക്കുവാൻ 19-7-2018 മുതൽ 22-7-2018 വരെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉദ്യോഗസ്ഥർ ഉൾക്കടലിൽ തീര സംരക്ഷണ സേനയുടെ കപ്പലിൽ 200 കിലോമീറ്റർ ദൂരം വരെ 5 ദിവസം സഞ്ചരിച്ചു. പരീക്ഷണം വിജയകരമായതിനാൽ ആകാശവാണിയുടെ Medium Wave സംവിധാനം തുടർച്ചയായി പുനരാരംഭിക്കണം എന്ന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയെ അറിയിച്ചു.
- വെള്ളപ്പൊക്കം ബാധിച്ച സ്ഥലങ്ങളിൽ ജലം വന്നെത്തിയ ഉയരം രേഖപ്പെടുത്തി വയ്ക്കുവാൻ GO (Rt) No. 483/2018/DMD dated 5-9-2018 പ്രകാരം നിർദേശിച്ചു
- United Nations Development Programme, United Nations Environment Programme, SPHERE India എന്നിവരുടെ സഹകരണത്തോടെ സംസ്ഥാനത്തെ 7 ജില്ലകളിലും, സംസ്ഥാന അതോറിറ്റിയിലും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് സഹായമേകാൻ അധിക സാങ്കേതിക വിദഗ്ദ്ധരെ ലഭ്യമാക്കി. കൂടുതൽ വിധക്തരെ നിയമിക്കുന്നത് സർക്കാർ പരിഗണനയിൽ ആണ്.


KERALA
CROWD SOURCED INUNDATION DEPTH - FLOOD 2018
N
KARNATAKA
TAMIL NADU
ARABIAN SEA
Kasaragod
Kannur
Wayanad
Kozhikode
Malappuram
Palakkad
Thrissur
Ernakulam
Idukki
Kottayam
Alappuzha
Pathanamthita
Kollam
Thiruvananthapuram
Legend
Water Level (m)
0-4
4-8
8-12
12-16
District Boundary
Source : SEOC
KSEOC, KSDMA
External boundaries are not verified. Reference purpose only.

1.31 കുടിവെള്ള ക്ഷാമവും വരൾച്ചയും നേരിടാൻ മുൻകരുതൽ സംബന്ധിച്ച യോഗം - 5-3-2019

കുടിവെള്ളക്ഷാമവും വരൾച്ചയും നേരിടാൻ മുൻകരുതൽ സ്വീകരിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. കടുത്ത വരൾച്ചയെ നേരിടുന്നതിനും വേനൽക്കാല ജലവിനിയോഗവും വിതരണവുമായി ബന്ധപ്പെട്ടും ജില്ലാ കളക്ടർമാരുമായി വീഡിയോ കോൺഫറൻസൻസിലൂടെ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

വേനൽകടുത്താൽ ജലസംഭരണികളിൽ വെള്ളം കുറയും. ഇതിനെ നേരിടാൻ നല്ല രീതിയിലുള്ള ഒരുക്കം വേണം. മനുഷ്യർക്കൊപ്പം പക്ഷിമൃഗാദികൾക്കും കുടിവെള്ളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനും വരൾച്ചാ പ്രവർത്തനങ്ങൾക്കുമായി തദ്ദേശസ്ഥാപനം മുതൽ ജില്ലാതലം വരെ ജനകീയ സമിതികൾ രൂപീകരിക്കണം. പൊതുഇടങ്ങളിലും സ്ഥാപനങ്ങളിലും കുടിവെള്ളം ലഭ്യമാക്കുന്നതിന് ജനങ്ങളുടെ സഹകരണത്തോടെ നടപടിയെടുക്കണം. ജലവിഭവ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ദ്രുതകർമ്മ സേനയ്ക്ക് രൂപം നൽകണം. വേനൽ കടുക്കുന്ന സാഹചര്യത്തിൽ വന്യമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങാൻ സാധ്യതയുള്ളതിനാൽ വനംവകുപ്പ് ശക്തമായ നിരീക്ഷണം ഏർപ്പെടുത്തണം.

പൊതുജലസ്രോതസ്സുകളിലെ വെള്ളം ഫലപ്രദമായി വിനിയോഗിക്കണം. വെള്ളം പാഴാക്കാതിരിക്കാനും കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കാനും വിപുലമായ ബോധവത്കരണം നടത്തണം. തൊഴിലുറപ്പ്, കുടുംബശ്രീ, അംഗൻവാടി, ആശപ്രവർത്തകരെ ആശയപ്രചാരണത്തിന് പ്രയോജനപ്പെടുത്തണം. ജലവിതരണത്തിന് ഒരു കലണ്ടർ രൂപീകരിക്കണം. ഓരോ സ്ഥലത്തേയും സാഹചര്യങ്ങൾക്കനുസരിച്ച് ജലവിതരണത്തിന് പ്രായോഗികമായ നടപടി സ്വീകരിക്കണം. ജലസ്രോതസ്സുകളിലെ മലിനീകരണം തടയാൻ ആവശ്യമെങ്കിൽ നിയമനടപടി സ്വീകരിക്കണം. വേനൽക്കാലത്ത് ഉപയോഗിക്കാനാവുന്ന ജലസ്രോതസ്സുകൾ കണ്ടെത്തണം. ആഴ്ചതോറും സ്രോതസ്സുകളിലെ വെള്ളത്തിന്റെ അളവ് തിട്ടപ്പെടുത്തണം. ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാവാതിരിക്കാൻ നല്ല മുന്നൊരുക്കം വേണമെന്ന് മുഖ്യമന്ത്രി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. കുറഞ്ഞ ചെലവിൽ വേഗത്തിൽ

വെള്ളം എത്തിക്കാനുള്ള നടപടിയാണുണ്ടാവേണ്ടത്. തുറന്ന സ്ഥലത്ത് 11 മണിക്കും മൂന്നിനുമിടയിൽ ജോലി ചെയ്യുന്നത് നിരുത്സാഹപ്പെടുത്താനും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

ഉപേക്ഷിക്കപ്പെട്ട ക്വാറികളെ ജലസ്രോതസായി വിനിയോഗിക്കണം. ഇവിടത്തെ വെള്ളം പരിശോധിച്ച്, അളവ് കണക്കാക്കണം. ക്വാറിയിലെ വെള്ളം ആവശ്യമായ സ്ഥലങ്ങളിൽ ടാങ്കറുകളിൽ എത്തിക്കണം. കുടിവെള്ള വിതരണ ടാങ്കറുകളുടെ ശുചിത്വം ഉറപ്പാക്കണം. വേനൽ മഴയിൽ വീടുകളുടെ ടെറസിൽ പതിക്കുന്ന ജലം ഫിൽട്ടർ ചെയ്ത് കിണറുകളിൽ എത്തിക്കുന്നത് പരിഗണിക്കണം. ജലസ്രോതസുകളുടെ സംരക്ഷണത്തിനും ശുചീകരണത്തിനും ഉടനടി നടപടിയെടുക്കണം. ഇക്കാര്യത്തിൽ തദ്ദേശസ്ഥാപനങ്ങൾ നന്നായി ഇടപെടണം. നാണ്യവിളകൾക്ക് വെള്ളം എത്തിക്കാൻ കൃഷിവകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കണം. കേടായ ബോർവെല്ലുകൾ നന്നാക്കാനും നടപടിയുണ്ടാവണം. കുടിവെള്ളത്തിന്റെ ദുരുപയോഗം തടയണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

ഡാമുകളിൽ നിന്നുള്ള ജലം വിതരണം ചെയ്യുന്ന കനാലുകളിലെ തടസ്സങ്ങൾ ഒഴിവാക്കണം. ജലവിതരണത്തിലെ നഷ്ടം പരമാവധി ഒഴിവാക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു. റവന്യു മന്ത്രി ഇ. ചന്ദ്രശേഖരൻ, ജലവിഭവ മന്ത്രി കെ. കൃഷ്ണൻകുട്ടി, തദ്ദേശസ്വയംഭരണ മന്ത്രി എ. സി. മൊയ്തീൻ, ചീഫ് സെക്രട്ടറി ടോം ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറിമാരായ, ഡോ. വിശ്വാസ് മെഹ്ത്ത, ടി. കെ. ജോസ്, റവന്യു പ്രിൻസിപ്പൽ സെക്രട്ടറി ഡോ. വി. വേണു, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എം. വി. ജയരാജൻ, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി വി. എസ്. സെന്തിൽ, സെക്രട്ടറി എം. ശിവശങ്കർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

1.32 നയപരമായ ഇടപെടലുകൾ

1. ദുരന്തത്തിൽ തകർച്ച നേരിടുന്ന വീടിന് നല്കുന്ന Minimum Relief: ദുരന്തത്തിൽ തകർച്ച നേരിടുന്ന വീടിന് നല്കുന്ന സഹായം സ്ലാബ് അടിസ്ഥാനത്തിൽ ഏകീകരിച്ച് ദുരന്ത നിവാരണ നിയമം, 2005 Section 18 (3) പ്രകാരം Minimum Relief Code നിർണ്ണയിക്കണം എന്ന് കത്ത് നമ്പർ 775/2016/SDMA dated 23-9-2016 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സർക്കാരിനോട് അവശ്യപ്പെട്ടിരുന്നു. ഈ സഹായം Build Back Better (പുനർനിർമ്മാണം കൂടുതൽ സുരക്ഷിതമായി) എന്ന സമീപനത്തോടെ വേണം നിർണ്ണയിക്കുവാനും, വിതരണം ചെയ്യുവാനും. വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥരുടെ വിവക്ഷയ്ക്ക് അനുസരിച്ച് പലവിധ സഹായ നിർണ്ണയം ഉണ്ടാകരുത് എന്നതിനാൽ വ്യക്തവും,

വസ്തു നിഷ്ഠവും, സാങ്കേതികവുമായ നാശനഷ്ട നിർണ്ണയ രീതി അവലംബിക്കണം എന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ശുപാർശ ചെയ്തിരുന്നു. 2017-18 കാലഘട്ടത്തിൽ ദുരന്തങ്ങളിൽ തകർച്ച നേരിടുന്ന വീടുകൾക്ക് നല്കിയിരുന്ന ദുരിതാശ്വാസ സഹായം Build Back Better എന്ന സമീപനത്തിൽ വീട് നിർമ്മിക്കുവാൻ അപര്യാപ്തമാണ് എന്നതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഉപയോഗപ്പെടുത്തി ഈ സഹായം വർദ്ധിപ്പിക്കണം എന്നും ദുരന്ത നിവാരണ അതോറിറ്റി ശുപാർശ നല്കി. ഇവയുടെ വെളിച്ചത്തിൽ GO (Ms) No. 7/2018/DMD dated 21-6-2018 പ്രകാരം വാസയോഗ്യം അല്ലാത്ത വീട് എന്നത് (Severely Damaged) 75%ൽ അധികം തകർച്ച നേരിട്ട വീട് എന്ന് തീരുമാനിക്കുകയും, GO (Ms) No. 18/2018/DMD dated 3-9-2018 എന്നത് പ്രകാരം നാശനഷ്ട തോത് അനുസരിച്ച് 5 സ്ലാബുകളും (കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75-100%), തകർച്ച നേരിട്ട വീടുകൾ ഏത് സ്ലാബുകളിൽ വരുന്നു എന്നത് കണ്ടെത്തുവാൻ സാങ്കേതിക നാശനഷ്ട തരങ്ങൾ നിർണ്ണയിക്കുകയും, GO (Ms) No. 24/2018/DMD dated 26-10-2018 പ്രകാരം ഓരോ സ്ലാബിലും ഉൾപ്പെടുന്ന വീടുകൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര തുക വീതം അനുവദിക്കണം എന്നതും നിർണ്ണയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

2. ദുരന്ത സാധ്യതാ അനുബന്ധ പുനരധിവാസം: Build Back Better (പുനർനിർമ്മാണം കൂടുതൽ സുരക്ഷിതമായി) എന്ന ലക്ഷ്യത്തോടെ ആണ് പുനർ നിർമ്മണം നടപ്പാക്കേണ്ടത് എന്ന് ദുരന്ത നിവാരണ അതോറിറ്റി ശുപാർശ ചെയ്തിരുന്നു. ദുരന്ത സാധ്യതയുള്ള വാസ യോഗ്യമല്ലാത്ത സ്ഥലങ്ങളിൽ തകർച്ച നേരിട്ട വീടുകൾ അവിടെ തന്നെ പുനർ നിർമ്മാണം അനുവദിച്ചാൽ സുരക്ഷിതമായ പുനർ നിർമ്മാണം എന്ന ആശയം സാധ്യമകില്ല എന്നതിനാൽ പ്രളയത്തിൽ പൂർണ്ണമായും സ്ഥലം ഒഴുകിപ്പോയവർക്ക് സ്വന്തമായി വേറെ സ്ഥലം കേരളത്തിൽ ഇല്ലെങ്കിലോ, നിലവിലെ സ്ഥലം വീട് വയ്ക്കുന്നതിന് അനുയോജ്യമല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6,00,000 (ആറ് ലക്ഷം രൂപ മാത്രം) രൂപയോ, പ്രമാണത്തിൽ ഉള്ള തുകയോ ഏതാണോ കുറവ് അത് നല്കണം എന്ന ദുരന്ത സാധ്യതാ അനുബന്ധ പുനരധിവാസ സങ്കൽപ്പം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നോട്ട് വെച്ചു. GO (Ms) No. 7/2018/DMD dated 21-6-2018, GO (Ms) No. 13/2018/DMD dated 16-8-2020, GO (Rt) No. 124/2019/DMD dated 16-2-2019, GO (Ms) No. 6/2019/DMD dated 27-2-2019 എന്നിവ പ്രകാരം മേൽ ആശയം സർക്കാർ അംഗീകരിച്ചു.

3. പുറമ്പോക്കിലെ, ദുരന്തത്തിൽ തകർന്ന വീടുകൾക്ക് ദുരിതാശ്വാസ സഹായം നല്കുന്നത്: പുറമ്പോക്കിലെ, ദുരന്തത്തിൽ തകർന്ന വീടുകൾക്ക് ദുരിതാശ്വാസ സഹായം ലഭിക്കുവാൻ അർഹതയുണ്ട് എന്ന് ദുരന്ത നിവാരണ അതോറിറ്റിയുടെ ശുപാർശ സർക്കാർ GO (Ms) No. 1/2019/DMD dated 11-1-2019 പ്രകാരം അംഗീകരിച്ചു.
വെള്ളിയാഴ്ച വൈകുന്നേരത്തെ കണക്ക് പ്രകാരം ഇടുക്കി അണക്കെട്ടിൽ 2392 അടി വെള്ളമുണ്ട്. റിസർവോയറിൽ സംഭരിക്കാവുന്നത് 2403 അടി വെള്ളമാണ്. മഴ തുടരുന്നതുകൊണ്ട് ശക്തമായ നീരൊഴുക്കാണ്. സംഭരണിയിലെ ജലനിരപ്പ് ഉയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് വെള്ളം കുറേശ്ശെ തുറന്നുവിടുന്നതിനെക്കറിച്ച് ആലോചിക്കുന്നത്.

വെള്ളം തുറന്നു വിടുകയാണെങ്കിൽ എത്ര താമസക്കാരെ ബാധിക്കുമെന്നും വെള്ളം ഒഴുകിപ്പോകുന്ന ചാലുകളിലെ തടസ്സങ്ങൾ എന്തൊക്കെയാണെന്നും മനസ്സിലാക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ സർവ്വെ നടത്താൻ തീരുമാനിച്ചു.

വെള്ളം ഒഴുകിപ്പോകുന്ന പുഴയുടെ ഇരു വശങ്ങളിലും 100 മീറ്ററിനുള്ളിലുള്ള കെട്ടിടങ്ങളെ സംബന്ധിച്ച വിവരം ദുരന്തനിവാരണ അതോറിറ്റി അതിസൂക്ഷ്മ ഉപഗ്രഹചിത്രങ്ങളിൽ നിന്ന് തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രാദേശികമായി ഈ കെട്ടിടങ്ങളിൽ താമസിക്കുന്നവരെക്കുറിച്ചുള്ള വിവരമാണ് അടിയന്തരമായി ശേഖരിക്കുന്നത്.

റവന്യൂ, ജലവിഭവ വകുപ്പുകളും കെ.എസ്.ഇ.ബിയും ചേർന്നാണ് സർവ്വെ നടത്തുക. ആവശ്യമായ തയ്യാറെടുപ്പുകൾ നടത്താൻ ഇടുക്കി, എറണാകുളം കലക്ടർമാരോട് മുഖ്യമന്ത്രി നിർദേശിച്ചു.

ഇതിന് മുമ്പ് 1992ലാണ് ഇടുക്കി അണക്കെട്ട് തുറന്നുവിട്ടത്. അതിനുശേഷം തെക്കു പടിഞ്ഞാറൻ കാലവർഷത്തിൽ ഇടുക്കിയിൽ ജലനിരപ്പ് ഇത്രയും ഉയരുന്നത് ആദ്യമാണ്. ഈ സീസണിൽ ഇടുക്കിയിൽ 192.3 സെന്റിമീറ്റർ മഴ ലഭിച്ചു. ദീർഘകാല ശരാശരിയെ അപേക്ഷിച്ച് 49 ശതമാനം കൂടുതലാണിത്.

July - 29

- ഇടുക്കി അണക്കെട്ട് തുറക്കേണ്ട സാഹചര്യം നേരിടാൻ ആവശ്യമായ മുൻകരുതലുകൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഷട്ടർ തുറക്കുന്ന സാഹചര്യമുണ്ടായാൽ ഈ മേഖലയിൽ വിനോദ സഞ്ചാരികളെ പ്രവേശിപ്പിക്കുന്നത് തടയാൻ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ വാഴത്തോപ്പ്, മരിയാപുരം, കഞ്ഞിക്കുഴി, വാത്തിക്കുടി, കൊന്നതടി എന്നീ പഞ്ചായത്തുകളിൽ വിനോദസഞ്ചാരികളേയും കാഴ്ച കാണാനും പകർത്താനും എത്തുന്നവരെയും നിയന്ത്രിക്കാനാണ് ഇടുക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് നൽകിയ നിർദ്ദേശം.
- താഴേക്ക് ഉള്ള പ്രദേശങ്ങളിലെ വിവിധ സ്ഥലങ്ങളിലും, പാലങ്ങളിലും ആളുകൾ കൂട്ടം കൂടി നിൽകുന്ന സ്ഥിതി ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കണം. ആവശ്യമായ സഹായം പോലീസിൽ നിന്നും ലഭ്യമാക്കി, നദി തീരത്തും, നദിക്ക് കുറുകെയുള്ള പാലങ്ങളിലും ജനക്കൂട്ട നിയന്ത്രണം ഉറപ്പ് വരുത്തണം. നദിയുടെ ഇരു കരകളിലും, 100 മീറ്ററിൽ ആരും നിൽക്കുന്നില്ല എന്ന് ഉറപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.
- മുന്നറിയിപ്പ് കണക്കിലെടുത്ത് കാഴ്ച കാണാനും സെൽഫി എടുക്കാനും ഉള്ള യാത്ര ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

July - 29

- ഇടുക്കി അണക്കെട്ട് തുറക്കേണ്ട സാഹചര്യം ഉണ്ടായാൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് വിവിധ സേനാ വിഭാഗങ്ങളെ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി സജ്ജമാക്കിയിട്ടുണ്ട്. എറണാകുളത്ത് ആലുവ യൂത്ത് ഹോസ്റ്റലിൽ ദേശീയ ദുരന്ത നിവാരണ സേനയുടെ ഒരു സംഘം നിലയുറപ്പിച്ചിട്ടുണ്ട്. തൃശ്ശൂരിലും ഒരു സംഘം സജ്ജമാണ്, ഒരു സംഘം ഇടുക്കിയിലും എത്തും.
- കരസേന, നാവികസേന, വായുസേന, കോസ്റ്റ് ഗാർഡ് എന്നിവ ജാഗരൂകരായി ഇരിക്കുവാനുള്ള സന്ദേശം നൽകി കഴിഞ്ഞു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം വായു സേനയുടെ ഒരു Mi17V ഹെലികോപ്ടറും ALH ഹെലികോപ്ടറും സദാ സജ്ജമാക്കി വെച്ചിരിക്കുന്നു. നാവികസേനയും കരസേനയുടെയും നാല് കോളം പട്ടാളക്കാരും വിന്യസിക്കാൻ തയ്യാറായി നിൽക്കുന്നു. എറണാകുളത്തിന്റെ താഴ്ന്ന

പ്രദേശങ്ങളിൽ വെള്ളം കയറിയാൽ വിന്യസിക്കാൻ സജ്ജമായ ചെറു ബോട്ടുകളുമായി കോസ്റ്റ് ഗാർഡ് സംഘവും തയ്യാറാണ്.

- ഇപ്പോൾ പരിഭ്രാന്തരാകേണ്ട സാഹചര്യം ഇല്ല. അതാത് സമയങ്ങളിൽ ആവശ്യമായ നിർദ്ദേശം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നൽകും.

July - 30

ഇടുക്കി ഡാമിലെ ജലനിരപ്പ് 2395 അടി കടന്നതിനാൽ അതിജാഗ്രതാ നിർദ്ദേശം (ഓറഞ്ച് അലർട്ട്)പുറപ്പെടുവിച്ചു. ഡാമിലേക്കുള്ള നീരൊഴുക്കും മഴയുടെ തോതും സൂക്ഷ്മമായി നിരീക്ഷിക്കുകയാണ്. അത് പരിശോധിച്ച ശേഷം മാത്രമാകും ഷട്ടറുകൾ തുറക്കുന്നത് സംബന്ധിച്ച തീരുമാനമുണ്ടാവുക. ജനങ്ങളെ മുൻകൂട്ടി അറിയിച്ച ശേഷം മാത്രമാകും ഷട്ടറുകൾ തുറക്കുന്നത്. ഇപ്പോൾ ജനം പരിഭ്രാന്തരാകേണ്ട സാഹചര്യം ഇല്ല. ഇടുക്കി, എറണാകുളം ജില്ലകളിൽ നിന്നുള്ളവർ ഇതുമായി ബന്ധപ്പെട്ട് ദുരന്തനിവാരണ അതോറിറ്റിയും ജില്ലാ ഭരണകൂടങ്ങളും നൽകുന്ന എല്ലാ നിർദ്ദേശങ്ങളും ഗൗരവത്തോടെ പാലിക്കണം

July - 31

കേരളത്തിൽ ആഗസ്റ്റ് രണ്ടു വരെ ശക്തമായ മഴക്ക് സാധ്യത ഉണ്ടെന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ് അറിയിച്ചിട്ടുണ്ട്. ചില ഇടങ്ങളിൽ ജൂലൈ 31 ന് ശക്തമായതോ (7 -11 cm in 24 hrs) അതിശക്തമായതോ (12 -20 cm in 24 hrs) ആയ മഴ ഉണ്ടാകാനാണ് സാധ്യത. ആഗസ്റ്റ് 1 ന് ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ശക്തമായോ അതിശക്തമായോ ആയി മഴ പെയ്തേക്കും. ആഗസ്റ്റ് 2 ന് ശക്തമായ മഴക്കും സാധ്യത ഉണ്ടെന്നാണ് കാലാവസ്ഥാ മുന്നറിയിപ്പ്. പലയിടങ്ങളിലും ഇടിമിന്നലോടു കൂടിയ മഴ ഉള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. മത്സ്യത്തൊഴിലാളികൾ കേരള ലക്ഷദ്വീപ് തീരങ്ങളിലും അറബി കടലിന്റെ മധ്യ ഭാഗത്തും, തെക്ക് പടിഞ്ഞാറ് ഭാഗത്തും, വടക്കു ഭാഗത്തും മത്സ്യബന്ധത്തിന് പോകരുത്. കേരള ലക്ഷദ്വീപ് തീരങ്ങളിൽ പടിഞ്ഞാറ് ദിശയിൽ നിന്ന് മണിക്കൂറിൽ 25 മുതൽ 35 കിലോ മീറ്റർ വേഗതയിലും ചില അവസരങ്ങളിൽ മണിക്കൂറിൽ 45കിലോ മീറ്റർ വേഗതയിലും കാറ്റടിക്കുവാൻ സാധ്യതയുണ്ടെന്ന് മുന്നറിയിപ്പിൽ പറയുന്നു. കേരള ലക്ഷദ്വീപ് തീരങ്ങളിൽ 3 മുതൽ 3 .2 മീറ്റർ വരെ ഉയരത്തിൽ തിരമാലകൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ തീരദേശത്തുള്ളവരും ജാഗ്രത പാലിക്കണം.

August - 03

കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന കുടുംബങ്ങളെ സഹായിക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ എല്ലാവിഭാഗം ജനങ്ങളോടും അഭ്യർത്ഥിച്ചു.

സമീപകാലത്തെ ഏറ്റവും വലിയ വെള്ളപ്പൊക്കമാണ് ഇപ്പോൾ കേരളം നേരിട്ടത്. 130-ലേറെ മനുഷ്യജീവനുകൾ നഷ്ടപ്പെട്ടു. കൃഷിക്കും വീടുകൾക്കും മറ്റു വസ്തുക്കൾക്കും വലിയ നാശമുണ്ടായി. ആലപ്പുഴ ജില്ലയിലാണ് ഏറ്റവും വലിയ ദുരിതമുണ്ടായത്. കുട്ടനാടൻ മേഖല ഇപ്പോഴും വെള്ളത്തിലാണ്. ആരുടെയും അഭ്യർത്ഥനയില്ലാതെ തന്നെ ധാരാളം വ്യക്തികളും സംഘടനകളും സ്ഥാപനങ്ങളും ഈ അവസരത്തിൽ സഹായവുമായി സർക്കാരിനെ സമീപിക്കുന്നുണ്ട്. അവരോടെല്ലാം നന്ദി അറിയിക്കുന്നു. ഓഖി ദുരന്തമുണ്ടായപ്പോൾ കേരളം ഒന്നിച്ചുനിന്നാണ് അതിനെ നേരിട്ടത്. അതുപോലെ നാം കൈകോർത്തു നിൽക്കേണ്ട സന്ദർഭമാണിത്.

സാമ്പത്തിക പരിമിതി കണക്കിലെടുക്കാതെ ദുരിതാശ്വാസത്തിന് സംസ്ഥാന സർക്കാർ ആവുന്നതെല്ലാം ചെയ്യുന്നുണ്ട്. കൂടുതൽ സഹായമെത്തിക്കുന്നതിന് എല്ലാവരുടെയും സഹായവും പിന്തുണയും ആവശ്യമാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഉദാരമായി സംഭാവന നൽകാൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു. സംഭാവനകൾ താഴെ ചേർത്ത അക്കൗണ്ടിലേക്കാണ് അയക്കേണ്ടത്.

അക്കൗണ്ട് നം. 67319948232, എസ്.ബി.ഐ. സിറ്റി ബ്രാഞ്ച്, തിരുവനന്തപുരം, IFSC: SBIN0070028. CMDRFലേക്കുള്ള സംഭാവന പൂർണ്ണമായും ആദായനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

August - 05

കുട്ടനാട് പാക്കേജ് പൂർണ്ണമായും നടപ്പാക്കാനുള്ള തുടർനടപടി സ്വീകരിക്കാൻ സംസ്ഥാനം കേന്ദ്രസർക്കാരിനെ സമീപിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കുട്ടനാട് ദുരിതാശ്വാസ നടപടികൾ അവലോകനം ചെയ്യാൻ മെഡിക്കൽ കോളേജ് ഓഡിറ്റോറിയത്തിൽ വിളിച്ച ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗത്തിലാണ് ഇക്കാര്യമറിയിച്ചത്.

ജലസ്രോതസ്സുകളുടെ സംരക്ഷണത്തോടൊപ്പം ഇവ ആഴംകൂട്ടി സംരക്ഷിക്കൽ, പഞ്ചായത്തുകളിൽ സംഭരണകേന്ദ്രങ്ങൾ തുടങ്ങിയവ നിർമ്മിക്കുക എന്നിവയ്ക്കായുള്ള രൂപരേഖ തയ്യാറാക്കിയാകും സംസ്ഥാന സർക്കാർ കേന്ദ്രത്തെ സമീപിക്കുക.

ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ എല്ലാ വകുപ്പിലും സ്പെഷൽ ഓഫീസറെ നിയമിക്കണം. റവന്യൂവകുപ്പ് ജില്ലാതലത്തിൽ ഇത് ഏകോപിപ്പിക്കും. നഷ്ടമായ അധ്യയന ദിനങ്ങൾ തിരിച്ചുപിടിക്കാൻ വിശദമായ രൂപരേഖ തയ്യാറാക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തി. കുട്ടനാട്ടിലെ അടിയന്തിര സേവന ഓഫീസുകളെ വെള്ളപ്പൊക്കം ബാധിക്കാത്ത നിലയിൽ ഉയർത്താൻ നടപടി സ്വീകരിക്കും.

വെള്ളപ്പൊക്ക മുന്നറിയിപ്പ് സംവിധാനം കുട്ടനാട്ടിൽ സ്ഥാപിക്കുന്നത് പരിഗണിക്കും. വെള്ളപ്പൊക്കത്തിൽ വിവിധ രേഖകൾ നഷ്ടപ്പെട്ടവർക്ക് അവ ലഭ്യമാക്കാൻ പഞ്ചായത്ത്, താലൂക്ക് തലത്തിൽ അദാലത്ത് നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ദുരിതബാധിതർക്ക് വായ്പ ലഭ്യമാക്കാൻ ബാങ്കുകളുടെ സഹായം തേടാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകി. ഇത് മന്ത്രിസഭയോഗത്തിൽ തീരുമാനിക്കും. സഹകരണ ബാങ്കുകൾ, കെ.എഫ്.സി. എന്നിവയുടെ സഹായം ഇതിനായി തേടണം. ഏറെ പ്രതിസന്ധിയിലായ ചെറുകിട കച്ചവടക്കാർക്ക് പ്രത്യേക വായ്പ നൽകുന്നത് കെ.എഫ്.സി.യും സഹകരണ ബാങ്കുകളും പരിഗണിക്കണം. കാർഷിക വായ്പകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നത് മന്ത്രിസഭായോഗം പരിഗണിക്കും.

പ്രളയബാധിത മേഖലകൾക്ക് അനുയോജ്യമായ കെട്ടിടനിർമ്മാണ സാധ്യത പരിഗണിക്കണം. വെള്ളം ഒഴുകിപ്പോകാൻ പാകത്തിൽ അടഞ്ഞ ചാലുകൾ തുറക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. ഇതിന് സന്നദ്ധപ്രവർത്തകർ ഉൾപ്പെടെയുള്ള എല്ലാവരുടെയും സഹായം തേടണം. കുട്ടനാടിന്റെ പ്രകൃതി പ്രത്യേകത അനുസരിച്ച് ശുചിമുറികൾ നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണം. ഇപ്പോൾ പലയിടങ്ങളിലും ഭക്ഷ്യവസ്തുക്കളും ദുരിതാശ്വാസ വസ്തുക്കളും എത്തിക്കുന്നതിന് പാലങ്ങൾ തടസ്സം സൃഷ്ടിക്കുന്നുണ്ട്. ഇത്തരം പാലങ്ങൾ ഉയരം കൂട്ടി പുനർനിർമ്മിക്കാൻ നബാർഡ് പദ്ധതികൾ ഉപയോഗപ്പെടുത്തും. ജലനിരപ്പ് ഉയരുമ്പോൾ കെട്ടിടങ്ങളിൽ വെള്ളം കയറാത്ത വിധത്തിലുള്ള നിർമ്മാണ

സംവിധാനം കുട്ടനാട്ടിൽ പരിഗണിക്കും. ഇതിനായി ആവശ്യമെങ്കിൽ നിയമഭേദഗതി കൊണ്ടുവരും. പ്രളയ സമയങ്ങളിൽ വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെടാതിരിക്കാൻ സൗരോർജ്ജ പദ്ധതിയും പരിഗണിക്കും. കുട്ടനാട്ടിലെ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണത്തക്കവിധത്തിൽ ഫലപ്രദമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. വരുന്ന മന്ത്രിസഭയോഗം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കും.

കുട്ടനാട്ടിൽ ഉൾപ്പെടെ കൂടുതൽ ജല ആംബുലൻസ് ആവശ്യമാണ്. കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടിയുണ്ടാകും. ഭാവിയിൽ ഇവയുടെ സംരക്ഷണത്തിനാവശ്യമായ പ്രത്യേക നടപടികൾ മൃഗസംരക്ഷംവകുപ്പ് സ്വീകരിക്കണം. വൈദ്യുതി, വെള്ളക്കരം എന്നിവ അടയ്ക്കുന്നതിനു സാവകാശം നൽകണമെന്നാണ് സർക്കാർ കാണുന്നത്. ഇക്കാര്യത്തിലും മന്ത്രിസഭയിൽ തീരുമാനമെടുക്കും.

പകർച്ചവ്യാധികൾക്കെതിരെ ഫലപ്രദമായ നടപടികൾ ഉണ്ടാകണം. വെള്ളമിറങ്ങുന്നതോടെ വരാവുന്ന അപകടം മുൻകൂട്ടി കണ്ട് കൂടുതൽ ജാഗ്രത ആരോഗ്യമേഖലയിൽ പുലർത്തണം. പാമ്പുകടിയേറ്റാൽ ചികിൽസയ്ക്ക് മെഡിക്കൽ കോളേജിൽ ഉൾപ്പെടെ ആശുപത്രികളിൽ സംവിധാനം ഒരുക്കണം. കുടിക്കുന്ന വെള്ളം ശുദ്ധമായിരിക്കണം എന്നതാണ് പ്രധാന വിഷയം. ഇക്കാര്യത്തിൽ ജലഅതോറിറ്റി പ്രത്യേക പ്രാധാന്യം നൽകണം. ആവശ്യമായ ഇടങ്ങളിലെല്ലാം കുടിവെള്ളം ജലഅതോറിറ്റി ലഭ്യമാക്കണം.

ശുചിത്വമിഷന്റെ നേതൃത്വത്തിൽ റവന്യൂ, ആരോഗ്യ, തദ്ദേശവകുപ്പുകൾ ശുചീകരണത്തിൽ പ്രത്യേക ശ്രദ്ധ പതിക്കണം. വെള്ളം ഇറങ്ങിയ വീടുകളിൽ തറയിൽ കയറു തടുക്കുകൾ വിരിക്കുന്നത് നന്നായിരിക്കും. റോഡ് അറ്റകുറ്റപ്പണി ഫലപ്രദമായി നടത്തും. എ.സി റോഡ് പ്രത്യേകമായി പരിഗണിച്ചായിരിക്കും നടപടി. ഏതെങ്കിലും പൂർത്തീകരിക്കാത്ത കുടിവെള്ള പദ്ധതികൾ ഉണ്ടെങ്കിൽ വേഗത്തിൽ പൂർത്തിയാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

August - 08

ജലനിരപ്പ് ഉയർന്നതോടെ ഇടമലയാർ ഡാം നാളെ രാവിലെ എട്ടിന് ഷട്ടറുകൾ ഉയർത്തി ജലം പെരിയാറിലേക്ക് ഒഴുക്കുമെന്ന് കെ.എസ്.ഇ.ബിയും ജില്ലാ ഭരണകൂടവും അറിയിച്ചു. ഡാം തുറക്കുന്നതിന് മുന്നേയുള്ള അതീവ ജാഗ്രതാ നിർദ്ദേശമായ റെഡ് അലർട്ട് പ്രഖ്യാപിച്ചു. 2013ൽ ഡാം തുറന്നപ്പോൾ വെള്ളം കയറിയ ഭാഗങ്ങളിലുള്ളവരും പെരിയാറിന്റെ ഇരുകരയിലുമുള്ളവരും ജാഗ്രത പാലിക്കണം.169 മീറ്ററാണ് ഡാമിന്റെ സംഭരണശേഷി. ജലനിരപ്പ് 168. 5 മീറ്ററിലെത്തിയപ്പോഴാണ് റെഡ് അലർട്ട് പ്രഖ്യാപിച്ചത്.

പുഴയിൽ പരമാവധി ഒരു മീറ്റർ മുതൽ ഒന്നര മീറ്റർ വരെ ജലനിരപ്പുയരാനാണ് സാധ്യത. ഇടമലയാർ പദ്ധതി പ്രദേശത്തെ മഴയുടെയും നീരൊഴുക്കിന്റെയും അടിസ്ഥാനത്തിൽ 164 ഘനമീറ്റർ (ക്യൂമെക്സ്) ജലമാണ് പെരിയാറിലേക്ക് ഒഴുക്കുക. അണക്കെട്ട് ഇതിനു മുമ്പ് തുറന്ന 2013ൽ 900 ഘനമീറ്റർ ജലം ഒഴുക്കിയിരുന്നു.

ഇടമലയാർ അണക്കെട്ടിലെ പൂർണ്ണതോതിലുള്ള സംഭരണശേഷി 169 മീറ്ററാണ്. ജലനിരപ്പ് 168.20 പിന്നിട്ട സാഹചര്യത്തിലാണ് വൈദ്യുതി ബോർഡിന്റെ ഡാം സേഫ്റ്റി വിഭാഗം ചീഫ് എഞ്ചിനീയർ അതിജാഗ്രതാ നിർദേശമായ റെഡ് അലർട്ട് പുറപ്പെടുവിച്ചത്. നീരൊഴുക്ക് സൂക്ഷ്മ നിരീക്ഷണത്തിലാണ്. ജനങ്ങൾ പരിഭ്രാന്തരാകേണ്ടതില്ല. ഷട്ടർ തുറക്കുന്ന സമയം ഡാമിലേക്കുള്ള നീരൊഴുക്കിന്റെ അടിസ്ഥാനത്തിൽ നിലവിൽ നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. നീരൊഴുക്കിന്റെ

അടിസ്ഥാനത്തിൽ ആവശ്യമാണെങ്കിൽ, ഒരു പുനർനിർണ്ണയം ഉണ്ടാകുമ്പോൾ, പൊതുജനങ്ങളെ അറിയിക്കും.

പെരിയാറിന്റെ തീരത്തുള്ള പ്രദേശങ്ങളിൽ എല്ലാ മുൻകരുതലുകളും എടുത്തിട്ടുണ്ടെന്നും ആവശ്യമുള്ള പക്ഷം ക്യാമ്പുകൾ സജ്ജമാണെന്നും കളക്ടർ അറിയിച്ചു. അണക്കെട്ട് തുറക്കുന്നതുമായി ബന്ധപ്പെട്ട് സമൂഹമാധ്യമങ്ങളിൽ തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെ ഐടി നിയമത്തിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കും. വസ്തുതകൾ അറിയുന്നതിന് ഔദ്യോഗിക അറിയിപ്പുകളെ ആശ്രയിക്കണം. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജായ www.facebook.com/dcekm/ അറിയിപ്പുകൾ യഥാസമയം ലഭ്യമാകും. കാക്കനാട് കളക്ടറേറ്റിലെ ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്ററിൽ ടോൾഫ്രീ നമ്പറായ 1077ലും ബന്ധപ്പെടാവുന്നതാണ്. മറ്റു നമ്പറുകൾ 7902200300, 7902200400, 04842423513

August - 08

ഇടമലയാർ റെഡ് അലേർട്ട്. ജനങ്ങൾ പരിഭ്രാന്തരാകേണ്ടതില്ല.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ഇന്ന് (8-8-2018)ന്, വൈകിട്ട് 4.45ന് ചേർന്ന് താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കോണ്ടു.

1. ശക്തമായ മഴ കാരണം ജലനിരപ്പ് ഉയരുന്നതിനാൽ ഇടമലയാർ അണക്കെട്ട് മുൻ നിശ്ചയിച്ച സമയമായ നാളെ (9-8-2018) രാവിലെ 8 മണിയിൽ നിന്നും വത്യസ്തമായി, നാളെ (9-8-2018) രാവിലെ 6 മണിക്ക് തുറക്കും.

2. അഥവാ നാളെ (9-8-2018) രാവിലെ 6 മണിക്ക് മുൻപ് ജലനിരപ്പ് 170 m ആയാൽ, 82 cumecs (സെക്ക്ണ്ടിൽ 82 ഘന മീറ്റർ) ജലം എന്ന അളവിൽ ഒരു ഷട്ടർ മാത്രം തുറക്കും. പുഴയുടെ അതിർത്തിക്കുള്ളിൽ മാത്രമേ സെക്ക്ണ്ടിൽ 82 ഘന മീറ്റർ അളവിൽ ജലം തുറന്ന് വിടുന്നതിനാൽ ജലനിരപ്പിൽ വ്യതിയാനം ഉണ്ടാകൂ എന്ന് അനുമാനിക്കുന്നു.

3. ഇടമയലർ അണക്കെട്ട് തുറക്കേണ്ടി വരുന്നു സാഹചര്യത്തിൽ, 2398 അടിയിൽ (2398 ft) നിർണയിച്ചിരുന്ന ഇടുക്കിയുടെ ട്രയൽ റൺ, സാഹചര്യം വിലയിരുത്തി മാത്രമേ നടത്തുകയുള്ളൂ. ട്രയൽ റൺ നടത്തുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം പൊതുജനങ്ങളെ അറിയിക്കുന്നതാണ്.

August - 09

ഇടമലയാർ ഡാമിന്റെ രണ്ട് ഷട്ടറുകൾ രാവിലെ 5 മണിക്ക് തുറന്നു. പെരിയാറിന്റെ ഇരു കരകളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

August – 09

ശക്തമായ മഴ സംസ്ഥാനത്തെ പല മേഖലകളിലും കനത്ത നാശം വിതക്കുന്ന സാഹചര്യത്തിൽ രക്ഷാപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ മുഖ്യമന്ത്രി നിർദ്ദേശിച്ചു. വയനാട്, ഇടുക്കി, മലപ്പുറം ജില്ലകളിൽ ഉരുൾപ്പോട്ടലും മണ്ണിടിച്ചിലും ഉണ്ടായിട്ടുണ്ട്. രക്ഷാപ്രവർത്തനത്തിന് സൈന്യത്തിന്റെ സേവനം തേടി. ഇടുക്കി, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലേക്കാണ് സേനയെ കൂടെ രക്ഷാപ്രവർത്തനത്തിന് നിയോഗിച്ചത്.

ദേശീയ ദുരന്തനിവാരണ സമിതിയുടെ മൂന്നു സംഘങ്ങളെ കോഴിക്കോട്, എറണാകുളം, ആലപ്പുഴ ജില്ലകളിൽ നിയോഗിച്ചിട്ടുണ്ട്. രണ്ടു ബറ്റാലിയൻ കൂടി കോഴിക്കോട് ,വയനാട് ജില്ലകളിൽ എത്തും. പൊലീസും ഫയർഫോഴ്സും രക്ഷാപ്രവർത്തനങ്ങളിൽ സജീവമാണ്. അവരുടെ എല്ലാ ശേഷിയും വിനിയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ജനങ്ങളെ സുരക്ഷിതരായി സംരക്ഷിക്കുന്നതിനാണ് ഇപ്പോൾ പ്രാധാന്യം നൽകുന്നത്. അതിന് സാധ്യമായതെല്ലാം ചെയ്യും. ആവശ്യമായ ഇടങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കും. മഴ കനത്തത്തോടെ പല ഡാമുകളുടെ ഷട്ടറുകളും തുറന്നിട്ടുണ്ട്. പുഴകളുടെ സമീപ പ്രദേശങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാകും. ഇത്തരം മേഖലകളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

August – 09

ഇടുക്കി ചെറുതോണി ഡാം 12 മണിയോട് കൂടി ട്രയൽ റണ്ണിനായി തുറക്കും. ജനങ്ങൾ പരിഭ്രാന്തരാകേണ്ടതില്ല. ഡാം തുറക്കുമ്പോൾ സ്വീകരിക്കേണ്ട മുഴുവൻ മുൻകരുതലുകളും സ്വീകരിച്ചിട്ടുണ്ട്. വെള്ളം ഉയരുവാൻ സാധ്യതയുള്ളതിനാൽ പുഴയുടെ തീരങ്ങളിൽ ഉള്ളവർ ജാഗ്രത പാലിക്കണം.

August – 09

നീരൊഴുക്ക് ശക്തമായതിനെ തുടർന്ന് ഇടുക്കി ചെറുതോണി അണക്കെട്ടിലെ ട്രയൽ റൺ രാത്രിയിലും തുടരും. നിലവിൽ പുറത്തേക്ക് ഒഴുക്കുന്ന അളവിൽ തന്നെ ഇന്ന് രാത്രിയും ജലം പുറത്തേക്ക് ഒഴുക്കുന്നത് തുടരും. ഇടുക്കി, എറണാകുളം ജില്ലകളിൽ ഉള്ളവർ ജാഗ്രത പാലിക്കണം

August – 09

സംസ്ഥാനത്തെ കാലവർഷക്കെടുതി നേരിടാനുള്ള ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ പുരോഗതി മുഖ്യമന്ത്രി വിലയിരുത്തി. രാവിലെ ചേർന്ന ഉന്നതതല യോഗ തീരുമാനങ്ങളുടെ പുരോഗതിയാണ് മുഖ്യമന്ത്രി വൈകുന്നേരം വിലയിരുത്തിയത്. ഇതുവരെ അഭിമുഖീകരിച്ചിട്ടില്ലാത്ത ദുരന്തത്തെ നേരിടാൻ കേന്ദ്രസേനകളുടേയും ദുരന്തനിവാരണ സേനകളുടേയും പൊലീസ്- ഫയർ ഫോഴ്സ് സേനകളുടേയും നേതൃത്വത്തിൽ ഫലപ്രദമായ പ്രവർത്തനങ്ങളാണ് നടക്കുന്നത്. മന്ത്രിമാർ വിവിധ ജില്ലകളിൽ രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകുന്നുണ്ട്. എം എൽ എ മാർ അടക്കമുള്ള ജനപ്രതിനിധികളും സന്നദ്ധ പ്രവർത്തകരും സജീവമായി രക്ഷാപ്രവർത്തനത്തിൽ അണിചേർന്നിട്ടുണ്ട്.

- ദേശീയ ദുരന്ത പ്രതികരണ സേനയുടെ ഒരു സംഘത്തെ ഹെലികോപ്റ്റർ മുഖേന വയനാട്ടിൽ എത്തിച്ചു. 15 അംഗങ്ങളാണ് സംഘത്തിൽ ഉള്ളത്.
- ദേശീയ ദുരന്ത പ്രതികരണ സേനയുടെ 3 സംഘം കോഴിക്കോട് വിമാനത്താവളത്തിൽ എത്തി. ഇവരിൽ 48 പേരടങ്ങുന്ന സംഘം നാളെ രാവിലെയോടെ വയനാട്ടിലെത്തും. 28 പേരടങ്ങുന്ന ഒരു സംഘം മലപ്പുറത്തും 28 പേരടങ്ങുന്ന മറ്റൊരു സംഘം കോഴിക്കോടും നാളെ പ്രവർത്തനം നട ത്തും. 48 പേരടങ്ങുന്ന ഒരു സംഘം നിലവിൽ കോഴിക്കോട് ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നുണ്ട്.
- രാത്രിയോടെ ദേശീയ ദുരന്ത പ്രതികരണ സേനയുടെ മൂന്ന് സംഘങ്ങൾ പാലക്കാട് എത്തും. ഇവരിൽ 28 പേരടങ്ങുന്ന ഒരു സംഘം പാലക്കാട് പ്രവർത്തിക്കും. 48 പേരടങ്ങുന്ന മറ്റൊരു സംഘം ഇടുക്കിയിലേക്ക് പോകും.
- കണ്ണൂരിൽ നിന്നും കരസേനയുടെ ഒരു സംഘം പെരിയ ചുരം വഴി വയനാട്ടിലേക്ക് തിരിച്ചു. പോകുന്ന പാതയിലെ തടസങ്ങൾ നീക്കിയാണ് ഈ സംഘം വയനാട്ടിൽ എത്തുന്നത്. കണ്ണൂരിലും മലപ്പുറത്തും നിലവിൽ കരസേനയുടെ ഓരോ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

- നേവിയുടെ 15 പേരടങ്ങുന്ന സംഘം നിലവിൽ മലപ്പുറത്ത് ലഭ്യമാണ്. 5 പേർ വയനാട്ടിലും എത്തിയിട്ടുണ്ട്. ഏഴിമല നാവിക അക്കാദമിയിൽ നിന്നും ഒരു ടീം വയനാട്ടിലേക്ക് പുറപ്പെട്ടു.
- കരസേനയുടെ മിലിട്ടറി എഞ്ചിനിയറിംഗ് ഗ്രൂപ്പ് രാത്രിയോടെ കോഴിക്കോട് എത്തും. 34 പേരടങ്ങുന്ന സംഘം 6 ബൗട്ടുകളും 5 ബൗസറുകളുമായാണ് സംഘം എത്തുന്നത്. ഈ സംഘം മലപ്പുറത്തും കോഴിക്കോടും ഉണ്ടായിട്ടുള്ള പ്രധാനപ്പെട്ട ദുരന്ത പ്രദേശങ്ങളിൽ പ്രവർത്തനം നടത്തും.
- മറ്റൊരു സംഘം രാത്രിയോടെ കോയമ്പത്തൂരിൽ എത്തും. പകൽ വയനാട്ടിലേക്ക് ചുരം മാർഗ്ഗം എത്തും
- കരസേനയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ മൂന്നാമത്തെ സംഘം സെക്കന്തരാബാദിൽ നിന്നും എറണാകുളത്ത് എത്തും. ഇവർ ഇടുക്കിയിൽ രക്ഷാപ്രവർത്തനത്തെ സഹായിക്കും.
- എയർ ഫോഴ്സിന്റെ AN 32, 2 MI 17, 1 ALH എന്നിവയും കോസ്റ്റ് ഗാർഡ്, നേവി എന്നിവയുടെ 1 ALH ഹെലികോപ്റ്ററും ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.
  ആവശ്യമെങ്കിൽ C 17 വിമാനവും കൂടുതൽ സേനയും ലഭ്യമാക്കുമെന്നും സർക്കാർ ഉറപ്പു വരുത്തിയിട്ടുണ്ട്.
- റവന്യൂ സെക്രട്ടറി പി.എച്ച് കുര്യന്റെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റിൽ പ്രത്യേക ഏകോപന സെൽ ആരംഭിച്ചു. വിവിധ വകുപ്പുകളുമായും നേവി – വ്യോമസേന - എൻ.ഡി.ആർ.എഫ്, കോസ്റ്റ് ഗാർഡ് എന്നിവരുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചു. ദേശീയ ദുരന്ത പ്രതികരണ സേനയുടെ ദക്ഷിണമേഖലാ കമാൻഡഡ് കുമാരി രേഖാ നമ്പ്യാർ തിരുവനന്തപുരത്ത് എത്തി ഈ സെല്ലിനൊപ്പം ചേർന്ന് പ്രവർത്തിക്കുന്നു.
- ആവശ്യാനുസരണം ബുൾഡോസർ, ജനറേറ്റർ, ലൈറ്റ് എന്നിവ വാടകക്കെടുത്ത് വിനിയോഗിക്കാൻ ജില്ലാ കലക്ടർമാർക്ക് അനുമതി നൽകി.
- എണ്ണായിരത്തോളം പേരെ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി. പ്രായമായവർ, രോഗമുള്ളവർ, അംഗ പരിമിതർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകാൻ മുഖ്യമന്ത്രി നിർദ്ദേശം നൽകി. ദുരന്ത പ്രദേശങ്ങളിലും ഇത്തരക്കാരെ ശ്രദ്ധിക്കണം.
- ദുരിതാശ്വാസ ക്യാമ്പുകളിൽ ആവശ്യമായ ഭക്ഷണം, വെള്ളം, വസ്ത്രം,ശുചി മുറികൾ തുടങ്ങിയവ ഒരുക്കാൻ നിർദ്ദേശം നൽകി.
- ക്യാമ്പുകളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.
- കുട്ടനാട്ടിൽ കാലവർഷക്കെടുതിയുണ്ടായപ്പോൾ ദുരിതാശ്വാസ ക്യാമ്പുകൾ നടത്തിയ മാതൃകയിൽ എല്ലാ സൗകര്യങ്ങളും ഒരുക്കാൻ മുഖ്യമന്ത്രി നിർദ്ദേശിച്ചു

August – 10

- കേരളം ഗുരുതരമായ കാലവർഷക്കെടുതി നേരിടുന്ന സാഹചര്യത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി മുഖ്യമന്ത്രിയെ ഫോണിൽ വിളിച്ച് വിവരങ്ങൾ ആരായുകയും ആവശ്യമായ സഹായം ഉറപ്പു നൽകുകയും ചെയ്തു. സംസ്ഥാനത്തെ സ്ഥിതിഗതികൾ പ്രധാനമന്ത്രിയെ ധരിപ്പിച്ചു. രക്ഷാപ്രവർത്തനത്തിന് പെട്ടെന്ന് സൈനിക വിഭാഗങ്ങളെ അയച്ചതിന് മുഖ്യമന്ത്രി നന്ദി അറിയിച്ചു.

- കർണാടക മുഖ്യമന്ത്രി കുമാരസ്വാമിയും മുഖ്യമന്ത്രിയെ വിളിച്ച് വിവരങ്ങൾ തിരക്കുകയും പിന്തുണ വാഗ്ദാനം നൽകുകയും ചെയ്തു. ദുരിതാശ്വാസത്തിന് പത്തു കോടി രൂപ കർണാടക സർക്കാർ അനുവദിച്ചിട്ടുണ്ടെന്നും കർണാടക മുഖ്യമന്ത്രി അറിയിച്ചു. ബാണാസുര സാഗറിൽ നിന്നുള്ള വെള്ളം ഒഴുകിപ്പോകുന്നതിന് കബനി നദിയിൽ കർണാടക ഭാഗത്തുള്ള ഷട്ടറുകൾ കേരളത്തിന്റെ ആവശ്യപ്രകാരം തുറന്നതായും എച്ച്.ഡി കുമാരസ്വാമി അറിയിച്ചു.
- ഇടുക്കി ചെറുതോണി ഡാമിലെ മൂന്ന് ഷട്ടറുകൾ നിലവിൽ ഉയർത്തിയിട്ടുണ്ട്. 125 ക്യു മെക്സ് വെള്ളം ഡാമിൽ നിന്നും ഇപ്പോൾ ഒഴുക്കിവിടുന്നുണ്ട്. തീരത്തുള്ളവർ ജാഗ്രത പാലിക്കണം
- ഇടുക്കി ജില്ലയിൽ ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ റോഡുകൾ തകരാറിലാകുവാനുള്ള സാധ്യതയുണ്ട്. ഇത്തരത്തിലുള്ള സാഹചര്യം നിലനിൽക്കെ വിനോദ സഞ്ചാരികളുടെ വാഹനങ്ങളും, ചരക്ക് വാഹനങ്ങളും,(Heavy Goods Vehicles) മലയോര മേഖലയിലേക്ക് എത്തുന്നത് ഉചിതമല്ല.
- അതിനാൽ ഇടുക്കി ജില്ലയിലെ മലയോര മേഖലയിൽ വിനോദ സഞ്ചാരവും, ചരക്കു വാഹനങ്ങളുടെ സഞ്ചാരവും(Heavy Goods Vehicles) ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 34 പ്രകാരം താത്കാലികമായി നിരോധിച്ചു
- സംസ്ഥാനത്ത് കാലവർഷക്കെടുതി രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ മുഖ്യമന്ത്രി വിലയിരുത്തി. കര - വ്യോമ - നാവിക സേനകളുടേയും എൻ.ഡി.ആർ.എഫ്, കോസ്റ്റ് ഗാർഡ് എന്നിവയുടെയും നേതൃത്വത്തിലുള്ള രക്ഷാപ്രവർത്തനം ഊർജിതമാണെന്ന് വിലയിരുത്തി. ഇടുക്കി ഡാമിൽ ജലനിരപ്പ് ഉയരുന്നതിന് അനുസരിച്ച് കൂടുതൽ വെള്ളം തുറന്നു വിടേണ്ടി വരും. നിലവിലുള്ളതിനേക്കാളം മൂന്നിരട്ടിയിലധികം വെള്ളം തുറന്നു വിടേണ്ടി വരുമെന്നാണ് വിലയിരുത്തൽ. ഈ സാഹചര്യത്തിൽ പെരിയാറിലും പെരിയാറിന്റെ കൈവഴിയിലും വെള്ളം ഉയരും. ജാഗ്രതാ നിർദ്ദേശം മൈക്ക് അനൗൺസ്മെന്റിലൂടെ ജനങ്ങളെ അറിയിക്കാൻ മുഖ്യമന്ത്രി നിർദ്ദേശിച്ചു. ആവശ്യമുള്ളവരെ അടിയന്തരമായി മാറ്റി പാർപ്പിക്കാനും മുഖ്യമന്ത്രി നിർദ്ദേശിച്ചു.
- കാലവർഷക്കെടുതി തുടരുന്ന സാഹചര്യത്തിൽ ആഗസ്റ്റ് 12 വരെയുള്ള മുഖ്യമന്ത്രിയുടെ പൊതു പരിപാടികൾ റദ്ദാക്കി. രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിന് മുഖ്യമന്ത്രി തലസ്ഥാനത്തു തന്നെ ഉണ്ടാകും.
- ഇടുക്കി അണക്കെട്ടിലേക്കുള്ള നീരൊഴുക്ക് അതിശക്തമായ സാഹചര്യത്തിൽ കൂടുതൽ അളവിൽ വെള്ളം പുറത്തേക്ക് ഒഴുക്കിവിടുന്നുണ്ട്. 300 ക്യുമെക്സ് വെള്ളം തുറന്നു വിടാനാണ് തീരുമാനം. ഇടുക്കി, എറണാകുളം ജില്ലകളിൽ ഉള്ളവർ ജാഗ്രത പാലിക്കണം
- കർക്കിടക വാവുബലിയുമായി ബന്ധപ്പെട്ട് പൊലീസും മറ്റ് ഉദ്യോഗസ്ഥരും നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കണം. ബലിതർപ്പണത്തിന് ഇറങ്ങേണ്ടി വരുന്ന ഭൂരിഭാഗം പ്രദേശങ്ങളും വെള്ളത്തിനടിയിലാണ്. ചിലയിടങ്ങളിൽ പ്രകൃതിക്ഷോഭം മൂലം കനത്ത നാശനഷ്ടം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബലിതർപ്പണത്തിനെത്തുന്നവർക്ക് അപകടമുണ്ടാകാതിരിക്കാൻ ജാഗ്രത പുലർത്തണം. ഡാമുകൾ

തുറക്കുന്നതിനാൽ പുഴകളിൽ പെട്ടെന്ന് ജലനിരപ്പ് ഉയർന്നു വരാൻ സാധ്യതയുണ്ട്. കടലോരങ്ങളിൽ കടലാക്രമണ സാധ്യതയും നിലനിൽക്കുന്നു. ബലിതർപ്പണ കേന്ദ്രങ്ങളിൽ എത്തുന്നവർ ഇത്തരം സാഹചര്യം കൂടി പരിഗണിച്ച് പൊലീസുമായി സഹകരിക്കണം.

- ശക്തമായ കാലവർഷം സംസ്ഥാനത്തെ പല ശുദ്ധജല പദ്ധതികളേയും ബാധിച്ചിട്ടുണ്ട്. ഉപകരണങ്ങൾക്ക് സംഭവിച്ച കേടുപാട് പരിഹരിക്കാൻ സാധ്യമായ വഴികളെല്ലാം തേടുന്നുണ്ട്. എന്നാൽ നദികളിൽ വെള്ളം ഉയരുന്നത് ഈ പ്രവർത്തനത്തിന് വിലങ്ങുതടിയാണ്.അതിനാൽ പലയിടത്തും ശുദ്ധജല വിതരണം മുടങ്ങിയേക്കും. സാഹചര്യത്തിനനുസരിച്ച് ജല ഉപയോഗത്തിൽ സ്വയം നിയന്ത്രണം ഏർപ്പെടുത്താൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു.
- കേരളം സമീപകാലത്തൊന്നും നേരിട്ടിട്ടില്ലാത്ത രൂക്ഷമായ കാലവർഷക്കെടുതിയാണ് നേരിടുന്നത്. ജനങ്ങളുടെ ജീവിതം ദു:സ്സഹമാക്കി പല പ്രദേശങ്ങളും വെള്ളത്തിനടിയിലായി. ഇത്രയധികം ഡാമുകൾ നിറഞ്ഞു കവിയുകയും തുറന്നു വിടുകയും ചെയ്തത് അപൂർവ്വമാണ്.
- കെടുതി നേരിടാനുള്ള സർക്കാറിന്റെ ശ്രമങ്ങളോട് അനുകൂലമായാണ് പ്രതികരിച്ചത്. എന്നാൽ ചുരുക്കം ചിലർ കാഴ്ച കാണാനും സെൽഫി എടുക്കാനുമുള്ള അവസരമാക്കി ഇതിനെ മാറ്റാൻ ശ്രമിക്കുകയാണ്. കാഴ്ച കാണാനും ഫോട്ടോ എടുക്കാനും ഉള്ള എല്ലാ യാത്രകളും നിർബന്ധമായും ഒഴിവാക്കണമെന്ന് അത്തരക്കാരോട് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.
- കേന്ദ്ര ആഭ്യന്തരമന്ത്രി രാജ്നാഥ്സിംഗ് മുഖ്യമന്ത്രി പിണറായി വിജയനെ ഫോണിൽ വിളിച്ച് സംസ്ഥാനത്തെ മഴക്കെടുതി സംബന്ധിച്ച് ചർച്ച ചെയ്തു. കേന്ദ്രത്തിൽനിന്ന് ആവശ്യമായ സഹായം ലഭ്യമാക്കുമെന്ന് അദ്ദേഹം മുഖ്യമന്ത്രിക്ക് ഉറപ്പു നൽകി.
- നീരൊഴുക്ക് ശക്തമായ സാഹചര്യത്തിൽ ഇടുക്കി ചെറുതോണി അണക്കെട്ടിന്റെ അഞ്ചാമത്തെ ഷട്ടറും ഉയർത്തിയിരിക്കുകയാണ്.ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ ജാഗ്രത പാലിക്കണം.
- വെള്ളം ഉയരാനുള്ള സാധ്യത മനസിലാക്കി പെരിയാറിന്റെ ഇരുകരകളിലുമുള്ളവരെ പരമാവധി മാറ്റാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആളുകൾ പെരിയാറിൽ ഇറങ്ങരുത്. പെരിയാറിനു സമീപത്തേക്ക് ആളുകൾ പോകരുത്.
- സംസ്ഥാനം അഭൂതപൂർവ്വമായ കാലവർഷക്കെടുതി നേരിടുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് (സി.എം.ഡി.ആർ.എഫ്) ഉദാരമായി സംഭാവന നൽകാൻ വ്യക്തികളോടും സംഘടനകളോടും സ്ഥാപനങ്ങളോടും മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർത്ഥിച്ചു. മനുഷ്യജീവനും വീടുകൾക്കും മറ്റു വസ്തുവകകൾക്കും റോഡുകൾക്കും ഭീമമായ നഷ്ടമാണ് കുറച്ചുദിവസങ്ങൾക്കകമുണ്ടായത്. ദുരന്തം നേരിടാൻ എല്ലാവരും കൈകോർത്തു നിൽക്കണം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു അഭ്യർത്ഥനയുമില്ലാതെ ധാരാളം വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും സംഭാവന നൽകുന്നുണ്ട്. അവരോടെല്ലാം മുഖ്യമന്ത്രി നന്ദി പ്രകടിപ്പിച്ചു. ദുരിതാശ്വാസത്തിന് കർണ്ണാടക സർക്കാർ 10 കോടി രൂപയും തമിഴ്നാട് 5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇരു സർക്കാരുകളെയും മുഖ്യമന്ത്രി നന്ദി അറിയിച്ചു.
- ജൂലൈ 26 മുതൽ ആഗസ്റ്റ് 9 വരെയുള്ള ദിവസങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 1.75 കോടി രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്.

- സംഭാവനകൾ താഴെ ചേർത്ത അക്കൗണ്ടിലേക്കാണ് അയക്കേണ്ടത്. A/c No: 67319948232. Bank: SBI City Branch, TVM IFSC: SBIN0070028
- സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ശക്തമായ മഴയുണ്ടാകുമെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ് നൽകുന്നു. തീവ്രമായ മഴയുടെ സാഹചര്യത്തിൽ വയനാട് ജില്ലയിൽ ആഗസ്റ്റ് 14 വരെ റെഡ് അലർട്ട് പ്രഖ്യാപിച്ചു. തീവ്രമായ മഴയുടെ സാഹചര്യത്തിൽ ഇടുക്കി ജില്ലയിൽ ആഗസ്റ്റ് 13 വരെയും റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. തീവ്രമായ മഴയുടെ സാഹചര്യത്തിൽ ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ ആഗസ്റ്റ് 11 വരെയും റെഡ് അലർട്ട് പ്രഖ്യാപിച്ചു.

ഈ സാഹചര്യത്തിൽ ജനങ്ങൾ അതീവ ജാഗ്രത പാലിക്കണം

1. ഉരുൾപൊട്ടൽ സാധ്യത ഉള്ളതിനാൽ രാത്രി സമയത്ത് (7 pm to 7 am) മലയോരമേഖലയിലേക്കുള്ള യാത്ര പരിമിതപെടുത്തുവാൻ പൊതുജനങ്ങൾ ശ്രദ്ധിക്കണം.
2. ബീച്ചുകളിൽ കടലിൽ ഇറങ്ങാതിരിക്കുവാൻ പൊതുജനങ്ങൾ ശ്രദ്ധിക്കണം. പുഴകളിലും തോടുകളിലും ജല നിരപ്പ് ഉയരുവാൻ സാധ്യതയുണ്ട്. പുഴകളിലും, ചാലുകളിലും, വെള്ളകെട്ടിലും ഇറങ്ങാതിരിക്കുവാൻ പൊതുജനങ്ങൾ ശ്രദ്ധിക്കണം.
3. മലയോര മേഖലയിലെ റോഡുകൾക്ക് കുറുകെ ഉള്ള ചെറിയ ചാലുകളിലൂടെ മലവെള്ള പാച്ചിലും ഉരുൾപൊട്ടലും ഉണ്ടാകുവാൻ സാധ്യതയുണ്ട് എന്നതിനാൽ ഇത്തരം ചാലുകളുടെ അരികിൽ വാഹനനങ്ങൾ നിർത്താതിരിക്കുവാൻ പൊതുജനങ്ങൾ ശ്രദ്ധിക്കണം.
4. മരങ്ങൾക്ക് താഴെ വാഹനം പാർക്ക് ചെയ്യാതിരിക്കുവാൻ പൊതുജനങ്ങൾ ശ്രദ്ധിക്കണം.
5. ഉരുൾപൊട്ടൽ സാധ്യത ഉള്ള മലയോര മേഖലയിലെ ജനങ്ങൾ ജാഗരൂകരായിരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.
6. ഉദ്യോഗസ്ഥർ അവശ്യപ്പെട്ടാൽ മാറി താമസിക്കുവാൻ അമാന്തം കാണിക്കരുത് എന്ന് പൊതുജനങ്ങളോട് അഭ്യർത്ഥിക്കുന്നു.
7. പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകർ അല്ലാതെയുള്ളവർ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവ ബാധിച്ച സ്ഥലങ്ങളിലേക്കുള്ള സന്ദർശനം ഒഴിവാക്കുക. കുട്ടികൾ പുഴകളിലും തോടുകളിലും വെള്ളകെട്ടിലും ഇറങ്ങി കളിക്കുന്നില്ല എന്ന് മാതാപിതാക്കൾ ഉറപ്പ് വരുത്തണം.

- മഴക്കെടുതി രൂക്ഷമായ ഇടങ്ങളിലെ രക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കൂടുതൽ മുതിർന്ന ഉദ്യോഗസ്ഥരെ കൂടി നിയോഗിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ചു ചേർത്ത ഉന്നതതലയോഗത്തിലാണ് തീരുമാനം. എറണാകുളം ജില്ലയിലെ രക്ഷാപ്രവർത്തവും പുനരധിവാസ പ്രവർത്തവും ഏകോപിപ്പിക്കുന്നതിന് മുഹമ്മദ് ഹനീഷ്, രാജമാണിക്യം എന്നീ ഐ.എ.എസ് ഉദ്യോഗസ്ഥരെ നിയോഗിക്കാൻ തീരുമാനിച്ചു. ഉയർന്ന പോലീസ് ഉദ്യോഗസ്ഥരെയും താൽക്കാലികമായി ഈ ജില്ലയിലേക്ക് നിയോഗിക്കും. ലാന്റ് റവന്യൂ കമ്മീഷണർ എ.ടി. ജെയിംസിനെ വയനാട് ജില്ലയിലേക്ക് നിയോഗിക്കാനും തീരുമാനിച്ചു. ഇവിടേക്കും ഉയർന്ന പോലീസ് ഉദ്യോഗസ്ഥരെ അധികമായി നിയോഗിക്കുന്നുണ്ട്. ക്യാമ്പുകളിൽ കഴിയുന്നവർക്കും വെള്ളപ്പൊക്കം കാരണം ഒറ്റപ്പെട്ട് വീടുകളിൽ കഴിയുന്നവർക്കും കുടിവെള്ളം ലഭ്യമാക്കാൻ മുഖ്യമന്ത്രി നിർദേശിച്ചു. ജില്ലാ ഭരണാധികാരികളുമായും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി ശുദ്ധജലം ലഭ്യമാക്കണം. വിവിധ ജില്ലകളിലായി വെള്ളിയാഴ്ച വൈകുന്നേരത്തെ കണക്കനുസരിച്ച് 53,500 പേർ ക്യാമ്പുകളിലുണ്ട്. എറണാകുളത്ത് മാത്രം 7,500 വീട്ടുകാരെ ഒഴിപ്പിക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എറണാകുളത്ത് ഇതിനകം തന്നെ മൂവായിരത്തിലധികം കുടുംബങ്ങളെ ഒഴിപ്പിച്ചിട്ടുണ്ട്.

- ഇടുക്കി അണക്കെട്ടിൽ നിന്ന് 750 ക്യൂമെക്സ് വെള്ളമാണ് ഇപ്പോൾ തുറന്നുവിടുന്നത്. നീരൊഴുക്ക് ശക്തമാണെങ്കിലും ജലനിരപ്പ് കൂടുന്നത് നിന്നിട്ടുണ്ട്. ശക്തമായ മഴ തുടരുകയാണെങ്കിൽ മാത്രമേ അണക്കെട്ടിൽനിന്ന് കൂടുതൽ തോതിൽ വെള്ളം തുറന്നുവിടേണ്ടി വരൂ എന്ന് യോഗം വിലയിരുത്തി.
- മുഖ്യമന്ത്രി ശനിയാഴ്ച ഹെലികോപ്ടറിൽ പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിക്കും. ഇടുക്കി, ആലപ്പുഴ, എറണാകുളം, വയനാട്, കോഴിക്കോട്, മലപ്പുറം എന്നീ മേഖലകളിലാണ് സന്ദർശനം. റവന്യൂ മന്ത്രി , ചീഫ് സെക്രട്ടറി പോലീസ് മേധാവി റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ കൂടെയുണ്ടാകും.
- കേന്ദ്ര ആഭ്യന്തര മന്ത്രി ഞായറാഴ്ച പ്രളയബാധിത മേഖലകൾ സന്ദർശിക്കാനെത്തുമ്പോൾ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എറണാകുളം ഗസ്റ്റ് ഹൗസിൽ അദ്ദേഹവുമായി ചർച്ച നടത്തും.
- കാലവർഷം കടുത്ത നാശം വിതച്ച പ്രദേശങ്ങൾ മുഖ്യമന്ത്രി ശനിയാഴ്ച ഹെലികോപ്റ്ററിൽ സന്ദർശിക്കും. ഇടുക്കി, ആലപ്പുഴ, എറണാകുളം, വയനാട്, കോഴിക്കോട്, മലപ്പുറം മേഖലകളിലാണ് സന്ദർശനം. സന്ദർശനത്തിൽ റവന്യൂ മന്ത്രിയും പ്രതിപക്ഷനേതാവും ഒപ്പമുണ്ടാകും.

<u>August – 11</u>

- കാലവർഷക്കെടുതി വിലയിരുത്തുന്നതിനുള്ള മുഖ്യമന്ത്രിയുടെ യാത്ര ആരംഭിച്ചു. റവന്യൂ മന്ത്രി, പ്രതിപക്ഷ നേതാവ്, ഉന്നത ഉദ്യോഗസ്ഥർ എന്നിവർ കൂടെ ഉണ്ട്
- ഇടുക്കിയിലെ കാലവർഷക്കെടുതി മേഖല നേരിൽ കാണാനായിരുന്നു മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘത്തിന്റെ തീരുമാനം. കട്ടപ്പനയിൽ ഇറങ്ങാനായിരുന്നു നേരത്തെ നിശ്ചയിച്ചിരുന്നത്. എന്നാൽ മോശം കാലാവസ്ഥ കാരണം ഇറങ്ങാൻ സാധിച്ചില്ല.
- ദുരിതാശ്വാസ ഫണ്ടിലേക്ക് മുഖ്യമന്ത്രി പിണറായി വിജയൻ 1 ലക്ഷം രൂപ സംഭാവന നൽകി. കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത വലിയ ദുരിതമാണ് അഭിമുഖീകരിക്കുന്നത്. തകർന്ന പ്രദേശങ്ങളെ പുനർനിർമ്മിക്കുക ഏറ്റവും വെല്ലുവിളി നിറഞ്ഞ ഉത്തരവാദിത്വമാണ്. കേരള ജനതയോട് ഐക്യദാർഢ്യം പ്രകടിപ്പിച്ച് ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകാൻ മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.
- മഴക്കെടുതിയിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവർക്ക് പത്ത് ലക്ഷം രൂപയും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നാല് ലക്ഷം രൂപയും നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. ദിവസങ്ങളായി പെയ്യുന്ന കനത്ത മഴയിൽ ജില്ലയിൽ നേരിട്ട നാശനഷ്ടങ്ങൾ വിലയിരുത്തി വയനാട് കളക്ട്രേറ്റിൽ ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായി മുഖ്യമന്ത്രി. ഭൂമി നഷ്ടപ്പെട്ടവർക്ക് ആറ് ലക്ഷം രൂപയും വീട് പൂർണ്ണമായി തകർന്നവർക്ക് നാല് ലക്ഷം രൂപയും നൽകും. നിലവിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന ഒരു കുടുംബത്തിന് 3800 രൂപ വീതം നൽകും. വളർത്തു മൃഗങ്ങൾ നഷ്ടപ്പെട്ടവർക്ക് പ്രത്യേകം സഹായം നൽകും. ദുരിതാശ്വാസ പ്രവർത്തനത്തിന് എല്ലാവരും

ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു. കേന്ദ്ര സംസ്ഥാന സർക്കാറുകൾ സഹകരിച്ചാണ് നീങ്ങുന്നത്. അയൽ സംസ്ഥാനത്ത് നിന്നും സഹായം ലഭിക്കുന്നുണ്ട്.

- ക്യാമ്പുകളിൽ കഴിയുന്നവർക്ക് എല്ലാ സൗകര്യങ്ങളും ഉറപ്പാക്കാൻ ജില്ലാ ഭരണകൂടത്തിന് നിർദ്ദേശം നൽകി. റേഷൻ കാർഡ് മുതലായ പ്രധാനപ്പെട്ട രേഖകൾ നഷ്ടമായവർക്ക് പ്രത്യേകം അദാലത്തുകൾ നടത്തി രേഖകൾ നൽകും. ഇതിനായി ഫീസ് ഈടാക്കില്ല. അദാലത്ത് നടത്തുന്ന തീയതി അടിയന്തിരമായി തീരുമാനിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് പുതിയ പുസ്തകങ്ങൾ നൽകാനുള്ള നടപടി സ്വീകരിക്കും.ക്യാമ്പുകളിൽ സഹായം നേരിട്ടു നൽകുന്നതിനു പകരം ജില്ലാ കളക്ടർ മുഖേന നൽകണം. ക്യാമ്പുകളിൽ മെഡിക്കൽ സംഘത്തിന്റെ അതീവ ശ്രദ്ധ വേണം. ജില്ലയിലെ പ്രധാന റോഡുകൾ പുനസ്ഥാപിക്കാനുള്ള നടപടികൾ ഉടൻ സ്വീകരിക്കും. വൈത്തിരി പോലീസ് സ്റ്റേഷൻ എത്രയും വേഗം പൂർവ്വസ്ഥിതിയിലാക്കാൻ നിർദ്ദേശം നൽകി.
- പ്രളയബാധിത പ്രദേശങ്ങൾ, കോളനികൾ എന്നിവിടങ്ങളിൽ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണം. ശുചീകരണ പ്രവർത്തനങ്ങളിൽ സർക്കാറിന്റെ മാത്രം ഇടപെടലുകൾ മതിയാവില്ല. ആരോഗ്യം-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടൊപ്പം ജനകീയ ഇടപെടലുകളും ഉണ്ടാവണമെന്നും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.
- നേരത്തെ മുണ്ടേരി ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പ് മുഖ്യമന്ത്രി സന്ദർശിച്ചു. എത്രയും വേഗം ഭവനങ്ങളിലേക്ക് മടങ്ങുന്നതിന് സാധ്യമായ എല്ലാ സഹായവും സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുമെന്ന് മുഖ്യമന്ത്രി ക്യാമ്പിലുള്ളവർക്ക് ഉറപ്പു നൽകി.
- പ്രളയദുരന്തം നേരിടുന്ന കേരളത്തെ അകമഴിഞ്ഞ് സഹായിക്കാൻ എല്ലാ പ്രവാസികളോടും മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർത്ഥിച്ചു. നോർക്ക റൂട്ട്സുമായി സഹകരിക്കുന്നവരും ലോകകേരളസഭയുടെ ഭാഗമായി നിൽക്കുന്നവരും മുന്നിട്ടിറങ്ങേണ്ട സന്ദർഭമാണിത്. വിദേശമലയാളികൾക്ക് വലിയ സഹായം ചെയ്യാൻ കഴിയും.
- മുമ്പൊരിക്കലുമില്ലാത്ത ദുരിതമാണ് പ്രകൃതിക്ഷോഭം മൂലം കേരളം നേരിടുന്നത്. മൂന്നുദിവസത്തിനകം 29 പേർ വെള്ളപ്പൊക്ക കെടുതിയിൽ മരിച്ചു. കോടിക്കണക്കിനു രൂപയുടെ കൃഷിനാശമുണ്ടായി. നൂറുകണക്കിന് വീടുകൾ തകർന്നു. പാലങ്ങളും റോഡുകളും തകർന്നു.
- ജനജീവിതം സാധാരണ നിലയിലാകാൻ മാസങ്ങൾ വേണ്ടിവരും. എല്ലാ ഭാഗത്തുനിന്നും സഹായമുണ്ടായേ മതിയാവൂ. മനുഷ്യസ്നേഹികൾ ഉണർന്നു പ്രവർത്തിക്കേണ്ട സമയമാണിതെന്നും മുഖ്യമന്ത്രി പറഞ്ഞു.
- വരും ദിവസങ്ങളിൽ മഴ വീണ്ടും ശക്തമാകുമെന്നാണ് കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പ്. എട്ടു ജില്ലകളിൽ റെഡ് അലെർട്ട് (അതീവ ജാഗ്രത നിർദേശം) പ്രഖ്യാപിച്ചിരിക്കുകയാണ്. വയനാട് ,ഇടുക്കി ജില്ലകളിൽ ആഗസ്റ്റ് 14 വരെയും ആലപ്പുഴ ,കണ്ണൂർ ജില്ലകളിൽ ആഗസ്റ്റ് 13 വരെയും എറണാകുളം, പാലക്കാട്,മലപ്പുറം,കോഴിക്കോട് ജില്ലകളിൽ ആഗസ്റ്റ് 12 വരെയുമാണ് റെഡ് അലെർട്ട് പ്രഖ്യാപിച്ചിരിക്കുന്നത് . വയനാട് ,ഇടുക്കി ,ആലപ്പുഴ ,കണ്ണൂർ എന്നീ ജില്ലകളിൽ ഈ മാസം 15 വരെയും എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഈ മാസം 14 വരെയും ഓറഞ്ച് അലെർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്.

  അതീവ ജാഗ്രത നിർദേശത്തിന്റെ പശ്ചാത്തലത്തിൽ മേല്പറഞ്ഞ ജില്ലകളിൽ

താമസിക്കുന്നവർ താഴെ പറയുന്ന മുന്നറിയിപ്പുകൾ പാലിച്ച് പരമാവധി സുരക്ഷിതരായിരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

1. ഉരുൾപൊട്ടൽ സാധ്യത ഉള്ള മലയോര മേഖലയിലെ ജനങ്ങൾ ജാഗരൂകരായിരിക്കണം
2. ഉദ്യോഗസ്ഥർ അവശ്യപ്പെട്ടാൽ മാറി താമസിക്കുവാൻ അമാന്തം കാണിക്കരുത്
3. ഉരുൾപൊട്ടൽ സാധ്യത ഉള്ളതിനാൽ രാത്രി സമയത്ത് (7 pm to 7 am) മലയോരമേഖലയിലേക്കുള്ള യാത്ര പരിമിതപെടുത്തുവാൻ ശ്രദ്ധിക്കണം
4. ബീച്ചുകളിൽ കടലിൽ ഇറങ്ങരുത്
5. പുഴകളിലും തോടുകളിലും ജല നിരപ്പ് ഉയരുവാൻ സാധ്യതയുണ്ട്.
6. പുഴകളിലും, ചാലുകളിലും, വെള്ളക്കെട്ടിലും ഇറങ്ങരുത് മലയോര മേഘലയിലെ റോഡുകൾക്ക് കുറുകെ ഉള്ള ചെറിയ ചാലുകളിലൂടെ മലവെള്ള പാച്ചിലും ഉരുൾപൊട്ടലും ഉണ്ടാകുവാൻ സാധ്യതയുണ്ട് എന്നതിനാൽ ഇത്തരം ചാലുകളുടെ അരികിൽ വാഹനനങ്ങൾ നിർത്താതിരിക്കുവാൻ ശ്രദ്ധിക്കണം
7. മരങ്ങൾക്ക് താഴെ വാഹനങ്ങൾ പാർക്ക് ചെയ്യരുത്
8. പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകർ അല്ലാതെയുള്ളവർ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവ ബാധിച്ച സ്ഥലങ്ങളിലേക്കുള്ള സന്ദർശനം ഒഴിവാക്കുക
9. കുട്ടികൾ പുഴകളിലും തോടുകളിലും വെള്ളകെട്ടിലും ഇറങ്ങി കളിക്കുന്നില്ല എന്ന് മാതാപിതാക്കൾ ഉറപ്പ് വരുത്തണം.

August – 12

- കേരളത്തിലെ കാലവർഷക്കെടുതി നേരിൽ കാണാൻ കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിംഗ് കൊച്ചിയിലെത്തി. ആഭ്യന്തര മന്ത്രിക്കൊപ്പം ദുരിതമേഖലകളിൽ സന്ദർശനം നടത്തുന്നു
- കാലവർഷക്കെടുതി നേരിടാൻ കേരളത്തിന് പ്രത്യേക പാക്കേജ് അനുവദിക്കണം എന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര ആഭ്യന്തരമന്ത്രിക്ക് നിവേദനം സമർപ്പിച്ചു. പ്രാഥമിക വിലയിരുത്തലനുസരിച്ച് കാലവർഷക്കെടുതിയിൽ സംസ്ഥാനത്തിന് ഏകദേശം 8316 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് നിവേദനത്തിൽ പറഞ്ഞു.
- പുനരധിവാസത്തിനും തകർന്ന അടിസ്ഥാന സൗകര്യങ്ങൾ പുനഃസ്ഥാപിക്കാനുമുള്ള യഥാർത്ഥ നഷ്ടം വിലയിരുത്താൻ കൂടുതൽ സമയമെടുക്കുമെന്നതിനാൽ പ്രാഥമികമായ കണക്കുകളാണ് മുഖ്യമന്ത്രി സമർപ്പിച്ചത്. അടിയന്തിര ആശ്വാസമായി 1220 കോടി രൂപ ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്ന് അനുവദിക്കണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. ഇതിൽ 820 കോടി രൂപ എൻ.ഡി.ആർ.എഫ് മാനദണ്ഡങ്ങൾ പ്രകാരം ആദ്യഘട്ടത്തിലുണ്ടായ കാലവർഷക്കെടുതിക്ക് നഷ്ടപരിഹാരമായി ആവശ്യപ്പെട്ടതും സംസ്ഥാനം സന്ദർശിച്ച കേന്ദ്രസംഘം ശുപാർശ ചെയ്തതുമാണ്. ഒരേ സീസണിൽ രണ്ടാംവട്ടമാണ് കേരളത്തിൽ മഴക്കെടുതിയുണ്ടാകുന്നത്. ഇത് കണക്കിലെടുത്ത് നഷ്ടം വിലയിരുത്താൻ വീണ്ടും കേന്ദ്രസംഘത്തെ അയക്കണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു.
- കേരളത്തിൽ ഇപ്പോഴുണ്ടായ പ്രളയക്കെടുതി അസാധാരണമാംവിധം ഗുരുതരമാണെന്ന് പ്രഖ്യാപിച്ച് പ്രത്യേക പാക്കേജ് അനുവദിക്കണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു. പുനർനിർമ്മാണത്തിനും പുനരധിവാസത്തിനും

ആവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പാക്കേജ് സംബന്ധിച്ച നിവേദനം ഒരു മാസത്തിനകം സംസ്ഥാന സർക്കാർ തയ്യാറാക്കി സമർപ്പിക്കുന്നതാണ്.

- ദേശീയദുരന്തനിവാരണ ഫണ്ടിന്റെ നിബന്ധനകൾ പ്രകാരം നഷ്ടപരിഹാരം തുലോം പരിമിതമാണ്. കേരളത്തിനുണ്ടായ നഷ്ടത്തിന്റെ തീവ്രതയും വ്യാപ്തിയും കണക്കിലെടുത്ത് മതിയായ നഷ്ടപരിഹാരം അനുവദിക്കണം.
- 1924-നു ശേഷമുള്ള ഏറ്റവും വലിയ പ്രളയക്കെടുതിയാണ് ഈ സീസണിൽ കേരളം നേരിട്ടത്. പതിനാലിൽ പത്തു ജില്ലകളെയും കെടുതി രൂക്ഷമായി ബാധിച്ചു. 27 അണക്കെട്ടുകൾ തുറന്നുവിടേണ്ടിവന്നു. കേന്ദ്രസംഘം കേരളത്തിൽ പര്യടനം നടത്തുന്നതിനിടയിലാണ് വീണ്ടും പേമാരിയും അതിന്റെ ഭാഗമായ കെടുതികളും ഉണ്ടായത്.
- വെള്ളപ്പൊക്കവും ഉരുൾപ്പോട്ടലും മണ്ണിടിച്ചിലും മൂലം ജീവനും സ്വത്തിനും ഭീമമായ നഷ്ടമാണുണ്ടായത്. ആഗസ്റ്റ് 9 മുതൽ 12 വരെയുള്ള തീയതികളിൽ മാത്രം 37 ജീവൻ നഷ്ടപ്പെട്ടു. അഞ്ചു പേരെ കാണാതായി. തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ ഈ സീസണിൽ ഇതിനകം 186 പേരാണ് മരണപ്പെട്ടത്. 211 സ്ഥലങ്ങളിൽ മണ്ണിടിച്ചിലോ ഉരുൾപ്പോട്ടലോ ഉണ്ടായി. പതിനായിരങ്ങൾ ദുരിതാശ്വാസ ക്യാമ്പുകളിലാണ്. കേന്ദ്രസേനാ വിഭാഗങ്ങളുടെയും എൻ.ഡി.ആർ.എഫിന്റെയും സഹായത്തോടെ സംസ്ഥാന ഭരണസംവിധാനം പൂർണ്ണമായി ദുരന്തനിവാരണ-ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുയാണ്. സംസ്ഥാനം ആവശ്യപ്പെട്ടപ്പോൾ രക്ഷാപ്രവർത്തനത്തിന് പെട്ടെന്നു തന്നെ സേനാവിഭാഗങ്ങളെ അയച്ചുതന്നതിന് കേന്ദ്രസർക്കാരിനോട് മുഖ്യമന്ത്രി നന്ദി പ്രകടിപ്പിച്ചു. ദുരന്തത്തിന്റെ ആഘാതം ഒരുപാട് കാലം കേരളം നേരിടേണ്ടിവരും. ഇരുപതിനായിരത്തോളം വീടുകൾ പൂർണ്ണമായി തകർന്നിരിക്കുകയാണ്. പതിനായിരത്തോളം കിലോമീറ്റർ പൊതുമരാമത്ത് റോഡുകൾ മാത്രം തകർന്നു. ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ടും കണക്കുകളും താമസിയാതെ കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതാണെന്ന് മുഖ്യമന്ത്രി അറിയിച്ചു. നാശനഷ്ടങ്ങളുടെ തീവ്രത വ്യക്തമാക്കുന്ന വീഡിയോകളും ചിത്രങ്ങളും നിവേദനത്തോടൊപ്പം കേന്ദ്രമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്.

August – 13

കാലവർഷ കെടുതിയിൽ ഉഴലുന്ന കേരളത്തിന് തുടർന്നും സഹായസഹകരണങ്ങൾ അഭ്യർത്ഥിച്ചു കേന്ദ്ര ആഭ്യന്തര മന്ത്രി ബഹു. ശ്രീ. രാജ്നാഥ് സിംഗിന് മുഖ്യമന്ത്രി പിണറായി വിജയൻ കത്തയച്ചു. കേരളത്തിന് അടിയന്തര സഹായം അനുവദിച്ചതിനുള്ള നന്ദി കത്തിൽ അറിയിക്കുന്നു.

August – 14

- സർക്കാരിന്റെ ദുരിതാശ്വാസ നിധിയിലേക്കുള്ള വിനിമയത്തിനും സർക്കാർ നേരിട്ട് നൽകുന്ന ധനസഹായത്തിനും മേൽ യാതൊരു വിധ ബാങ്ക് ചാർജുകളും ഈടാക്കരുതെന്നു മുഖ്യമന്ത്രി നിർദ്ദേശം നൽകിയിരുന്നു. മിനിമം ബാലൻസ് ചാർജ് ഉൾപ്പടെ യാതൊരു ചാർജും സർക്കാർ ധനസഹായത്തിനുമേൽ ഈടാക്കരുതെന്നു എല്ലാ ബാങ്കുകളോടും സംസ്ഥാന ബാങ്കേഴ്സ് സമിതി നിർദ്ദേശിച്ചു. വിവിധ ബാങ്കുകൾ തമ്മിലുള്ള പണമിടപാട് മുഖേന പ്രധാനമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവനകൾക്കും ചാർജ് ഒഴിവാക്കാനും ബാങ്കേഴ്സ് സമിതി നിർദ്ദേശിച്ചു.

- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് രാജ്യത്തിനകത്തും പുറത്തുമുള്ളവർക്ക് ഓൺലൈനായി പണമടയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. https://donation.cmdrf.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന സുരക്ഷിതമായി ക്രഡിറ്റ്/ഡെബിറ്റ് കാർഡ് ഉപയോഗിച്ചോ നെറ്റ് ബാങ്കിംഗ് സംവിധാനം വഴിയോ പണമടക്കാൻ പേമെന്റ് ഗേറ്റ് വേ സജ്ജമാക്കിയിട്ടുണ്ട്. പണമടയ്ക്കുന്നവർക്ക് സംസ്ഥാന സർക്കാരിനു വേണ്ടി ധനവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നൽകുന്ന രസീത് ഓൺലൈനിൽ തൽസമയം ലഭ്യമാകും. ഈ സൗകര്യം ഉപയോഗപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു
- തീവ്രമായ മഴയുടെ സാഹചര്യത്തിൽ വയനാട്, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട് കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ആഗസ്റ്റ് 15 വരെ Red Alert പ്രഖ്യാപിച്ചിരിക്കുന്നു.
- തീവ്രമായ മഴയുടെ സാഹചര്യത്തിൽ ആലപ്പുഴ,എറണാകുളം, കോട്ടയം എന്നീ ജില്ലകളിൽ ആഗസ്റ്റ് 15 വരെ Orange Alert ഉം പ്രഖ്യാപിച്ചിരിക്കുന്നു
  1. ഉരുൾപൊട്ടൽ സാധ്യത ഉള്ളതിനാൽ രാത്രി സമയത്ത് (7 pm to 7 am) മലയോരമേഖലയിലേക്കുള്ള യാത്ര പരിമിതപെടുത്തുവാൻ പൊതുജനങ്ങൾ ശ്രദ്ധിക്കണം
     ബീച്ചുകളിൽ കടലിൽ ഇറങ്ങാതിരിക്കുവാൻ പൊതുജനങ്ങൾ ശ്രദ്ധിക്കണം
  2. പുഴകളിലും തോടുകളിലും ജല നിരപ്പ് ഉയരുവാൻ സാധ്യതയുണ്ട്. പുഴകളിലും, ചാലുകളിലും, വെള്ളകെട്ടിലും ഇറങ്ങാതിരിക്കുവാൻ പൊതുജനങ്ങൾ ശ്രദ്ധിക്കണം
  3. മലയോര മേഖലയിലെ റോഡുകൾക്ക് കുറുകെ ഉള്ള ചെറിയ ചാലുകളിലൂടെ മലവെള്ള പാച്ചിലും ഉരുൾപൊട്ടലും ഉണ്ടാകുവാൻ സാധ്യതയുണ്ട് എന്നതിനാൽ ഇത്തരം ചാലുകളുടെ അരികിൽ വാഹനനങ്ങൾ നിർത്താതിരിക്കുവാൻ പൊതുജനങ്ങൾ ശ്രദ്ധിക്കണം
  4. മരങ്ങൾക്ക് താഴെ വാഹനം പാർക്ക് ചെയ്യാതിരിക്കുവാൻ പൊതുജനങ്ങൾ ശ്രദ്ധിക്കണം
  5. ഉരുൾപൊട്ടൽ സാധ്യത ഉള്ള മലയോര മേഖലയിലെ ജനങ്ങൾ ജാഗരൂകരായിരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു ഉദ്യോഗസ്ഥർ അവശ്യപ്പെട്ടാൽ മാറി താമസിക്കുവാൻ അമാന്തം കാണിക്കരുത് എന്ന് പൊതുജനങ്ങളോട് അഭ്യർത്ഥിക്കുന്നു
  6. പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകർ അല്ലാതെയുള്ളവർ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവ ബാധിച്ച സ്ഥലങ്ങളിലേക്കുള്ള സന്ദർശനം ഒഴിവാക്കുക
  7. കുട്ടികൾ പുഴകളിലും തോടുകളിലും വെള്ളകെട്ടിലും ഇറങ്ങി കളിക്കുന്നില്ല എന്ന് മാതാപിതാക്കൾ ഉറപ്പ് വരുത്തണം.
- മുല്ലപെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ഉയരുന്നതിനാൽ അണകെട്ടിൽ നിന്നും ജലം പെരിയാറിലേക്ക് ജലം ഒഴുക്കി വിടുവാൻ സാധ്യതയുണ്ട് എന്ന് തമിഴ് നാട് ദുരിതാശ്വാസ കമ്മീഷണർ അറിയിച്ചു. ആയതിനാൽ ചെറുതോണിയിൽ നിന്നും വർദ്ധിച്ച അളവിൽ ജലം പുറത്തേക്ക് ഒഴുക്കി വിടുവാൻ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.
- ജനങ്ങളുടെ സുരക്ഷയെ മുൻനിർത്തി മുല്ലപെരിയാറിന്റെ ഇരുകരകളിലും താമസിക്കുന്നവർ അതീവ ജാഗ്രത പുലർത്തേണ്ടതും സുരക്ഷിത സ്ഥാനങ്ങളിലേക്ക് 9 മണിക്ക് മുൻപായി മാറി താമസിക്കേണ്ടതുമാണ്. ഇതിനാവശ്യമായ എല്ലാ മുൻകരുതലുകളും ജില്ലാ ഭരണകൂടവും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും കൈകൊണ്ടിട്ടുണ്ട്. യാതൊരുവിധത്തിലുമുള്ള

ആശങ്കകൾക്കും ഇടവരാതെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് റവന്യൂ, പോലീസ്, ഫയർഫോഴ്സ് അധികാരികളുടെയും, ജനപ്രതിനിധികളുടെയും നിർദ്ദേശാനുസരണം 9 മണിക്ക് മുമ്പായി ജനങ്ങൾ സുരക്ഷിത ക്യാമ്പുകളിലേക്ക് മാറേണ്ടതാണ്.

August – 15

- സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കനത്ത മഴയുണ്ടാകുമെന്നതിനാൽ റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. മഴയ്ക്കൊപ്പം ശക്തമായ കാറ്റിനും സാധ്യത ഉണ്ടെന്ന് കാലാവസ്ഥാ മുന്നറിയിപ്പിൽ പറയുന്നു. എല്ലാവരും ജാഗ്രത പാലിക്കുക. ഒരു കാര്യം പ്രത്യേകമായി ഓർക്കുക , പ്രധാനപ്പെട്ട എല്ലാ ഡാമുകളും തുറന്നു വിട്ടിട്ടുണ്ട്. നദികളിൽ, കൈവഴികളിൽ ജലനിരപ്പ് ഉയർന്നു വരികയാണ്. ആരും നദീതീരങ്ങളിലേക്ക് പോകരുത്. വെള്ളക്കെട്ടിൽ കുട്ടികൾ പോകുന്നതും ശ്രദ്ധിക്കണം
- ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് കൊച്ചി വിമാനത്താവളം താത്കാലികമായി ആഗസ്റ്റ് 18 ശനിയാഴ്ച്ച ഉച്ചക്ക് 2 മണി വരെ അടച്ചു. എമെർജെൻസി കൺട്രോൾ റൂം നമ്പറുകൾ : 0484 3053500, 2610094
- Kochi airport operations temporarily suspended till 18th Saturday 2 PM since the inflow of water is still on a raising trend. Emergency control room number: 0484 3053500, 2610094
- കാലവർഷക്കെടുതി രൂക്ഷമായ സാഹചര്യത്തിൽ രക്ഷാപ്രവർത്തനവും മുൻകരുതൽ നടപടികളും ശക്തമാക്കിയിട്ടുണ്ട്. സർക്കാർ സംവിധാനത്തിന്റെ ഭാഗമായുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
- വെള്ളപ്പൊക്കക്കെടുതി തുടരുകയും അണക്കെട്ടുകളിൽ ക്രമാതീതമായി ജലനിരപ്പ് ഉയരുകയും ചെയ്യുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രി അടിയന്തിരമായി ഉന്നതതലയോഗം വിളിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.
- അടുത്ത നാലു ദിവസം കൂടി മഴ തുടരുമെന്ന മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിൽ അതീവ ജാഗ്രത പുലർത്താൻ ഉദ്യോഗസ്ഥർക്കും ദുരന്തനിവാരണ രംഗത്തുള്ള ഏജൻസികൾക്കും അദ്ദേഹം നിർദ്ദേശം നൽകി. ദുരന്തനിവാരണ പ്രവർത്തനത്തിലും ദുരിതാശ്വാസത്തിലും എല്ലാം മറന്ന് മുഴുകാൻ അദ്ദേഹം സന്നദ്ധസംഘടനകളോടും ജനങ്ങളോടും അഭ്യർത്ഥിച്ചു.
- കേരളത്തിലെ പല ജില്ലകളും ഗുരുതരമായ വെള്ളപ്പൊക്കം നേരിടുകയാണ്. എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്. പമ്പയിലെ വെള്ളപ്പൊക്കം കാരണം റാന്നി, തിരുവല്ല തുടങ്ങിയ പ്രദേശങ്ങൾ വലിയ ഭീഷണി നേരിടുകയാണ്. ഇടുക്കി, മുല്ലപ്പെരിയാർ, മാട്ടുപ്പെട്ടി അണക്കെട്ടുകളിൽ നിന്നും വെള്ളം തുറന്നുവിടുന്നതു കാരണം ഇടുക്കി ജില്ലയിലെ മൂന്നാർ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ വെള്ളത്തിനടിയിലാവുന്നു. ആലുവ, പരവൂർ തുടങ്ങി പെരിയാറിന്റെ കരയിലുള്ള പ്രദേശങ്ങളും വെള്ളപ്പൊക്കക്കെടുതി നേരിടുന്നു. ഇടമലയാർ അണക്കെട്ടിൽ ഇപ്പോൾ പരമാവധിയിലധികം വെള്ളം നിൽക്കുന്ന അവസ്ഥയിലാണ്. ഷോളയാർ, പെരിങ്ങൽകുത്ത് എന്നിവിടങ്ങളിൽ നിന്ന് വെള്ളം തുറന്നുവിടുന്നതു കാരണം ചാലക്കുടി പുഴയിലും വെള്ളം പൊങ്ങുകയാണ്. സംസ്ഥാനത്തെ 35 ജലസംഭരണികളിൽ നിന്നും ഇപ്പോൾ വെള്ളം തുറന്നു വിട്ടുക്കൊണ്ടിരിക്കുകയാണ്. നീണ്ട കാലത്തിനു ശേഷമാണ് മുല്ലപ്പെരിയാറിൽ നിന്ന് വെള്ളം തുറന്നു വിടുന്നത്. കുട്ടനാട്ടിലും വെള്ളം ഉയരാൻ സാധ്യതയുണ്ട്.

- വെള്ളപ്പൊക്കം കാരണം പമ്പ, ഭാരതപ്പുഴ, പെരിയാർ, ചാലിയാർ തുടങ്ങിയ നദികളിൽ നിന്നുള്ള ശുദ്ധജലവിതരണം തകരാറിലായിരിക്കുകയാണ്. വാട്ടർ അതോറിറ്റിയുടെ പമ്പ് സെറ്റുകൾ പലതും കേടായി. ശുദ്ധീകരണ പ്ലാന്റുകൾ പലതും പ്രവർത്തനരഹിതമായി ഈ സാഹചര്യം നേരിടുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് മുഖ്യമന്ത്രി നിർദ്ദേശം നൽകി.
- ജലവിതരണം തകരാറിലാവാത്ത സ്ഥലങ്ങളിൽ നിന്ന് വെള്ളം ശേഖരിച്ച് വെള്ളം അവശ്യമുള്ള മേഖലകളിൽ എത്തിക്കാൻ അദ്ദേഹം നിർദ്ദേശം നൽകി. ടാങ്കുകളിൽ വെള്ളം സംഭരിച്ച് ബോട്ടുകളിൽ ജനങ്ങൾക്ക് എത്തിക്കണം. വാട്ടർ അതോറിറ്റിയുടെ സംവിധാനത്തിലൂടെ ലഭിക്കുന്ന വെള്ളത്തിന്റെ ഉപയോഗം പരിമിതപ്പെടുത്താൻ ജനങ്ങളോട് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.
- രക്ഷാപ്രവർത്തനത്തിന് കൂടുതൽ ബോട്ടുകൾ തമിഴ്നാട്ടിൽ നിന്ന് കൊണ്ടുവരാൻ ഉദ്യോഗസ്ഥർക്ക് അദ്ദേഹം നിർദ്ദേശം നൽകി. കിട്ടാവുന്നിടത്തുനിന്നെല്ലാം ബോട്ടുകൾ എത്തിച്ച് വെള്ളപ്പൊക്കം കൂടുതലുള്ള സ്ഥാലങ്ങളിൽ ലഭ്യമാക്കണം. വെള്ളപ്പൊക്കഭീഷണി കണക്കിലെടുത്ത് തിരുവല്ലയിലേക്ക് നേവിയുടെയും ആർമിയുടെയും വിഭാഗങ്ങളെ അയച്ചുകഴിഞ്ഞു. അത്യാവശ്യ സഹായത്തിന് അയൽ സംസ്ഥാനങ്ങളെ ബന്ധപ്പെടാൻ ചീഫ് സെക്രട്ടറിക്ക് മുഖ്യമന്ത്രി നിർദേശം നൽകി.
- മുല്ലപ്പെരിയാർ അണക്കെട്ടിൽ ജലനിരപ്പ് 142 അടിയിലേക്ക് എത്തുന്ന സാഹചര്യത്തിൽ തമിഴ്നാട് സർക്കാരുമായും കേന്ദ്രവുമായും ബന്ധപ്പെടാൻ തീരുമാനിച്ചു.
- കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ വിമാനസർവ്വീസുകൾ മുടങ്ങിയ സാഹചര്യത്തിൽ കൊച്ചിയിലേക്കുള്ള ചെറിയ വിമാനങ്ങൾ കഴിവതും കൊച്ചിയിലെ നാവിക വിമാനത്താവളത്തിൽ ഇറക്കാൻ കഴിയുമോ എന്നറിയുന്നതിന് സിവിൽ വ്യോമയാന മന്ത്രാലയവുമായി ബന്ധപ്പെടാൻ തീരുമാനിച്ചു. കൂടാതെ വിമാനങ്ങൾ മുംബൈയിലേക്കും മറ്റും തിരിച്ചുവിടുന്നതിനു പകരം കോഴിക്കോട്, തിരുവനന്തപുരം വിമാനത്താവളങ്ങൾ ഉപയോഗിക്കാൻ സിവിൽ ഏവിയേഷൻ മന്ത്രാലയത്തോട് ആവശ്യപ്പെടും. കോഴിക്കോട്ടേക്കോ തിരുവനന്തപുരത്തേക്കോ തിരിച്ചുവിടുന്ന വിമാനങ്ങളിൽ നിന്ന് ഇറങ്ങുന്ന യാത്രക്കാരെ അതത് സ്ഥലങ്ങളിൽ എത്തിക്കാൻ കെ.എസ്.ആർ.ടി.സി. ബസ് ഏർപ്പെടുത്തണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു.
- പല ജില്ലകളിലും മുതിർന്ന ഉദ്യോഗസ്ഥർ ഉറക്കമൊഴിഞ്ഞാണ് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത്. വിശ്രമമില്ലാതെ പ്രവർത്തിക്കുന്ന അവരെ സഹായിക്കുന്നതിന് ആവശ്യമുള്ള ജില്ലകളിലേക്ക് സ്പെഷ്യൽ ഓഫീസർമാരെ നിയോഗിക്കാൻ മുഖ്യമന്ത്രി നിർദ്ദേശിച്ചു. അതോടൊപ്പം സംസ്ഥാന കൺട്രോൾ റൂമിന്റെ പ്രവർത്തനങ്ങൾക്കും അയൽസംസ്ഥാനങ്ങളുമായി ബന്ധപ്പെടാനും കുടിവെള്ളം ലഭ്യമാക്കാനും തകരാറിലായ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പ്രവർത്തനക്ഷമമാക്കാനും മറ്റുമുള്ള ചുമതലകൾക്ക് മുതർന്ന ഐ.എ.എസ് ഉദ്യോഗസ്ഥരെ നിയോഗിക്കാനും തീരുമാനിച്ചു.
- പ്രളയം കാരണം കേരളം നേരിടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും കേന്ദ്ര ആഭ്യന്തര മന്ത്രി രാജ് നാഥ് സിങ്ങുമായും മുഖ്യമന്ത്രി പിണറായി വിജയൻ ഫോണിൽ സംസാരിച്ചു. ആവശ്യമായ എല്ലാ സഹായവും ലഭ്യമാക്കുമെന്ന് പ്രധാനമന്ത്രി ഉറപ്പു നൽകി. നദികളെല്ലാം കരകവിഞ്ഞൊഴുകുകയാണെന്നും അണക്കെട്ടുകളെല്ലാം

തുറന്നിരിക്കുകയാണെന്നും പല വില്ലേജുകളും ഒറ്റപ്പെട്ടിരിക്കുകയാണെന്നും മുഖ്യമന്ത്രി ധരിപ്പിച്ചു.

- ആർമിയുടെയും എൻ.ഡി.ആർ.എഫിന്റെയും ആർമി എഞ്ചിനീയറിംഗ് കോറിന്റെയും കൂടുതൽ വിഭാഗങ്ങളെ ഉടനെ കേരളത്തിലേക്ക് അയക്കണമെന്ന് ആഭ്യന്തര മന്ത്രിയോട് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. എൻ.ഡി.ആർ.എഫ് അംഗങ്ങളെ അത്യാവശ്യസ്ഥലങ്ങളിൽ എത്തിക്കുന്നതിനും രക്ഷാപ്രവർത്തനത്തിനുള്ള ഉപകരണങ്ങൾ കൊണ്ടുപോകുന്നതിനും സി-17 വിമാനങ്ങൾ അനുവദിക്കണം. കൂടുതൽ ഡിങ്കി ബോട്ടുകൾ വിമാനത്തിൽ എത്തിക്കണം.
- മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ തമിഴ്നാട് മുഖ്യമന്ത്രിയുമായി സംസാരിക്കണമെന്നും ആഭ്യന്തരമന്ത്രിയോട് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. മുല്ലപ്പെരിയാറിലേക്ക് വന്നുചേരുന്ന വെള്ളത്തിന്റെ അളവ് പുറത്തുവിടുന്ന വെള്ളത്തേക്കാൾ അധികമാണ്. അതിനാൽ ജലനിരപ്പ് കുറച്ചുകൊണ്ടുവരുന്നതിന് തമിഴ് നാട് സർക്കാർ അടിയന്തിരമായി ഇടപെടേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.
- കേരള മുഖ്യമന്ത്രി കേന്ദ്ര ആഭ്യന്തരമന്ത്രിയുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ മുല്ലപ്പെരിയാർ വിഷയത്തിൽ കേന്ദ്ര ആഭ്യന്തരസെക്രട്ടറി തമിഴ് നാട് ചീഫ് സെക്രട്ടറിയുമായി സംസാരിക്കുകയുണ്ടായി. ഇക്കാര്യം പിന്നീട് രാജ്നാഥ് സിങ് തന്നെ മുഖ്യമന്ത്രി പിണറായി വിജയനെ അറിയിച്ചു. എൻ.ഡി.ആർ.എഫിന്റെ കൂടുതൽ വിഭാഗങ്ങളെ കേരളത്തിലേക്ക് അയക്കുമെന്നും കൂടുതൽ ഡിങ്കി ബോട്ടുകൾ എത്തിക്കുമെന്നും രാജ്നാഥ് സിങ് അറിയിച്ചു.
- ഗവർണർ പി. സദാശിവത്തെ രാജ്ഭവനിൽ സന്ദർശിച്ച് പ്രളയദുരന്തവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുഖ്യമന്ത്രി ധരിപ്പിച്ചു.
- മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 139 അടിയിലേക്ക് കുറച്ചുകൊണ്ടുവരുന്നതിന് ഇടപെടണമെന്ന് തമിഴ്നാട് മുഖ്യമന്ത്രി എടപ്പാടി കെ. പളനിസ്വാമിയോട് മുഖ്യമന്ത്രി പിണറായി വിജയൻ ആവശ്യപ്പെട്ടു. അണക്കെട്ടിന്റെ സുരക്ഷിതത്വം കണക്കിലെടുത്ത് വെള്ളത്തിന്റെ അളവ് നിയന്ത്രിക്കണം. മുല്ലപ്പെരിയാറിന്റെ വൃഷ്ടിപ്രദേശങ്ങളിൽ മഴ കനത്ത് പെയ്തുകൊണ്ടിരിക്കുകയാണ്. ജലനിരപ്പ് 142 അടിയിൽ എത്തി. 142 അടിയിൽ നിന്ന് വെള്ളം പെട്ടെന്ന് തുറന്നു വിടുമ്പോൾ വലിയ നാശനഷ്ടങ്ങൾ സംഭവിക്കും. അതിനാൽ വെള്ളം കൂടുതലായി തുറന്നുവിടേണ്ടതുണ്ട്. ഇക്കാര്യത്തിൽ തമിഴ്നാടിന്റെ എഞ്ചിനീയർമാർ വേണ്ടത്ര സഹകരിക്കുന്നില്ലെന്ന് പളനിസ്വാമിക്ക് മുഖ്യമന്ത്രി അയച്ച ഇ-മെയിൽ സന്ദേശത്തിൽ പറഞ്ഞു.
- നിർത്താതെ പെയ്യുന്ന പേമാരിയും, സ്കൂളുകളിൽ മിക്കതും ദുരിതാശ്വാസ ക്യാമ്പ് ആയി പ്രവർത്തിക്കുന്നതും കണക്കിലെടുത്തു ആഗസ്റ്റ് 31 ന് തുടങ്ങാൻ നിശ്ചയിച്ചിരുന്ന ഒന്നാം പാദ വാർഷിക പരീക്ഷ മാറ്റിവയ്ക്കുന്നതായ് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുന്നു. പുതുക്കിയ തീയതി പിന്നാലെ അറിയിക്കുന്നതാണ്

പ്രളയം: മുഖ്യമന്ത്രി അടിയന്തിരയോഗം വിളിച്ച് സ്ഥിതി വിലയിരുത്തി

- വെള്ളപ്പൊക്കക്കെടുതി തുടരുകയും അണക്കെട്ടുകളിൽ ക്രമാതീതമായി ജലനിരപ്പ് ഉയരുകയും ചെയ്യുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രി അടിയന്തിരമായി ഉന്നതതലയോഗം വിളിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.
- അടുത്ത നാലു ദിവസം കൂടി മഴ തുടരുമെന്ന മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിൽ അതീവ ജാഗ്രത പുലർത്താൻ ഉദ്യോഗസ്ഥർക്കും ദുരന്തനിവാരണ രംഗത്തുള്ള ഏജൻസികൾക്കും അദ്ദേഹം നിർദ്ദേശം നൽകി.

ദുരന്തനിവാരണ പ്രവർത്തനത്തിലും ദുരിതാശ്വാസത്തിലും മുഴുകാൻ അദ്ദേഹം സന്നദ്ധസംഘടനകളോടും ജനങ്ങളോടും അഭ്യർത്ഥിച്ചു.

- കേരളത്തിലെ പല ജില്ലകളും ഗുരുതരമായ വെള്ളപ്പൊക്കം നേരിടുകയാണ്. എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്. പമ്പയിലെ വെള്ളപ്പൊക്കം കാരണം റാന്നി, തിരുവല്ല തുടങ്ങിയ പ്രദേശങ്ങൾ വലിയ ഭീഷണി നേരിടുകയാണ്. ഇടുക്കി, മുല്ലപ്പെരിയാർ, മാട്ടുപ്പെട്ടി അണക്കെട്ടുകളിൽ നിന്നും വെള്ളം തുറന്നുവിടുന്നതു കാരണം ഇടുക്കി ജില്ലയിലെ മൂന്നാർ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ വെള്ളത്തിനടിയിലാവുന്നു. ആലുവ, പരവൂർ തുടങ്ങി പെരിയാറിന്റെ കരയിലുള്ള പ്രദേശങ്ങളും വെള്ളപ്പൊക്കക്കെടുതി നേരിടുന്നു. ഇടമലയാർ അണക്കെട്ടിൽ ഇപ്പോൾ പരമാവധിയിലധികം വെള്ളം നിൽക്കുന്ന അവസ്ഥയിലാണ്. ഷോളയാർ, പെരിങ്ങൽകുത്ത് എന്നിവിടങ്ങളിൽ നിന്ന് വെള്ളം തുറന്നുവിടുന്നതു കാരണം ചാലക്കുടി പുഴയിലും വെള്ളം പൊങ്ങുകയാണ്. സംസ്ഥാനത്തെ **35** ജലസംഭരണികളിൽ നിന്നും ഇപ്പോൾ വെള്ളം തുറന്നു വിട്ടുക്കൊണ്ടിരിക്കുകയാണ്. നീണ്ട കാലത്തിനു ശേഷമാണ് മുല്ലപ്പെരിയാറിൽ നിന്ന് വെള്ളം തുറന്നു വിടുന്നത്. കുട്ടനാട്ടിലും വെള്ളം ഉയരാൻ സാധ്യതയുണ്ട്.
- വെള്ളപ്പൊക്കം കാരണം പമ്പ, ഭാരതപ്പുഴ, പെരിയാർ, ചാലിയാർ തുടങ്ങിയ നദികളിൽ നിന്നുള്ള ശുദ്ധജലവിതരണം തകരാറിലായിരിക്കുകയാണ്. വാട്ടർ അതോറിറ്റിയുടെ പമ്പ് സെറ്റുകൾ പലതും കേടായി. ശുദ്ധീകരണ പ്ലാന്റുകൾ പലതും പ്രവർത്തനരഹിതമായി ഈ സാഹചര്യം നേരിടുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതിന് മുഖ്യമന്ത്രി നിർദേശം നൽകി.
- ജലവിതരണം തകരാറിലാവാത്ത സ്ഥലങ്ങളിൽ നിന്ന് വെള്ളം ശേഖരിച്ച് വെള്ളം അവശ്യമുള്ള മേഖലകളിൽ എത്തിക്കാൻ അദ്ദേഹം നിർദ്ദേശം നൽകി. ടാങ്കുകളിൽ വെള്ളം സംഭരിച്ച് ബോട്ടുകളിൽ ജനങ്ങൾക്ക് എത്തിക്കണം. വാട്ടർ അതോറിറ്റിയുടെ സംവിധാനത്തിലൂടെ ലഭിക്കുന്ന വെള്ളത്തിന്റെ ഉപയോഗം പരിമിതപ്പെടുത്താൻ ജനങ്ങളോട് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.
- രക്ഷാപ്രവർത്തനത്തിന് കൂടുതൽ ബോട്ടുകൾ തമിഴ്നാട്ടിൽ നിന്ന് കൊണ്ടുവരാൻ ഉദ്യോഗസ്ഥർക്ക് അദ്ദേഹം നിർദ്ദേശം നൽകി. കിട്ടാവുന്നിടത്തുനിന്നെല്ലാം ബോട്ടുകൾ എത്തിച്ച് വെള്ളപ്പൊക്കം കൂടുതലുള്ള സ്ഥാലങ്ങളിൽ ലഭ്യമാക്കണം. വെള്ളപ്പൊക്കഭീഷണി കണക്കിലെടുത്ത് തിരുവല്ലയിലേക്ക് നേവിയുടെയും ആർമിയുടെയും വിഭാഗങ്ങളെ അയച്ചുകഴിഞ്ഞു. അത്യാവശ്യ സഹായത്തിന് അയൽ സംസ്ഥാനങ്ങളെ ബന്ധപ്പെടാൻ ചീഫ് സെക്രട്ടറിക്ക് മുഖ്യമന്ത്രി നിർദേശം നൽകി.
- മുല്ലപ്പെരിയാർ അണക്കെട്ടിൽ ജലനിരപ്പ് **142** അടിയിലേക്ക് എത്തുന്ന സാഹചര്യത്തിൽ തമിഴ്നാട് സർക്കാരുമായും കേന്ദ്രവുമായും ബന്ധപ്പെടാൻ തീരുമാനിച്ചു.
- കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ വിമാനസർവ്വീസുകൾ മുടങ്ങിയ സാഹചര്യത്തിൽ കൊച്ചിയിലേക്കുള്ള ചെറിയ വിമാനങ്ങൾ കഴിവതും കൊച്ചിയിലെ നാവിക വിമാനത്താവളത്തിൽ ഇറക്കാൻ കഴിയുമോ എന്നറിയുന്നതിന് സിവിൽ വ്യോമയാന മന്ത്രാലയവുമായി ബന്ധപ്പെടാൻ തീരുമാനിച്ചു. കൂടാതെ വിമാനങ്ങൾ മുംബൈയിലേക്കും മറ്റും തിരിച്ചുവിടുന്നതിനു പകരം കോഴിക്കോട്, തിരുവനന്തപുരം വിമാനത്താവളങ്ങൾ ഉപയോഗിക്കാൻ സിവിൽ ഏവിയേഷൻ മന്ത്രാലയത്തോട്

ആവശ്യപ്പെടും. കോഴിക്കോട്ടേക്കോ തിരുവനന്തപുരത്തേക്കോ തിരിച്ചുവിടുന്ന വിമാനങ്ങളിൽ നിന്ന് ഇറങ്ങുന്ന യാത്രക്കാരെ അതത് സ്ഥലങ്ങളിൽ എത്തിക്കാൻ കെ.എസ്.ആർ.ടി.സി. ബസ് ഏർപ്പെടുത്തണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു.

- പല ജില്ലകളിലും മുതിർന്ന ഉദ്യോഗസ്ഥർ ഉറക്കമൊഴിഞ്ഞാണ് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത്. വിശ്രമമില്ലാതെ പ്രവർത്തിക്കുന്ന അവരെ സഹായിക്കുന്നതിന് ആവശ്യമുള്ള ജില്ലകളിലേക്ക് സ്പെഷ്യൽ ഓഫീസർമാരെ നിയോഗിക്കാൻ മുഖ്യമന്ത്രി നിർദേശിച്ചു. അതോടൊപ്പം സംസ്ഥാന കൺട്രോൾ റൂമിന്റെ പ്രവർത്തനങ്ങൾക്കും അയൽസംസ്ഥാനങ്ങളുമായി ബന്ധപ്പെടാനും കുടിവെള്ളം ലഭ്യമാക്കാനും തകരാറിലായ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പ്രവർത്തനക്ഷമമാക്കാനും മറ്റുമുള്ള ചുമതലകൾക്ക് മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥരെ നിയോഗിക്കാനും തീരുമാനിച്ചു.
- യോഗത്തിൽ ചീഫ് സെക്രട്ടറി ടോം ജോസ്, റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി പി.എച്ച്. കുര്യൻ, ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി സുബ്രതോ ബിശ്വാസ്, പോലീസ് മേധാവി ലോക്നാഥ് ബെഹ്റ, ഫയർ ഫോഴ്സ് മേധാവി എ. ഹേമചന്ദ്രൻ, മുഖ്യമന്ത്രിയുടെ പോലീസ് ഉപദേഷ്ടാവ് രമൺ ശ്രീവാസ്തവ, കെ.എസ്.ഇ.ബി. ചെയർമാൻ എൻ.എസ്. പിള്ള, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടി.കെ. ജോസ്, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി വി.എസ്. സെന്തിൽ, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എം.വി. ജയരാജൻ, ജലവിഭവ സെക്രട്ടറി ടിങ്കു ബിസ്വാൾ, ജലവിഭവ വകുപ്പ് എം.ഡി. എ. കൗശിക്, ഇന്റലിജൻസ് എ.ഡി.ജി.പി. ടി.കെ. വിനോദ്കുമാർ, ഉത്തരമേഖലാ എ.ഡി.ജി.പി അനിൽകാന്ത്, ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ശേഖർ കുര്യാക്കോസ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

August – 16

പ്രളയക്കെടുതി നേരിടുന്നതിന് പണം കണ്ടെത്താനുള്ള ശ്രമങ്ങളുടെ ഭാഗമായി ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ എക്സൈസ് ഡ്യൂട്ടി **2018** നവംബർ **30** വരെ വർദ്ധിപ്പിക്കാൻ പ്രത്യേക മന്ത്രിസഭായോഗം തീരുമാനിച്ചു.

നിലവിൽ ആറ് സ്ലാബുകളിലായാണ് ഡ്യൂട്ടി നിശ്ചയിച്ചത്. എല്ലാ സ്ലാബിലും പർച്ചേസ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ എക്സൈസ് ഡ്യൂട്ടിയിൽ നേരിയ വർദ്ധന വരുത്താനാണ് തീരുമാനം. **235** രൂപയ്ക്കും **250** രൂപയ്ക്കും ഇടയിൽ വിലയുള്ള മദ്യത്തിന് ഇപ്പോൾ പർച്ചേസ് കോസ്റ്റിന്റെ **21** ശതമാനമാണ് നികുതി. അത് **21.5** ശതമാനമായി വർദ്ധിക്കും. ഇതുപോലെ മറ്റു സ്ലാബുകളിലും വർദ്ധന വരുത്താനാണ് തീരുമാനം. അധിക വരുമാനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറും. പ്രളയക്കെടുതിയും ദുരന്തനിവാരണ പ്രവർത്തനവും മന്ത്രിസഭ അവലോകനം ചെയ്തു.

August – 17

ചാലക്കുടി, ചെങ്ങന്നൂർ ഭാഗത്ത് രക്ഷാപ്രവർത്തനത്തിന് കരസേനയുടെ വലിയ ബോട്ടുകളെത്തും

സംസ്ഥാനത്തെ സ്ഥിതിവിശേഷം ഗൗരവമായി തുടരുന്നതായും സമാനതകളില്ലാത്ത രക്ഷാപ്രവർത്തനമാണ് നടക്കുന്നതെന്നും മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. കേന്ദ്രസേനാവിഭാഗങ്ങളും പോലീസും ഫയർഫോഴ്സും മത്സ്യത്തൊഴിലാളികളും മറ്റു സന്നദ്ധ പ്രവർത്തകരും സംയുക്തമായാണ് രക്ഷാപ്രവർത്തനം നടത്തുന്നത്.

നിലവിൽ ചെങ്ങന്നൂർ, ചാലക്കുടി ഭാഗത്താണ് കൂടുതൽ പേരെ രക്ഷപ്പെടുത്താനുള്ളത്. കരസേനയുടെ 12 വലിയ ബോട്ടുകൾ ആഗസ്റ്റ് 18ന് ചാലക്കുടിയിലെത്തും. കാലടിയിൽ കരസേനയുടെ അഞ്ച് ബോട്ടുകൾ നാളെ അധികമായി രക്ഷാപ്രവർത്തനത്തിനുണ്ടാവും. ചെങ്ങന്നൂരിൽ കരസേനയുടെ 15 ബോട്ടുകളും തിരുവല്ലയിൽ പത്തു ബോട്ടുകളും കൂടുതലായി ഉപയോഗിക്കും. വലിയ ഒഴുക്കുള്ളതാണ് ചാലക്കുടിയിലും ചെങ്ങന്നൂരിലും രക്ഷാപ്രവർത്തനത്തിന് തടസ്സമാകുന്നത്. വലിയ ബോട്ടുകൾ വരുന്നതോടെ ഇതിന് പരിഹാരമാകും. രാത്രിയോടെ സൈന്യത്തിന്റെ കൂടുതൽ ബോട്ടുകൾ തിരുവനന്തപുരത്തും കൊച്ചിയിലുമെത്തും. ചാലക്കുടിയിലും ചെങ്ങന്നൂരിലും നാലു വ്യോമസേന ഹെലികോപ്റ്ററുകൾ ആഗസ്റ്റ് 18ന് രാവിലെയെത്തും. തിരുവല്ലയിൽ നാവികസേനയുടെ മൂന്നു ഹെലികോപ്റ്ററുകൾ രാവിലെയുണ്ടാവും.

ഒറ്റപ്പെട്ട് കഴിയുന്നവർക്കും ദുരിതാശ്വാസ ക്യാമ്പുകളിലും ഹെലികോപ്റ്ററുകളിലും ബോട്ടുകളിലും ഇന്ന് (ആഗസ്റ്റ് 17) രാവിലെ മുതൽ ഭക്ഷണവിതരണം നടത്തുന്നുണ്ട്. കൂടുതൽ സ്ഥലങ്ങളിൽ വ്യാപകമായി 18ന് ഭക്ഷണം എത്തിക്കും. കാബിനറ്റ് സെക്രട്ടറിയുമായി സംസ്ഥാന ചീഫ് സെക്രട്ടറി വീഡിയോ കോൺഫറൻസ് നടത്തിയിരുന്നു. 600 ലധികം ബോട്ടുകളും കൂടുതൽ ഹെലികോപ്റ്ററുകളും ആവശ്യപ്പെട്ടിട്ടുണ്ട്. കൊച്ചി വിമാനത്താവളത്തിൽ വെള്ളം കയറിയതിനാൽ ചെറിയ വിമാനങ്ങൾ കൊച്ചിയിലെ നാവിക വിമാനത്താവളത്തിൽ ഇറക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരുന്നു. കൊച്ചി വിമാനത്താവളത്തിലെ സി. ഐ. എസ്. എഫ് സേനയെ ഇവിടേക്ക് മാറ്റാനും തീരുമാനമായിട്ടുണ്ട്. വിമാനക്കമ്പനികൾ ഈ ഘട്ടത്തിൽ നിരക്ക് കൂട്ടുന്ന സാഹചര്യമുണ്ടായിരുന്നു. തിരുവനന്തപുരം, ഡൽഹി പരമാവധി തുക പതിനായിരം രൂപയായി നിജപ്പെടുത്താനും ഇതിനനുസൃതമായി മറ്റു വിമാനത്താവളങ്ങളിലെ തുക നിശ്ചയിക്കാനും തീരുമാനമായി. ഇതുസംബന്ധിച്ച ഉറപ്പും വീഡിയോ കോൺഫറൻസിൽ ലഭിച്ചു.

പഞ്ചാബ്, മഹാരാഷ്ട്ര, തെലുങ്കാന തുടങ്ങിയ സംസ്ഥാനങ്ങൾ ഭക്ഷണ പൊതികൾ ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഡൽഹി മുഖ്യമന്ത്രി കേജരിവാൾ വിളിച്ചിരുന്നു. പത്തു കോടി രൂപയും മറ്റു സഹായങ്ങളും നൽകാമെന്ന് അറിയിച്ചു. ഇന്ത്യൻ റെയിൽവേ ആവശ്യമായ ശുദ്ധജലം എത്തിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഒന്നരലക്ഷം ലിറ്റർ വാട്ടർ ബോട്ടിലുകൾ റെയിൽവേ നൽകിക്കഴിഞ്ഞു.

<u>August – 18</u>

സംസ്ഥാനം പൂർവ്വസ്ഥിതിയിലാകുന്നതുവരെ ജാഗ്രത തുടരും. ശനിയാഴ്ച 58,506 പേരെ പ്രളയക്കെടുതിയിൽനിന്ന് രക്ഷിക്കാനായതായി മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. 33 പേർ ഇന്ന് മരിച്ചു. മഴക്കെടുതിയിൽനിന്ന് സംസ്ഥാനം പൂർവ്വസ്ഥിതിയിലാകുന്നതുവരെ ജാഗ്രത തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി. 22 ഹെലികോപ്റ്റർ, 83 നേവി ബോട്ടുകൾ, 169 എൻ.ഡി.ആർ.എഫ് ടീമുകളും ബോട്ടുകളും, അഞ്ച് ബി.എസ്.എഫ് സംഘം, കോസ്റ്റ് ഗാർഡിന്റെ 35 ടീമും ബോട്ടും, ആർമി എഞ്ചിനീയറിംഗിന്റെ 25 സംഘം, ഫയർ ആൻറ് റസ്ക്യൂവിന്റെ 59 ബോട്ടുകൾ, തമിഴ്നാട്, ഒറീസ ഫയർ ആൻറ് റസ്ക്യൂ ടീമുകൾ, 600 മത്സ്യത്തൊഴിലാളി ബോട്ടുകൾ, 40,000 പോലീസ് സേനയും അവരുടെ ബോട്ടും, 3200 ഫയർ ആൻറ് റസ്ക്യൂ ജീവനക്കാർ എന്നിവർ ശനിയാഴ്ച രംഗത്തുണ്ടായിരുന്നു. ഇതിനുപുറമേയാണ് ബഹുജനങ്ങളും വിവിധ സ്ഥാപനങ്ങളും സംഘടനകളും നൽകുന്ന പിന്തുണ.കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ജനങ്ങളുടെ ഭാഗത്തുനിന്നും നല്ല സഹകരണമുണ്ടായി. ഈ ഒരുമയാണ് മഹാദുരന്തം നേരിടാൻ കരുത്തായതെന്ന്

മുഖ്യമന്ത്രി പറഞ്ഞു. ഈ ഒരുമ എന്നും കാത്തുസൂക്ഷിക്കാനായാൽ ഏതു പ്രതിസന്ധിയും നേരിടാനും വികസനക്കുതിപ്പുണ്ടാക്കാനുമാകുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.ജനങ്ങളിൽ ആത്മവിശ്വാസം ഉണ്ടാക്കുകയും അതിജീവിക്കുന്നതിനുള്ള ബലം നൽകുകയും ചെയ്യുക എന്നത് രക്ഷാപ്രവർത്തനത്തിന്റെ ബാലപാഠങ്ങളിലൊന്നാണ്. അത് മറന്നുകൊണ്ട് ജനങ്ങളെ ആശങ്കയിൽ നിർത്തുന്ന പ്രചാരണങ്ങളും ഇടപെടലുകളും ഇത്തരം പ്രവർത്തനത്തെ ദുർബലപ്പെടുത്താനേ സഹായിക്കുകയുള്ളൂ. അത്തരം ഇടപെടൽ ആരുടെ ഭാഗത്ത് നിന്നായാലും അവസാനിപ്പിക്കണം. ദുരന്തം ഉയർത്തിയ പ്രശ്നങ്ങളെ ഒന്നായിനിന്ന് നേരിടുന്ന ഘട്ടത്തിൽ ഇത്തരം അപസ്വരങ്ങൾ ഒഴിവാക്കണം. സംസ്ഥാന വിലയിരുത്തൽ യോഗത്തിൽ ചാലക്കുടിയിലും ചെങ്ങന്നൂരും പ്രദേശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നാണ് നിശ്ചയിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭക്ഷണവും ഹെലികോപ്റ്ററിനെയും നാവിക, കരസേനാ വിഭാഗങ്ങളെയും ദുരന്തനിവാരണ സേനയെയും പോലീസിനെയും കൂടുതലായി വിന്യസിക്കുന്നതിന് തീരുമാനിച്ചിരുന്നു. അതിനനുസരിച്ച് നല്ല നിലയിലുള്ള പ്രവർത്തനങ്ങൾ നടത്തി ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ആരെങ്കിലും കുടുങ്ങിപ്പോയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട കൺട്രോൾ റൂമിലോ അധികൃതരെയോ അറിയിച്ചാൽ ആവശ്യമായ രക്ഷാ പ്രവർത്തനങ്ങൾക്കുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.പ്രളയക്കെടുതിയുടെ ആദ്യ ഘട്ടത്തിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളിലാണ് നാശനഷ്ടമുണ്ടായത്. ഈ ഘട്ടത്തിൽ തന്നെ സർക്കാർ സംവിധാനങ്ങളെയും ദേശീയ ദുരന്തനിവാരണ സേനയെയും ഇന്ത്യൻ നേവി, ഫയർഫോഴ്സ് എന്നീ സേനകളെയും ഏകോപിപ്പിച്ച് പ്രവർത്തനം കുറ്റമറ്റതാക്കുന്നതിനുള്ള ഇടപെടലുണ്ടായി. നാടിന്റെ എല്ലാ മേഖലയിലുംപെട്ട ആളുകൾ തുടക്കംതൊട്ട് സഹകരിക്കാൻ തയാറായി. ദുരന്തങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് മുന്നറിയിപ്പുകളും സംസ്ഥാന സർക്കാർ നൽകി. വയനാട്, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഇത്തരത്തിലുള്ള മുന്നറിയിപ്പ് നൽകിക്കൊണ്ട് സർക്കാർ ഇടപെട്ടു. ആഗസ്റ്റ് ഒമ്പതിന് തന്നെ സെക്രട്ടറിയേറ്റിൽ അഡീഷണൽ ചീഫ് സെക്രട്ടറി പി.എച്ച് കുര്യന്റെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന നിരീക്ഷണ സെൽ ആരംഭിക്കുകയും, ജില്ലകളിലും അതിന് സമാന്തരമായി സെല്ലുകൾ പ്രവർത്തിക്കുകയും ചെയ്തു. പോലീസിനെയും ഫയർഫോഴ്സിനെയും വിന്യസിച്ചുകൊണ്ട് ജില്ലാ ഭരണ സംവിധാനത്തെയും ശക്തമാക്കി.നാശനഷ്ടമുണ്ടാകും എന്ന് തിരിച്ചറിഞ്ഞ് അത് പരിഹരിക്കാനുള്ള ദീർഘകാല പദ്ധതികൾക്കും സർക്കാർ നേതൃത്വം നൽകി. ഓണാഘോഷ പരിപാടികൾക്കായി വിവിധ വകുപ്പുകൾക്ക് ലഭ്യമാക്കിയ തുക ദുരിതാശ്വാസപ്രവർത്തനത്തിനായി നീക്കിവെച്ചു. ദുരിതാശ്വാസ പ്രവർത്തനത്തിനായി ലോകത്തെമ്പാടുമുള്ള മനുഷ്യസ്നേഹികളെ ഭാഗഭാക്കാക്കാനുള്ള പ്രവർത്തനങ്ങൾക്കും സർക്കാർ നേതൃത്വം നൽകി. നഷ്ടപ്പെട്ടുപോയ രേഖകൾ തിരിച്ചുനൽകുന്നതിനുള്ള സംവിധാനം മാത്രമല്ല, സമയബന്ധിതമായ ദുരിതാശ്വാസത്തിന് നഷ്ടപരിഹാരം നൽകാൻ മന്ത്രിസഭാ ഉപസമിതിയെയും നിയോഗിച്ചു.ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വ്യക്തമായ ഏകോപനം സംസ്ഥാനത്തുണ്ട്. ജില്ലയിൽ കളക്ടർക്കാണ് പൊതുനിയന്ത്രണം. എന്നാൽ രക്ഷാപ്രവർത്തനത്തിന്റെ ഉത്തരവാദിത്തം പോലീസ് സംവിധാനത്തിനാണ്. മറ്റു ദുരിതാശ്വാസപ്രവർത്തനങ്ങൾ ജില്ലാ ഭരണകൂടത്തിന്റെ നിയന്ത്രണത്തിലുമാണ് നടക്കുന്നത്. ഐ.എ.എസ്, ഐപിഎസ് ഉദ്യോഗസ്ഥർ ജില്ലകളിൽ സ്പെഷ്യൽ ഓഫീസർമാരായി പ്രവർത്തിക്കുന്നുണ്ട്.സംസ്ഥാനത്ത് നടക്കുന്ന രക്ഷാ

പ്രവർത്തനങ്ങളെയെല്ലാം നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതതലയോഗം ചേർന്ന് പ്രവർത്തനങ്ങൾ പരിശോധിക്കുന്നുമുണ്ട്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കൈ-മെയ് മറന്ന് പങ്കെടുക്കുന്ന സന്നദ്ധ പ്രവർത്തകരും സേനാംഗങ്ങളും നൽകുന്ന നിർദ്ദേശങ്ങൾ അതേ പടി അനുസരിക്കുന്നതിൽ ചിലയിടത്തെങ്കിലും കാണിക്കുന്ന വൈമുഖ്യം അവർക്ക് തന്നെ ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യം വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ അധികൃതർ നൽകുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും അനുസരിച്ച് ജനങ്ങൾ സഹകരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രവർത്തിക്കേണ്ടത് സിവിൽ ഭരണവും സൈന്യവും യോജിച്ച്

നമ്മുടെ രാജ്യത്തെ ദുരന്തനിവാരണപ്രവർത്തനങ്ങളിൽ സിവിൽ ഭരണ സംവിധാനവും സൈന്യവും യോജിച്ചുനിന്നാണ് പ്രവർത്തിച്ചുവരുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇതുപോലുള്ള എല്ലാ അവസരങ്ങളിലും ജില്ലാ ഭരണസംവിധാനത്തിനോടൊപ്പം സഹായിക്കുന്നതരത്തിൽ പ്രവർത്തിക്കുകയാണ് സൈന്യത്തിന്റെ കർത്തവ്യം. നാടിനെ പരിചയമുള്ളവരുടെ സഹായത്തോടെ സൈന്യം ഒത്തുചേർന്ന് ജില്ലാ ഭരണസംവിധാനം ഒരുക്കുന്ന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പ്രവർത്തിക്കണം. സൈന്യം മാത്രമായി ഒരു ദുരന്തനിവാരണ ഓപ്പറേഷനും സാധ്യമല്ല. സംസ്ഥാന, ഭരണ സംവിധാനങ്ങൾ സൈന്യത്തിന് പുറമെ എൻ.ഡി.ആർ.എഫ്, കോസ്റ്റ്ഗാർഡ്, സി.ആർ.പി.എഫ്, ബോർഡർ സെക്യൂരിറ്റി ഫോഴ്സ് എന്നീ കേന്ദ്ര സേനകളുടെയും ഫയർഫോഴ്സ്, പോലീസ്, എസ്.ഡി.ആർ.എഫ്, റവന്യൂ, തദ്ദേശസ്വയംഭരണ ഉദ്യോഗസ്ഥരുടെയും യോജിച്ചുള്ള പ്രവർത്തനത്തിലൂടെ മാത്രമേ ഇത് സാധിക്കുകയുള്ളൂ.സംസ്ഥാന തലത്തിൽ കേന്ദ്രീകരിക്കപ്പെടുന്ന ജോയിന്റ് കമാൻഡ് ആന്റ് കൺട്രോൾ സെന്ററാണ് ഈ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. ഇത് തന്നെയാണ് മുമ്പുള്ള എല്ലാ സാഹചര്യങ്ങളിലും രാജ്യത്ത് അനുവർത്തിച്ചുവരുന്നത്. ആസാമിലെയും ചെന്നൈയിലെയും ജമ്മുകാശ്മീരിലെയും പ്രളയത്തിന്റെയും ഗുജറാത്തിലെയും മഹാരാഷ്ട്രയിലെയും ഭൂകമ്പത്തിന്റെയും ഒക്കെ ഘട്ടത്തിൽ ഇത്തരം പ്രവർത്തനങ്ങൾ സൈന്യത്തിനെ മാത്രം ഏൽപ്പിച്ചിരുന്നില്ല. ജമ്മുകാശ്മീരിന്റെ സവിശേഷമായ സാഹചര്യത്തിൽ പോലും സംസ്ഥാന സർക്കാരും സൈന്യവും ഒന്നിച്ചുപ്രവർത്തിക്കുന്ന രീതിയാണുണ്ടായതെന്നും മുഖ്യമന്ത്രി ഓർമിപ്പിച്ചു.

സംസ്ഥാനത്ത് ഭക്ഷ്യദൗർലഭ്യമില്ല

സംസ്ഥാനത്ത് ഭക്ഷ്യ ദൗർലഭ്യമുണ്ടാകുമെന്ന പ്രചരണം വസ്തുതാവിരുദ്ധമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ജനങ്ങളിൽ ആശങ്ക സൃഷ്ടിക്കാനുള്ള ശ്രമങ്ങളുമുണ്ട്. കേരളം ഓണാഘോഷത്തെ വരവേൽക്കാനുള്ള പ്രവർത്തനങ്ങളിൽ മുഴുകുന്ന ഘട്ടമാണിത്. എല്ലാ മൊത്തവ്യാപാരികളും 30 ശതമാനത്തിലേറെ സ്റ്റോക്ക് ഇതിന്റെ ഭാഗമായി എടുത്തിട്ടുണ്ട്. അതുകൊണ്ട് ഭക്ഷ്യദൗർലഭ്യം ഉണ്ടാകും എന്നത് അസംബന്ധമാണ്. റോഡു ഗതാഗതത്തിൽ ചിലയിടത്ത് ഉണ്ടായ തടസ്സമാണ് ചില്ലറ വ്യാപാര സ്ഥാപനത്തിലേക്ക് എത്തുന്നതിലുണ്ടാകുന്ന തടസ്സം മാത്രമാണ് പ്രശ്നം. റോഡ് ഗതാഗതം സാധാരണ നിലയിലാകുന്നതോടെ ഈ പ്രശ്നം പരിഹരിക്കപ്പെടും. പ്രശ്നത്തെ പർവതീകരിച്ച് കാണരുതെന്നും മുഖ്യമന്ത്രി അഭ്യർഥിച്ചു. കൂടാതെ ധാന്യമായി നൽകാൻ വിവിധ സംസ്ഥാനങ്ങൾ മുന്നോട്ടുവന്നിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.സംസ്ഥാനങ്ങളിൽ നിന്ന് മികച്ച സഹായംവിവിധ സംസ്ഥാനങ്ങളിൽ നിന്ന് മികച്ച രീതിയിൽ കേരളത്തിന് സഹായം ലഭിക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. തെലങ്കാന - 25 കോടി, മഹാരാഷ്ട്ര - 20 കോടി, ഉത്തർപ്രദേശ് -

15 കോടി, മധ്യപ്രദേശ്, ദൽഹി, പഞ്ചാബ്, കർണാടക, ബീഹാർ, ഗുജറാത്ത് എന്നിവിടങ്ങളിൽ നിന്ന് **10** കോടി വീതം, തമിഴ്നാടും ഒഡിഷയും അഞ്ചുകോടി വീതം, ചത്തീസ്ഗഡ് മൂന്നുകോടിയും ഏഴുകോടിയും ധാന്യവും എന്നിങ്ങനെയാണ് സഹായം ലഭിച്ചത്.

August – 19

മാലിന്യ വിമുക്ത പ്രോട്ടോകോൾ നടപ്പാക്കുംരക്ഷാപ്രവർത്തനത്തിൽ നിന്ന് ദുരിതാശ്വാസ പ്രവർത്തനത്തിലേക്ക് തിരിയേണ്ട ഘട്ടമായതായി മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ജീവൻരക്ഷാ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ദുരിതത്തിനിരയായവരെ സാധാരണ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരേണ്ടതുണ്ട്. ഇതിനനുസരിച്ചുള്ള പദ്ധതിയാണ് സർക്കാർ തയ്യാറാക്കുന്നത്. ക്യാമ്പുകളിൽ നിന്ന് തിരികെ വീട്ടിലേക്ക് മടങ്ങുമ്പോൾ അവർക്ക് ഒന്നിനും മുട്ടുണ്ടാകാതിരിക്കാൻ സർക്കാർ നടപടി സ്വീകരിക്കും. വെള്ളം, വൈദ്യുതി, ഭക്ഷണം തുടങ്ങിയ അടിസ്ഥാനാവശ്യങ്ങൾക്കുള്ള സൗകര്യം ഒരുക്കേണ്ടതുണ്ട്. ഏറ്റവും പ്രധാനം ശുദ്ധജലം ലഭ്യമാക്കുകയാണ്. മലിനീകരിക്കപ്പെട്ട ജലസ്രോതസുകൾ പൂർണമായി ശുദ്ധീകരിക്കാനാവണം. പൊട്ടിയ പൈപ്പ് ലൈനുകൾ നന്നാക്കണം. ഇതിനാവശ്യമായ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിച്ച് നടപ്പാക്കും. പുനരധിവാസത്തിന് ആവശ്യമായ എല്ലാവരുടെയും സഹായം ഉറപ്പാക്കും. ക്യാമ്പുകളിലേക്ക് പോകാതെ വീടുകളിൽ ഒറ്റപ്പെട്ട് കഴിയുന്നവർക്ക് ഭക്ഷണം എത്തിക്കാൻ ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ട്.ദുരിതാശ്വാസ ക്യാമ്പുകളിൽ വനിതാ പോലീസിന്റെ സാന്നിധ്യം ഉറപ്പാക്കും. വൈദ്യുതി തകർച്ച പുനസ്ഥാപിക്കുക പ്രധാനമാണ്. ഇതിൽ സുരക്ഷയുടെ പ്രശ്നം നിലനിൽക്കുന്നു. വീടുകളിൽ പരിശോധന നടത്തി മാത്രമേ വൈദ്യുതി ബന്ധം പുനസ്ഥാപിക്കാനാവൂ. എന്നാൽ തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതിനും കുടിവെള്ള പമ്പുകൾ പ്രവർത്തിപ്പിക്കുന്നതിനുമായി വൈദ്യുതി ബന്ധം സ്ഥാപിക്കും. തദ്ദേശസ്ഥാപനങ്ങൾ വീടുകളിൽ പ്രാഥമിക പരിശോധനയും നടത്തും. ശുചീകരണം ഫലപ്രദമായി നടത്തുന്നതിന് മാലിന്യ വിമുക്ത പ്രോട്ടോകോൾ നടപ്പാക്കും. ആരോഗ്യ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറിമാരുടെ നേതൃത്വത്തിലുള്ള ഉപസമിതി ഇത്തരം കാര്യങ്ങളുടെ മേൽനോട്ടവും ആസൂത്രണവും നിർവഹിക്കും. വെള്ളം ഇറങ്ങുമ്പോൾ ശുചീകരണ പ്രവർത്തനം ആരംഭിക്കും. നല്ല ശുചിത്വം പാലിച്ചില്ലെങ്കിൽ പകർച്ചവ്യാധികൾ ഉണ്ടാവും. മാലിന്യ നിർമാർജനവുമായി ബന്ധപ്പെട്ട് ഹരിത കേരള മിഷന്റെ യോഗം ചേർന്നിരുന്നു. തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ മാലിന്യ നിർമാർജനം നടത്തും. ഇതിനായി ധാരാളം സന്നദ്ധ പ്രവർത്തകർ വേണ്ടി വരും. താത്പര്യമുള്ളവർക്കെല്ലാം ഇതിൽ പങ്കാളികളാവാം. ഓരോ വില്ലേജിലും ഇതിന് നേതൃത്വം നൽകാൻ ഒരു ഉദ്യോഗസ്ഥനുണ്ടാവും. സന്നദ്ധപ്രവർത്തകർക്ക് ആവശ്യമായ നിർദ്ദേശം നൽകാൻ എല്ലായിടത്തും ഹെൽത്ത് ഇൻസ്പെക്ടർമാരുണ്ടാവും. ഒരു പഞ്ചായത്തിൽ ആറ് വീതം ഹെൽത്ത് ഇൻസ്പെക്ടർമാരുണ്ടാവും. വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് പുറമെ കരാർ അടിസ്ഥാനത്തിൽ ആളുകളെ എടുക്കും. ഫയർഫോഴ്സിനും ശുചീകരണ പ്രവർത്തനങ്ങളിൽ നിർണ്ണായക പങ്ക് വഹിക്കാനാവും.പ്രായമായവരും വിവിധ രോഗങ്ങളുള്ളവരുമൊക്കെ ദുരിതത്തിനിരയായിട്ടുണ്ട്. ഇവർക്ക് ആവശ്യമായ സഹായവും ചികിത്സയും ലഭ്യമാക്കാൻ ആരോഗ്യ വകുപ്പ് നടപടി സ്വീകരിക്കും. ക്യാമ്പുകളിൽ ഡോക്ടർമാർ എത്തുന്നുണ്ട്. പഞ്ചായത്തുകൾ ആവശ്യമെങ്കിൽ

പ്രത്യേകം മെഡിക്കൽ ക്യാമ്പുകൾ നടത്തും. മറ്റു സംസ്ഥാനങ്ങളും മരുന്നു കമ്പനികളും മരുന്നുകൾ എത്തിക്കുന്നുണ്ട്. ഇതിന്റെ ഏകോപനത്തിന് നോഡൽ ഓഫീസറെ നിയോഗിക്കും. തെലുങ്കാനയിൽ നിന്ന് സംസ്ഥാന ആഭ്യന്തര മന്ത്രി നേരിട്ടെത്തി സഹായം നൽകി. ബംഗാൾ മുഖ്യമന്ത്രി പത്ത് കോടി രൂപയുടെ സഹായം നൽകുമെന്ന് അറിയിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.ലോകം മുഴുവൻ ശ്രദ്ധിച്ച ദുരന്തമാണിത്. പലതിലും മാതൃക സൃഷ്ടിച്ച കേരളീയർ ദുരന്തം നേരിടുന്നതിലും മാതൃകയാവേണ്ടതുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു.

August – 20

പ്രളയക്കെടുതിയിൽ സംസ്ഥാനത്തെ സഹായിച്ച എല്ലാ മേഖലയിലുള്ളവർക്കും മുഖ്യമന്ത്രി പിണറായി വിജയൻ നന്ദി രേഖപ്പെടുത്തി. രക്ഷാപ്രവർത്തനത്തിന്റെ ആദ്യഘട്ടം നല്ലരീതിയിൽ പൂർത്തികരിക്കുമ്പോൾ നമ്മുടെ നാട്ടിലെ മനുഷ്യസ്നേഹത്തിന്റെയും ത്യാഗസന്നദ്ധതയുടെയും സേവനതത്പരതയുടെയും അടിത്തറയാണ് സമാനതകളില്ലാത്തപ്രതിസന്ധിയെ മറികടക്കാൻ കരുത്തായത്. അപൂർവം ചില സ്ഥലങ്ങളിൽ രക്ഷാ പ്രവർത്തനം തുടരേണ്ടിവരും.രക്ഷാപ്രവർത്തനത്തിന് വിവിധതരം സഹായങ്ങളാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായത്. പ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയും കേരളം സന്ദർശിച്ച് അടിയന്തര സഹായധനം പ്രഖ്യാപിച്ചിട്ടുണ്ട്. കൂടുതൽ സഹായങ്ങൾ നൽകാമെന്ന ഉറപ്പും നൽകിയിട്ടുണ്ട്.രക്ഷാ പ്രവർത്തനത്തിന് സംസ്ഥാനത്തെ സഹായിക്കുന്നതിന് എല്ലാ തലത്തിലുമുള്ള സഹായവും ഗവർണറുടെ ഭാഗത്തുനിന്നുണ്ടായി.പ്രവാസികൾ വലിയ സഹായവും സംഭാവനയുമാണ് ദുരിതാശ്വാസത്തിന് നൽകിയിട്ടുള്ളത്. അവരുടെ സ്നേഹസമ്പൂർണമായ സഹായത്തിന് നന്ദി രേഖപ്പെടുത്തുന്നു. വസ്ത്രങ്ങളും മറ്റും അവിടെ നിന്ന് അയക്കുന്നതിന് പലരും സന്നദ്ധത അറിയിക്കുന്നുണ്ട്. എന്നാൽ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിക്കൊണ്ട് ഈ പ്രവർത്തനത്തിൽ പങ്കാളികളാവുകയാണ് ചെയ്യേണ്ടത്.കേരളത്തിന്റെ ദുരന്തം തങ്ങളുടെ സഹോദരങ്ങൾക്ക് സംഭവിച്ച ദുരിതമാണെന്ന കാഴ്ചപ്പാടോടെയാണ് സഹായഹസ്തവുമായി വിവിധ സംസ്ഥാനസർക്കാരുകളും സംഘടനകളും എത്തിയത്. അവരെയും സ്നേഹത്തിന്റെ ഭാഷയിൽ അഭിവാദ്യം ചെയ്യുന്നതായി മുഖ്യമന്ത്രി പറഞ്ഞു.ഈ ദുരന്തത്തിന്റെ വിവിധ വശങ്ങളെ സൂചിപ്പിക്കുകയും ജനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്ന തരത്തിലും സർക്കാരിന്റെ ഇടപെടലുകളെ ജനങ്ങളിലെത്തിക്കുന്നതിലും മാധ്യമങ്ങൾ മികച്ച പങ്ക് വഹിച്ചു. കേരളത്തിനകത്തും പുറത്തുമുള്ള മാധ്യമങ്ങളുടെ സഹായത്തെ നന്ദിയോടെ സർക്കാർ സ്മരിക്കുന്നു. പുനരധിവാസ പ്രവർത്തനത്തിന് പ്രത്യേകിച്ച് ശുചിത്വം, ആരോഗ്യം എന്നീ മേഖലകളിൽ അവബോധം സൃഷ്ടിക്കുന്നതിനും ജനങ്ങളിൽ ആത്മവിശ്വാസം ഉണ്ടാക്കുന്നതിനും മാധ്യമങ്ങളിൽനിന്ന് ഏറെ സഹായം സർക്കാർ പ്രതീക്ഷിക്കുന്നതായി പറഞ്ഞു.മഹാദുരന്തം ഉണ്ടായപ്പോൾ അതിജീവിക്കാൻ കഴിയുമോ എന്ന ആശങ്കകളെ അസ്ഥാനത്താക്കി നാടിനെ സംരക്ഷിക്കാൻ നമുക്കായി. ഈ സാഹചര്യം സൃഷ്ടിച്ചത് രക്ഷാപ്രവർത്തനത്തിൽ ഇടപെട്ട വിവിധ മേഖലയിൽപെട്ടവരായിരുന്നു. അത്തരം പ്രവർത്തനങ്ങളിൽ പങ്കെടുത്ത വിവിധ സേനാവിഭാഗങ്ങളിൽപെട്ടവരോടും സന്ന പ്രവർത്തകരോടുമുള്ള കടപ്പാടും നന്ദിയും കേരള സമൂഹത്തിനുവേണ്ടി രേഖപ്പെടുത്തുന്നു.രാപ്പകലില്ലാതെ രക്ഷാപ്രവർത്തനം ഏകോപിപ്പിച്ച വിവിധ തലങ്ങളിൽ പ്രവർത്തിച്ച സർക്കാർ ജീവനക്കാരുണ്ട്. റവന്യൂ, പോലീസ്, ഫയർഫോഴ്സ്, വൈദ്യുതി ബോർഡ്, വാട്ടർ അതോറിറ്റി, ആരോഗ്യം തുടങ്ങിയ ഒട്ടേറെ വകുപ്പുകളിലെ സഹപ്രവർത്തകരെയും നന്ദിയോടെ

സ്മരിക്കുന്നതായി അദ്ദേഹം പറഞ്ഞു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ ദുരിതാശ്വാസ പ്രവർത്തനത്തിൽ നല്ല നിലയിൽ ജനങ്ങളുമായി ഇടപെട്ട് അവരുടെ ആശങ്കകൾ അകറ്റി മുൻനിരയിൽ ഉണ്ടായിരുന്നു. ഇനിയുമേറെ ഉത്തരവാദിത്തങ്ങൾ മുമ്പിലുള്ള ഇവരുടെ പ്രവർത്തനങ്ങളും വിലമതിക്കാനാവാത്തതാണ്.വിവിധ പ്രദേശങ്ങളിൽ ജനങ്ങൾക്കൊപ്പം നിന്നുകൊണ്ട് ഇടപെട്ട ഭരണ-പ്രതിപക്ഷ എം.എൽ.എമാരും രക്ഷാ പ്രവർത്തനത്തിന് വലിയ സഹായമാണ് നൽകിയത്. വിവിധ മേഖലയിലെ പ്രശ്നങ്ങൾ ഇവർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി.ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി വിവിധ സ്ഥാപനങ്ങളും സഹകരിച്ചു. മിനിമം ബാലൻസ് ഒഴിവാക്കി ബാങ്കുകൾ ഇതുമായി സഹകരിച്ചു. മൊബൈൽ സർവീസുകൾ നൽകുന്ന കമ്പനികൾ സഹകരിച്ചിട്ടുണ്ട്.സേനാവിഭാഗങ്ങൾ രക്ഷാപ്രവർത്തനത്തിന് നൽകിയ സഹായം വിലമതിക്കാനാവാത്തതാണ്. രക്ഷാദൗത്യം പൂർത്തിയാക്കി മടങ്ങുന്ന വിഭാഗങ്ങൾക്ക് സംസ്ഥാനത്തിന്റെ ആതിഥേയ മര്യാദയും സംസ്കാരവും ഉയർത്തിപ്പിടിക്കുംവിധം യാത്രയയപ്പ് നൽകും. ഈ ദുരന്തത്തിൽ സാങ്കേതികസഹായങ്ങളുടെ പിന്തുണയില്ലാതിരുന്നിട്ടും തങ്ങളുടെ അനുഭവവും മനുഷ്യസ്നേഹവും കരുത്താക്കിയാണ് മത്സ്യത്തൊഴിലാളികൾ ഇടപെട്ടതെന്നും മുഖ്യമന്ത്രി അനുസ്മരിച്ചു.പ്രളയക്കെടുതിയിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആകസ്മികമായ വിയോഗത്തിൽ അനുശോചനവും ദുഃഖവും രേഖപ്പെടുത്തുന്നു. രക്ഷാപ്രവർത്തനത്തിനിടെ സ്വന്തം ജീവനേക്കാൾ സഹജീവികളുടെ ജീവന് പ്രാധാന്യം നൽകവേ ജീവൻ നഷ്ടപ്പെട്ടപ്പെട്ടവരുടെ മനുഷ്യസ്നേഹത്തെ ആദരവോടെ സർക്കാർ കാണുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

August – 21

- പ്രളയദുരന്തം നേരിട്ട ജനങ്ങൾക്ക് ആശ്വാസം നൽകാനും അവരെ പുനരധിവസിപ്പിക്കാനും കേരളത്തെ പുനർനിർമ്മിക്കാനും അനുയോജ്യമായ ബൃഹദ്പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കാൻ ഇന്നു ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു. തകർന്ന കേരളത്തെ അതിനു മുമ്പുള്ള അവസ്ഥയിലേക്ക് പുനഃസ്ഥാപിക്കുകയല്ല ലക്ഷ്യം. പുതിയൊരു കേരളത്തെ സൃഷ്ടിക്കുന്നതിനുള്ള പദ്ധതിയാണ് തയ്യാറാക്കുന്നത്.സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിന് വലിയ തോതിൽ വിഭവ സമാഹരണം നടത്തേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ കമ്പോളത്തിൽ നിന്ന് സംസ്ഥാനത്തിന് വായ്പയെടുക്കാനുള്ള പരിധി ഉയർത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടും. കേരളത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ (ജിഎസ്ഡിപി) മൂന്നുശതമാനമാണ് ഇപ്പോൾ വായ്പയെടുക്കാനുള്ള പരിധി. അത് നാലര ശതമാനമായി ഉയർത്താൻ ആവശ്യപ്പെടും. പരിധി ഈ തോതിൽ ഉയർത്തിയാൽ നമുക്ക് 10,500 കോടി രൂപ അധികമായി കമ്പോളത്തിൽനിന്ന് സമാഹരിക്കാൻ കഴിയും.പശ്ചാത്തല സൗകര്യങ്ങൾ പുനർനിർമ്മിക്കുന്നതിനും കൃഷിയിലും ജലസേചനം ഉൾപ്പെടെയുള്ള അനുബന്ധമേഖലകളിലും സാമൂഹ്യമേഖലയിലും ദീർഘകാല പദ്ധതികൾ നടപ്പാക്കുന്നതിനും പ്രത്യേക പദ്ധതി നടപ്പാക്കണമെന്ന് നബാർഡിനോട് ആവശ്യപ്പെടും. ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേരളത്തിന് പ്രത്യേക പാക്കേജ് വേണം. മഹാത്മാഗാന്ധി തൊഴിലുറപ്പുപദ്ധതിക്ക് ഈ വർഷം 2,600 കോടി രൂപയുടെ പ്രത്യേക പാക്കേജ് വേണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.ദുരിതാശ്വാസം, പുനരധിവാസം, പുനർനിർമ്മാണം എന്നിവ ചർച്ച ചെയ്യുന്നതിന് ആഗസ്റ്റ് 30ന് പ്രത്യേക നിയമസഭാ സമ്മേളനം

വിളിച്ചുചേർക്കുന്നതിന് ഗവർണ്ണറോട് ശിപാർശ ചെയ്യാൻ തീരുമാനിച്ചു. പ്രളയബാധിത പ്രദേശങ്ങളിലെ ബാങ്ക് വായ്പകൾക്ക് ഇതിനകം തന്നെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. വാണിജ്യബാങ്കുകൾക്കും സഹകരണ ബാങ്കുകൾക്കും ഇത് ബാധകമാണ്. ദുരിതത്തിൽ കഴിയുന്ന ജനങ്ങൾക്ക് ഇത് വലിയ ആശ്വാസമായിരിക്കും. എന്നാൽ, ചില സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ നിലപാട് വിഷമകരമാണ്. ചില ധനകാര്യസ്ഥാപനങ്ങളുടെ പ്രതിനിധികൾ ദുരിതാശ്വാസ ക്യാമ്പുകളിൽ പോയി വായ്പാ കുടിശ്ശിക പിരിക്കാൻ ശ്രമിച്ച പരാതികളും ഉയർന്നുവന്നിട്ടുണ്ട്. ഇത്തരം ശ്രമങ്ങളിൽനിന്ന് അവർ പിന്തിരിയണം. ജനങ്ങൾക്ക് ആശ്വാസം നൽകുന്ന രീതിയിലുള്ള നിലപാട് സ്വകാര്യ ധനകാര്യസ്ഥാപനങ്ങളും സ്വീകരിക്കണം. യു.എ.ഇ സർക്കാർ 700 കോടി രൂപ നൽകും. യു.എ.ഇയിൽനിന്ന് 700 കോടി രൂപ സഹായമായി നമുക്ക് ലഭിക്കുന്നതാണ്. ഇക്കാര്യം അബുദാബി ക്രൗൺ പ്രിൻസും യു.എ.ഇ.യുടെ ഡെപ്യൂട്ടി സുപ്രീം കമാണ്ടറുമായ ഷെയ്ക്ക് മുഹമ്മദ് ബിൻ സയദ് അൽ നഹ്യാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അദ്ദേഹത്തോടും യു.എ.ഇ. പ്രസിഡന്റ് ഷെയ്ക്ക് ഖലീഫ ബിൻ സയദ് അൽ നഹ്യാൻ, വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയുമായ ഷെയ്ക്ക് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തും എന്നിവർക്കും കേരളത്തിന്റെ നന്ദി അറിയിക്കുന്നു. ബക്രീദ് ആശംസകൾ നേരാൻ കിരീടവകാശിയെ സന്ദർശിച്ച പ്രവാസി വ്യവസായി എം.എ. യൂസുഫലിയെയാണ് ആദ്യം ഇക്കാര്യം യു.എ.ഇ സർക്കാർ അറിയിച്ചത്. മലയാളികളും ഗൾഫ് നാടുകളുമായി വളരെ വൈകാരികമായ ബന്ധം നിലനിൽക്കുന്നുണ്ട്. മലയാളികൾക്ക് ഗൾഫ് രണ്ടാം വീടാണ്. അതുപോലെ അറബ് സമൂഹത്തിനും കേരളത്തോട് വൈകാരിക ബന്ധവും കരുതലുമുണ്ട്. അതാണ് ഈ വലിയ സഹായം സൂചിപ്പിക്കുന്നത്.

- പുനർനിർമ്മാണത്തിന് ഫണ്ട് സ്വരൂപിക്കാൻ പ്രത്യേക ലോട്ടറി: പ്രളയക്കെടുതി നേരിടുന്നതിനും കേരളത്തിന്റെ പുനർനിർമ്മാണത്തിനും പണം സമാഹരിക്കുന്നതിന് പ്രത്യേക ലോട്ടറി ആരംഭിക്കാൻ തീരുമാനിച്ചു. അധിക വിഭവസമാഹരണത്തിനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാന ജി.എസ്.ടി. തുകയ്ക്കു മേൽ 10 ശതമാനം സെസ് ചുമത്താൻ അനുവദിക്കണമെന്ന് ജി.എസ്.ടി. കൗൺസിലിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.ഇതരസംസ്ഥാനങ്ങളും സന്നദ്ധസംഘടനകളും വ്യക്തികളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള ഫണ്ടിനു പുറമെ നൽകുന്ന സാധനസാമഗ്രികൾ വ്യക്തമായ വ്യവസ്ഥയോടെ സ്വീകരിക്കാനും അവ ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്ന അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യാനും തീരുമാനിച്ചു. തികയാത്ത സാധനങ്ങൾ സംസ്ഥാന ദുരന്തനിവാരണ ഫണ്ട് ഉപയോഗിച്ച് ലഭ്യമാക്കും.രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികളെ പൊതുചടങ്ങിൽ ആദരിക്കുമ്പോൾ അവർക്ക് എസ്.ഡി.എം.എയുടെ സർട്ടിഫിക്കറ്റ് നൽകാൻ തീരുമാനിച്ചു. രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായ ആർമി, നേവി, എയർഫോഴ്സ്, കോസ്റ്റ് ഗാർഡ്, എൻ.ഡി.ആർ.എഫ്, സി.ആർ.പി.എഫ്, ബി.എസ്.എഫ് എന്നിവയിലെ അംഗങ്ങളെ പൊതുചടങ്ങിൽ ആദരിക്കാൻ തീരുമാനിച്ചു.രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട പോലീസ്, ഫയർഫോഴ്സ്, റവന്യൂ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരെ അഭിനന്ദിച്ച് എസ്.ഡി.എം.എയുടെ സർട്ടിഫിക്കറ്റ് നൽകാൻ തീരുമാനിച്ചു.പ്രളയദുരിതം കണക്കിലെടുത്ത് സംസ്ഥാനത്തെ മുഴുവൻ തോട്ടം തൊഴിലാളികൾക്കും 15 കിലോ വീതം സൗജന്യ റേഷൻ അനുവദിക്കാൻ തീരുമാനിച്ചു.പാലക്കാട് നെ്ാറ അളവുശ്ശേരിയിൽ ഉരുൾപൊട്ടലിൽ ഒരു

കുടുംബത്തിലെ അഞ്ച് പേർ മരിച്ച സംഭവത്തിൽ ഗുരുതരമായ പരിക്കുകളോടെ രക്ഷപ്പെട്ട അഖിലയുടെ (24 വയസ്സ്) ചികിത്സയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ഏഴു ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചു.

August – 26

പ്രളയക്കെടുതിയിൽ രക്ഷാപ്രവർത്തനത്തിനെത്തിയ സേനാവിഭാഗങ്ങളുടെ സേവനവും അവരോടുള്ള നന്ദിയും കേരളം ഒരിക്കലും മറക്കാതെ മനസിൽ സൂക്ഷിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. രക്ഷാദൗത്യത്തിൽ പങ്കാളികളായ കേന്ദ്രസേനാ വിഭാഗങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകിയ സ്വീകരണചടങ്ങ് ശംഖുംമുഖം എയർ ഫോഴ്സ് സ്റ്റേഷനിൽ ഉദ്ഘാടനം ചെയ്തുസംസാരിക്കുകയായിരുന്നു അദ്ദേഹം.സേനാവിഭാഗങ്ങളുടെ മനശ്ശക്തി പ്രളയത്തിരകൾക്കും മേലെയായിരുന്നു. അർപ്പണബോധത്തോടെ കേരളത്തോടൊപ്പവും സർക്കാരിനൊപ്പവും നിങ്ങൾ സമയോചിതമായി സഹായിച്ചില്ലായിരുന്നെങ്കിൽ ദുരന്തം ഭയാനകമായേനെ. സ്വന്തം ജീവൻ പോലും തൃണവത്ഗണിച്ചാണ് അനേകരെ നിങ്ങൾ രക്ഷിച്ചത്. സേനാവിഭാഗങ്ങളെയും അവരുടെ കുടുംബങ്ങളെയും കേരളം നന്ദിയോടും ആദരവോടും സ്മരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.വിവിധ വിഭാഗങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ ആദരം സൂചിപ്പിക്കുന്ന പ്രശസ്തിപത്രവും മുഖ്യമന്ത്രി സമ്മാനിച്ചു. ദക്ഷിണ വ്യോമ സേന എയർ ഓഫീസർ ഇൻ ചാർജ് എയർ മാർഷൽ ബി. സുരേഷ്, ദക്ഷിണ നേവൽ കമാന്റ് ചീഫ് ഓഫ് സ്റ്റാഫ് റിയർ അഡ്മിറൽ ആർ.ജെ. നഡ്കർണി, ഇന്ത്യൻ ആർമി സ്റ്റേഷൻ കമാൻഡർ ബ്രിഗേഡിയർ സി.ജി. അരുൺ, എൻ.ഡി.ആർ.എഫ് സീനിയർ കമാൻഡന്റ് രേഖാ നമ്പ്യാർ, ഇന്ത്യൻ കോസ്റ്റ് ഗാർഡ് ഡി.ഐ.ജി സനാതൻ ജെന, സി.ആർ.പി.എഫ് ഐ.ജി ഗിരിപ്രസാദ്, ബി.എസ്.എഫ് ഡി.ഐ.ജി ബി.സി നായർ, ഐ.ടി.ബി.എഫ് കമാൻഡന്റ് വിശാൽ ആനന്ദ്, ഡിഫൻസ് പി.ആർ.ഒ ധന്യ സനൽ, മറ്റു വിവിധ സേനാവിഭാഗങ്ങളുടെ പ്രതിനിധികൾ എന്നിവർ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.അപൂർവമായ ആദരമാണ് സേനാവിഭാഗങ്ങൾക്ക് ലഭിച്ചിരിക്കുന്നതെന്ന് എല്ലാ സേനാവിഭാഗങ്ങൾക്കും വേണ്ടി മറുപടി പ്രസംഗം നടത്തിയ വ്യോമ സേന എയർ ഓഫീസർ ഇൻ ചാർജ് എയർ മാർഷൽ ബി. സുരേഷ് പറഞ്ഞു. ദുരന്തമുഖത്ത് മുഖ്യമന്ത്രി പിണറായി വിജയൻ മുന്നിൽ നിന്ന് കൃത്യമായ നിർദേശങ്ങളോടെ നയിച്ചത് രക്ഷാപ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി. മലയാളികളുടെ ഇച്ഛാശക്തി എടുത്തുപറയേണ്ടതാണ്. സേനകൾക്കുപുറമേ, സന്നദ്ധപ്രവർത്തകരും മത്സ്യത്തൊഴിലാളികളും ഉൾപ്പെടെ എല്ലാവരുടെയും സഹകരണം തുണയായി. ഇനി കേരളത്തിന്റെ പുനർനിർമാണത്തിന് മലയാളികകളോടൊപ്പം മറ്റെല്ലാ സമൂഹവും ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.ചടങ്ങിൽ മന്ത്രിമാരായ ഇ. ചന്ദ്രശേഖരൻ, ഇ.പി. ജയരാജൻ, എ.കെ. ബാലൻ, കെ.കെ. ശൈലജ, എം.എം. മണി, കടകംപള്ളി സുരേന്ദ്രൻ, ഡോ. കെ.ടി.ജലീൽ, ചീഫ് സെക്രട്ടറി ടോം ജോസ്, ഡി.ജി.പി ലോക്നാഥ് ബെഹ്റ, ജില്ലാ കളക്ടർ ഡോ.കെ. വാസുകി, വിവിധ സേനാ വിഭാഗങ്ങളിലെ പ്രതിനിധികൾ, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

August – 27

കളക്ടർമാരുമായി മുഖ്യമന്ത്രി നടത്തിയ വീഡിയോ കോൺഫറൻസ്: 27-08-2018 വിവിധ ജില്ലകളിലെ ദുരിതാശ്വാസപ്രവർത്തനങ്ങൾ കലക്ടർമാരുമായുള്ള വീഡിയോ കോൺഫറൻസിലൂടെ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കാലത്ത് അവലോകനം ചെയ്തു. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയദുരന്തമാണ് നാം നേരിട്ടതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇതിന്റെ ഗുരുതരമായ പ്രത്യാഘാതത്തെക്കുറിച്ച്

പഠനങ്ങൾ ആവശ്യമാണ്.ദുരന്തം നേരിടുന്ന കാര്യത്തിൽ എല്ലാവരും അവിശ്രമം നല്ല ഏകോപനത്തോടെ പ്രവർത്തിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. ദുരന്തത്തിന് ഇരയായവരെ രക്ഷപ്പെടുത്തൽ, മാറ്റിപ്പാർപ്പിക്കൽ, ക്യാമ്പിൽ അത്യാവശ്യം സൗകര്യം ഉറപ്പാക്കൽ എന്നിവയിലെല്ലാം കലക്ടർമാർ നൽകിയ നേതൃത്വം അഭിനന്ദനാർഹമാണ്. ഈ പ്രവർത്തനങ്ങളെല്ലാം നല്ല ഏകോപനത്തോടെ, കൂട്ടായ്മയോടെ ചെയ്യാൻ കഴിഞ്ഞു. അതിന് കലക്ടർമാരെ അനുമോദിച്ചു.ഇനി ഒട്ടേറെ കാര്യങ്ങൾ ചെയ്യാനുണ്ട്. ക്യാമ്പുകളിൽ നിന്ന് വലിയ തോതിൽ ആളുകൾ തിരിച്ചുപോകുന്നുണ്ട്. എങ്കിലും കുറേ ക്യാമ്പുകൾ തുടരുകയാണ്. ക്യാമ്പിലുള്ളവർ തിരിച്ച് വീട്ടിലെത്തുമ്പോൾ ഉണ്ടാകുന്ന പ്രയാസം വലുതാണ്. എല്ലാമുണ്ടായിരുന്ന വീട് അവർ കാണുന്നത് എല്ലാം നശിച്ച നിലയിലായിരിക്കും. ഇത് പലർക്കും താങ്ങാനാകില്ല. അതിന്റെ ആഘാതം വളരെ വലുതായിരിക്കും. തിരിച്ചുപോകുന്നവർക്ക് നാം ഭക്ഷണകിറ്റ് നൽകുന്നുണ്ട്. എന്നാൽ ഭക്ഷണം പാകം ചെയ്യാനുള്ള പാത്രമോ മറ്റ് സൗകര്യങ്ങളോ വീടുകളിലുണ്ടാകില്ല. ഈ സാഹചര്യം മനസ്സിലാക്കി കലക്ടർമാർ ഉണർന്ന് പ്രവർത്തിക്കണം.താൽക്കാലിക ആശ്വാസം എന്ന നിലയ്ക്കാണ് പതിനായിരം രൂപ ക്യാമ്പിൽ കഴിയേണ്ടി വന്നവർക്ക് നൽകുന്നത്. തുടർച്ചയായ ബാങ്ക് അവധി കാരണം ഈ തുക കൈമാറാൻ കഴിഞ്ഞിട്ടില്ല. അടുത്ത ദിവസം തന്നെ തുക എല്ലാവർക്കും ലഭ്യമാക്കണം.ചത്ത മൃഗങ്ങളുടെ ശവങ്ങൾ ഇനിയും എവിടെയെങ്കിലും ബാക്കി കിടക്കുന്നുണ്ടെങ്കിൽ പെട്ടെന്ന് ശാസ്ത്രീയമായി സംസ്കരിക്കണം.വീട് ശുചീകരണം നല്ല നിലയിൽ നടക്കുന്നുണ്ട്. പകർച്ചവ്യാധികൾ തടയണമെങ്കിലും ശുചീകരണം കാര്യക്ഷമമായി നടക്കണം. വെള്ളം കയറിയതുകാരണം വീടുകളിലെ മിക്ക സാധനങ്ങളും നശിച്ചിട്ടുണ്ടാകും. അവയിൽ മിക്കതും നന്നാക്കിയെടുക്കാനാകില്ല. നശിച്ചുപോയ സാധനങ്ങളിൽ വാഹനങ്ങളും ഉൾപ്പെടും. വാഹനങ്ങളുടെ കാര്യത്തിൽ ഇൻഷൂറൻസ് തുക വേഗം ലഭ്യമാകുന്നതിന് നടപടി വേണം. ഇൻഷൂറൻസ് കമ്പനികളുടെ പ്രതിനിധികളുമായി ഒരു വട്ടം സംസാരിച്ചിരുന്നു. വീണ്ടും ചീഫ് സെക്രട്ടറിതലത്തിൽ അവരുടെ യോഗം വിളിക്കുന്നുണ്ട്. നശിച്ചുപോയ കിടക്ക, ഇലക്ട്രോണിക് ഉപകരണങ്ങൾ, മറ്റ് വീട്ടുപകരണങ്ങൾ എന്നിവ ശേഖരിച്ച് പൊതുസ്ഥലത്ത് തൽക്കാലം സൂക്ഷിക്കേണ്ടതുണ്ട്. ഒരു പഞ്ചായത്തിൽ ഒന്നോ അതിലധികമോ സ്ഥലം ഇതിനുവേണ്ടി കണ്ടെത്തണം.അഴുകുന്നതും അഴുകാത്തതുമായ സാധനങ്ങൾ വേർതിരിച്ചാണ് ശേഖരിക്കേണ്ടത്. അഴുകുന്ന മാലിന്യം പെട്ടെന്ന് സംസ്കരിക്കണം. പ്രാദേശിക സ്ഥാപനങ്ങൾ വഴിയാണ് ഈ പ്രവർത്തനം നടക്കുന്നത്. കലക്ടർമാർ അതിന് നേതൃത്വം നൽകണം. വീഴ്ച ശ്രദ്ധയിൽ പെട്ടാൽ ഇടപെട്ട് പരിഹരിക്കണം.വീടുകളിലേക്ക് തിരിച്ചുപോകാൻ സാഹചര്യമുള്ള മുഴുവൻ പേരും രണ്ടുദിവസം കൊണ്ട് തിരിച്ചുപോകും എന്ന് ഉറപ്പാക്കണം. ഇക്കാര്യത്തിൽ നല്ല ശ്രദ്ധ വേണം. വീടുകളിലേക്ക് ഇപ്പോൾ തിരിച്ചുപോകാൻ കഴിയാത്തവരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.തിരിച്ചുപോകുന്ന മുഴുവൻ കുടുംബങ്ങൾക്കും ഭക്ഷണകിറ്റ് നൽകുന്നുണ്ട്. നേരത്തെ ക്യാമ്പ് വിട്ടുപോയവർക്കും കിറ്റ് ലഭ്യമാക്കണം.വീട് പൂർണ്ണമായി തകർന്നുപോയ ധാരാളം കുടുംബങ്ങളുണ്ട്. ധാരാളം വീടുകൾ താമസയോഗ്യമല്ലാതായി. ഓരോ ജില്ലയിലും ഓരോ പ്രദേശത്തും അങ്ങനെയുള്ള എത്ര കുടുംബങ്ങളുണ്ട് എന്നത് സംബന്ധിച്ച് ഉടനെ വിവരം ശേഖരിക്കണം. അതത് പ്രദേശങ്ങളിൽ അവർക്ക് താമസസൗകര്യം ഉണ്ടാക്കണം. സ്കൂളുകളില്ലാത്ത സ്ഥലം ഇതിനുവേണ്ടി കണ്ടെത്തണം. കല്യാണമണ്ഡപങ്ങളും പൊതുഹാളുകളും കിട്ടാൻ ശ്രമിക്കുന്നതോടൊപ്പം ആൾതാമസമില്ലാത്ത വലിയ വീടുകൾ ഈ ആവശ്യത്തിന് കിട്ടുമോ എന്നും നോക്കണം.നാശനഷ്ടത്തിന്റെ കണക്ക് കൃത്യമായി ശേഖരിക്കണം. താമസംവിനാ ഈ നടപടി പൂർത്തിയാക്കണം. ഓരോ

മേഖലയ്ക്കും വന്ന നഷ്ടം കൃത്യമായി തിട്ടപ്പെടുത്തണം.കന്നുകാലികൾക്ക് ആവശ്യമായ കാലിത്തീറ്റ മൃഗസംരക്ഷണ വകുപ്പ് ശേഖരിച്ചിട്ടുണ്ട്. ഏതെങ്കിലും പ്രദേശത്ത് കാലിത്തീറ്റ കിട്ടാൻ പ്രയാസമുണ്ടെങ്കിൽ അത് പരിഹരിക്കണം.ആഗസ്റ്റ് 29-ന് സ്കൂൾ തുറക്കുന്നതുകൊണ്ട് സ്കൂളുകൾ വൃത്തിയാക്കുന്ന പ്രവൃത്തി നല്ല നിലയിൽ നടക്കുന്നുണ്ട്. ക്യാമ്പുകൾ പ്രവർത്തിച്ച സ്കൂളുകൾ വൃത്തിയാക്കുന്നതിൽ പ്രത്യേക ശ്രദ്ധ വേണം. വിദ്യാർത്ഥികൾക്ക് ഒരു തരത്തിലുള്ള ആരോഗ്യപ്രശ്നങ്ങളും വരാതിരിക്കാനുള്ള മുൻകരുതൽ ഉണ്ടാകണം.കുടിവെള്ളം എത്തിക്കുന്നത് അതീവ ഗൗരവമായി കാണണം. രോഗപ്രതിരോധത്തിനുള്ള പ്രധാന നടപടിയാണ് ശുദ്ധജലം ലഭ്യമാക്കൽ. പ്രളയബാധിത പ്രദേശങ്ങളിലെ കിണറുകൾ മിക്കവാറും മലിനമായിട്ടുണ്ട്. കിണർ ശുചീകരിക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകണം. കിണർ ശുചിയാക്കുന്നതുവരെ കുടിവെള്ളം വീടുകളിൽ എത്തിക്കണം. നല്ല ജാഗ്രത പുലർത്തുകയും മുൻകരുതൽ എടുക്കുകയും ചെയ്തില്ലെങ്കിൽ പകർച്ചവ്യാധികൾ വരാൻ സാധ്യതയുണ്ട്. ഇത്രയും വലിയ പ്രളയമുണ്ടായിട്ടും ഒരു പകർച്ചവ്യാധിയും പടർന്നുപിടിക്കാതെ നോക്കുകയാണെങ്കിൽ അത് സംസ്ഥാനത്തിന് അഭിമാനിക്കാനുള്ള വക നൽകും. രോഗം ബാധിച്ചവർക്ക് ചികിത്സ ലഭ്യമാക്കുന്നതിനും ശ്രദ്ധ വേണം.ദുരിതാശ്വാസത്തിന് സംഭാവന വലിയ തോതിൽ പ്രവഹിക്കുന്നുണ്ട്. എന്നാൽ ചില സ്ഥലങ്ങളിൽ അനധികൃത പണപ്പിരിവ് നടക്കുന്നതായി പരാതികൾ വരുന്നുണ്ട്. സർക്കാരിന് ദുരിതാശ്വാസ ഫണ്ട് നൽകരുതെന്നും ചിലർ പ്രചരിപ്പിക്കുന്നുണ്ട്. അത്തരം കാര്യങ്ങൾ ശ്രദ്ധിക്കുകയും പോലീസുമായി ബന്ധപ്പെട്ട് നടപടിയെടുക്കുകയും വേണം.ശുചീകരണ പ്രവർത്തനത്തിന് എല്ലാ വാർഡുകളിലും വളണ്ടിയർമാർ പ്രവർത്തിക്കുന്നുണ്ട്. അവരോടൊപ്പം വാർഡ് മെമ്പറും ഉണ്ടെന്ന് ഉറപ്പ് വരുത്തണം.ദുരന്തം ചിലരുടെയെങ്കിലും മാനസികനിലയെ ബാധിച്ചിട്ടുണ്ടാകും. അങ്ങനെയുള്ളവർക്ക്, പ്രത്യേകിച്ച് കുട്ടികൾക്ക് കൗൺസലിങ്ങ് നൽകാൻ നടപടി സ്വീകരിക്കണം.ക്യാമ്പുകളിൽ നിന്ന് തിരിച്ചുപോകുന്നവരിൽ ഒരു പങ്ക് അങ്ങേയറ്റം പാവപ്പെട്ടവരാണ്. ഓരോ പ്രദേശത്തും അത്തരം കുറച്ച് കുടുംബങ്ങളുണ്ടാകും. വീടുകളിൽ തിരിച്ചെത്തിയാലും ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത കുടുംബങ്ങൾ. സാമ്പത്തികശേഷിയുള്ള വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും പാവപ്പെട്ട കുടുംബങ്ങൾക്ക് വീടുകൾ സ്പോൺസർ ചെയ്യാൻ തയ്യാറാകും. അത്തരം സ്പോൺസർഷിപ്പ് ലഭ്യമാക്കാനുള്ള ശ്രമവും നടത്തണം.മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസപ്രവർത്തനത്തിലും പങ്കെടുത്ത ധാരാളം സന്നദ്ധ പ്രവർത്തകരുണ്ട്. അവരെ സർക്കാരിന്റെ നന്ദി അറിയിക്കുന്നതിന് ഉചിതമായ പരിപാടികൾ സംഘടിപ്പിക്കണം.ദുരന്തമോർത്ത് വിലപിച്ചിരിക്കാതെ പുതിയ കേരളം കെട്ടിപ്പടുക്കുക എന്ന ദൗത്യമാണ് നമ്മുടെ മുന്നിലുള്ളത്. അതിനാവശ്യമായ ആസൂത്രണവും വിഭവസമാഹരണവും നടത്തേണ്ടതുണ്ട്. ആസൂത്രണം ഓരോ പ്രദേശത്തും ഉണ്ടാകണം. ജനങ്ങളെയാകെ ഒന്നിച്ച് നിർത്തുകയും ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കുകയും വേണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.നഷ്ടപ്പെട്ടുപോയ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. സപ്തംബർ **3** ആകുമ്പോഴേക്കും അതിനുള്ള നടപടികൾ ആരംഭിക്കണം.ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ അത്യാവശ്യ സാധനങ്ങൾക്ക് വില കൂട്ടി വിൽക്കുന്ന ചില സ്ഥലങ്ങളിൽ പ്രവണതയുണ്ട്. ഇതിനെതിരെ കലക്ടർമാർ ശക്തിയായി ഇടപെടണം.കടകൾ മുഴുവൻ അടഞ്ഞുകിടക്കുന്ന പ്രദേശങ്ങളിൽ പൊതുവിതരണ സംവിധാനത്തിലൂടെ ജനങ്ങൾക്ക് ബദൽ സൗകര്യം ഏർപ്പെടുത്തണം.വീഡിയോ കോൺഫറൻസിൽ കാസർകോട് ഒഴികെയുള്ള എല്ലാ

ജില്ലകളിലേയും കലക്ടർമാർ പങ്കെടുത്തു. മുഖ്യമന്ത്രിയോടൊപ്പം വ്യവസായ മന്ത്രി ഇ.പി. ജയരാജൻ, ചീഫ് സെക്രട്ടറി ടോം ജോസ്, ആരോഗ്യ അഡീഷണൽ ചീഫ് സെക്രട്ടറി രാജീവ് സദാനന്ദൻ, നളിനി നെറ്റോ, വി.എസ്. സെന്തിൽ, എം. ശിവശങ്കർ, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എം.വി. ജയരാജൻ തുടങ്ങിയവർ പങ്കെടുത്തു. ഇടുക്കിയിൽ റവന്യൂമന്ത്രി ഇ. ചന്ദ്രശേഖരൻ, വൈദ്യുതിമന്ത്രി എം.എം. മണി എന്നിവരും ഉണ്ടായിരുന്നു.ഉച്ചയ്ക്കു ശേഷം പോലീസ് ആസ്ഥാനത്ത് ജില്ലാ പോലീസ് മേധാവികൾ ഉൾപ്പെടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥരുമായി ദുരിതാശ്വാസത്തെക്കുറിച്ചും പുനരധിവാസത്തെക്കുറിച്ചും മുഖ്യമന്ത്രി വീഡിയോ കോൺഫറൻസ് നടത്തി.

August – 27

ദുരിതാശ്വാസം, പുനരധിവാസം എന്നിവ സംബന്ധിച്ച പ്രവർത്തനങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ തിങ്കളാഴ്ച വൈകീട്ട് അവലോകനം ചെയ്തു.ഇന്ന് വൈകുന്നേരത്തെ കണക്കനുസരിച്ച് 1,093 ക്യാമ്പുകളിലായി 3,42,699 പേരുണ്ട്. ആഗസ്റ്റ് 8 മുതൽ ഇന്നു വരെ 322 പേർ മരണപ്പെട്ടു. ക്യാമ്പുകളിൽ നിന്ന് ആളുകൾ വീടുകളിലേക്ക് മടങ്ങിപ്പോകുകയാണ്. എങ്കിലും കുറച്ച് ദിവസംകൂടി ക്യാമ്പുകൾ തുടരേണ്ടിവരും. ക്യാമ്പുകളിൽ ഭക്ഷണം നൽകാൻ ആവശ്യമായ സാധനങ്ങൾ സ്റ്റോക്കുണ്ട്. വെള്ളം കെട്ടിക്കിടക്കുന്ന പ്രദേശങ്ങളിൽ പമ്പ് ഉപയോഗിച്ച് വെള്ളം ഒഴിവാക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നു.കിണറുകൾ മലിനമായ സ്ഥലങ്ങളിലും കുടിവെള്ളം വിതരണം മുടങ്ങിയ സ്ഥലങ്ങളിലും വാട്ടർ അതോറിറ്റി വെള്ളം വിതരണം ചെയ്യുന്നുണ്ട്. കുട്ടനാട്, ചെങ്ങന്നൂർ മേഖലകളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നു. ഇതിനുപുറമെ വീടുകളിലും വെള്ളം വിതരണം ചെയ്യുന്നുണ്ട്.വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുന്ന പ്രവൃത്തി വേഗത്തിൽ നടക്കുന്നു. ഇനി 56,000 ഉപഭോക്താക്കൾക്ക് മാത്രമാണ് കണക്ഷൻ പുനഃസ്ഥാപിക്കാനുള്ളത്.മൃഗങ്ങളുടെ ശവശരീരങ്ങൾ മറവ് ചെയ്യുന്നത് മിക്കവാറും പൂർത്തിയായി. ഇതിനകം നാലു ലക്ഷത്തോളം പക്ഷികളുടെയും 18,532 ചെറിയ മൃഗങ്ങളുടെയും 3,766 വലിയ മൃഗങ്ങളുടെയും ശവങ്ങൾ സംസ്കരിച്ചു.അവലോകന യോഗത്തിൽ ചീഫ് സെക്രട്ടറി ടോം ജോസ്, പോലീസ് മേധാവി ലോക്നാഥ് ബെഹ്റ, ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി സുബ്രതോ ബിശ്വാസ്, ആരോഗ്യ അഡീഷണൽ ചീഫ് സെക്രട്ടറി രാജീവ് സദാനന്ദൻ, നിയമസെക്രട്ടറി ഹരീന്ദ്രനാഥ്, ഫയർഫോഴ്സ് മേധാവി എ ഹേമചന്ദ്രൻ, ഡോ. ബീന, ഡോ. വി. വേണു, കെ.എസ്.ഇ.ബി. ചെയർമാൻ എൻ.എസ്. പിള്ള, ഡോ. ഇളങ്കോവൻ, നളിനി നെറ്റോ, വി.എസ്. സെന്തിൽ, എം. ശിവശങ്കർ, എ.ഡി.ജി.പി വിനോദ്കുമാർ തുടങ്ങിയവർ പങ്കെടുത്തു.

August – 28

സംസ്ഥാന രൂപീകരണത്തിന് ശേഷം ഉണ്ടായിട്ടുള്ള എറ്റവും വലിയ പ്രളയക്കെടുതിയെ നേരിടുന്ന പ്രവർത്തനങ്ങൾ ഒരോ ഘട്ടമായി മുന്നോട്ടുപോകുകയാണ്. ഇത്തരം കെടുതിയെ നേരിടുന്നതിൽ മൂന്ന് ഘട്ടങ്ങളാണ് ഉള്ളത്.

1. രക്ഷാ പ്രവർത്തനം
2. പുനരധിവാസം
3. പുനർ നിർമ്മാണം

ഒന്നാം ഘട്ടമായ രക്ഷാപ്രവർത്തനം പൂർണ്ണമായിക്കഴിഞ്ഞിരിക്കുന്നു. സമാനതകളില്ലാത്ത ത്യാഗത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും നിരവധി അധ്യായങ്ങൾ രചിച്ചുകൊണ്ടാണ് ഒന്നാം ഘട്ടം അവസാനിച്ചിട്ടുള്ളത്.

ഇത്തരത്തിലുള്ള നിരവധി ഓർമ്മകൾ ഒരോ പ്രദേശത്തെയും ജനതയ്ക്കും അത് നൽകിയിട്ടുണ്ട്. മനുഷ്യസ്നേഹത്തിന്റെ ഇത്തരം അധ്യായങ്ങൾ നമ്മുടെ സാമൂഹ്യ ജീവിതത്തിന്റെ മുന്നോട്ടുപോക്കിന് കുതിപ്പ് നൽകും എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

ചരിത്രത്തിൽ സ്ഥാനം പിടിച്ച രക്ഷാ പ്രവർത്തനം

നമ്മുടെ നാട്ടിലെ ജനത എത്ര ഉജ്ജ്വലമായി മാനവിക മൂല്യങ്ങളെ സൂക്ഷിച്ച് വച്ചിട്ടുണ്ട് എന്നും തെളിയിക്കുന്ന ഒന്നുകൂടിയായിരുന്നു ഈ പ്രവർത്തനം. നമ്മുടെ ഉജ്ജ്വലമായ പാരമ്പര്യത്തെ കൂടുതൽ കരുത്തോടെ മുന്നോട്ടുകൊണ്ടുപോകുന്നതിന് ഇടപെടൽ നടത്തിയ ഒരു തലമുറ എന്ന നിലയിൽ അഭിമാനത്തോടെ നിൽക്കാവുന്ന ഒന്നായി ചരിത്രത്തിൽ അത് സ്ഥാനം പിടിക്കുക തന്നെ ചെയ്യും. ലോകത്തെങ്ങുമുള്ള ജനതയ്ക്ക് മറ്റു പല കാര്യത്തിലുമെന്ന പോലെ പ്രചോദനമായും ഇത് മാറാതിരിക്കില്ല. രക്ഷാ പ്രവർത്തനത്തിൽ പങ്കെടുത്ത വിവിധ വിഭാഗങ്ങൾക്ക് നമ്മുടെ ആതിഥേയമര്യാദയെയും സംസ്കാരത്തെയും ഉയർത്തിപ്പിടിക്കുന്നവിധത്തിൽ വീരോചിതമായ യാത്രയയപ്പ് നൽകുന്നതിനും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. പ്രതിസന്ധികളിൽ നമുക്കൊപ്പം നിന്ന് നമ്മളിൽ ഒരാളായി പ്രവർത്തിച്ചവരായിരുന്നു സൈനികവിഭാഗങ്ങൾ. അവർ നൽകിയ വിലമതിക്കാനാവാത്ത പിന്തുണയെ ഒരു വാക്കുകൾക്കും വിവരിക്കാനാവുന്നതല്ല. നാം കാണിച്ച കരുത്തും മനുഷ്യസ്നേഹവും ആതിഥേയമര്യാദയുമെല്ലാം ഹൃദയത്തിൽ ഏറ്റുവാങ്ങിക്കൊണ്ടാണ് അവർ നമ്മുടെ നാട്ടിൽ നിന്ന് യാത്രയായിട്ടുള്ളത്. തീർച്ചയായും അവരുടെ ജീവിതത്തിലെ അവിസ്മരണീയമായ പ്രദേശമായി നമ്മുടെ നാടിനെ ഓർമ്മിക്കാതിരിക്കാൻ കഴിയാത്തവിധം അംഗീകാരവും നമുക്ക് നൽകാനായിട്ടുണ്ട്,

ജില്ലാ കളക്ടർമാരുമായി വീഡിയോ കോൺഫറൻസ്

രക്ഷാ പ്രവർത്തനത്തിൽ കൈ-മെയ് മറന്ന് പ്രവർത്തിച്ച ജില്ലാ കളക്ടർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുമായി വീഡിയോ കോൺഫറൻസ് നടത്തിയിരുന്നു. നമ്മുടെ ഭരണയന്ത്രം ഏത് ദുരിതത്തെയും അതിജീവിക്കാൻ കരുത്തുള്ളതാണ് എന്ന് തെളിയിച്ചതായിരുന്നു രക്ഷാ പ്രവർത്തനത്തിലെ അവരുടെ ഇടപെടൽ. നമ്മുടെ അഭിമാനം ഉയർത്തിപ്പിടിക്കാൻ ഇവർ കാണിച്ച അർപ്പണബോധത്തെ നമ്മുടെ തന്നെ ഭാഗമെങ്കിലും കേരളജനതയ്ക്ക് ഒരിക്കലും മറക്കാനാവുന്നതല്ല.

പുനരധിവാസ കാര്യത്തിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന കാര്യങ്ങൾ വ്യക്തമാക്കുകയുണ്ടായി. കളക്ടർമാരുമായി നടത്തിയ ചർച്ചയിൽ വ്യക്തമാകുന്ന ഒരു കാര്യം നാം പ്രാഥമികമായി വിലയിരുത്തിയ നഷ്ടത്തേക്കാൾ എത്രയോ കൂടുതലാണ് യഥാർത്ഥത്തിൽ ഉണ്ടായിട്ടുള്ളത് എന്ന കാര്യം വ്യക്തമായി. ശ്രദ്ധിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

തീരുമാനങ്ങൾ

1. വീടുകളിലേക്ക് തിരിച്ചുപോകുന്നവർക്ക് ഭക്ഷണം പാകം ചെയ്യാനുള്ള പാത്രങ്ങളോ സൗകര്യങ്ങളോ ഇല്ല എന്ന പ്രശ്നം കണക്കിലെടുത്തുകൊണ്ട് പ്രാദേശികമായി ഇത്തരം പ്രാഥമിക സൗകര്യങ്ങൾക്കായുള്ള സഹായങ്ങൾ സമാഹരിച്ച് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ലഭ്യമാക്കണം.
2. പതിനായിരം രൂപ സഹായധനം നൽകാനുള്ള തീരുമാനം ബാങ്കുകൾ അവധി കഴിഞ്ഞ് പ്രവർത്തനം ആരംഭിച്ച ദിവസം മുതൽ കാലതാമസം വരാതെ ലഭ്യമാക്കി എന്ന് ഉറപ്പാക്കണം.
3. വാഹനങ്ങളുടെയും ഗൃഹോപകരണങ്ങളുടെയും മറ്റും ഇൻഷുറൻസ് തുക വേഗം ലഭ്യമാക്കുന്നതിന് ചീഫ് സെക്രട്ടറി തലത്തിൽ വീണ്ടും യോഗം വിളിച്ചുചേർക്കുന്നതിനുള്ള തീരുമാനമെടുത്തു.

4. മാലിന്യനിർമ്മാർജ്ജനത്തിന് പ്രത്യേകമായ ശ്രദ്ധ ഉണ്ടാവണം. മാലിന്യങ്ങൾ കായലിലേക്കും പുഴയിലേക്കും ഒഴുക്കുന്നത് ഒഴിവാക്കുക തന്നെ വേണം. ബോധപൂർവ്വം ഇത്തരം നടപടികൾ സ്വീകരിക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കണം.
5. വീട് പൂർണ്ണമായും തകർന്നുപോയതും താമസയോഗ്യമല്ലാതായിത്തീർന്ന കുടുംബങ്ങളും ഉണ്ട്. അതാത് പ്രദേശങ്ങളിൽ അവർക്ക് താമസ സൗകര്യം ഉണ്ടാക്കുന്നതിന് ശ്രദ്ധിക്കണം. കല്യാണ മണ്ഡപങ്ങളും പൊതുഹാളുകളും കിട്ടുന്നതിനോടൊപ്പം ആൾതാമസമില്ലാത്ത വലിയ വീടുകൾ ഈ ആവശ്യത്തിന് കിട്ടാൻ പരിശ്രമിക്കണം.
6. കന്നുകാലികൾക്ക് തീറ്റ എത്തിക്കുന്നതിന് ശ്രദ്ധയുണ്ടാവണം. ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട കന്നുകാലികളെ മഹാഭൂരിപക്ഷവും സംസ്കരിച്ചുകഴിഞ്ഞു. അവശേഷിക്കുന്നുണ്ടെങ്കിൽ അടിയന്തിരമായും സംസ്കരിക്കാനും തയ്യാറാവണം.
7. ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതിനുള്ള ശ്രദ്ധയുണ്ടാവണം.
8. പകർച്ചവ്യാധി പടർന്നുപിടിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കുകയും, രോഗം ബാധിച്ചവർക്ക് ചികിത്സ ലഭിക്കുന്നതിന് ഇടപെടുകയും വേണം.
9. അങ്ങേയറ്റം പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കാൻ വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും അത്തരം കുടുംബങ്ങളെ സ്പോൺസർ ചെയ്യാൻ സന്നദ്ധമാണ്. ജില്ലയിൽ ഇത്തരം കാര്യങ്ങൾ ഏകോപിപ്പിക്കണം.
10. ദുരന്തത്തിന് ശേഷമുള്ള ഒരു വിലയിരുത്തൽ നടത്തേണ്ടതുണ്ട്. അതിൽ കണ്ടെത്തുന്ന പരിമിതികൾ പരിഹരിക്കാനാവണം.
11. കടകൾ അടഞ്ഞ് കിടക്കുന്നിടത്ത് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നോക്കണം. കൂടുതൽ വില ഈടാക്കുന്നത് ഇല്ലാതാക്കണം. കൃത്രിമക്ഷാമവും കരിഞ്ചന്തയും സൃഷ്ടിക്കുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കണം.
12. ക്യാമ്പുകളായി പ്രവർത്തിച്ചിരുന്ന സ്കൂളുകൾ ആഗസ്റ്റ് **29**ന് തന്നെ തുറക്കാനാവണം. സ്കൂളുകൾ വൃത്തിയാക്കാൻ പ്രത്യേക ശ്രദ്ധ വേണം. വിദ്യാർത്ഥികൾക്ക് ഒരു തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളും വരാതിരിക്കാനുള്ള മുൻകരുതൽ ഉണ്ടായിരിക്കണം.

ഇത്തരത്തിലുള്ള ഇടപെടൽ അടിയന്തരമായി നടത്തണമെന്ന് ഈ യോഗത്തിൽ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പോലീസ് ഉദ്യോഗസ്ഥരുമായുള്ള വീഡിയോ കോൺഫറൻസ്

ജില്ലയിലെ രക്ഷാ പ്രവർത്തനത്തിന് നേതൃത്വം നൽകിയ എസ്.പിമാരുടെയും പ്രത്യേകമായി നിയോഗിക്കപ്പെട്ട ഓഫീസർമാരുടെയും വീഡിയോ കോൺഫറൻസ് നടത്തുകയുണ്ടായി. ജനങ്ങളുടെ രക്ഷകരാണ് പോലീസെന്ന് നാം സാധാരണ പറയാറുള്ള വാക്കുകളാണ്. എന്നാൽ അൽപ്പം പോലും അതിശയോക്തിയില്ലാതെ പറയാനാവുന്ന കാര്യം ആ വാക്കുകൾ അക്ഷരാർത്ഥത്തിൽ നിറവേറ്റുന്ന രീതിയിലുള്ള പ്രവർത്തനമാണ് പോലീസ് സംവിധാനത്തിന്റെ ഭാഗത്ത് നിന്നുണ്ടായത് എന്നതാണ്. ജില്ലാ ഭരണ സംവിധാനവുമായി കൂടിച്ചേർന്നും ജനങ്ങളുമായി ഇഴുകിച്ചേർന്നും പോലീസ് നടത്തിയ രക്ഷാ പ്രവർത്തനം കേരളത്തിന്റെ എന്നല്ല, ലോകത്തിന്റെ തന്നെ പോലീസിന്റെ ചരിത്രത്തിലെ സുപ്രധാന സംഭവങ്ങളിലൊന്നായി മാറും എന്ന കാര്യത്തിൽ തർക്കമില്ല. പോലീസിനെ ജനകീയ സേനയാക്കി മാറ്റുന്ന വിധം ഇടപെട്ട ഓഫീസർമാരെ കേരള ജനതയ്ക്ക് വേണ്ടി അഭിനന്ദിക്കാനും ഈ അവസരം ഉപയോഗിക്കുകയുണ്ടായി.

പോലീസിന്റെ പ്രധാന ഉത്തരവാദിത്തമായ ക്രമസമാധാന രംഗത്ത് പ്രവർത്തിക്കുന്ന **40,000** പോലീസുകാരാണ് വിവിധ തരത്തിലുള്ള രക്ഷാ

പ്രവർത്തനങ്ങളിൽ പങ്കാളികളായത്. വാർത്താവിനിമയ സംവിധാനങ്ങൾ ഈ മഹാ പ്രളയത്തിൽ തകർന്നുപോയിരുന്നു. മൊബൈൽ ടവറുകൾ പോലും തകർന്നുപോയ ഈ പ്രളയത്തിൽ വാർത്താവിനിമയ സംവിധാനത്തിന്റെ പതാകാവാഹകരായി പ്രവർത്തിക്കാനും ഇവർ തയ്യാറായിട്ടുണ്ട്. ഈ രംഗത്ത് ആധുനിക സംവിധാനങ്ങളോ പ്രത്യേകമായ പരിശീലനങ്ങളോ പോലീസിനുണ്ടായിരുന്നില്ല. എന്നിട്ടും സഹജീവികളോടുള്ള ഉത്തരവാദിത്തത്തിന്റെ കരുത്തിലാണ് രക്ഷാ പ്രവർത്തനത്തിന് നേതൃത്വം നൽകിയത്. സ്വന്തം വീടുകൾ വെള്ളത്തിൽ മുങ്ങി എന്ന വിവരം ഫോണിലൂടെ ലഭിക്കുന്ന അവസരത്തിൽ ചില പോലീസുകാർ രക്ഷാ പ്രവർത്തനത്തിലായിരുന്നു.

ഈ അനുഭവത്തിൽ നിന്ന് മനസ്സിലാക്കുന്ന ഒരു കാര്യം ഇത്തരത്തിലുള്ള അടിയന്തര സാഹചര്യങ്ങളെ മറികടക്കാനുള്ള പ്രാഥമികമായ ഉപകരണങ്ങളും പരിശീലനങ്ങളും തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെങ്കിലും ഉണ്ടാവേണ്ടതുണ്ട് എന്നതാണ്. ഇത്തരം സാഹചര്യങ്ങളെ നേരിടുന്നതിന് പോലീസ് സംവിധാനത്തെ ആധുനികവത്കരിക്കുക എന്ന കടമ കൂടി സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയാണ്.

പുനരധിവാസം പുരോഗമിക്കുന്നു

പുനരധിവാസ പ്രവർത്തനങ്ങളും നല്ല നിലയിൽ പുരോഗമിക്കുകയാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. ഈ ദുരിതം ഉണ്ടായതിന് ശേഷം എറ്റവും കൂടുതൽ പേർ ക്യാമ്പിലുണ്ടായിരുന്നത് **21.08.2018** നാണ്. **3,91,494** കുടുംബങ്ങളിലായി **14,50,707** പേരാണ് ക്യാമ്പുകളിലുണ്ടായിരുന്നത്. ഒരാഴ്ച നാം പിന്നിടുമ്പോൾ ഇന്നത്തെ കണക്ക് പ്രകാരം **53,703** കുടുംബങ്ങളിലായി **1,97,518** പേരാണ് ദുരിതാശ്വാസ ക്യാമ്പുകളിൽ ഉള്ളത്.

അതായത് ക്യാമ്പിൽ വന്ന **3,37,791** കുടുംബങ്ങളും അതിലെ അംഗങ്ങളായ **12,53,189** പേരും പുനരധിവാസ പ്രവർത്തനത്തിന്റെ ഭാഗമായി വീടുകളിലേക്ക് തിരിച്ചെത്തിയിരിക്കുന്നു. ഇത് കാണിക്കുന്നത് പുനരധിവാസ പ്രവർത്തനങ്ങൾ അതിവേഗതയിൽ പുരോഗമിക്കുന്നുണ്ട് എന്നാണ്.

സർക്കാർ സംവിധാനങ്ങളുടെയും ജനങ്ങളുടെയും യോജിപ്പ്

വീടുകൾ താമസയോഗ്യമാക്കി മാറ്റുന്നതിന് സർക്കാർ സംവിധാനങ്ങളും സന്നദ്ധ സംഘടനകളും എണ്ണയിട്ട യന്ത്രം കണക്കെ യോജിച്ച് പ്രവർത്തിക്കുകയാണ്. സർക്കാർ സംവിധാനവും ജനങ്ങളും തമ്മിലുള്ള ഈ വിളക്കിച്ചേർക്കലാണ് രക്ഷാ പ്രവർത്തനത്തിലെ സംഘടനാ സംവിധാനത്തിന്റെ കരുത്തായി വർത്തിച്ചിട്ടുള്ളത്. ഭരണയന്ത്രവും ജനങ്ങളും തമ്മിലുള്ള ഈ ചേർച്ച നമ്മുടെ ജനാധിപത്യ സമൂഹത്തിന്റെ കരുത്തിനെയും ശേഷിയെയും വിളിച്ചറിയിക്കുന്നതാണ്. ഇക്കാര്യത്തിൽ നമുക്കെല്ലാം അഭിമാനിക്കാൻ പറ്റുന്ന കാര്യങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.

പുനരധിവാസത്തിന് യുവാക്കളുടെ പങ്കാളിത്തം

രക്ഷാ പ്രവർത്തനത്തിലെന്ന പോലെ പുനരധിവാസ പ്രവർത്തനത്തിലും യുവാക്കളുടെ പങ്കാളിത്തം നല്ല നിലയിൽ തുടരുകയാണ്. പുനരധിവാസ പ്രവർത്തനത്തിൽ പങ്കെടുക്കാൻ സംസ്ഥാനത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് യുവാക്കൾ സംഘം സംഘമായി എത്തിക്കൊണ്ടിരിക്കുകയാണ്. സാങ്കേതിക വൈദഗ്ദ്ധ്യം ഏറെയൊന്നുമില്ലെങ്കിലും സഹജീവിസ്നേഹത്തിന്റെ കരുത്തിൽ തീവ്രമായി അദ്ധ്വാനിക്കുകയാണ് യുവജനത. ഇത് ഭാവി കേരളത്തിന്റെ ശുഭകരമായ യാത്രയുടെ സൂചനയാണ്. തീർച്ചയായും അഭിമാനകരമായ കാര്യമാണത്. യുവതികളുടെ ശ്രദ്ധേയമായ പങ്കാളിത്തവും കേരളീയ സമൂഹത്തിലെ സാമൂഹ്യ വളർച്ചയുടെ ഔന്നിത്യത്തെയാണ് കാണിച്ചുതരുന്നത്.

പുനർനിർമ്മാണ പ്രവർത്തനം

പുനനിർമ്മാണ പ്രവർത്തനമാണ് നമുക്ക് മുമ്പിലുള്ള എറ്റവും പ്രയാസകരമായ ദൗത്യമെന്ന് കാണണം. പല ഘടകങ്ങൾ യോജിപ്പിച്ചുകൊണ്ട് മാത്രമേ ഈ ദൗത്യം പൂർത്തീകരിക്കാനാവൂ. അത്തരം പ്രശ്നങ്ങളെയാണ് സർക്കാർ കൈകാര്യം ചെയ്യുന്നത്.

1. സാമ്പത്തികം
2. ഏത് തരത്തിലുള്ള പുനർനിർമ്മാണം എന്നത്
3. അതിനുള്ള അസംസ്കൃത വസ്തുക്കളുടെ കണ്ടെത്തൽ
4. ജീവനോപാധികൾ ഉറപ്പുവരുത്തൽ

സാമ്പത്തികം

എറ്റവും പ്രധാനപ്പെട്ട പ്രശ്നമായി നിലനിൽക്കുന്നത് ഇതിനുള്ള പണം കണ്ടെത്തുക എന്നതാണ്. ഒരോ കേരളീയനും നാടിനെ സംരക്ഷിക്കുന്നതിന് ഇറങ്ങേണ്ടതുണ്ട് എന്ന പൊതുബോധം വളർന്നുവന്നിട്ടുണ്ട് എന്നതാണ് ഇതിനെ മറികടക്കാനാകും എന്ന ആത്മവിശ്വാസം സർക്കാരിന് പ്രദാനം ചെയ്യുന്നത്. ഒരു മാസത്തെ വേതനം ഇക്കാര്യത്തിന് നൽകണമെന്ന് ലോകത്താകെയുള്ള മലയാളികളോട് ഒരു ദൃശ്യ വാർത്താമാധ്യമത്തിൽ ചർച്ചയ്ക്കായി അവതരിപ്പിച്ചപ്പോൾ ഉണ്ടായ പ്രതികരണം ഇതാണ് സൂചിപ്പിക്കുന്നത്. പ്രതിപക്ഷ കക്ഷികൾ ഉൾപ്പെടെ ഇതിനെ സ്വാഗതം ചെയ്തു എന്നത് ഏറെ സന്തോഷകരമായ കാര്യമാണ്. പല സംഘടനകളും വ്യക്തികളും ഇതിനകം തന്നെ ഇക്കാര്യത്തിലുള്ള സംഭാവന നൽകിക്കഴിഞ്ഞിട്ടുണ്ട്.

ശ്രദ്ധേയമായ ഒരു സംഭവമാണ് കഴിഞ്ഞ ദിവസം കേരളത്തിന്റെ ദുരിതാശ്വാസ പ്രവർത്തനത്തിനായി സുപ്രീംകോടതി ജഡ്ജിമാർ ഉൾപ്പെടെ ഫണ്ട് സ്വരൂപിക്കാൻ വേണ്ടി ഡൽഹിയിൽ പാട്ടുപാടി പണം സ്വരൂപിക്കാൻ നടത്തിയ ഇടപെടൽ. ഇങ്ങനെ കേരളത്തിന്റെ ദുരിതത്തിൽ ഒരോരുത്തരും പതിവ് രീതികൾ വെടിഞ്ഞ് നമ്മുടെ പ്രശ്നങ്ങളെ സ്വന്തം ഹൃദയത്തിൽ ഏറ്റെടുത്ത് മുന്നോട്ടുവരുന്നുവെന്നത് പുനർനിർമ്മാണത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് വാനോളം ഉയരുന്ന പ്രതീക്ഷയാണ് ഉണ്ടാക്കുന്നത്. സർക്കാരിന്റെ പ്രവർത്തനത്തിന് ഇത് വലിയ പ്രചോദനമായി നിൽക്കുകയും ചെയ്യുന്നു.

സഹായങ്ങൾ എത്തുന്നുണ്ട്:

ഓഫീസിലേക്ക് വിവിധ തരത്തിലുള്ള സഹായവുമായി ജീവിതത്തിന്റെ വിവിധ തുറകളിലുള്ളവർ വന്നുകൊണ്ടിരിക്കുകയാണ്. തിരുവോണ നാളിലും ഈ പ്രവാഹത്തിന് കുറവുണ്ടായില്ല. നമ്മുടെ ഐക്യത്തിന്റെയും യോജിപ്പിന്റെയും പ്രതീകമായി ഇത് മാറിക്കൊണ്ടിരിക്കുന്നു.

മാധ്യമങ്ങൾ:

സംസ്ഥാനത്തിന് പുറത്തുള്ള മാധ്യമ സുഹൃത്തുക്കളും സഹായം നൽകുന്നതിനായുള്ള ദൗത്യമേറ്റെടുത്തുവെന്നതും സന്തോഷകരമായ കാര്യമാണ്. എൻ.ഡി.ടി.വി**,** ന്യൂസ്**18** ന്റെ വിവിധ ചാനലുകൾ തുടങ്ങിയവ നടത്തിയ പ്രവർത്തനങ്ങൾ ഇതാണ് കാണിക്കുന്നത്. പുനർനിർമ്മാണത്തെ സംബന്ധിച്ച് മാധ്യമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ചർച്ചകൾ അഭിനന്ദനം അർഹിക്കുന്നു. തീർച്ചയായും സമൂഹത്തിന്റെ വിവിധ കോണുകളിൽ നിന്ന് ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ടായിരിക്കും പുനർനിർമ്മാണ പ്രവർത്തനത്തെ സംബന്ധിച്ച രൂപരേഖ സർക്കാർ തയ്യാറാക്കുക.

ലോക കേരളസഭ:

കേരളത്തിന്റെ വികസനത്തിനായി പ്രവാസിമലയാളികളുടെ സഹായം കൂടി ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യം കൂടി കണ്ടുകൊണ്ട് രൂപപ്പെടുത്തിയതാണ് ലോക കേരളസഭ. ഇതിന്റെ സാധ്യതകളെയും നമ്മുടെ പുനർനിർമ്മാണ പ്രക്രിയയ്ക്ക്

ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ ജനജീവിതത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രധാന പങ്ക് വഹിക്കുന്ന പ്രവാസികളുടെ വൻതോതിലുള്ള പിന്തുണ ഇപ്പോൾ തന്നെ ലഭിക്കുന്നുണ്ട്. ഇതിനെ വ്യവസ്ഥാപിതമാക്കി മാറ്റുന്നതിനുള്ള ഇടപെടലാണ് ഇതിലൂടെ ലക്ഷ്യംവയ്ക്കുന്നത്.

കേന്ദ്രസർക്കാരിന്റെ സഹായം:

കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉദാരമായ സഹകരണമാണ് ഇക്കാര്യത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ലോകത്തിലെ വിവിധ ജനസമൂഹങ്ങളും പിന്തുണയുമായി രംഗത്തുവന്നുകൊണ്ടിരിക്കുന്നു. നമ്മുടെ വിഭവസമാഹരണത്തോടൊപ്പം ഇവ കൂടി ചേരുന്നതോടെ ദുരന്തത്തെ മറികടക്കാനുള്ള സാമ്പത്തിക അടിത്തറ ഉണ്ടാക്കിയെടുക്കാനാവുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. എളുപ്പമുള്ള കാര്യമല്ലെങ്കിലും നാം ഒന്നായി നിന്നാൽ അത് നേടിയെടുക്കാനാവും എന്നതാണ് വ്യക്തമാവുന്നത്.

പുനർനിർമ്മാണം ഏത് തരത്തിൽ

പുനർനിർമ്മാണത്തിന്റെ മറ്റൊരു ഘടകം മുമ്പ് ഉണ്ടായിരുന്ന അതേ രീതിയിൽ ഇത് നടത്തണമോ എന്നതാണ്. ഈ പ്രളയത്തിന്റെ അനുഭവത്തിൽ പാരിസ്ഥിതികമായ ചില പ്രശ്നങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. പ്രളയവും മണ്ണിടിച്ചിലും ഉരുൾപൊട്ടലും എളുപ്പം ബാധിക്കാവുന്ന സ്ഥലങ്ങളിൽ പുനരധിവാസം നടത്തണമോ എന്നത് പ്രധാനപ്പെട്ട പ്രശ്നമാണ്. അത്തരം കാര്യങ്ങളെക്കുറിച്ചുള്ള ആലോചനകൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

അസംസ്കൃത വസ്തുക്കളുടെ കണ്ടെത്തൽ

റോഡുകളും പാലങ്ങളും ഉൾപ്പെടെയുള്ളവ വലിയ തോതിൽ തകർന്നുപോയിട്ടുണ്ട്. ഉൾനാടുകളിലെ സ്ഥിതി ഏറെ പരിതാപകരമാണ്. അവ പുന:സ്ഥാപിക്കുക എന്നത് ജനജീവിതത്തിന്റെ ഊടും പാവും നെയ്തെടുക്കുന്നതിന് പ്രധാനമാണ്. ഇവയ്ക്ക് വേണ്ട അസംസ്കൃത വസ്തുക്കൾ കണ്ടെത്തുക എന്നതും ശ്രമകരമായ കാര്യമാണ്. ഇത്തരം കാര്യങ്ങൾ എല്ലാം സൂക്ഷ്മമായ പരിശോധനയ്ക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ചർച്ചകൾ പുരോഗമിക്കുകയാണ്.

ജീവനോപാധികൾ ഉറപ്പുവരുത്തൽ

ജനജീവിതം സാധാരണനിലയിലേക്ക് വരണമെങ്കിൽ ജീവനോപാധികൾ ഉറപ്പുവരുത്താനാവണം. അതിനുള്ള സഹായങ്ങളും പുനർനിർമ്മാണ പ്രവർത്തനത്തിലെ പ്രധാനപ്പെട്ട ഘടകങ്ങളാണ്. ഇത് തിരിച്ചുകൊണ്ടുവന്നെങ്കിൽ മാത്രമേ ജനജീവിതം സാധാരണ നിലയിലേക്ക് എത്തിക്കാനാവൂ എന്ന കാഴ്ചപ്പാടോടെയാണ് സർക്കാർ ഇടപെടുന്നത്.

അഭിപ്രായ രൂപീകരണത്തിന് നിയമസഭാ സമ്മേളനം

മുപ്പതാം തീയ്യതി പ്രത്യേക നിയമസഭാ സമ്മേളനം ചേരുന്നുണ്ട്. ദുരന്തമുഖത്ത് സജീവമായി നിന്നവരാണ് കേരളത്തിലെ എം.എൽ.എമാർ. സർക്കാരിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് ഇവർ നൽകിയ സഹായം ഏറെ വലുതുമാണ്. അവരുടെ അനുഭവങ്ങളുടെ കൂടി പശ്ചാത്തലത്തിൽ ഏറെ കാര്യങ്ങൾ അവർക്ക് പറയാനുണ്ടാകും. അവരുടെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് പുനർനിർമ്മാണ പ്രവർത്തനത്തിന്റെ രൂപരേഖ സർക്കാർ പൂർത്തീകരിക്കും.

മത്സ്യത്തൊഴിലാളി സ്വീകരണം വിജയിപ്പിക്കുക

രക്ഷാപ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കുകയും ത്യാഗനിർഭരമായ നിരവധി അധ്യായങ്ങൾ എഴുതിച്ചേർക്കുകയും ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് തിരുവനന്തപുരത്ത് വെച്ച് നാളെ (29.08.2018) സ്വീകരണം നടത്തുന്നുണ്ട്. അതിൽ നിങ്ങളുടെ സജീവമായ സാന്നിധ്യമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ലോകം നമുക്കൊപ്പം നിൽക്കുന്നു

പ്രളയത്തിൽ തകർന്ന കേരളത്തെ കൂടുതൽ പ്രൗഢോജ്ജ്വലമായി തിരിച്ചുപിടിക്കുക എന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പ്രളയത്തിൽ തകർന്ന കേരളമല്ല, അതിനെ അതിജീവിച്ച് കുതിച്ച കേരളമാണ് ഇതെന്ന് ചരിത്രത്തിൽ സ്ഥാനംപിടിക്കുന്നവിധം നമുക്ക് മുന്നേറണം. അതിന് നമ്മുടെ ഐക്യവും യോജിപ്പുമാണ് പ്രധാനം. അതാണ് അതിജീവനത്തിന്റെ അടിസ്ഥാനപാഠമെന്നതാണ് സർക്കാർ നിലപാട്.

ആ നിലപാടിനൊപ്പം കേരളവും ഇന്ത്യയും മാത്രമല്ല, ലോകവും സഹകരിക്കുന്നുവെന്നത് വമ്പിച്ച ആത്മവിശ്വാസമാണ് സർക്കാരിന് നൽകുന്നത്. ഐക്യത്തോടെ നിന്ന് അതിജീവിക്കുക എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. കേരളം അതിനൊപ്പം നിന്നിട്ടുണ്ട്. മാധ്യമങ്ങളും ആ പാതയിൽ തന്നെ ഉറച്ചുനിന്നിട്ടുണ്ട്. ആ പിന്തുണയും സഹകരണവും തുടർന്നും പ്രതീക്ഷിക്കുന്നു.

August – 29

പ്രളയ ദുരന്തത്തിൽ നിന്ന് ഉയർത്തെണീറ്റ് പുതിയൊരു കേരളത്തെ സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരളത്തിലെത്തിയ ലോകബാങ്ക് പ്രതിനിധി സംഘവുമായി ചർച്ച നടത്തുകയായിരുന്നു അദ്ദേഹം. അന്താരാഷ്ട്ര നിലവാരമുള്ള റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിലൂടെ ജനങ്ങൾക്ക് ആത്മവിശ്വാസം പകർന്നു നൽകാനാവും. പ്രളയം സൃഷ്ടിച്ച നഷ്ടത്തിന്റെ വ്യാപ്തി വളരെ വലുതാണ്. റോഡുകളും പാലങ്ങളും നശിച്ചതിനൊപ്പം ചെറുകിട കച്ചവടക്കാരും ബിസിനസുകാരും വലിയ പ്രതിസന്ധി നേരിടുന്നുണ്ട്. ഇവരുടെ പുനരധിവാസത്തിന് നിലവിലെ ബാങ്ക് പദ്ധതികൾ മാത്രം മതിയാവില്ല. ഇതിന് ലോകബാങ്കിന്റെ സഹായം ആവശ്യമാണ്.പരിസ്ഥിതി ദുർബല പ്രദേശത്തു നിന്ന് ജനങ്ങളെ മാറ്റി പുനരധിവസിപ്പിക്കേണ്ടിവരും. ഇത്തരം കാര്യങ്ങളിൽ പ്രതിനിധി സംഘത്തിന്റെ ഭാഗത്തു നിന്ന് വേഗത്തിലുള്ള നടപടികൾ ഉണ്ടാവണമെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തെ സഹായിക്കാനായി ലോകബാങ്ക് പ്രതിനിധി സംഘത്തെ അയയ്ക്കാൻ തയ്യാറായ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന്റെ നടപടിയിൽ അദ്ദേഹം നന്ദി അറിയിച്ചു.അടുത്ത പത്ത് ദിവസത്തിനകം സംഘം അടിയന്തര ദുരന്ത നാശനഷ്ടങ്ങളുടെയും ആവശ്യങ്ങളുടെയും നിർണയം (റാപ്പിഡ് ഡാമേജ് അസസ്മെന്റ് ആന്റ് നീഡ്സ് അനാലിസിസ്) നടത്തും. ഇതിനു ശേഷം ചീഫ് സെക്രട്ടറിയും വകുപ്പുതല സെക്രട്ടറിമാരുമായും ചർച്ച നടത്തി വായ്പാ ഘടന തയ്യാറാക്കും. കേരളത്തെ പുനർനിർമിക്കാനുള്ള യാത്രയിൽ തങ്ങൾ ഒപ്പമുണ്ടാവുമെന്ന് പ്രതിനിധി സംഘം അറിയിച്ചു. നിരവധി പേരുടെ ജീവനെടുത്ത ദുരന്തത്തിൽ പ്രതിനിധി സംഘാംഗങ്ങൾ അനുശോചനം രേഖപ്പെടുത്തി. കേരളത്തിൽ പ്രളയം സൃഷ്ടിച്ച ദുരന്തത്തിന്റെ വ്യാപ്തിയെക്കുറിച്ച് ചീഫ് സെക്രട്ടറി ടോം ജോസ് യോഗത്തിൽ വിശദീകരിച്ചു. മന്ത്രിമാരായ ഇ. പി. ജയരാജൻ, ഇ. ചന്ദ്രശേഖരൻ, ഡോ. ടി. എം. തോമസ് ഐസക്ക്, എ. കെ. ബാലൻ, മാത്യു ടി. തോമസ്, കടന്നപ്പള്ളി രാമചന്ദ്രൻ, വിവിധ വകുപ്പ്തല സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു.രാവിലെ ചീഫ് സെക്രട്ടറിയുമായി ചർച്ച നടത്തിയ ശേഷം സെക്രട്ടറിമാരുമായും സംഘം കൂടിക്കാഴ്ച നടത്തിയിരുന്നു. കേരളത്തിനുണ്ടായ നഷ്ടം സംബന്ധിച്ച് വ്യക്തമായ ചിത്രം ലഭിച്ചിട്ടുണ്ട്. കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പ് ഡയറക്ടർ ബന്ദന പ്രേയഷി, വേൾഡ് ബാങ്ക് ആക്ടിംഗ് കൺട്രി ഡയറക്ടർ ഹിഷാം അബ്ദോ, എ. ഡി. ബി കൺട്രി ഡയറക്ടർ കെനിച്ചി യോക്കോയാമ, വേൾഡ് ബാങ്ക് ലീഡ് ഡി ആർ എം സ്പെഷ്യലിസ്റ്റ് ദീപക് സിംഗ്, ഐ. എഫ്. സി സീനിയർ ഇൻവെസ്റ്റ്മെന്റ് ഓഫീസർ മദൻ കർനാനി എന്നിവരാണ് സംഘത്തിലുള്ളത്.

വീഴ്ചയിൽ കരഞ്ഞിരിക്കാതെ നാടിനെ കൂടുതൽ ഉയരത്തിലേക്ക് ഉയർത്തും

അപകടത്തിൽപ്പെട്ട സഹോദരങ്ങളെ സംരക്ഷിക്കണമെന്ന ഒറ്റ ചിന്തയോടെ ചാടിയിറങ്ങിയ മത്സ്യത്തൊഴിലാളികൾക്ക് കേരളത്തിന്റെ 'ബിഗ് സല്യൂട്ട്' സമർപ്പിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. പ്രളയദുരന്തത്തിൽ രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികൾക്ക് ആദരമർപ്പിച്ച് സംസ്ഥാന സർക്കാരിൻെറ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.കെടുതിമൂലം വീണ വീഴ്ചയിൽ കരഞ്ഞിരിക്കാൻ നാം തയാറല്ല, നാടിനെ കൂടുതൽ ഉയരത്തിലേക്ക് ഉയർത്താനുള്ള നടപടികളുമായി മുന്നോട്ടുപോകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.നമ്മുടെ രക്ഷാപ്രവർത്തനം വിജയിപ്പിക്കുന്നതിൽ ഏറ്റവും പ്രധാനഘടകമായി മത്സ്യത്തൊഴിലാളികൾ മാറി. നമ്മുടെ സഹോദരങ്ങളെക്കുറിച്ചുള്ള മേനിപറച്ചിലല്ല, അക്ഷരാർഥത്തിൽ അങ്ങനെയായിരുന്നു. പ്രാഗത്ഭ്യമുള്ള സേനകളുടെ തലവൻമാരും ഈ ഇടപെടലും ചടുലതയും എല്ലാം അംഗീകരിച്ചിട്ടുണ്ട്. ഇത് നമ്മുടെ നാടിൻെറ കൂട്ടായ്മയുടെ ഭാഗമാണ്. ഈ ദുരന്തത്തെ നാം നേരിട്ടത് അങ്ങേയറ്റം ഐക്യത്തോടും ഒരുമയോടുമാണ്.ഒന്നും ആലോചിക്കാതെയാണ് നമ്മുടെ മത്സ്യത്തൊഴിലാളി സഹോദരങ്ങൾ രക്ഷയ്ക്കിറങ്ങിയത്. സർക്കാരിൻെറ സഹായപ്രഖ്യാപനങ്ങൾ പിന്നെയാണ് വന്നത്. കരുത്തരെങ്കിലും രക്ഷാപ്രവർത്തനത്തിനിറങ്ങി ശാരീരികബുദ്ധിമുട്ടുണ്ടായവരെ ഉടൻ വിളിച്ചുവരുത്തേണ്ട എന്നു കരുതിയാണ് സ്വീകരണചടങ്ങ് ഇത്രയും നീട്ടിയത്. ഇനിയുമധികം വൈകുന്നത് ഔചിത്യമല്ല, എന്നതിനാലാണ് ഇപ്പോൾ സംഘടിപ്പിച്ചത്.രക്ഷാപ്രവർത്തനത്തിന് പ്രാഗത്ഭ്യം നേടിയ ഒട്ടേറെ സേനാവിഭാഗങ്ങൾ നമ്മുടെ പ്രവർത്തനത്തെ സഹായിക്കാനെത്തി. വ്യോമസേന, നാവികസേന, കോസ്റ്റ് ഗാർഡ്, ദേശീയദുരന്തനിവാരണ സേന, പോലീസ്, ഫയർഫോഴ്സ് തുടങ്ങി എല്ലാവരും അവരുടെ പങ്ക് വഹിച്ച് അർപ്പണബോധത്തോടെ രക്ഷയ്ക്കിറങ്ങി.പെട്ടെന്ന് വെള്ളപ്പൊക്കം ആർത്തലച്ച് വന്നപ്പോൾ നല്ല ഉൾക്കരുത്തോടെ നമ്മുടെ കടമയാണെന്ന് കരുതി യുവാക്കളും ചാടിയിറങ്ങി. ആപത്ഘട്ടത്തിൽ സഹജീവികളെ സംരക്ഷിക്കാൻ മനുഷ്യസ്നേഹത്തോടെയുള്ള നിലപാടെടുത്ത യുവാക്കൾ നമ്മുടെ ഭാവി ശോഭനമാണെന്നതിൻെറ ഉറപ്പാണ്.പക്ഷേ, വെള്ളം കൂടുതൽ കയറിയപ്പോൾ വെള്ളത്തെ നല്ലനിലയിൽ പരിചയമുള്ള മത്സ്യത്തൊഴിലാളി സഹോദരങ്ങളെ രക്ഷാദൗത്യത്തിൽ പങ്കാളികളാക്കേണ്ടതിന്റെ ചർച്ചയുയർന്നത്. പിന്നെ അറച്ചുനിൽക്കാതെ മത്സ്യത്തൊഴിലാളികളുടെ വൈദഗ്ധ്യത്തിലും കരുത്തിലും അതിജീവനശേഷിയിലും പൂർണവിശ്വാസമുള്ളതുകൊണ്ടുതന്നെ കഴിയാവുന്നത്ര വേഗത്തിൽ ഓരോ പ്രദേശത്തുനിന്നും അവരെ എത്തിക്കാൻ നടപടി സ്വീകരിക്കുകയായിരുന്നു.മത്സ്യത്തൊഴിലാളികളെ മാത്രം എത്തിച്ചാൽ പോരാ, അവരുടെ യാനവും എത്തിക്കണമായിരുന്നു. ഇതിനായി പോലീസിനെ ചുമതല ഏൽപ്പിക്കുകയായിരുന്നു. എവിടെയൊക്കെ മത്സ്യത്തൊഴിലാളികളുടെ സേവനം വേണമെന്ന് ആവശ്യപ്പെട്ടോ അവിടേക്ക് കുതിച്ചുവരാൻ അവർ മുന്നിട്ടിറങ്ങുകയായിരുന്നു. യാനം എത്തുംമുമ്പ് തന്നെ അവിടെയെത്തി രക്ഷാപ്രവർത്തനത്തിന് വെള്ളത്തിലേക്ക് ചാടുന്ന കാഴ്ച അവിടുത്തുകാരിൽ ആത്മവിശ്വാസമുയർത്തി.ഈ ഐക്യം നാം കാത്തുസൂക്ഷിക്കണം. അതുമായി നാം മുന്നോട്ടുപോകണം. നമ്മുടെ നാടിനെ നഷ്ടപ്പെട്ടതിനേക്കാൾ മികച്ചതായി ഉയർത്തിക്കൊണ്ടുവരാൻ നമുക്ക് കഴിയണം. കഷ്ടനഷ്ടങ്ങൾ അനുഭവിച്ചവർക്ക് ശരിയായ പുനരധിവാസം ഉറപ്പുവരുത്താനാകണം. വീടുനഷ്ടപ്പെട്ടവർക്കും കേടുപാടുണ്ടായവർക്കും കുറവുകൾ തീർക്കണം.നാം ജീവിക്കുന്നത് ഭൂലോകത്തെ

ഏറ്റവും മൂല്യമുള്ള മണ്ണിലാണ്. നമ്മളെ അറിയാവുന്ന എല്ലാവരും ഈ നാടിനെ സ്നേഹിക്കുന്നു. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കും കേരളം എന്താണെന്നറിയാം. കേരളത്തിനുവന്ന പരിക്ക്, തങ്ങളുടെ പരിക്കാണെന്ന് അവർ തിരിച്ചറിയുന്നു. അമേരിക്കയിൽനിന്ന് രണ്ടു ചെറുപ്പക്കാർ ഫേസ്ബുക്ക് കൂട്ടായ്മ വഴി പിരിച്ച 10 കോടി രൂപയുമാണ് ഓഫീസിലെത്തിയത്. ഇതാണ് നമ്മുടെ നാടിന്റെ പ്രത്യേകത. എല്ലാവരും പങ്കുവഹിച്ചാൽ നമ്മുടെ നാടിനെ കൂടുതൽ ഉയരത്തിലെത്തിക്കുന്നവിധം പുനർനിർമിക്കാമെന്ന് മുഖ്യമന്ത്രി പറഞ്ഞു.രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്ത മത്സ്യത്തൊഴിലാളികൾക്ക് പ്രശസ്തിപത്രവും പൊന്നാടയും ഷർട്ടും സമ്മാനമായി നൽകി. ജില്ലകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടവർക്ക് മുഖ്യമന്ത്രിയും, മറ്റുള്ളവർക്ക് മന്ത്രിമാരും വിശിഷ്ടാതിഥികളും പൊന്നാടയണിയിച്ചു.സമാനതകളില്ലാത്ത രക്ഷാപ്രവർത്തനമാണ് മത്സ്യത്തൊഴിലാളികളുടെ ഭാഗത്തുനിന്നുണ്ടായതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച റവന്യൂമന്ത്രി ഇ. ചന്ദ്രശേഖരൻ പറഞ്ഞു. സ്വയംസമർപ്പിത മനസുമായി മത്സ്യത്തൊഴിലാളികൾക്ക് ശക്തമായ ഇടപെടൽ നടത്താനായതായി അദ്ദേഹം പറഞ്ഞു.രക്ഷാപ്രവർത്തനത്തിൽ പരിക്കേറ്റ മത്സ്യത്തൊഴിലാളി രത്നകുമാറിന് ഭൂമിയും വീടും കൊടുക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന ഫിഷറീസ് മന്ത്രി ജെ. മേഴ്സിക്കുട്ടി അമ്മ അറിയിച്ചു. പരിക്കേറ്റ മറ്റുള്ളവരുടെ ചികിത്സാ സൗകര്യമുണ്ടാക്കും. നാശനഷ്ടമുണ്ടായ ബോട്ടുകൾ നന്നാക്കാൻ നടപടിയുണ്ടാകും. പൂർണമായി തകർന്ന ബോട്ടുകൾക്ക് പകരം ബോട്ടുകൾ നൽകും. ആദ്യം പത്തനംതിട്ടയിലേക്കാണ് മത്സ്യത്തൊഴിലാളികളെ രക്ഷാപ്രവർത്തനത്തിന് എത്തിച്ചത്. തുടർന്ന് കൂടുതൽ സ്ഥലങ്ങളിലേക്ക് ആവശ്യം വന്നപ്പോൾ പോലീസ് ലോറികൾ എത്തിച്ചും പൈലറ്റ് നൽകിയുമാണ് ബോട്ടുകൾ വിവിധ സ്ഥലങ്ങളിൽ എത്തിച്ചത്. ചുമട്ടുതൊഴിലാളികളാണ് ബോട്ടുകൾ ലോറികളിൽ കയറ്റാൻ സഹായമായതെന്നും മന്ത്രി പറഞ്ഞു.മന്ത്രിമാരായ കടകംപള്ളി സുരേന്ദ്രൻ, ഇ.പി. ജയരാജൻ, മാത്യു ടി. തോമസ്, രാമചന്ദ്രൻ കടന്നപ്പള്ളി, ഡെപ്യൂട്ടി സ്പീക്കർ വി. ശശി, ശശി തരൂർ എം.പി, മേയർ വി.കെ. പ്രശാന്ത്, എം.എൽ.എമാരായ കെ. ആൻസലൻ, സി.കെ. ഹരീന്ദ്രൻ, ഡി.കെ. മുരളി, വി.എസ്. ശിവകുമാർ, എം. വിൻസന്റ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു, മത്സ്യഫെഡ് ചെയർമാൻ പി.പി. ചിത്തരഞ്ജൻ തുടങ്ങിയവർ സംബന്ധിച്ചു. ചീഫ് സെക്രട്ടറി ടോം ജോസ് സ്വാഗതവും ഫിഷറീസ് ഡയറക്ടർ എസ്. വെങ്കിടേസപതി നന്ദിയും പറഞ്ഞു.സ്വന്തംനാടിൻെറ രക്ഷയ്ക്ക് സേവനസന്നദ്ധരായി മുന്നോട്ടുവന്ന് ആയിരക്കണക്കിനുപേരെ രക്ഷിച്ച മത്സ്യത്തൊഴിലാളികളെ ആദരിക്കാനാണ് ചടങ്ങ് സംഘടിപ്പിച്ചത്. നിറഞ്ഞ കരഘോഷത്തോടെയാണ് മത്സ്യത്തൊഴിലാളികൾ നടത്തിയ സേവനങ്ങൾ മുഖ്യമന്ത്രിയും വിശിഷ്ടാതിഥികളും വിവരിച്ചത് സദസ്സ് വരവേറ്റത്.ആദ്യഘട്ടത്തിൽ രക്ഷാപ്രവർത്തനത്തിന് കൊല്ലത്ത് നിന്ന് പത്തനംതിട്ടയ്ക്ക് അയച്ച മത്സ്യത്തൊഴിലാളി യാനങ്ങൾ വിജയം കൈവരിച്ചതോടെയാണ് പ്രളയമേഖലകളിലാകെ അവരുടെ സേവനം കൂടുതൽ ഉപയോഗപ്പെടുത്തിയത്.തിരുവനന്തപുരത്ത് നിന്ന് 577, കൊല്ലത്ത് നിന്ന് 632, ആലപ്പുഴ നിന്ന് 1317, കോട്ടയത്തുനിന്ന് 18, എറണാകുളത്ത്നിന്ന് 639, തൃശൂർനിന്ന് 713, പാലക്കാടുനിന്ന് 24, കോഴിക്കോട് നിന്ന് 140, മലപ്പുറത്തുനിന്ന് 352, കണ്ണൂർനിന്ന് 125 വള്ളങ്ങൾ ഉൾപ്പെടെ ആകെ 4537 വള്ളങ്ങളാണ് രക്ഷാദൗത്യത്തിനിറങ്ങിയത്. ഈ പട്ടികയിൽ പെടാതെയുള്ള രക്ഷാപ്രവർത്തകരുണ്ടെങ്കിൽ അവരെയും ആദരിക്കുമെന്ന് ഫിഷറീസ് മന്ത്രി അറിയിച്ചു.

August – 31

കേരളം നേരിട്ട സമാനതകളില്ലാത്ത പ്രളയദുരന്തത്തെക്കുറിച്ച് നിയമസഭയുടെ പ്രത്യേക സമ്മേളനം ഇന്നലെ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ദുരിതാശ്വാസം പുനരധിവാസം പുനർനിർമാണം എന്നീ കാര്യങ്ങളിൽ ഒറ്റക്കെട്ടായി മുന്നോട്ടുപോകണമെന്ന ആഹ്വാനമാണ് നിയമസഭ ഏകകണ്ഠമായി നൽകിയത്. കേരളത്തെ കൂടുതൽ മെച്ചപ്പെട്ടനിലയിൽ പുനർനിർമിക്കണം എന്ന ആശയം തന്നെയാണ് നിയമസഭയും മുന്നോട്ടുവയ്ക്കുന്നത്. നിയമസഭ അംഗീകരിച്ച പ്രമേയം ചൂണ്ടിക്കാണിക്കുന്നതുപോലെ അതിബൃഹത്തായ പുനരധിവാസ-പുനർനിർമ്മാണ പദ്ധതികൾക്ക് വിഭവ സമാഹരണം ഒരു വെല്ലുവിളിയാണ്. നാം ഒരുമിച്ചു നിന്നാൽ ഈ വെല്ലുവിളി തരണം ചെയ്യാനും വിജയകരമായി പുനർനിർമാണം പൂർത്തിയാക്കാനും കഴിയുമെന്ന കാര്യത്തിൽ സംശയമില്ല.

നിയമസഭാസമ്മേളനം കഴിഞ്ഞശേഷം ഇന്നലെ രാത്രി ചേർന്ന മന്ത്രിസഭായോഗം ദുരിതാശ്വാസം, പുനരധിവാസം, പുനർ നിർമാണം എന്നീ കാര്യങ്ങളിൽ ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. വിഭവസമാഹരണത്തിന്റെ ഭാഗമായി പ്രവാസി മലയാളികൾ ഏറെയുള്ള വിദേശ രാജ്യങ്ങളിൽ നിന്ന് ധനശേഖരണം നടത്താൻ മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്. ലോക കേരളസഭ അംഗങ്ങളെയും പ്രവാസി സംഘടനകളെയും സഹകരിപ്പിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ധനശേഖരണം നടത്തും. ഇതിനുവേണ്ടി ഒരു മന്ത്രിയെയും ആവശ്യമായ ഉദ്യോഗസ്ഥരെയും നിയോഗിക്കും. യു.എ.ഇ., ഒമാൻ, ബഹ്റിൻ സൗദി അറേബ്യ, ഖത്തർ, കുവൈറ്റ്, സിംഗപ്പൂർ, മലേഷ്യ, ആസ്ട്രേലിയ, ന്യൂസിലന്റ്, യു.കെ, ജർമ്മനി, യു.എസ്.എ, കാനഡ എന്നീ രാജ്യങ്ങൾ സന്ദർശിച്ച് പ്രവാസികളിൽ നിന്ന് ധനസമാഹരണം നടത്താനാണ് തീരുമാനം.

ഇന്ത്യയിലെ പ്രധാന നഗരങ്ങളിൽ നിന്ന് പ്രവാസി സംഘടനകളുടെ സഹകരണത്തോടെ ധനശേഖരണം നടത്താനും തീരുമാനിച്ചു. ഇതിനും മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കും പ്രത്യേക ചുമതല നൽകുന്നതാണ്.

എല്ലാ ജില്ലകളിലും പ്രാദേശിക കേന്ദ്രങ്ങൾ നിശ്ചയിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഫണ്ട് സമാഹരിക്കാനും ഏറ്റുവാങ്ങുന്നതിന് മന്ത്രിമാരെയും ഉന്നത ഉദ്യോഗസ്ഥരെയും ചുമതലപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്. കേരളത്തിന്റെ പുനർനിർമാണത്തിൽ പങ്കാളികളാകാൻ താൽപര്യമുള്ള വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സപ്തംബർ 10 മുതൽ 15 വരെ ജില്ലാ കേന്ദ്രങ്ങളിൽ നിന്ന് ഫണ്ട് ശേഖരണം നടത്താൻ തീരുമാനിച്ചു. ഇതിനു മുന്നോടിയായി സപ്തംബർ **3**-ന് എല്ലാ ജില്ലകളിലും ധനസമാഹരണ പരിപാടിയുടെ സംഘാടനത്തെക്കുറിച്ച് ആലോചിക്കുന്നതിന് ജില്ലാ കലക്ടർമാർ ജില്ലയിലെ വകുപ്പ് മേധാവികളുടെ യോഗം വിളിക്കുന്നതാണ്. അഡീഷണൽ ചീഫ് സെക്രട്ടറിതലത്തിലുള്ള ഉദ്യോഗസ്ഥർ ഈ യോഗങ്ങളിൽ പങ്കെടുക്കും. ജില്ലകളിലെ ധനസമാഹരണത്തിന് മന്ത്രിമാർക്ക് പ്രത്യേക ചുമതല നൽകിയിട്ടുണ്ട്.

കാസർകോട് – ഇ. ചന്ദ്രശേഖരൻ
കണ്ണൂർ – ഇ.പി. ജയരാജൻ, കെ.കെ. ശൈലജ
വയനാട് – രാമചന്ദ്രൻ കടന്നപ്പള്ളി
കോഴിക്കോട് – ടി.പി. രാമകൃഷ്ണൻ, എ.കെ. ശശീന്ദ്രൻ
മലപ്പുറം – കെ.ടി. ജലീൽ
പാലക്കാട് – എ.കെ. ബാലൻ
തൃശ്ശൂർ – സി. രവീന്ദ്രനാഥ്, വി.എസ്. സുനിൽകുമാർ
എറണാകുളം – എ.സി. മൊയ്തീൻ (ഇ.പി. ജയരാജൻ സഹായിക്കും)

ഇടുക്കി – എം.എം. മണി
കോട്ടയം – തോമസ് ഐസക്, കെ. രാജു
ആലപ്പുഴ – ജി. സുധാകരൻ, തിലോത്തമൻ
പത്തനംതിട്ട – മാത്യു ടി തോമസ്
കൊല്ലം – മേഴ്സിക്കുട്ടിയമ്മ
തിരുവനന്തപുരം – കടകംപള്ളി സുരേന്ദ്രൻ

സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാലയങ്ങൾ, സർക്കാർ – എയ്ഡഡ് വിദ്യാലയങ്ങൾ, സർക്കാർ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സപ്തംബർ 11-ന് ധനസമാഹരണം നടത്താൻ തീരുമാനിച്ചു. ഇതിന് പൊതുവിദ്യാഭ്യാസ, ഉന്നതവിദ്യാഭ്യാസ വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സി.ബി.എസ്.സി, ഐ.സി.എസ്.സി. സ്ഥാപനങ്ങളെയും ധനസമാഹരണ പരിപാടിയിൽ പങ്കാളികളാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

പ്രളയത്തിൽ തകർന്ന കേരളത്തെ പുതുക്കിപ്പണിയുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകണമെന്ന ആഹ്വാനത്തിന് ലോകമെങ്ങുനിന്നും നല്ല പ്രതികരണമാണ് ലഭിക്കുന്നത്. ഉള്ളവരും ഇല്ലാത്തവരുമെല്ലാം അവരവരുടെ കഴിവിനനുസരിച്ചും കഴിവിനപ്പുറവും നാടിനെ സഹായിക്കാൻ മുന്നോട്ടുവരുന്നു എന്നത് നമുക്ക് വലിയ ആത്മവിശ്വാസം പകരുന്നതാണ്. ആഗസ്റ്റ് 30 വരെ 1026 കോടി രൂപ ദുരിതാശ്വാസനിധിയിലേക്ക് ലഭിച്ചിട്ടുണ്ട്. ഏറ്റവും ശ്രദ്ധേയമായ കാര്യം 4.17 ലക്ഷം പേർ ഓൺലൈൻ വഴിയാണ് സംഭാവന നൽകിയത് എന്നതാണ്. രാജ്യത്തിനും ലോകത്തുനും മികച്ച മാതൃകകൾ സമ്മാനിച്ച കൊച്ചു സംസ്ഥാനമാണ് കേരളം. മഹാദുരന്തത്തെ അതിജീവിക്കുന്നതിലും നാം ലോകത്തിന് മാതൃകയാകുമെന്ന കാര്യത്തിൽ സംശയമില്ല.

പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട ചെറുകിട കച്ചവടക്കാരെ സഹായിക്കുന്നതിന് വായ്പാ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചു. കച്ചവടക്കാർക്ക് പത്തു ലക്ഷം രൂപ വരെ ബാങ്കുകളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതാണ്. സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ എന്നിവർക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാൻ തീരുമാനിച്ചു.

പ്രളയത്തിൽ വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ ബാങ്കുകളിൽ നിന്ന് വായ്പ ലഭ്യമാക്കും. വായ്പയുടെ പലിശ സർക്കാർ വഹിക്കും. വായ്പയുടെ തിരിച്ചടവ് ഉറപ്പാക്കുന്നതിന് കുടുംബശ്രീ വഴിയായിരിക്കും വായ്പ നൽകുക. ഇതിനായി സംസ്ഥാന സർക്കാർ ബാങ്കുകളുടെ കൺസോർഷ്യവുമായി കരാർ ഉണ്ടാക്കുന്നതാണ്.

കേരളത്തെ മികച്ച നിലയിൽ പുനർനിർമിക്കുന്നതിനുള്ള പദ്ധതിയുടെ കൺസൾട്ടന്റ് പാർട്ട്ണറായി അന്താരാഷ്ട്രതലത്തിൽ പ്രശസ്തമായ കെ.പി.എം.ജിയെ നിയമിക്കാൻ തീരുമാനിച്ചു. കെ.പി.എം.ജിയുടെ സേവനം സൗജന്യമായിരിക്കും.

പ്രളയത്തിൽ തകർന്ന പമ്പ പുനർനിർമിക്കുന്നതിനും ശബരിമല തീർത്ഥാടനം സൗകര്യപ്പെടുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കാൻ മന്ത്രിസഭ തീരുമാനിച്ചു. ഇതിനുവേണ്ടി ചീഫ് സെക്രട്ടറി അധ്യക്ഷനായി ഉന്നതതല സമിതിയെ നിയമിക്കും. ഡോ.വി. വേണു, കെ.ആർ. ജ്യോതിലാൽ, ടിങ്കു ബിസ്വാൾ എന്നീ സീനിയർ ഉദ്യോഗസ്ഥരും പോലീസ് മേധാവി ലോക് നാഥ് ബെഹ്റയും കമ്മിറ്റിയിൽ അംഗങ്ങളായിരിക്കും.

നവംബർ 17-നാണ് മണ്ഡല-മകരവിളക്ക് തീർത്ഥാടനം ആരംഭിക്കുന്നത്. പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും കെട്ടിടങ്ങളുമെല്ലാം

സമയബന്ധിതമായി പുനർനിർമിക്കേണ്ടത് അത്യാവശ്യമാണ്. അതിനാൽ പുനർനിർമാണത്തിന്റെ ചുമതല ടാറ്റ പ്രൊജക്ട് ലിമിറ്റഡിന് നൽകാൻ തീരുമാനിച്ചു. പ്രളയത്തിൽ വീടുകൾക്കും കടകൾക്കും ഉണ്ടായ നാശനഷ്ടങ്ങളുടെ വിവരശേഖരണം ഡിജിറ്റലായി നടത്തുന്നതിന് തീരുമാനിച്ചു.

September – 4

പ്രളയക്കെടുതിയിൽ വീടുകളിൽ നാശനഷ്ടമുണ്ടായ കുടുംബങ്ങൾക്ക് താൽക്കാലിക ആശ്വാസമായി നൽകുന്ന 10,000 രൂപയുടെ വിതരണം എത്രയും വേഗം പൂർത്തിയാക്കാൻ മന്ത്രിസഭ ഉപസമിതിയോഗം തീരുമാനിച്ചു. ഇത് സംബന്ധിച്ച വിവരശേഖരണവും പരിശോധനയും ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾക്ക് കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിക്കാൻ യോഗം തീരുമാനിച്ചു.ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾ യോഗം അവലോകനം ചെയ്തു.എലിപ്പനി ഉൾപ്പെടെയുള്ള രോഗങ്ങൾ പ്രതിരോധിക്കുന്നതിന് ഊർജിതമായ നടപടികൾ സ്വീകരിക്കാൻ യോഗം തീരുമാനിച്ചു. എലിപ്പനി പ്രതിരോധ മരുന്ന് ആവശ്യത്തിന് സ്റ്റോക്കുണ്ട്. രോഗം വന്ന് മരിച്ചവരിൽ ഒരാളൊഴികെ ആരും പ്രതിരോധ മരുന്ന് കഴിച്ചവരല്ലെന്ന് ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി യോഗത്തിൽ റിപ്പോർട്ട് ചെയ്തു. രോഗം വരാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കി 60 ലക്ഷം പ്രതിരോധ ടാബ് ലറ്റ് പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിരുന്നു.പല പ്രദേശങ്ങളിലും വെള്ളം കെട്ടിക്കിടക്കുന്നതുകൊണ്ട് കൊതുകുജന്യരോഗങ്ങൾ പടരാൻ സാധ്യതയുണ്ട്. അതിനാൽ ആവശ്യമായ മുൻകരുതൽ സ്വീകരിക്കാനും കൊതുകു നശീകരണത്തിന് കൂടുതൽ സംഘങ്ങളെ നിയോഗിക്കാനും തീരുമാനിച്ചു.ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സെപ്റ്റംബർ 7-നകം പൂർത്തിയാക്കണം. കാണാതായവരിൽ ഇനി തിരിച്ചുവരാൻ സാധ്യതയില്ലാത്തവർ ഉണ്ടെങ്കിൽ അവരുടെ കുടുംബങ്ങൾക്കും വേഗത്തിൽ നഷ്ടപരിഹാരം ലഭ്യമാക്കണം. ഓഖി ദുരന്തമുണ്ടായപ്പോൾ സ്വീകരിച്ച നടപടിക്രമം ഇക്കാര്യത്തിലും അനുവർത്തിക്കാൻ തീരുമാനിച്ചു.കുട്ടനാട്ടിൽ കെട്ടിക്കിടക്കുന്ന വെള്ളം ഒഴിവാക്കുന്നതിന് കൂടുതൽ പമ്പുകൾ ഉപയോഗിക്കും. നിലവിൽ ജില്ലാഭരണസംവിധാനത്തിന്റെ 23 പമ്പുകളും പാടശേഖര സമിതിയുടെ 30 പമ്പുകളും ഉപയോഗിക്കുന്നുണ്ട്. അതിനുപുറമെയാണ് കൂടുതൽ പമ്പുകൾ കൊണ്ടുവരുന്നത്. രേഖകൾ നഷ്ടപ്പെട്ടവർക്ക് അത് ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തണം. വിവിധ ഏജൻസികൾ നൽകിയ ദുരിതാശ്വാസ സാധനങ്ങളിൽ ബാക്കിയുള്ളവ വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡം യോഗം അംഗീകരിച്ചു. വിതരണം പെട്ടെന്ന് പൂർത്തിയാക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളെ കൂടി ചുമതലപ്പെടുത്തും. പ്രളയം ബാധിച്ച കുടുംബങ്ങളിലെ കുട്ടികൾക്ക് അടിയന്തരമായി നോട്ടുപുസ്തകം ലഭ്യമാക്കും.മാലിന്യസംസ്കരണം ഊർജിതമായി നടത്തും. ഇതിനകം 32,000 ടൺ അജൈവമാലിന്യം ശേഖരിച്ചിട്ടുണ്ട്. വീടുകളിൽ ബാക്കിയുള്ള അജൈവ മാലിന്യങ്ങൾ വളന്റിയർമാരെ അയച്ച് ശേഖരിക്കും. 160 പഞ്ചായത്തുകളിൽ മാലിന്യം ശേഖരിച്ചുവയ്ക്കാനുള്ള സ്ഥലം ലഭിച്ചിട്ടുണ്ട്. വെള്ളം കയറിയ വീടുകളിൽ 12,900 വീടുകളേ ഇനി വൃത്തിയാക്കാനുള്ളുവെന്നും യോഗം വിലയിരുത്തി

September – 11

CM Pinarayi Vijayan has directed the State Council for Science, Technology & Environment to conduct scientific studies on the phenomena observed after the floods in Kerala and suggest possible solutions to the problems.

The Centre for Water Resources Management has been assigned the task of studying fall in water levels, changes in Groundwater and land cracks. The topic of biodiversity renovation has been assigned to Jawaharlal Nehru Tropical Botanic Garden and Research Institute, Kerala Forest Research Institute and the Malabar Botanical Garden and Institute for Plant Sciences. The study of issues related to roads and bridges has been given to the National Transportation Planning and Research Centre.
In addition, CM has instructed the Science, Technology & Environment council to study separately the structural changes to environment in terms of biodiversity and changes in the habitat of animals and plants and its impacts.

September – 11

പ്രളയക്കെടുതിക്ക് ഇരയായവരുടെ പുനരധിവാസം, തകർന്ന കേരളത്തിന്റെ മെച്ചപ്പെട്ട നിലയിലുള്ള പുനർനിർമ്മാണം എന്നിവയാണ് ഇനി സർക്കാരിന്റെ മുമ്പിലുള്ള പ്രധാന അജണ്ട. ഇത് സംബന്ധിച്ച വ്യക്തമായ പ്രവർത്തനങ്ങൾക്ക് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന മന്ത്രിസഭായോഗം രൂപം നൽകിയിരുന്നു. അതനുസരിച്ചുള്ള നടപടികൾ യുദ്ധകാലടിസ്ഥാനത്തിൽ മുന്നോട്ടുപോകുകയാണ്. സ്ഥലത്തില്ലെങ്കിലും അപ്പപ്പോൾ ഉയർന്നുവരുന്ന പ്രധാന കാര്യങ്ങളിൽ മുഖ്യമന്ത്രി തന്നെ തീരുമാനം എടുക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. മന്ത്രിമാരുമായും പ്രധാന ഉദ്യോഗസ്ഥരുമായും അദ്ദേഹം ആശയവിനിമയം നടത്തുകയും ചെയ്യുന്നുണ്ട്. ഭരണ കാര്യങ്ങൾ നിർവഹിക്കുന്നതിന് ഒരു തടസ്സവും ഉണ്ടായിട്ടില്ല.പ്രളയദുരിതാശ്വാസം, പുനരധിവാസം എന്നീ കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിന് മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി അതിന്റെ പ്രവർത്തനം നല്ല നിലയിൽ നിർവഹിച്ചുവരുന്നു. കഴിഞ്ഞ ആഴ്ച ഉപസമിതി യോഗം ചേരുകയുണ്ടായി. ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങൾ ഈ കമ്മിറ്റി നല്ല രീതിയിൽ അവലോകനം ചെയ്യുകയും ഏകോപിപ്പിക്കുയും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നുണ്ട്.ദുരിതാശ്വാസത്തിന്റെ ഭാഗമായുള്ള 10,000 രൂപ ധനസഹായത്തിന് അർഹരായ 6,05,555 പേരിൽ 4,95,000 പേർക്ക് ഇന്ന് ഉച്ചയോടെ തുക ലഭ്യമാക്കി. ബാക്കിയുള്ളവർക്ക് ബുധനാഴ്ചയോടെ സഹായം ലഭിക്കും. കിറ്റ് വിതരണം ഇതനികം തന്നെ പൂർത്തിയായി. 7,18,674 കുടുംബങ്ങൾക്ക് കിറ്റ് വിതരണം ചെയ്തു. സംസ്ഥാനത്തിനകത്തുനിന്നും പുറത്തുനിന്നും ലഭിച്ചിട്ടുള്ള സാധനങ്ങൾ അർഹരായവർക്ക് വിതരണം ചെയ്യുന്നതിന് മാർഗരേഖ ഉണ്ടാക്കി. മന്ത്രിസഭാ ഉപസമിതി അംഗീകരിച്ച മാർഗരേഖ പ്രകാരം നിശ്ചയിച്ച വസ്തുക്കൾ വിതരണം ചെയ്യുകയാണ്.പ്രളയക്കെടുതിയിൽ തകർന്ന പമ്പയുടെ പുനർനിർമ്മാണം യുദ്ധകാലടിസ്ഥാനത്തിൽ ആരംഭിച്ചുകഴിഞ്ഞു. പ്രളയത്തിൽ നഷ്ടപ്പെട്ട രേഖകൾ അദാലത്ത് സംഘടിപ്പിച്ച് നൽകിവരുന്നു. വീട്ടുസാധനങ്ങൾ നശിച്ച കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം പലിശരഹിത വായ്പ ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.കൂട്ടുത്തരവാദിത്വത്തിലാണ് മന്ത്രിസഭ പ്രവർത്തിക്കുന്നത്. മുഖ്യന്ത്രി സ്ഥലത്തില്ലെങ്കിലും മന്ത്രിമാർ കൂട്ടായി പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നു. വിവിധ ജില്ലകളിൽ വിഭവസമാഹരണത്തിന്റെ ചുമതലയിലാണ് ഇപ്പോൾ മന്ത്രിമാർ. മന്ത്രിസഭാ ഉപസമിതിയിൽ അംഗങ്ങളല്ലാത്ത മന്ത്രിമാർ നാളെയും വിവിധ ജില്ലകളിൽ ഈ ചുമതലകൾ നിർവഹിക്കും. കേരളത്തെ പുനർനിർമ്മിക്കുന്നതിനുള്ള സഹായ പദ്ധതികളുമായും സ്പോൺസർഷിപ്പുമായും വിവിധ സ്ഥാപനങ്ങളും ഏജൻസികളും സർക്കാരിനെ സമീപിക്കുന്നുണ്ട്. അതെല്ലാം ശരിയായ വിധത്തിൽ ക്രമീകരിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട്. വിദേശരാജ്യങ്ങളിൽ നിന്നുൾപ്പെടെ ദുരിതാശ്വാസ നിധിയിലേക്ക് വരുന്ന

സംഭാവനകൾ സ്വീകരിക്കാനുള്ള ക്രമീകരണവും മുഖ്യമന്ത്രിയുടെ ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്.പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് ലോകബാങ്ക്, എ.ഡി.ബി, ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷൻ എന്നീ ഏജൻസികളുടെ പ്രതിനിധികൾ ആഗസ്റ്റ് 29-ന് മുഖ്യമന്ത്രിയുമായി ചർച്ച നടത്തിയിരുന്നു. ഇതിന്റെ തുടർച്ചയായി ലോകബാങ്ക്-എ.ഡി.ബി സംഘം കേരളത്തിൽ വന്ന് നാശനഷ്ടം വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്. രണ്ടുമൂന്ന് ദിവസത്തിനകം ഈ വിലയിരുത്തൽ പൂർത്തിയാകും. അതിനുശേഷമായിരിക്കും സംസ്ഥാനത്തിനുള്ള സഹായം സംബന്ധിച്ച് തീരുമാനം എടുക്കുക. സപ്തംബർ 20-നകം ലോകബാങ്ക്-എ.ഡി.ബി സംഘം അവരുടെ വിലയിരുത്തൽ സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് നൽകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുപോലുള്ള എല്ലാ കാര്യങ്ങളും ഒരു തടസ്സവുമില്ലാതെ സർക്കാർ നിർവഹിച്ചുപോരുന്നുണ്ട്.വിദേശത്തുപോയ ശേഷംസെപ്തംബർ മൂന്നു മുതൽ ഒമ്പതു വരെയുള്ള ദിവസങ്ങളിൽ 316 ഫയലുകളിൽ മുഖ്യമന്ത്രി തീർപ്പ് കൽപ്പിച്ചു. ഇലക്ട്രോണിക് സംവിധാനം ഉപയോഗിച്ച് ഫയൽ കൈകാര്യം ചെയ്യുന്നതിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. അത് സുഗമമായി നടക്കുകയും ചെയ്യുന്നു.

<u>September – 12</u>

ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങളുടെ ഏകോപനം സംബന്ധിച്ച മന്ത്രിസഭാ ഉപസമിതിയോഗം ഇന്നു കാലത്ത് ചേർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിശദമായി അവലോകനം ചെയ്തു. ദുരന്തത്തിൽ തകർന്ന വീടുകളും സ്കൂളുകളും ആശുപത്രികളും സൗജന്യമായി പുനർനിർമ്മിക്കാനും മറ്റു സഹായങ്ങൾ ലഭ്യമാക്കാനും തയ്യാറായി വിവിധ ഏജൻസികളും സ്ഥാപനങ്ങളും വ്യക്തികളും മുന്നോട്ടുവരുന്നുണ്ട്. ഇവ ഏകോപിപ്പിച്ച് സഹായം നല്ലരീതിയിൽ പ്രയോജനപ്പെടുത്താൻ തീരുമാനിച്ചു. ഇതിനുവേണ്ടി ആസൂത്രണവകുപ്പ് ഒരു വെബ് പോർട്ടൽ തയ്യാറാക്കുന്നുണ്ട്. സഹായം നൽകാൻ സന്നദ്ധതയുള്ളവർക്ക് ഈ പോർട്ടൽ വഴി സർക്കാരിനെ ബന്ധപ്പെടാവുന്നതാണ്. എവിടെയൊക്കെ, ആർക്കൊക്കെ അടിയന്തിര സഹായം ആവശ്യമുണ്ട് എന്ന വിവരങ്ങൾ ഈ പോർട്ടലിൽ നിന്ന് അറിയാൻ സാധിക്കും.പതിനായിരം രൂപ വീതമുള്ള സഹായ വിതരണം മിക്കവാറും പൂർത്തിയായി. സെപ്തംബർ **11** ന്റെ കണക്കുകൾ പ്രകാരം **5.01** ലക്ഷം കുടുംബങ്ങൾക്ക് സഹായം വിതരണം ചെയ്തു കഴിഞ്ഞു. ഇനി **96,500** കുടുംബങ്ങൾക്കാണ് സഹായം നൽകാനുള്ളത്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ കൃത്യമായി ലഭ്യമാക്കാത്തതും ചില ആവർത്തനങ്ങളുമാണ് സഹായവിതരണം പൂർത്തിയാക്കുന്നതിന് പ്രയാസമുണ്ടാക്കിയത്. ഇന്നും നാളെയുമായി സഹായവിതരണം പൂർത്തിയാകും. കിറ്റ് വിതരണം കഴിഞ്ഞ ദിവസം തന്നെ പൂർത്തിയായിട്ടുണ്ട്. കേരളത്തിന് പുറത്തുനിന്ന് ലഭിച്ച ദുരിതാശ്വാസ സാധനങ്ങളുടെ വിതരണം മാനദണ്ഡപ്രകാരം നടത്തിവരുന്നു.**1498** കുടുംബങ്ങളിലെ **4857** പേരാണ് ഇപ്പോൾ ദുരിതാശ്വാസ ക്യാമ്പുകളിലുള്ളത്. ആകെ **122** ക്യാമ്പുകൾ. ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് പകരം മറ്റു കെട്ടിടങ്ങൾ അടിയന്തിരമായി കണ്ടെത്തുന്നതാണ്. വെള്ളം കയറിയ വീടുകളുടെ വൃത്തിയാക്കൽ മിക്കവാറും പൂർത്തിയായി. **6.89** ലക്ഷം വീടുകളാണ് ഇതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വൃത്തിയാക്കിയത്. ഇനി **3501** വീടുകളേ ബാക്കിയുള്ളൂ. **3.19** ലക്ഷം കിണറുകൾ വൃത്തിയാക്കിയിട്ടുണ്ട്. വെള്ളം ഇറങ്ങാത്ത പ്രദേശങ്ങളിൽ കുറച്ചു കിണറുകൾ കൂടി വൃത്തിയാക്കാൻ ബാക്കിയുണ്ട്. **4213** ടൺ ജൈവമാലിന്യമാണ് ഇതുവരെ ശേഖരിച്ചത്. അതിൽ **4036** ടണ്ണും സംസ്ക്കരിച്ചു. **4305** ടൺ അജൈവ മാലിന്യം ശേഖരിച്ചിട്ടുണ്ട്. അവ ഘട്ടം ഘട്ടമായി

സംസ്ക്കരിക്കും.വെള്ളം കയറി വീട്ടുസാധനങ്ങൾ നശിച്ചവർക്ക് ഒരു ലക്ഷം രൂപ കുടുംബശ്രീ വഴി പലിശരഹിത വായ്പ ലഭ്യമാക്കാനുള്ള നടപടികൾ മുന്നോട്ടുപോകുന്നു. സെപ്തംബർ **25** മുതൽ വായ്പ നൽകിത്തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.വിദ്യാലയങ്ങൾവഴിയുള്ള ധനസമാഹരണം നല്ലരീതിയിൽ നടന്നിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. രണ്ടായിരം വിദ്യാലയങ്ങളുടെ കണക്ക് ലഭിച്ചപ്പോൾ സമാഹരിക്കാൻ കഴിഞ്ഞ തുക **2.05** കോടിരൂപയാണ്. മൊത്തം പതിനാറായിരം വിദ്യാലയങ്ങളാണുള്ളത്.നഷ്ടപ്പെട്ട രേഖകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. കുറച്ചു ദിവസങ്ങൾക്കകം രേഖാവിതരണം പൂർത്തിയാക്കാൻ കഴിയും. കേന്ദ്രസർക്കാരിന്റെ മാനദണ്ഡപ്രകാരം വീടുകൾക്കുണ്ടായ നഷ്ടത്തിനാണ് സാമ്പത്തിക സഹായം നൽകുന്നത്. എന്നാൽ മറ്റു കെട്ടിടങ്ങൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും ഉണ്ടായ നഷ്ടം കൂടി കണക്കാക്കാൻ തീരുമാനിച്ചിട്ടുണ്ട്.കേന്ദ്രസർക്കാരിന്റെ ദേശീയ ദുരന്ത പ്രതികരണ നിധി (എൻ.ഡി.ആർ.എഫ്.) മാനദണ്ഡപ്രകാരമുള്ള നിവേദനം തയ്യാറാക്കിവരികയാണ്. വിവിധ വകുപ്പുകളിൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞു. അവ ക്രോഡീകരിച്ച് താമസിയാതെ കേന്ദ്ര സർക്കാരിന് വിശദമായ നിവേദനം സമർപ്പിക്കും.ദുരന്ത ശേഷം പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നത് തടയാൻ ആരോഗ്യവകുപ്പ് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി പകർച്ചവ്യാധികൾ വലിയൊരളവുവരെ തടയാൻ കഴിഞ്ഞു. പ്രതിരോധമരുന്ന് വ്യാപകമായി വിതരണം ചെയ്യുന്നതിനാൽ എലിപ്പനിയും നിയന്ത്രണവിധേയമാണ്. ഡെങ്കിപോലുള്ള കൊതുകുജന്യ രോഗങ്ങൾ തടയാനുള്ള മുൻകരുതലുകളും എടുക്കുന്നുണ്ട്.പ്രളയത്തിൽ തകർന്ന പമ്പ പുനർനിർമ്മിച്ച് ശബരിമല തീർത്ഥാടകർക്ക് സൗകര്യം ഒരുക്കുന്നതിനുള്ള പ്രവൃത്തികൾ അതിവേഗം നടക്കുകയാണ്. തീർത്ഥാടനകാലം ആരംഭിക്കുന്നതിനുമുൻപ് പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.ലോക ബാങ്ക്, എ.ഡി.ബി., ഐ.എഫ്.സി. എന്നീ അന്താരാഷ്ട്ര ഏജൻസികളുടെ പ്രതിനിധികൾ സംസ്ഥാനത്തെ വിവിധ ജില്ലകൾ സന്ദർശിച്ച് നഷ്ടം വിലയിരുത്തുകയാണ്. മൂന്ന് നാല് ദിവസത്തിനകം അത് പൂർത്തിയാകും. സെപ്തംബർ **21** ന് ഈ ഏജൻസികളുടെ റിപ്പോർട്ട് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സഹായം സംബന്ധിച്ച തീരുമാനം അതിനുശേഷമുണ്ടാകും.

<u>September – 14</u>

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള ധനസമാഹരണം വിജയിപ്പിക്കാൻ വലിയ പങ്ക് വഹിച്ച വിദ്യാർത്ഥികളെ മുഖ്യമന്ത്രി പിണറായി വിജയൻ അഭിവാദ്യം ചെയ്തു.

പ്രളയത്തിൽ തകർന്ന കേരളത്തെ പുനർനിർമ്മിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് സെപ്റ്റംബർ **11, 12** തീയതികളിൽ സംസ്ഥാനത്തെ സ്കൂളുകളിൽ ധനസമാഹരണ പരിപാടി നടന്നത്. **15** കോടി രൂപ അതിലൂടെ സമാഹരിക്കാൻ കഴിഞ്ഞുവെന്നത് ആവേശകരമായ അനുഭവമാണ്. ദുരന്തം നേരിടാനുള്ള ധനസമാഹരണത്തിൽ തുടക്കം മുതൽ തന്നെ വിദ്യാർത്ഥികൾ വലിയ പങ്ക് വഹിച്ചിരുന്നു. സർക്കാരിന്റെ ശ്രമത്തിന് ഇത് വലിയ പ്രചോദനമാണ് നൽകിയത്. സമ്പാദ്യക്കുടുക്കയിലെ പണവുമായി ധാരാളം കുട്ടികൾ മുഖ്യമന്ത്രിയുടെ ഓഫീസിലും ജില്ലാ കലക്ടറേറ്റുകളിലും എത്തി. മുതിർന്നവർക്കുപോലും മാതൃകയാകാവുന്ന പിന്തുണയാണ് കൊച്ചുകുട്ടികളിൽ നിന്ന് ലഭിച്ചത്. സമൂഹത്തിന് വലിയ സന്ദേശമാണ് കുട്ടികളുടെ ഈ പങ്കാളിത്തമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വിദ്യാലയങ്ങളിലെ ധനസമാഹരണം വിജയിപ്പിക്കുന്നതിന് അധ്യാപകരും രക്ഷിതാക്കളും അധ്യാപക-രക്ഷാകർതൃസമിതിയും വഹിച്ച പങ്കിനെയും മുഖ്യമന്ത്രി അഭിനന്ദിച്ചു.

September – 19

പ്രളയാനന്തര ശുചീകരണത്തിന്റെ തുടർച്ചയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സെപ്റ്റംബർ **22** മുതൽ ഒക്ടോബർ **2** വരെ സംസ്ഥാനത്ത് തീവ്ര ശുചീകരണ പ്രവർത്തനങ്ങൾ നടത്തും. ഇതിന്റെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും ഉള്ള മാലിന്യങ്ങൾ സംസ്കരിക്കുകയും വേർതിരിച്ച് പുനചംക്രമണത്തിന് കൈമാറുകയും ചെയ്യും. ഇതോടൊപ്പം നദികൾ തോടുകൾ മറ്റ് ജലാശയങ്ങൾ പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് ശുചീകരിക്കും. ശുചീകരണ പ്രവർത്തനങ്ങൾ പഞ്ചായത്ത്, നഗരകാര്യം ഗ്രാമവികസനം എന്നീ വകുപ്പുകൾ ഏകോപിപ്പിച്ച് നടത്തും. ഹരിതകേരള മിഷൻ, ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി, കുടുംബശ്രീ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ എന്നിവയുടെ സംയുക്ത നേതൃത്വവും ഏകോപനവും ജില്ലാ-സംസ്ഥാന തലങ്ങളിൽ ഉണ്ടാകും. ജില്ലാതല പ്രവർത്തനങ്ങളുടെ ഏകോപനം ജില്ലാ കലക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ശുചിത്വ മിഷൻ ജില്ലാ കോഡിനേറ്റർ എന്നിവർക്കായിരിക്കും. വിദ്യാലയങ്ങളിൽ ഹരിത കേരള മിഷന്റെ സഹകരണത്തോടെ നടത്തുന്ന ഹരിതോത്സവം പരിപാടിയുടെ ഭാഗമായി മാലിന്യം വേർതിരിക്കുന്ന പ്രവർത്തനങ്ങളിൽ അവബോധം ഉണ്ടാക്കും. ഇതിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണമുണ്ടാകും. എല്ലാ സർക്കാർ ഓഫീസുകളും നവംബർ ഒന്നുമുതൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനും ജലാശയ തീരത്തുള്ള മാലിന്യം നീക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശന നടപടികൾ സ്വീകരിക്കണം. ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (ഭേദഗതി) ഓർഡിനൻസ് **2017,** കേരള പഞ്ചായത്ത് രാജ് ആക്ട് **1994,** കേരള മുനിസിപ്പാലിറ്റി ആക്ട് **1994** എന്നിവ പ്രകാരമുള്ള ശിക്ഷയും പിഴയും നൽകുന്നതടക്കമുള്ള നിയമ നടപടികളും സ്വീകരിക്കണം. നിലവിൽ ജില്ലകളുടെ ചാർജുള്ള മന്ത്രിമാർ ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. ശുചീകരണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തുകൾക്ക് പരമാവധി **10,000** രൂപയും നഗരസഭകൾ / കോർപ്പറേഷനുകൾ എന്നിവക്ക് **25,000** രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു/പ്ലാൻ ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതാണ്. ജില്ലാതലത്തിൽ ശുചീകരണ പ്രവർത്തനങ്ങളുടെ ഐ.ഇ.സി. പ്രവർത്തനങ്ങൾക്ക് ശുചിത്വ മിഷന്റെ ഐ.ഇ.സി ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വീതം ലഭ്യമാക്കും. തീവ്ര ശുചീകരണ പ്രവർത്തനങ്ങളിൽ എല്ലാ വകുപ്പുകളുടേയും പങ്കാളിത്തം ജില്ലാ കലക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്. അധിക വിഹിതം അരിയും മണ്ണെണ്ണയും വിതരണം ചെയ്യും പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ അനുവദിച്ച അധിക വിഹിതം അരിയും മണ്ണെണ്ണയും വിതരണം ചെയ്യും. കൈകാര്യചെലവ് മാത്രം ഈടാക്കി മുഴുവൻ മുൻഗണനേതര കുടുംബങ്ങൾക്കും അഞ്ചു കിലോ വീതം അരി സെപ്റ്റംബർ മാസവും പത്തു കിലോ വീതം ഒക്ടോബറിലും വിതരണം ചെയ്യും. ദുരിതബാധിത പ്രദേശങ്ങളിൽ ലിറ്ററിന് **39** രൂപ നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യും. ബാക്കി വരുന്ന മണ്ണെണ്ണ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വിതരണം ചെയ്യും.

കൈകാര്യചെലവ് ഇനത്തിൽ വരുന്ന ബാധ്യത സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്ന് ഈടാക്കും.
പ്രളയക്കെടുതികൾക്കു ശേഷമുള്ള പുനർനിർമാണ സംരംഭങ്ങൾക്കായി കെ.പി.എം.ജി സമർപ്പിച്ച ക്രൗഡ് ഫണ്ടിംഗ് മാതൃക അംഗീകരിച്ചു. ഇത് നടപ്പാക്കുന്നതിനായി മിഷൻ സ്ഥാപിക്കും. വീടുകൾ, ഉപജീവന മാർഗ്ഗങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കായി നിബന്ധനകൾക്ക് വിധേയമായി സ്പോൺസർഷിപ്പ് സ്വീകരിക്കുന്നതിനും പദ്ധതി നിർദേശം വ്യവസ്ഥ ചെയ്യുന്നുണ്ട്.

September – 21

CM Pinarayi Vijayan reached out to the Malayalee community in United States and invited their participation in the rebuilding of Kerala. Speaking at a function in New York, CM urged Malayalees in US to join the Global Salary Challenge, a donation drive inviting Malayalees all over the world to contribute one month's salary for Kerala. We must do our utmost for rebuilding the State that was ravaged by an unprecedented flood. The allocations as per the norms of National Disaster Management Act will be insufficient for rebuilding efforts. Crowdfunding measures are inevitable. All who are capable must join the Global Salary Challenge. Kerala is expecting a contribution of about 150 Cr from the Malayalee community in US. A meeting of the donors will be convened in 3 months. CM also invited the Malayalees in US to make investments in the State.

September – 25

പ്രധാനമന്ത്രിയുമായി മുഖ്യമന്ത്രി പിണറായി വിജയൻ കൂടിക്കാഴ്ച നടത്തി. ഇതിൽ കേന്ദ്രസർക്കാരും വിവിധ ഏജൻസികളും സംസ്ഥാനത്തിന് നൽകിയ നിർലോപമായ പിന്തുണക്ക് പ്രധാനമന്ത്രിയെ നന്ദി അറിയിച്ചു. കേരളത്തിന്റെ പുനർനിർമാണത്തിനു പൂർണ പിന്തുണ പ്രധാനമന്ത്രി കൂടിക്കാഴ്ചയിലറിയിച്ചതായി മുഖ്യമന്ത്രി പറഞ്ഞു.പ്രളയത്തിനു ശേഷമുള്ള കേരളത്തിലെ സാഹചര്യങ്ങളെക്കുറിച്ച് പ്രധാനമന്ത്രിയെ വിശദമായി ധരിപ്പിച്ചിട്ടുണ്ട്. കാലവർഷക്കെടുതി സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ കനത്ത ആഘാതം സൃഷ്ടിച്ചതുകണക്കിലെടുത്ത് **4,796** കോടി രൂപയുടെ സഹായം അഭ്യർത്ഥിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്. ലോകബാങ്ക്, എഡിബി, ഐഎഫ്സി, യുഎൻഡി.പി എന്നീ സ്ഥാപനങ്ങളുടെ സംയുക്തസംഘം ധനമന്ത്രാലയത്തിന്റെ സഹായത്തോടെ നാശനഷ്ടങ്ങൾ വിലയിരുത്തിവരികയാണ്. **25,000** കോടി രൂപയെങ്കിലും പുനർനിർമ്മാണത്തിന് വേണ്ടിവരുന്ന സ്ഥിതിയാണുള്ളത്.**80%**ത്തോളം ജനതയെ ബാധിച്ച ഈ ദുരിതത്തെ മറികടക്കുന്നതിന് നിർലോഭമായ കേന്ദ്രസഹായം അനിവാര്യമാണ്. അതിനായി ചില കാര്യങ്ങൾ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വായ്പാ പരിധി ജി.എസ്.ഡി.പി യുടെ **3%** എന്നതിൽ നിന്നും **4.5%** മായി നടപ്പുസാമ്പത്തിക വർഷം വർധിപ്പിച്ചു നൽകുക, അടുത്ത വർഷം മുതൽ അത് **3.5%** മായി നിജപ്പെടുത്തുക എന്ന കാര്യവും ധനവകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതുവഴി **16,000** കോടി രൂപയുടെ അധിക വായ്പ ലഭ്യമാക്കുക എന്നതാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്. കേന്ദ്രം **5,000** കോടി രൂപയുടെ സ്പെഷ്യൽ ഗ്രാന്റ് സംസ്ഥാനത്തിന് നൽകണം. ഇക്കാര്യത്തിൽ അനുകൂലമായ ഇടപെടൽ ഉണ്ടാവണമെന്ന അഭ്യർത്ഥനയും പ്രധാനമന്ത്രിക്ക് മുമ്പാകെ വെച്ചിട്ടുണ്ട്. ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക് തുടങ്ങി അന്താരാഷ്ട്ര ഏജൻസികളിൽ നിന്ന് ധനസഹായം ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ട കാര്യവും വ്യക്തമാക്കിയിട്ടുണ്ട്.യു.എ.ഇ ഉൾപ്പെടെയുള്ള രാജ്യങ്ങൾ കേരളത്തെ ഉദാരമായി

സഹായിക്കാൻ സന്നദ്ധമാണ്. കേരളം നേരിടുന്ന വെല്ലുവിളിയുടെ പശ്ചാത്തലത്തിൽ വിദേശ ധനസഹായം ലഭിക്കുമെന്ന് ഉറപ്പുവരുത്താൻ സഹായകരമായ നിലപാട് കേന്ദ്രം സ്വീകരിക്കണമെന്നും ഓർമ്മിപ്പിക്കുകയുണ്ടായി.ഇതോടൊപ്പം തന്നെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള ധനസഹായത്തിൽ **10%** വർദ്ധനയെങ്കിലും വരുത്താൻ പ്രധാനമന്ത്രി വിവിധ മന്ത്രാലയങ്ങൾക്ക് നിർദ്ദേശം നൽകിയാൽ **1,000** കോടി രൂപയുടെ നേട്ടമാണ് സംസ്ഥാനത്തിനുണ്ടാവുക. കേന്ദ്ര റോഡു ഫണ്ട് ഇനത്തിലും **2018-19** ലെ വാർഷിക പദ്ധതിയിലും ഉൾപ്പെടുത്തി **3,000** കോടി രൂപയുടെ സഹായം കേന്ദ്ര റോഡ് ഗതാഗത വകുപ്പ് നൽകണമെന്നും പറഞ്ഞിട്ടുണ്ട്. നബാർഡ് ഉൾപ്പെടെയുള്ള ഏജൻസികൾ സംസ്ഥാനത്തിന്റെ കാര്യത്തിലുള്ള വായ്പാപരിധിയിൽ ഇളവ് അനുവദിക്കണമെന്ന ആവശ്യവും അവതരിപ്പിച്ചിട്ടുണ്ട്.ഇൻഷുറൻസോ മറ്റു പരിരക്ഷകളോ ഇല്ലാത്ത വ്യാപാരികൾ ചെറുകിട സംരംഭകർ തുടങ്ങിയ വിഭാഗങ്ങളെ ധനസഹായ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ ഭേദഗതികൾ വ്യവസ്ഥകളിൽ ഉണ്ടാകണമെന്ന കാര്യവും ഓർമ്മിപ്പിച്ചിട്ടുണ്ട്. വിവിധ ഏജൻസികൾ നടത്തിയ പഠനറിപ്പോർട്ടുകൾ അടുത്തുതന്നെ പുറത്തുവരും. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് വിശദമായ റിപ്പോർട്ട് സഹായത്തിനായി സമർപ്പിക്കുമെന്ന കാര്യവും മുഖ്യമന്ത്രി വ്യക്തമാക്കി.നിരവധി വിദേശരാജ്യങ്ങളിൽ ശക്തമായ മലയാളി സാന്നിധ്യമുണ്ട്. ജന്മനാടിന്റെ പുനർനിർമ്മാണത്തിൽ പങ്കുകൊള്ളണമെന്നുള്ള വിദേശമലയാളികളുടെ ആഗ്രഹത്തിന്റെ പശ്ചാത്തലത്തിൽ മന്ത്രിമാർ നയിക്കുന്ന സംഘം ബന്ധപ്പെട്ട രാജ്യങ്ങൾ സന്ദർശിക്കുന്നുണ്ട്. ഇതിനാവശ്യമായ സഹായങ്ങൾ കേന്ദ്രത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണമെന്ന കാര്യവും അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>September – 27</u>

നവകേരളത്തിന് പദ്ധതിയൊരുങ്ങുന്നു

പ്രളയത്തിൽ തകർന്ന പ്രധാന മേഖലകളുടെ പുനർനിർമ്മാണത്തിന് ലോകബാങ്ക്, എ.ഡി.ബി, മറ്റ് ഉഭയകക്ഷി ഫണ്ടിംഗ് ഏജൻസികൾ, ആഭ്യന്തര-ധനകാര്യ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയിൽ നിന്ന് വായ്പ മുഖേന **15,900** കോടി രൂപ സമാഹരിക്കുന്നതിന് മന്ത്രിസഭ തീരുമാനിച്ചു.

പൊതുമരാമത്ത് റോഡുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ, ജലവിതരണം, വെള്ളപ്പൊക്ക നിയന്ത്രണം, ജലസേചനം, തീരദേശ സംരക്ഷണം, തീരപ്രദേശത്തെ പുനരധിവാസം, പൊതു സ്ഥാപനങ്ങൾ, ആരോഗ്യമേഖല, പരിസ്ഥിതി സംരക്ഷണം മുതലായ മേഖലകൾക്കുവേണ്ടിയാണ് ഈ തുക വിനിയോഗിക്കുക. ഇതിനെല്ലാം കൂടി **15,882** കോടി രൂപയുടെ ചെലവിനുള്ള നിർദ്ദേശം മന്ത്രിസഭ അംഗീകരിച്ചു. കാർഷിക മേഖലയിലും തോട്ടം മേഖലയിലുമുണ്ടായ നഷ്ടം കൂടി കണക്കാക്കാനും ആ മേഖലകളിൽ പുനർനിർമ്മാണത്തിന് വിഭവസമാഹരണത്തിനുള്ള സാധ്യത പരിശോധിക്കാനും തീരുമാനിച്ചു.

കേരളത്തെ പുനർനിർമ്മിക്കുന്നതിനുള്ള ധനസമാഹരണത്തിന് ലോകബാങ്ക്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്, മറ്റു ഉഭയകക്ഷി ഏജൻസികൾ എന്നിവയിൽനിന്ന് വായ്പ എടുക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര ധനകാര്യമന്ത്രാലയത്തെ സമീപിച്ചിരുന്നു. കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ അറിയിപ്പിനെത്തുടർന്ന് ലോകബാങ്ക്- എ.ഡി.ബി സംഘം സെപ്റ്റംബർ **12** മുതൽ **20** വരെ സംസ്ഥാനത്ത് റാപ്പിഡ് ഡാമേജ് അസസ്മെന്റ് **&** നീഡ് അനാലിസിസ് (**RDNA)** നടത്തുകയുണ്ടായി.

RDNA യുടെ കരട് റിപ്പോർട്ട് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലോകബാങ്ക്-എ.ഡി.ബി സംഘം ഒക്ടോബർ ആദ്യവാരത്തിൽ സമർപ്പിക്കുന്നതാണ്.
ലോകബാങ്ക്-എ.ഡി.ബി സംഘത്തിന്റെ **RDNA** പ്രകാരം പ്രധാന മേഖലകൾക്കുണ്ടായ നഷ്ടം **25,050** കോടി രൂപയാണ്. എന്നാൽ, വ്യവസായം, കച്ചവടം തുടങ്ങിയ മേഖലകളിലെ നഷ്ടം ലോകബാങ്ക്-എ.ഡി.ബി റിപ്പോർട്ടിനേക്കാൾ കൂടുതലായിരിക്കുമെന്നാണ് കാണുന്നത്. അതുപോലെ, ഉപജീവന മാർഗങ്ങൾ, തൊഴിൽ തുടങ്ങിയ മേഖലയിലെ നഷ്ടവും ഉയർന്നതായിരിക്കും. ഉപജീവന മാർഗങ്ങളേക്കാൾ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച കണക്കുകളിലാണ് ലോകബാങ്ക്-എ.ഡി.ബി സംഘം കൂടുതൽ ശ്രദ്ധിച്ചത്. ഉപജീവന മാർഗങ്ങൾ സംബന്ധിച്ച നഷ്ടം, ദുരന്തംമൂലമുണ്ടായ സാമൂഹിക ആഘാതങ്ങൾ എന്നിവയുടെ വിവരങ്ങൾ ഐക്യരാഷ്ട്ര സഭാ ഏജൻസികൾ നടത്തുന്ന പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്മെന്റ് (**PDNA)** വഴി വിശദമായി ലഭിക്കുമെന്ന് കരുതുന്നു. തീരദേശ പരിപാലനത്തിനും ജനങ്ങളുടെ പുനരധിവാസത്തിനും **RDNA** പ്രകാരം ലഭിച്ച കണക്കുകളേക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടിവരും.
ക്രൗഡ് ഫണ്ടിങ്ങിൽ നിന്നും സി.എം.ഡി.ആർ.എഫിൽ നിന്നും ലഭിക്കുന്ന തുക പ്രധാനമായും പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ അധിവസിക്കുന്നവരുടെയും വീടുകൾ പൂർണ്ണമായും തകർന്നുപോയവരുടെയും പുനരധിവാസത്തിന് സ്ഥലം വാങ്ങുന്നതിനും വീടുകൾ നിർമ്മിക്കുന്നതിനും വിനിയോഗിക്കും. സി.എം.ഡി.ആർ.എഫിൽ നിന്നുള്ള തുക ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകളുടെ ഉപജീവനത്തിന് സഹായം നൽകുന്നതിനും ഉപയോഗിക്കും. ഇതിനു പുറമെ, പ്രളയം ബാധിച്ച ആളുകൾക്ക് അടിയന്തര സഹായം നൽകുന്നതിനും, റോഡുകളുടെയും വീടുകളുടെയും അറ്റകുറ്റപ്പണിക്കും എൻ.ഡി.ആർ.എഫ്/എസ്.ഡി.ആർ.എഫിൽ നിന്നുള്ള ഫണ്ട് അതിന്റെ മാർഗരേഖ പ്രകാരം വിനിയോഗിക്കുന്നതാണ്.
എൻ.ഡി.ആർ.എഫിൽ നിന്ന് എസ്.ഡി.ആർ.എഫിലേക്ക് ലഭിക്കുന്ന **2000-2500** കോടി രൂപയും സി.എം.ഡി.ആർ.എഫിൽ നിന്നുള്ള ഏകദേശം **2500** കോടി രൂപയും ക്രൗഡ് ഫണ്ടിംഗ് മുഖേന ഏറ്റെടുക്കുന്ന പദ്ധതികൾക്ക് ലഭിക്കുന്ന **1000** കോടി രൂപയും വീടുകളുടെ നിർമ്മാണത്തിനും ആളുകളുടെ പുനരവധിവാസത്തിന് സ്ഥലം വാങ്ങുന്നതിനും വീടുകളുടെ അറ്റകുറ്റപ്പണിക്കും വിളകളുടെയും വളർത്തുമൃഗങ്ങളുടെയും നഷ്ടത്തിന് സഹായം നൽകുന്നതിനും റോഡുകളും സർക്കാർ കെട്ടിടങ്ങളും നന്നാക്കുന്നതിനും വിനിയോഗിക്കുന്നതാണ്.
കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വ്യവസായം, കുടുംബശ്രീ മുതലായവ ഉൾപ്പെടുന്ന ഉപജീവന മാർഗത്തിനായുള്ള ചെലവ് ബന്ധപ്പെട്ട വകുപ്പുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്നും എസ്.ഡി.ആർ.എഫിൽ നിന്നും കണ്ടെത്തുന്നതാണ്.
പുനരധിവാസ-ആസ്തി പുനരുദ്ധാരണ (**Rehabilitation and Restoration)** പ്രവർത്തനങ്ങൾ പല തലങ്ങളിലായി പുരോഗമിച്ചു വരികയാണ്. ഇക്കാര്യം മന്ത്രിസഭായോഗം വിലയിരുത്തി. ഈ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുകയും ശക്തിപ്പെടുത്തുകയും നവകേരള നിർമ്മാണത്തിലേക്കു നയിക്കുകയും ചെയ്യുന്നതിനുള്ള വിവിധ മേൽനോട്ട സംവിധാനങ്ങൾ രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.
1. നടന്നുവരുന്ന പുനരധിവാസ-ആസ്തി പുനരുദ്ധാരണ (**Rehabilitation and Restoration)**പ്രവർത്തനങ്ങളുടെ സുഗമമായ പുരോഗതിയും ഫലപ്രാപ്തിയും ഉറപ്പാക്കുന്നതിന് സമയബന്ധിത തീരുമാനങ്ങളെടുക്കുന്നതിനും പൊതുവായ മേൽനോട്ടം വഹിക്കുന്നതിനും ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

2. നവകേരളനിർമ്മാണത്തിനായുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന്, വിവിധ വികസന മേഖലകളിൽ കഴിവും അനുഭവസമ്പത്തു മാർജ്ജിച്ചവർ ഉൾപ്പെടുന്ന ഉന്നതാധികാര സമിതി രൂപീകരിക്കും. നൂതന സാങ്കേതികവിദ്യാ മേഖലകളിലെ വിദഗ്ദ്ധരുടെയും സർവ്വീസിൽ നിന്ന് വിരമിച്ചവരുടെയും സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തും.

3. ഉപജീവനോപാധി സാധ്യതകൾ വർദ്ധിപ്പിക്കാനാകുന്നവിധം കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ചെറുകിട വ്യാപാരം, ചെറുകിട വ്യവസായങ്ങൾ എന്നിവയുടെ പുനഃസംഘാടനം, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനുതകുന്ന പദ്ധതികൾ എന്നിവ സംബന്ധിച്ച നിർദേശങ്ങൾ പത്തുദിവസത്തിനകം തയ്യാറാക്കാൻ ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് നിർദേശം നൽകാൻ തീരുമാനിച്ചു. ഈ പ്രവർത്തനത്തിന്റെ ഏകോപനചുമതല ചീഫ് സെക്രട്ടറിക്കായിരിക്കും.

4. റേഷൻ മുൻഗണനാപട്ടികയിലുള്ളവർ, **NREGA** പദ്ധതിയുടെ ജോബ്കാർഡുള്ളവർ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ, അഗതികൾ, സ്ത്രീകേന്ദ്രീകൃത കുടുംബങ്ങൾ, വിധവകൾ, ഭിന്നശേഷിക്കാർ തുടങ്ങിയ വിഭാഗങ്ങൾക്ക് തുടർച്ചയായ ശ്രദ്ധ നൽകാനും അവരുടെ സുരക്ഷ ഉറപ്പാക്കാനുമാകുന്ന വിധം അരിയും പലവ്യഞ്ജനങ്ങളുമൊക്കെ അടങ്ങുന്ന ഉപജീവനകിറ്റ് ഡിസംബർ മാസം വരെ ലഭ്യമാക്കാൻ ഭക്ഷ്യവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

5. NREGA പദ്ധതിയിൽ തൊഴിലുറപ്പു ജോബ് കാർഡുള്ള ദുരിത ബാധിതർക്ക് അധിക തൊഴിൽ ദിനങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ നൽകി അടിയന്തിര നടപടികൾ സ്വീകരിക്കാനും ഒക്ടോബർ ഒന്നിനു മുമ്പായി പ്രശ്നങ്ങൾ പരിഹരിച്ച് തൊഴിൽ ലഭ്യത ഉറപ്പാക്കാനുമായി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

6. ഉപജീവനമാർഗ്ഗങ്ങൾ നഷ്ടപ്പെട്ടവരിൽ സമൂഹത്തിന്റെ സംരക്ഷണം അനുപേക്ഷണീയമായവർക്കുള്ള പ്രത്യേക പുനരധിവാസ പാക്കേജിന് രൂപം നൽകുന്നതിന് നവംബർ **1, 2** തീയതികളിൽ ഒരു '**Livelihood Conference**' സംഘടിപ്പിക്കാനുദ്ദേശിക്കുന്നു. ഇതിന്റെ സംഘാടനത്തിനും ഉപജീവന വികസന പാക്കേജ് രൂപീകരണത്തിനും അതു നടപ്പാക്കുന്നതിനാവശ്യമായ വിഭവ ലഭ്യത പദ്ധതിവിഹിതമായി കണ്ടെത്തുന്നതിനുമുള്ള ചുമതല സംസ്ഥാന ആസൂത്രണ ബോർഡ് നിർവ്വഹിക്കുന്നതാണ്.

7. പരിസ്ഥിതിക്ക് ആഘാതമേൽപ്പിക്കാതെ കല്ലും മണലും തുടങ്ങിയ നിർമ്മാണ സാമഗ്രികൾ കണ്ടെത്തുക ദുഷ്കരമാണ്. നഷ്ടപ്പെട്ട ആസ്തികളുടെ പുനർനിർമ്മാണ പ്രവൃത്തികളിൽ തുടങ്ങി ഇനിയുള്ള നിർമ്മിതികളിലൊക്കെ ഇത്തരം വിഭവങ്ങൾ വളരെ കുറവുമാത്രം മതിയാകുന്ന നൂതന പ്രീഫാബ്രിക്കേഷൻ സാങ്കേതിക വിദ്യകൾ പരമാവധി ഉപയോഗിക്കുന്നതിനുള്ള നിർവ്വഹണ ചട്ടക്കൂട് തയ്യാറാക്കേണ്ടതുണ്ട്. ഈ പ്രവർത്തനം സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ആസൂത്രണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും പൊതുമരാമത്തു വകുപ്പു സെക്രട്ടറിയും **LIFE** മിഷൻ സി.ഇ.ഒയും അടങ്ങുന്ന സെക്രട്ടറിതല സമിതിക്ക് ചുമതല നൽകുന്നതാണ്.

8. സംസ്ഥാനത്തെ പ്രധാന വികസന പദ്ധതികളായ ഗെയ്ൽ പൈപ്പ് ലൈൻ, ദേശീയപാത വികസനം, കൂടംകുളം വൈദ്യുതി വിതരണ ശൃംഖല (ഇടമൺ-കൊച്ചി), സിറ്റി ഗ്യാസ് പ്രോജക്ട് തുടങ്ങിയവയുടെ പ്രവർത്തനം പ്രളയം കാരണം നിർത്തിവയ്ക്കപ്പെട്ടിരുന്നു. ഇവ പുനരാരംഭിക്കുന്നതിനുള്ള ചർച്ചകളും നടപടികളും ഒക്ടോബർ ഒന്നിനു മുമ്പായി സ്വീകരിക്കുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

9. ചില പാർലമെന്റ് അംഗങ്ങൾ പ്രാദേശികവികസന ഫണ്ടിൽ നിന്നും ഒരു കോടിരൂപ വീതം കേരള പുനർനിർമ്മാണത്തിനായി ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. കൂടുതൽ എംപിമാർ ഇതിനു തയ്യാറാകാനും സാധ്യതയുണ്ട്. ഇത് ഏറ്റവും ഫലപ്രദമായും വേഗത്തിലും ഉപയോഗപ്പെടുത്താൻ കഴിയുന്നതിനായി എല്ലാ വകുപ്പുകളും MPLADS ചട്ടങ്ങൾക്ക് അനുസൃതമായി ഏറ്റെടുക്കാൻ കഴിയുന്ന പുനർനിർമ്മാണ പദ്ധതികൾ കണ്ടെത്തി അവയ്ക്ക് നിർവ്വഹണയോഗ്യമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തി.

10. ലോകബാങ്കിന്റെയും ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെയും സഹായത്തോടെ തയ്യാറാക്കിയിട്ടുള്ള ത്വരിത നാശനഷ്ട വിശകലന-പുനർനിർമ്മാണാവശ്യ പഠനത്തിന്റെ അടിസ്ഥാനത്തിൽ, കോർപ്പറേറ്റ് കമ്പനികൾക്ക് അവരുടെ സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് ഉപയോഗിച്ച് ഏറ്റെടുത്തു നടത്താനാകുന്ന വിവിധ പ്രോജക്ടുകൾ ഓരോ വകുപ്പും തയ്യാറാക്കും. മേൽപ്പറഞ്ഞവിധം നിർവ്വഹണയോഗ്യമായ പ്രോജക്ടുകൾ രണ്ടാഴ്ചയ്ക്കുള്ളിൽ തയ്യാറാക്കുന്നതിന് വിവിധ വകുപ്പുകളുടെ സെക്രട്ടറിമാരെ ചുമതലപ്പെടുത്തി. ആസൂത്രണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആയിരിക്കും ഇതിന്റെ ഏകോപനചുമതല വഹിക്കുക.

11. കോർപ്പറേറ്റ് കമ്പനികളുടെ സോഷ്യൽ റെസ്പോൺസിബിളിറ്റി ഫണ്ട്, ക്രൗഡ് ഫണ്ടിങ്, സ്പോൺസർഷിപ്പുകൾ തുടങ്ങിയവയിലൂടെ നവകേരളനിർമ്മിതിക്കുള്ള വിഭവസമാഹരണം നടത്തുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല നിർവ്വഹിക്കുന്നത് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനും ആസൂത്രണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ധനവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഐ.ടി വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളുമായ സെക്രട്ടറിതല സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

12. എലിപ്പനിയടക്കം വിവിധ വ്യാധികൾ പടർന്നുപിടിക്കാനുള്ള സാദ്ധ്യതയുണ്ടായെങ്കിലും അതു വളരെ നല്ലരീതിയിൽ തന്നെ നിയന്ത്രിക്കുന്നതിന് ആരോഗ്യവകുപ്പിനു കഴിഞ്ഞിട്ടുണ്ട്. ഇന്നു നടന്നുവരുന്ന മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും ആരോഗ്യ മേഖലാ പ്രവർത്തനങ്ങളും ചിട്ടയായി മുന്നോട്ടു കൊണ്ടുപോവുകയും അതോടൊപ്പം ഈ രണ്ടു മേഖലകളിലും ഭാവിയിലേക്കുള്ള നല്ല ശീലങ്ങളും സംവിധാനങ്ങളും നടപ്പിലാക്കുകയും ആവശ്യമാണ്. ഈ പ്രവർത്തനങ്ങളുടെ സമഗ്രമായ നേതൃത്വവും മേൽനോട്ടവും യഥാക്രമം തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും നിർവ്വഹിക്കും.

13. പുനരധിവാസത്തിനും പുനർനിർമ്മാണത്തിനും ആവശ്യമായി വരുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള സാധന സാമഗ്രികൾ ഉത്പാദകരിൽ നിന്ന് നേരിട്ട് ലഭ്യമാക്കാനാവശ്യമായ സംവിധാനമൊരുക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

14. പ്രളയക്കെടുതിയെ തുടർന്ന് വാസയോഗ്യമല്ലാത്ത പ്രദേശങ്ങൾ ശാസ്ത്രീയ പഠനത്തിലൂടെ കണ്ടെത്തുന്നതിനും ആ മേഖലയിലെ പുനർനിർമ്മാണത്തിന് പുതിയ പദ്ധതികൾക്ക് രൂപം നൽകാനുമായി പരിസ്ഥിതി, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാരെയും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ സെക്രട്ടറിയെയും ചുമതലപ്പെടുത്തി.

15. പ്രളയദുരന്തത്തിൽ നഷ്ടപ്പെട്ട പുസ്തകങ്ങളുടെ വീണ്ടെടുപ്പും രേഖകളുടെ സംരക്ഷണവും ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

16. പ്രളയദുരന്തവും രക്ഷാപ്രവർത്തനവും പുനരധിവാസവും പുനർനിർമ്മാണത്തിന്റെ പ്രാഥമിക പ്രവർത്തനങ്ങളും പ്രത്യേകമായി ഡോക്യുമെന്റ് ചെയ്ത് അവയ്ക്ക് ആവശ്യമായ പ്രചരണം നൽകുവാൻ ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിനെ ചുമതലപ്പെടുത്തി. ഇതിനായി മുന്നോട്ടുവന്നിട്ടുള്ള വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരുടെ സൗജന്യ സേവനം ആവശ്യമായ ഘട്ടങ്ങളിൽ ഉപയോഗപ്പെടുത്തുന്നതാണ്.

കാർഷിക-ക്ഷീര കാർഷിക വായ്പകൾക്ക് മൊറോട്ടോറിയം

സംസ്ഥാനത്തെ മുഴുവൻ കാർഷിക വായ്പകൾക്കും ക്ഷീര കാർഷിക വായ്പകൾക്കും വിദ്യാഭ്യാസ വായ്പകൾക്കും ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിക്കാൻ തീരുമാനിച്ചു. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മറ്റി അംഗീകരിച്ച നിബന്ധനകൾ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടാണ് മൊറട്ടോറിയം പ്രഖ്യാപിക്കുക.

കാലവർഷക്കെടുതിയുടെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനും പുനരധിവാസത്തിനും ഭീമമായ തുക ചിലവിടേണ്ട സാഹചര്യം കണക്കിലെടുത്ത് വാർഷിക പദ്ധതി വിഹിതത്തിൽ 20 ശതമാനം വരെ കുറവ് വരുത്താനും മുൻഗണനാ ക്രമീകരണം നടത്താനും തീരുമാനിച്ചു.

കോളേജ്-സ്കൂൾ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് വിഹിതത്തിൽ യാതൊരു കുറവും വരുത്തുന്നതല്ല. പൊതുമരാമത്ത്, ജലസേചനം, ജലവിതരണം എന്നിവ ഒഴികെ ഉള്ള എല്ലാ വകുപ്പുകളുടെയും വാർഷിക പദ്ധതിയുടെ 20 ശതമാനം കുറവ് വരുത്താനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതി, വിദേശ സഹായ പദ്ധതി, നബാർഡ് എന്നിവയ്ക്കുള്ള സംസ്ഥാന വിഹിതത്തെ പദ്ധതി വെട്ടിക്കുറവിൽ നിന്ന് ഒഴിവാക്കുന്നതാണ്.

4.4 അനുബന്ധം 4: സർക്കാർ 2018ലെ പ്രളയത്തിൽ നല്കിയ ദുരിതാശ്വാസ സഹായം – ബഹു. ഹൈക്കോടതി അംഗീകരിച്ച പരസ്യം

അതിജീവനത്തിന്റെ ചുവടുവയ്പ്പുകൾ

HAPPY NEWYEAR 2019
പുതുവത്സരാശംസകൾ

ദുരന്തബാധിതർക്കുള്ള ദുരിതാശ്വാസ സഹായം*

ഇനം	എസ്.ഡി.ആർ.എഫ്	സംസ്ഥാന വിഹിതം	ആകെ തുക
പূർണ്ണമായി തകർന്ന വീടുകൾ (>75% മലയോരം)	1,01,900	2,98,100	4,00,000
പൂർണ്ണമായി തകർന്ന വീടുകൾ (>75% സമതലം)	95,100	3,04,900	4,00,000
ഭാഗികമായി തകർന്ന വീടുകൾ (50 – 74%) (സമതലം)	71,000	1,79,000	250,000
ഭാഗികമായി തകർന്ന വീടുകൾ (50 – 74%) (മലയോരം)	76,500	173,500	2,50,000
ഭാഗികമായി തകർന്ന വീടുകൾ (30 – 59%) (സമതലം)	47,500	77,500	1,25,000
പൂർണ്ണമായി തകർന്ന വീടുകൾ (30 – 59%) (മലയോരം)	51,000	74,000	1,25,000
ഭാഗികമായി തകർന്ന വീടുകൾ (16 – 29%) (സമതലം)	28,500	31,500	60,000
ഭാഗികമായി തകർന്ന വീടുകൾ (16 – 29%) (മലയോരം)	30,500	29,500	60,000
ഭാഗികമായി തകർന്ന വീടുകൾ (കുറഞ്ഞത് 15%)	5,200	4,800	10,000
പ്രകൃതിക്ഷോഭത്തിൽ വാസഭൂമി നഷ്ടപ്പെട്ടവർക്ക് മൂന്നു മുതൽ അഞ്ചു വരെ സെന്റ് ഭൂമി വാങ്ങുന്നതിനുള്ള സഹായം	0	6,00,000	6,00,000
മരണപ്പെട്ടവരുടെ കുടുംബത്തിനുള്ള ദുരിതാശ്വാസ സഹായം	4,00,000		
പരിക്കേറ്റവർക്ക് (40 – 60%)	59,100		
പരിക്കേറ്റവർക്ക് (60% - ൽ കൂടുതൽ)	2,00,000		
ആശുപത്രിവാസം (ദൈർഘ്യത്തിൽ കുറവ്)	4,300		
ആശുപത്രിവാസം (ദൈർഘ്യത്തിൽ കൂടുതൽ)*	12,700		
ക്യാമ്പിൽ താമസിക്കാത്തവർക്കുള്ള അവശ്യവസ്തുക്കൾ – മുതിർന്നവർ*	60		
ക്യാമ്പിൽ താമസിക്കാത്തവർക്കുള്ള അവശ്യവസ്തുക്കൾ – കുട്ടികൾ*	45		
ചത്ത പശുക്കളും എരുമകളും (ഒരു കുഷിക്കാരന് പരമാവധി 3)	30,000		
ചത്ത ചെമ്മരിയാട്/ആട്/പന്നി(ഒരു കുഷിക്കാരന് പരമാവധി 30)	3,000		
ചത്ത കാളകൾ (ഒരു കർഷകന് പരമാവധി 3)	25,000		
ചത്ത കന്നുകുട്ടികൾ (ഒരു കർഷകന് പരമാവധി 3)	16,000		
ചത്ത കോഴികൾ (ഒരു കർഷകന് പരമാവധി 5000 രൂപ)	50		
കന്നുകാലി ക്യാമ്പുകളിൽ കാലിത്തീറ്റയ്ക്ക് (വലിയ മൃഗങ്ങൾക്ക് പ്രതിദിനം)*	70		
കന്നുകാലി ക്യാമ്പുകളിൽ കാലിത്തീറ്റയ്ക്ക് (ചെറിയ മൃഗങ്ങൾക്ക് പ്രതിദിനം)*	35		
പൂർണ്ണമായി തകർന്ന ബോട്ട്	9,600		
ഭാഗികമായി തകർന്ന ബോട്ട്	4,100		
പൂർണ്ണമായി തകർന്ന വല	2,600		
ഭാഗികമായി തകർന്ന വല	2,100		
ഫീൻ വളർത്തൽ കേന്ദ്രങ്ങൾക്കുള്ള സബ്സിഡി (ഹെക്ടർ)	8,200		
കന്നുകാലി തൊഴുത്ത് അടിയന്തര സഹായം*	2,100 3,800	6,200	10,000

കാർഷിക ദുരിതാശ്വാസ സഹായം*

വിള	എസ്.ഡി.ആർ.എഫ്	സംസ്ഥാന വിഹിതം	ആകെ തുക
നെൽകൃഷി - മഴ ആശ്രയിച്ച് (ഹെക്ടർ)	6,800.00	6,700.00	13,500.00
നെൽകൃഷി - ജലസേചിതം (ഹെക്ടർ)	13,500.00		13,500.00
കായ്ഫലമുള്ള തെങ്ങ് (ഒന്നിന്)	102.86	597.14	700.00
കായ്ഫലമില്ലാത്ത തെങ്ങ് (ഒന്നിന്)	102.86	247.14	350.00
ഒരുവർഷം പ്രായമായ തെങ്ങിൻതൈ (ഒന്നിന്)	102.86		102.86
വാഴ കുലച്ചത് - മഴ ആശ്രയിച്ച് (ഒന്നിന്)	2.72	97.28	100.00
വാഴ കുലയ്ക്കാത്തത് - മഴ ആശ്രയിച്ച് (ഒന്നിന്)	2.72	72.28	75.00
വാഴ കുലച്ചത് - ജലസേചിതം (ഒന്നിന്)	5.40	94.60	100.00
വാഴ കുലക്കാത്തത് ജലസേചിതം (ഒന്നിന്)	5.40	69.60	75.00
റബർ കറയെടുത്തത് (ഒന്നിന്)	36.00	264.00	300.00
റബർ കറയെടുക്കാത്തത് (ഒന്നിന്)	36.00	164.00	200.00
കശുവണ്ടി - ഫലമുള്ളത് (ഒന്നിന്)	102.86	47.14	150.00
കശുവണ്ടി - ഫലമില്ലാത്തത് (ഒന്നിന്)	102.86	0	100.00
അടയ്ക്ക – കായ്ഫലമുള്ളത് (ഒന്നിന്)	13.33	136.67	150.00
അടയ്ക്ക – കായ്ഫലമില്ലാത്തത് (ഒന്നിന്)	13.33	86.67	100.00
കൊക്കോ - കായ്ഫലമുള്ളത് (ഒന്നിന്)	36.00	64.00	100.00
കാപ്പി - കായ്ഫലമുള്ളത് (ഒന്നിന്)	18.00	82.00	100.00
കുരുമുളക് - കായ്ഫലമുള്ളത് (ഒന്നിന്)	8.18	66.82	75.00
ഇഞ്ചി - മഴ ആശ്രയിച്ച് (ഹെക്ടർ)	6,800.00		6,800.00
ഇഞ്ചി - ജലസേചിതം (ഹെക്ടർ)	13,500.00		13,500.00
മരച്ചീനി - മഴ ആശ്രയിച്ച് (ഹെക്ടർ)	6,800.00		6,800.00
മരച്ചീനി - ജലസേചിതം (ഹെക്ടർ)	13,500.00		13,500.00
നിലക്കടല - മഴ ആശ്രയിച്ച് (ഹെക്ടർ)	6,800.00		6,800.00
നിലക്കടല - ജലസേചിതം (ഹെക്ടർ)	13,500.00		13,500.00
എള്ള് - മഴ ആശ്രയിച്ച് (ഹെക്ടർ)	6,800.00		6,800.00
എള്ള് - ജലസേചിതം (ഹെക്ടർ)	13,500.00		13,500.00
പച്ചക്കറി - മഴ ആശ്രയിച്ച് (ഹെക്ടർ)	6,800.00	6,538.00	13,338.00
പച്ചക്കറി - ജലസേചിതം (ഹെക്ടർ)	13,500.00		13,500.00
ജാതിക്ക ഫലമുള്ളത് (ഒന്നിന്)	120.00	280.00	400.00
ജാതിക്ക ഫലമില്ലാത്തത് (ഒന്നിന്)	120.00	30.00	150.00
ഗ്രാമ്പൂ ഫലമുള്ളത് (ഒന്നിന്)	90.00	110.00	200.00
ഗ്രാമ്പൂ ഫലമുള്ളത് - ജലസേചിതം (ഒന്നിന്)	90.00	10.00	100.00
വെറ്റില - മഴ ആശ്രയിച്ച് (ഹെക്ടർ)	18,000.00	56,100.00	74,100.00
നവധാന്യം - മഴ ആശ്രയിച്ച് (ഹെക്ടർ)	6,800.00		6,800.00
നവധാന്യം - ജലസേചിതം (ഹെക്ടർ)	13,500.00		13,500.00
കിഴങ്ങുവിള - മഴ ആശ്രയിച്ച് (ഹെക്ടർ)	6,800.00		6,800.00
കിഴങ്ങുവിള - ജലസേചിതം (ഹെക്ടർ)	13,500.00		13,500.00
കരിമ്പ് - മഴ ആശ്രയിച്ച് (ഹെക്ടർ)	6,800.00	6,700.00	13,500.00
കരിമ്പ് - ജലസേചിതം (ഹെക്ടർ)	13,500.00		13,500.00
പൈനാപ്പിൾ (ഹെക്ടർ)	18,000.00	750.00	18,750.00
വൈക്കോൽ പുല്ല് - മഴ ആശ്രയിച്ച് (ഹെക്ടർ)	6,800.00	6,538.00	13,338.00
വൈക്കോൽ പുല്ല് - ജലസേചിതം (ഹെക്ടർ)	13,500.00		13,500.00
മൾബറി - ഹെക്ടർ	4,800.00	13,200.00	18,000.00
പുകയില - ഹെക്ടർ	18,000.00	19,500.00	37,500.00
പരുത്തി (ഹെക്ടർ)	18,000.00		18,000.00
ഏല (ഹെക്ടർ)	18,000.00		18,000.00
മഞ്ഞൾ - മഴ ആശ്രയിച്ച് (ഹെക്ടർ)	6,800.00		6,800.00
മഞ്ഞൾ - ജലസേചിതം (ഹെക്ടർ)	13,500.00		13,500.00
കൃഷിഭൂമിയുടെ ശണയോ ഭാഗം നഷ്ടപ്പെട്ട് (ഹെക്ടറിന്) (പരമാവധി രണ്ടു ഹെക്ടർ)	37,500.00		
കൃഷിഭൂമിയിലെ മണ്ണ്/ചെളി നീക്കം ചെയ്യൽ (ഹെക്ടറിന്) (പരമാവധി രണ്ടു ഹെക്ടർ)	12,200.00		

*Based on standard calculation. Terms and conditions applicable. As on 28.12.2018

Rebuild Kerala
rebuild.kerala.gov.in

രാജ്യത്തിന് മാതൃകയായി ദുരന്ത നിവാരണവും ദുരിതാശ്വാസവും

ദേശീയ നിരക്കിന്റെ മുപ്പത് ഇരട്ടി വരെ ഉയർന്ന തോതിൽ അടിസ്ഥാന ദുരിതാശ്വാസം

പ്രളയത്തിൽ സർവ്വവും നഷ്ടപ്പെട്ടവർക്ക് ജീവിതോപാധി കണ്ടെത്താൻ കൈത്താങ്ങ്

- പ്രളയം തകർത്ത വ്യവസായികൾക്കും വ്യാപാരികൾക്കും ഉജ്ജീവന വായ്പാപദ്ധതി ഇന്ത്യയിലാദ്യം
- തേന്നീച്ച കർഷകർ, അലങ്കാര പക്ഷി കർഷകർ എന്നിവർക്ക് 2 ലക്ഷം രൂപ വരെ രാജ്യത്താദ്യമായി ഉജ്ജീവന സഹായം
- വായ്പയെടുത്തവർക്ക് സർക്കാർ പിന്തുണയായി മാർജിൻ മണിയും പലിശ സബ്സിഡിയും
- കിസാൻ ക്രഡിറ്റ് കാർഡുള്ളവർക്ക് 4 ശതമാനം താങ്ങുപലിശ
- 10,000 രൂപ വീതം അടിയന്തര ധനസഹായം 6,87,843 പേർക്ക്
- ക്യാമ്പുകളിൽ നിന്ന് വീടുകളിലേക്ക് മടങ്ങിയ 7.15 ലക്ഷം കുടുംബങ്ങൾക്ക് 22 ഇനം സാധനങ്ങളുടെ കിറ്റ് വിതരണം ചെയ്തു. കൂടാതെ പ്രളയബാധിത മേഖലയിലെ 3.26 ലക്ഷം ദുർബല വിഭാഗം കുടുംബങ്ങൾക്ക് ഡിസംബർ വരെ 500 രൂപ വരുന്ന ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തു
- കർഷകർക്ക് ഇതുവരെ 170 കോടിയുടെ സഹായം
- മരണപ്പെട്ടവരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ വീതം
- വീട് നഷ്ടപ്പെട്ടവർക്ക് 4 ലക്ഷം രൂപ. 2,58,691 വീടുകൾക്ക് 1,550 കോടിയുടെ സഹായം. 1,300 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന്
- വാസഭൂമി നഷ്ടപ്പെട്ടവർക്ക് ഭൂമി വാങ്ങാൻ 6 ലക്ഷം രൂപ
- ഗൃഹോപകരണങ്ങൾ വാങ്ങാൻ കുടുംബശ്രീ മുഖേന ഒരു ലക്ഷം രൂപ വരെ പലിശരഹിത വായ്പ
- ഗൃഹോപകരണ വായ്പ ഇതുവരെ അനുവദിച്ചത് 69,725 കുടുംബങ്ങൾക്ക്. മൊത്തം 567.82 കോടി രൂപ
- പ്രളയ ബാധിതപ്രദേശത്തെ വൈദ്യുതി, വെള്ളക്കര ബില്ലുകൾക്ക് 2019 ജനുവരി വരെ മൊറട്ടോറിയം

സഹായത്തിനായി സമീപിക്കേണ്ടത്

- വീട്, ഭൂമി, കന്നുകാലി, പക്ഷി, ആശുപത്രിവാസം എന്നിവയുമായി ബന്ധപ്പെട്ട ദുരിതാശ്വാസത്തിന് അതത് വില്ലേജ് ഓഫീസറെ സമീപിക്കുക.
- കൃഷിസംബന്ധമായ ആനുകൂല്യങ്ങൾക്ക് പ്രദേശത്തെ കൃഷിഓഫീസുമായും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ടവയ്ക്ക് മൃഗസംരക്ഷണ ആശുപത്രിയുമായും തെരുവോരത്തിൽ മേഖലയുമായി ബന്ധപ്പെട്ടവയ്ക്ക് ഫിഷറീസ് ഓഫീസുമായും ബന്ധപ്പെടുക.
- ദുരിതാശ്വാസ സഹായം ചില വ്യവസ്ഥകളോടെ അംഗീകൃത ദുരന്തങ്ങളായ ചുഴലിക്കാറ്റ്, വെള്ളപ്പൊക്കം, വരൾച്ച, ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ, പാറനിരങ്ങൽ/വീഴ്ച, സുനാമി, ഭൂമികുലുക്കം, ആലിപ്പഴ വർഷം, വൈദ്യുതാഘാതം, തീപിടുത്തം, കാട്ടുതീ, കൃഷിയിടങ്ങളിലെ വ്യാപകമായ കീടബാധ, ഡെങ്കിപ്പനി, ഇൻഫ്ലുവൻസ, ഇടിമിന്നൽ, കടൽക്കോപം മൂലമുള്ള തീരശോഷണം, അതിശക്തമായ കാറ്റ്, എന്നീ പ്രകൃതി ദുരന്തങ്ങൾക്ക് ബാധകം. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയെയോ ജില്ലാ ദുരന്തനിവാരണ അതോറിറ്റികളെയോ ബന്ധപ്പെടുക.

വിശദവിവരത്തിന് 2018 സെപ്തംബർ 17 – ലെ സർക്കാർ ഉത്തരവ് (കൈ) നം. 27/2018/ഡി.എം.ഡി പരിശോധിക്കുക.

കേരള സർക്കാർ — കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ഇൻഫർമേഷൻ–പബ്ലിക് റിലേഷൻസ് വകുപ്പ്

Connect with CM | fb.me/cmkerala twitter.com/cmkerala PRD Live Mobile App /keralainformation PRD Media Handbook App